# വിട്ടുപോയ കണ്ണികൾ

ഡോ. എൻ. വി. പി. ഉണിത്തിരി

## ഡോ. എൻ. വി. പി. ഉണിത്തിരി

1945 ഡിസമ്പർ 15–ന് കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിൽ കുളപ്പുറത്ത് ജനിച്ചു. അച്ഛൻ: ടി. സി. ഗോവിന്ദൻ നമ്പൂതിരി. അമ്മ: എൻ. വി. പാപ്പപ്പിള്ളയാതിരിയമ്മ. മാടായി ഗവ. ഹൈസ്കൂളിൽനിന്ന് എസ്. എസ്. എൽ. സി. യും കണ്ണൂർ ഗവ. ബേസിക് ട്രയിനിംഗ് സ്കൂളിൽനിന്ന് ടി. ടി. സി. യും പാസ്സായ ശേഷം പ്രൈമറി സ്കൂൾ അധ്യാപകനായി 1965–ൽ ജോലി തുടങ്ങി. പ്രൈവറ്റായി പഠിച്ച് മലയാളം വിദ്വാൻ, ബി. എ. (മലയാളം), എം. എ. (സംസ്കൃതം) എന്നിവ പാസ്സായി. 1974–ൽ കല്യാശ്ശേരി ഗവ. ഹൈസ്കൂളിൽ ഭാഷാധ്യാപകനായി ജോലി ചെയ്യവേ, കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ പി. എച്ച്. ഡി. ക്കു ചേർന്നു. 1975–ൽ അവിടെത്തന്നെ ലക്ചററായി. 1978–ൽ കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലേക്കു മാറി. 1985 മുതൽ അവിടെ വകുപ്പധ്യക്ഷൻ. 1996 നവമ്പർ മുതൽ മൂന്നുവർഷം കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ ആദ്യത്തെ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് (പ്രോവൈസ് ചാൻസലർ) ആയി സേവനമനുഷ്ഠിച്ചു. 1987–90 കാലത്ത് കേരളസർക്കാർ സാംസ്കാരികപ്രസിദ്ധീകരണവകുപ്പിന്റെ ഉപദേശകസമിതി ചെയർമാനായിരുന്നു. 2000 ഒക്ടോബർ മുതൽ ഏഴു മാസം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ. മുന്നു കൊല്ലം കേരളസാഹിത്യസമിതിയുടെ ജനറൽ സെക്രട്ടറിയും രണ്ടുകൊല്ലം പുരോഗമനകലാസാഹിത്യസംഘത്തിന്റെ പ്രസിഡണ്ടുമായി പ്രവർത്തിച്ചു. കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗം പ്രൊഫസറായിരിക്കേ, 2006 മാർച്ച് 31–ന് റിട്ടയർ ചെയ്തു.

സന്ദേശകാവ്യപ്രസ്ഥാനം, ഗവേഷണപ്രബന്ധങ്ങൾ, ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, സമൂഹം മതം ദർശനം, പ്രയോഗദീപിക (സംശോധിതസംസ്കരണം), സംസ്കൃതസാഹിത്യവിമർശനം, ശാസ്ത്രവും ദർശനവും പ്രാചീനഭാരതത്തിൽ (വിവ.), വിവേകാനന്ദന്റെ സമകാലികപ്രസക്തി, പ്രാചീനഭാരതീയദർശനം, ശങ്കരദർശനം മാർക്സിസ്റ്റുവീക്ഷണത്തിൽ (എഡി.), അരാഷ്ട്രീയതയുടെ രാഷ്ട്രീയം, രാമായണപഠനവും മറ്റും, സംസ്കൃതത്തിന്റെ നിഴലും വെളിച്ചവും, മതവും മതഭ്രാന്തും, ഹിന്ദുത്വവും ഹിന്ദുമതവും, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദദർശനം, ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ, വക്രോക്തിഃ കാവ്യജീവിതം, നടന്നുവന്ന വഴികൾ (ആത്മകഥ), ഇന്ത്യൻ ഭൗതികവാദപൈതൃകം, സംസ്കാരപഠനങ്ങൾ, വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠനം, വൈദികം, പോരാളിയും തേരാളിയും – ഭഗവദ്ഗീതയുടെ



ഭൗതികവ്യാഖ്യാനം (വിവ.), ശാസ്ത്രവും സമൂഹവും, അത്യുത്തരകേരളീയം, വേദപാഠസംരക്ഷണം, പാഠവിമർശനം സംസ്കൃതത്തിൽ, രാമായണം (വാല്മീകിരാമായണത്തിന്റെ ഗദ്യപുനരാഖ്യാനം), ബഷീർ മുതൽ ഒ. എൻ. വി. വരെ, ശബ്ദാർഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ, എഴുത്തച്ഛൻകൃതികൾ കാളിദാസകൃതികൾ – ഒരു പഠനം, ശ്യാമമാധവം – ഒരു പഠനം, ഓർമകളിലെ എൻ. വി., മങ്ങാത്ത ഓർമകൾ എന്നിവ പ്രധാനമലയാളകൃതികൾ.

വള്ളത്തോളിന്റെ ശിഷ്യനും മകനും, മഗ്ദലനമറിയം, അച്ഛനും മകളും, കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ഒ. എൻ. വി. യുടെ ഉജ്ജയിനി, പി. കുഞ്ഞിരാമൻ നായരുടെ നരബലി, ഇടശ്ശേരിയുടെ അമ്പാടിയിലേക്കു വീണ്ടും, കാവിലെ പാട്ട്, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ജയം, പ്രഭാവർമയുടെ ശ്യാമമാധവം, കനൽച്ചിലമ്പ് എന്നീ കവിതകളുടെ സംസ്കൃതവിവർത്തനങ്ങൾ, മാക്ബതനാടകകഥ എന്ന സ്വതന്ത്രസംസ്കൃതകാവ്യം എന്നിവ മുഖ്യസംസ്കൃതകൃതികൾ.

മറ്റു കൃതികളിൽ സ്റ്റഡീസ് ഇൻ സാൻസ്ക്രിറ്റ് ലിറ്ററേച്ചർ, പൂർണസരസ്വതി, ക്യാറ്റ്ലോഗ് ഓഫ് മാനുസ്ക്രിപ്റ്റ്സ് (എഡി.), ഇൻഡ്യൻ ട്രഡിഷൻസ് ഓഫ് മാനേജ്മെന്റ് (എഡി.), ഇൻഡ്യൻ സയന്റിഫിക് ട്രഡിഷൻസ് (എഡി.), പദപ്രദീപിക, കുമാരസംഭവം (സർവജ്ഞവനമുനിയുടെ ശിശുബോധിനീവ്യാഖ്യാനത്തോടുകൂടി), രഘുവംശം (സർവജ്ഞവനമുനിയുടെ സലക്ഷണാവ്യാഖ്യാനത്തോടുകൂടി, ശ്രീരാമകൃഷ്ണഗീത, നാരായണന്റെ തന്ത്രസാരസംഗ്രഹം (സ്വർണ്ണഗ്രാമവാസുദേവന്റെ മന്ത്രവിമർശിനീവ്യാഖ്യാനത്തോടുകൂടി), ഒ. കെ. മുൻഷിയുടെ ധാതുരൂപപ്രപഞ്ചം, പൂർണസരസ്വതിയുടെ ഭക്തിമന്ദാകിനീവ്യാഖ്യാനം (എച്ച്. എൻ. ഭട്ട്, എസ്. എ. എസ്. ശർമ എന്നിവരോടുകൂടി) എന്നീ സംസ്കൃകൃതികളുടെ എഡിഷൻ എന്നിവ ഉൾപ്പെടുന്നു.

*പ്രാചീനഭാരതീയദർശന*ത്തിനു പുത്തേഴൻ അവാർഡും *വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠന*ത്തിന് അബുദാബി ശക്തി അവാർഡും *വൈദിക*ത്തിന് കേരളസാഹിത്യഅക്കാദമിയുടെ കെ. ആർ. നമ്പൂതിരി അവാർഡും *രാമായണ*ത്തിന് തിരുവനന്തപുരം പുസ്തകമേള പുരസ്കാരവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗദ്യപുനരാഖ്യാനപുരസ്കാരവും ലഭിച്ചിട്ടുണ്ട്. വേദപഠനത്തിനും സംസ്കൃതസാഹിത്യത്തിനും നൽകിയ സമഗ്രസംഭാവനകൾക്ക് കടവല്ലൂർ അന്യോന്യപരിഷത്തിന്റെ വാചസ്പതിപുരസ്കാരത്തിനും സാംസ്കാരികവകുപ്പിന്റെ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ

പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരത്തിനും, അബുദാബി ശക്തി തിയറ്റേഴ്സിന്റെ ടി. കെ. രാമകൃഷ്ണൻ പ്രത്യേകപുരസ്കാരത്തിനും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഐ. വി. ദാസ് അനുസ്മരണപുരസ്കാരത്തിനും അർഹനായി.

*ഡോ. ഉണിത്തിരിയുടെ രചനാപ്രപഞ്ചം* (എഡി. ഡോ. സി. രാജേന്ദ്രൻ) അദ്ദേഹത്തിന്റെ 2006 വരെയുള്ള പ്രധാനകൃതികളുടെ പഠനമാണ്.

ഭാര്യ: യു. കെ. ആനന്ദവല്ലി.

മക്കൾ: ആനന്ദവർധനൻ, (പൊഫസർ, ഐ. ഐ. ടി. ബോമ്പെ), പത്മജ (സോഫ്റ്റ്‌വെയർ എഞ്ചിനിയർ, പി. എസ്. എൽ, പൂന)

മരുമക്കൾ: രാജേശ്വരി (ഡയരക്ടർ, ഫ്രാക്റ്റൽ അനാലിറ്റിക്സ്, ബോംബെ), അജിത് (അസിസ്റ്റന്റ് പ്രൊഫസർ, എൻ. ഐ. ടി; സൂറത്കൽ)

പേരക്കിടാവ് : ആദിശങ്കരൻ (വിദ്യാർഥി)

വിലാസം: ആനന്ദമഠം, പോസ്റ്റ്. തേഞ്ഞിപ്പലം, മലപ്പുറം ജില്ല – 673 636.

ഫോൺ: 0494–2403058.

ഇ–മെയ്ൽ: unithiri n.v.p.@gmail.com



## ആമുഖം

എന്റെ *മങ്ങാത്ത ഓർമകൾ* 2019 ഡിസമ്പർ 18–ന് കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിൽവെച്ച് റജിസ്ട്രാർ ഡോ. സി. എൽ. ജോഷി പ്രകാശനം ചെയ്തു. ആത്മകഥയായ *നടന്നുവന്ന വഴികളിൽ* തീരെ വിട്ടുപോയതോ സൂചിപ്പിക്കുകമാത്രം ചെയ്തതോ ചുരുക്കിപ്പറഞ്ഞതോ ആയ, ഞാനുമായി ബന്ധപ്പെട്ട ചില വ്യക്തികളെയും സംഭവങ്ങളെയും സ്ഥാപനങ്ങളെയും കുറിച്ചാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്. എന്റെ വ്യക്തിപരവും സാഹിതീയവും ഔദ്യോഗികവുമായ ജീവിതത്തിലെ ചില പടവുകൾ. എനിക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഐ. വി. ദാസ് അനുസ്മരണപുരസ്കാരം ലഭിച്ചപ്പോൾ ഡോ. കെ. എം. അനിൽ ലൈബ്രറി കൗൺസിലിന്റെ മുഖപത്രമായ *ഗ്രന്ഥാലോക*ത്തിൽ എഴുതിയ ദീർഘപ്രബന്ധമാണ് ഇതിൽ ആദ്യത്തേതായി ചേർത്തിരിക്കുന്നത്. അതിന്നനുമതി നൽകിയ മലയാളസർവകലാശാലയിലെ എഴുത്തച്ഛൻ ഗവേഷണകേന്ദ്രം ഡയരക്ടറായ ഡോ. അനിലിനോടും പ്രസാധകരായ പ്രോഗ്രസ് പബ്ലിക്കേഷൻ പ്രവർത്തകരോടും ബന്ധപ്പെട്ട മറ്റെല്ലാവരോടും നന്ദി.

ആനന്ദമഠം എൻ. വി. പി. ഉണിത്തിരി

## ഉള്ളടക്കം

1. ഡോ. കെ. എം. അനിൽ:
ഇന്ത്യൻ ധൈഷണികതയുടെ കണ്ടെടുക്കപ്പെട്ട പാരമ്പര്യം
2. കളഞ്ഞുകിട്ടിയ മാല
3. എൻഗുരു
4. സുകുമാർ അഴീക്കോടും
കരിവെള്ളൂർ മുച്ചിലോട്ടെ പെരുങ്കളിയാട്ടവും
5. ആ മുന്നൂറു രൂപ വേണ്ടിവന്നില്ല!
6. മറത്തുകളിമാധ്യസ്ഥ്യം
7. കണ്ണമാരാരുടെ കഥ പറച്ചിൽ
8. മിണ്ടാക്കൂത്ത് അഥവാ തീയാടിക്കൂത്ത്
9. എന്റെ പ്രസംഗവും ഭാര്യയുടെ പ്രസവവും
10. ചെറുതാഴത്തെ നാരായണേട്ടൻ
11. കാരക്കാട്ടെ ഗണപതിയേട്ടൻ
12. നമ്മൾ നൂറ്റ നൂലുകൊണ്ട്...
13. എടയിൽക്കുന്നത്തെ വലിയമ്മ
14. വലിയമ്മാമൻ
15. എന്റെ വായനശാലകൾ
16. ചെറുതാഴം പഞ്ചായത്ത് ലൈബ്രറി
17. മണ്ടൂർ പൊതുജനവായനശാല
18. നേതാജിസ്മാരകവായനശാല
19. ഇരിങ്ങാലക്കുട സാഹിത്യപരിഷത്സമ്മേളനം
20. ശ്രീരാമകൃഷ്ണാശ്രമം ഹൈസ്കൂളിലെ സാഹിത്യസമിതിവാർഷിക ശില്പശാല
21. പുരോഗമനകലാസാഹിത്യസംഘം
22. ബുധസംഗമം
23. സസ്യശാസ്ത്രവിഭാഗസ്മരണകൾ
24. കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലെ
രജതജൂബിലിസെമിനാറുകൾ
25. കേളപ്പേട്ടനെക്കുറിച്ചുള്ള ഓർമകൾ
27. ആൾ കേരള ഓറിയന്റൽ കോൺഫറൻസ്
30. ചന്ദ്രിക ആഴ്ച്ചപ്പതിപ്പിനുവേണ്ടി വി. കെ. സുരേഷുമായും മാധ്യമം-ദേശാഭിമാനി വാരികകൾക്കുവേണ്ടി കെ. രാജേഷ്, സമീർ കാവാഡ് എന്നിവരുമായും നടത്തിയ അഭിമുഖങ്ങൾ.



### 1. ഇന്ത്യൻ ധൈഷണികതയുടെ കണ്ടെടുക്കപ്പെട്ട പാരമ്പര്യം

**ഡോ. കെ. എം. അനിൽ**

നൂഞ്ഞിൽ വടക്കേ മഠത്തിൽ പത്മനാഭൻ ഉണിത്തിരി എന്ന എൻ. വി. പി. ഉണിത്തിരിയെ ഗ്രന്ഥശാലാസംഘം സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് നൽകി ആദരിക്കുമ്പോൾ ഒരു കാലവും അതിന്റെ മൂല്യങ്ങളുമാണ് ആദരിക്കപ്പെടുന്നത്. ഒരു വശത്ത് ജാത്യാചാരങ്ങളും കൊടിയ ദാരിദ്ര്യവും ഇടുങ്ങിയ പ്രപഞ്ചബോധവും മറ്റൊരു വശത്ത് വളർന്നുവരുന്ന ദേശീയബോധവും ജന്മിത്തവിരുദ്ധകർഷകസമരങ്ങളും പൊതുമണ്ഡലരൂപീകരണവും ഇതിനിടയിലൂടെ കടന്നുപോയ ബാല്യവും കൗമാരവുമാണ് ഉണിത്തിരിയുടേത്. വടക്കേ മലബാറിലെ പ്രക്ഷുബ്ധമായ ഈ അന്തരീക്ഷമാണ് ഉണിത്തിരിയെ കണ്ടെത്തിയതും വളർത്തിയതും. ദാരിദ്യം മൂലം മുടങ്ങിയ പഠനം തൊഴിലാളികളുടെയും നാട്ടുകാരുടെയും നിർലോപമായ പിന്തുണകൊണ്ടു മാത്രമാണ് തുടരാനായത്.

"ഏതായാലും പഠിത്തം തുടരാനിടയില്ലെന്നു മനസ്സിലായപ്പോൾ ആ ഒഴിവുകാലത്ത് ഞാൻ പിലാത്തറ സ്കൂളിന്നടുത്തുള്ള മൈപ്പള്ളി വക്കീലിന്റെ പറമ്പിൽ നടന്നിരുന്ന ഒരു ചെറിയ നെയ്ത്തുകമ്പനിയിൽ ജോലിയന്വേഷിച്ചു ചെന്നു. കൊച്ചുകുട്ടിയായതുകൊണ്ട് മഗ്ഗത്തിലിരുന്ന് നെയ്യാൻ കാലെത്തുകയില്ല. അതിനാൽ അവിടെ എന്നെ നെല്ലിചുറ്റാനിരുത്തി. കഷ്ടിച്ച് അന്നന്നത്തെ ആഹാരത്തിനുള്ള വക കിട്ടും. ഞങ്ങളെസ്സംബന്ധിച്ചിടത്തോളം അതുതന്നെ വലിയ കാര്യമാണ്." (*നടന്നുവന്ന വഴികൾ*, പുറം 36)

മെഴുകാൽ തുളയടച്ചിനാമൽ പൊളിഞ്ഞേറെ-
പ്പഴതാം പിഞ്ഞാണത്തിൽ തകരക്കറിയുമായ്
ഒട്ടു മോന്തിയുമൊട്ടു തൂവിയും, സ്കൂളിൽത്തല്ലു
കിട്ടായ്‌വാൻ പായുമേക്കപ്പിശാചാമൊരു ചെക്കൻ

ന്ന് എൻ. വി. എഴുതിയത് ഉണിത്തിരിയുടെ ബാല്യത്തെ നോക്കിയാണോ എന്നു തോന്നിപ്പോകും. *നടന്നുവന്ന വഴികൾ* എന്ന ആത്മകഥയുടെ ആദ്യഭാഗം വായിച്ചാൽ. പത്താം ക്ലാസ് പഠിപ്പ് കഴിഞ്ഞ് സഹപാഠികളിൽ പലരും കോളേജിൽ ചേർന്ന് പഠിക്കാൻ പോയപ്പോൾ ഉണിത്തിരി മാടായിയിലുള്ള കർഷകസംഘം ഓഫീസിൽ ജോലിക്കു പോയി. പിന്നീട് ചെറുതാഴം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ക്ലാർക്കിന്റെ ജോലിയും അദ്ദേഹം ചെയ്യുകയുണ്ടായി. പക്ഷേ പഠിക്കാനുള്ള ആഗ്രഹവും സാഹിത്യത്തിലും എഴുത്തിലുമുള്ള കമ്പവും അദ്ദേഹം ഒരിക്കലും കൈയൊഴിഞ്ഞില്ല. അക്കാലത്ത് ഉത്തരകേരള

ത്തിൽ വികസിച്ചുവന്ന സാഹിതീയപൊതുമണ്ഡലം ഇക്കാര്യത്തിൽ വലിയ തുണയായി. സാഹിത്യസമിതിപോലുള്ള വേദികളും *ജയകേരളം*പോലുള്ള വാരികകളും ജീവിതപ്രാരബ്ധങ്ങൾക്കപ്പുറമുള്ള ഒരു ലോകം ഉണിത്തിരിക്ക് തുറന്നുകൊടുത്തു. പിൽക്കാലത്ത് കവിതയെഴുത്ത് നിർത്തിയെങ്കിലും ആദ്യകാലത്ത് അദ്ദേഹത്തിന്റെ നിരവധി കവിതകൾ അച്ചടിച്ചുവന്നിട്ടുണ്ട്. നാട്ടിൻപുറത്തെല്ലാം അക്കാലത്ത് സഹൃദയരും വായനക്കാരും എഴുത്തുകാരും ഉണ്ടായിരുന്നു എന്നതാണ് വാസ്തവം. സ്കൂളിലെ ഭാഷാധ്യാപകരെല്ലാം പണ്ഡിതരും പ്രഭാഷകരുമായിരുന്നു. സാഹിത്യകാരന്മാർക്ക് അക്കാലത്ത് വലിയ താരമൂല്യമുണ്ടായിരുന്നുവെന്നും ഉണിത്തിരിയുടെ ആത്മകഥ നമ്മെ തെര്യപ്പെടുത്തുന്നു. ഒ. കെ. മുൻഷിയാണ് ഉണിത്തിരിയുടെ ആദ്യത്തെ സംസ്കൃതാധ്യാപകൻ. സ്കൂളധ്യാപകനായി ജോലിചെയ്യുമ്പോഴാണ് ഒ. കെ. മുൻഷിയുടെ വീട്ടിൽ ചെന്ന് ഉണിത്തിരി സംസ്കൃതം പഠിച്ചത്. മുൻഷിയിൽനിന്നു ലഭിച്ച ശിക്ഷണത്തിന്റെ ബലത്തിലാണ് അദ്ദേഹം പിന്നീട് മലയാളം ബി. എ.ക്കു പ്രൈവറ്റായി പരീക്ഷയെഴുതിയതും ഒന്നാം റാങ്കോടെ പാസ്സായതും. തുടർന്ന് സംസ്കൃതം ഐച്ഛികമായി എം. എ. യും പി. എച്ച്. ഡി.യും കരസ്ഥമാക്കി. 1974–ൽ കല്യാശ്ശേരി ഹൈസ്കൂളിൽനിന്ന് രണ്ടു വർഷം ലീവെടുത്ത് കേരളസർവകലാശാലയിൽ പി. എച്ച്. ഡി. ചെയ്യാനാരംഭിക്കുമ്പോഴും സാമ്പത്തികബുദ്ധിമുട്ടുകൾ അദ്ദേഹത്തെ അലട്ടിയിരുന്നു. കവി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ഉത്സാഹത്തിൽ ആരംഭിച്ച സംസ്കൃതം ക്ലാസ്സിൽ നിന്നുള്ള വരുമാനമാണ് അക്കാലത്ത് ഉണിത്തിരിക്കു തുണയായത്. അയ്യപ്പപ്പണിക്കർ, ഒ. എൻ. വി; സുഗതകുമാരി എന്നിങ്ങനെ പലരുടെയും മക്കൾ ഈ സംസ്കൃതം ക്ലാസ്സിൽ പങ്കെടുത്തിരുന്നതായി അദ്ദേഹം അനുസ്മരിക്കുന്നു. പിലാത്തറ സ്കൂളിലെ സഹപാഠിയായിരുന്ന ചന്ദ്രശേഖരനെ മുതൽ പി. എച്ച്. ഡി. കാലത്ത് തുണയായ വിഷ്ണുനാരായണൻ നമ്പൂതിരിയെ വരെ തന്റെ ആത്മകഥയിൽ ഉണിത്തിരി പരാമർശിക്കുന്നുണ്ട്. നാട്ടിലുള്ള കമ്മ്യൂണിസ്റ്റ് നേതാക്കളായ പയ്യരട്ട രാമൻ, പി. വി. അപ്പക്കുട്ടി, പാതിയിൽ പഠിപ്പുപേക്ഷിച്ച് കുടുംബഭാരം ഏറ്റെടുത്ത ജ്യേഷ്ഠസഹോദരൻ എന്നിങ്ങനെ ഈ മഹത്തായ ജീവിതത്തിന്ന് കൈത്താങ്ങായ നിരവധി പേരുണ്ട്. അരനൂറ്റാണ്ട് മുൻപ് പ്രബുദ്ധതയിലേക്ക് ഉണർന്നുതുടങ്ങിയ വടക്കേ മലബാറിലെ സമൂഹവുമായി ഇഴപിരിഞ്ഞുകിടക്കുന്നതാണ് ഉണിത്തിരിയുടെ സ്വകാര്യജീവിതം. എട്ടാം ക്ലാസ്സിൽ ഫീസെടുത്തുകളഞ്ഞുകൊണ്ട്, കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ കൈക്കൊണ്ട തീരുമാനം ഉണിത്തിരിയുടെ ജീവിതത്തിലുണ്ടാക്കിയ അദ്ഭുതകരമായ പരിണാമത്തെ ആത്മകഥയിൽ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തുന്നു:



"അന്ന് അമ്മ കുന്നരുവത്തായിരുന്നു. ഞങ്ങൾ നേരെ അവിടേക്കു പോയി. അമ്മയ്ക്കും മറ്റെല്ലാവർക്കും സന്തോഷമായി. അവരുടെ നിർദേശമനുസരിച്ച് കുഞ്ഞിരാമൻ മാസ്റ്ററെ ചെന്നുകണ്ടു. അദ്ദേഹത്തിന്റെ മുഖത്ത് അപ്പോൾ കണ്ട ആഹ്ലാദാതിരേകം പറഞ്ഞറിയിക്കാനാവില്ല. തന്റെ സ്കൂളിൽ പഠിച്ച ഏറ്റവും മിടുക്കനായ വിദ്യാർഥിക്ക് പഠനം തുടരാനാവാത്ത സാഹചര്യമുണ്ടായതിൽ അദ്ദേഹം ഏറെ ദുഃഖിച്ചിരുന്നു. ആ സാഹചര്യം മാറിക്കിട്ടിയതിലുള്ള ആശ്വാസമായിരുന്നു അദ്ദേഹത്തിന്. അഡ്മിഷൻഫീസായി വേണ്ടിവരുന്ന പത്ത് രൂപ എന്റെ കൈയിൽ തന്നുകൊണ്ട് മാടായി ഹൈസ്കൂളിൽ **ചേരാൻ മാഷ് നിർദേശിച്ചു. അതുപോലെ ഞങ്ങൾ ചെയ്തു.അങ്ങനെ ഞാൻ എട്ടാം ക്ലാസ്സിൽ ചേർന്നു. അന്ന് മുണ്ടശ്ശേരിയുടെ, ഇ. എം.എസ്. മന്ത്രിസഭ**യുടെ, ഉത്തരവ് വന്നിരുന്നില്ലെങ്കിൽ എന്നെപ്പോലുള്ള പതിനായിരക്കണക്കിന് ബാലികാബാലന്മാർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം നിഷേധിക്കപ്പെടുമായിരുന്നു." (*നടന്നുവന്ന വഴികൾ*, പു. 37)

ഉണിത്തിരിയെ ആദരിക്കുമ്പോൾ ഒരു കാലത്തെയും ഒരു സമൂഹത്തെയുമാണ് എന്നു പറഞ്ഞത് ഈ അനുഭവപശ്ചാത്തലത്തിലാണ്. പ്രസ്തുതസമൂഹത്തിലെ ചില വ്യക്തികളും പ്രസ്ഥാനങ്ങളുമുണ്ടായിരുന്നില്ലെങ്കിൽ ഇങ്ങനെയൊരു പണ്ഡിതനെ നമുക്കിന്ന് ആദരിക്കാൻ കഴിയുമായിരുന്നില്ല. വ്യക്തിപ്രതിഭയും ചരിത്രസന്ദർഭവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഉത്തമബോധമുള്ള ഒരാളുടെ കയ്യൊപ്പ് പതിഞ്ഞതാണ് *നടന്നുവന്ന വഴികൾ* എന്ന ആത്മകഥ.

കേരളസർവകലാശാലയിലെയും കാലിക്കറ്റ് സർവകലാശാലയിലെയും സംസ്കൃതപഠനവിഭാഗങ്ങളിൽ ഉണിത്തിരിമാഷ് അധ്യാപകനായിരുന്നിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാലയിൽ വകുപ്പധ്യക്ഷനായിരുന്നു. കാലടി ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാലയിൽ പ്രിൻസിപ്പൽ ഡീൻ, കേരളസർക്കാർ സാംസ്കാരികപ്രസിദ്ധീകരണവകുപ്പിന്റെ ഉപദേശകസമിതി ചെയർമാൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ എന്നീ ഔദ്യോഗികപദവികളിലും അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. കേരളസാഹിത്യസമിതിയുടെ ജനറൽ സെക്രട്ടറിയായും പുരോഗമനകലാസാഹിത്യസംഘത്തിന്റെ സംസ്ഥാനപ്രസിഡണ്ടായും അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. താനിരുന്ന എല്ലാ പദവികളും സവിശേഷമായ ഒരു പാരമ്പര്യത്തിന്റെ സൃഷ്ടിക്കായി വിനിയോഗിക്കുകയാണ് അദ്ദേഹം

ചെയ്തത്. ദേശീയപരിപ്രേക്ഷ്യത്തിലൂന്നിയുള്ള അക്കാദമികപ്രവർത്തനം, പൊതുനന്മ ലാക്കാക്കിയുള്ള ഭരണനിർവഹണം, തന്നെ താനാക്കിയ സമൂഹത്തോടുള്ള പ്രതിബദ്ധത എന്നിവയെല്ലാം ഉണിത്തിരിയുടെ ഔദ്യോഗികജീവിതത്തിന്റെ സവിശേഷതയായി ഏവരും അംഗീകരിക്കും.

അതിവിപുലമാണ് എൻ. വി. പി. ഉണിത്തിരിയുടെ രചനാപ്രപഞ്ചം. *സന്ദേശകാവ്യപ്രസ്ഥാനം, ഗവേഷണപ്രബന്ധങ്ങൾ, ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, സമൂഹം മതം ദർശനം, പ്രയോഗദീപിക (സംശോധിതസംസ്കരണം), സംസ്കൃതസാഹിത്യവിമർശനം, ശാസ്ത്രവും ദർശനവും പ്രാചീനഭാരതത്തിൽ (വിവ.), വിവേകാനന്ദന്റെ സമകാലികപ്രസക്തി, പ്രാചീനഭാരതീയദർശനം, ശങ്കരദർശനം മാർക്സിസ്റ്റുവീക്ഷണത്തിൽ (എഡി.), അരാഷ്ട്രീയതയുടെ രാഷ്ട്രീയം, രാമായണപഠനവും മറ്റും, സംസ്കൃതത്തിന്റെ നിഴലും വെളിച്ചവും, മതവും മതഭ്രാന്തും, ഹിന്ദുത്വവും ഹിന്ദുമതവും , സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദദർശനം, ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ, വക്രോക്തിഃ കാവ്യജീവിതം, ഇന്ത്യൻ ഭൗതികവാദപൈതൃകം, സംസ്കാരപഠനങ്ങൾ, വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠനം, വൈദികം, പോരാളിയും തേരാളിയും – ഭഗവദ്ഗീതയുടെ ഭൗതികവ്യാഖ്യാനം (വിവ.), ശാസ്ത്രവും സമൂഹവും, അത്യുത്തരകേരളീയം, വേദപാഠസംരക്ഷണം, പാഠവിമർശനം സംസ്കൃതത്തിൽ, രാമായണം (വാല്മീകിരാമായണത്തിന്റെ ഗദ്യപുനരാഖ്യാനം), ബഷീർ മുതൽ ഒ. എൻ. വി. വരെ, ശബ്ദാർഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ, വള്ളത്തോൾക്കവിത, കാളിദാസകൃതികൾ – ഒരു പഠനം, പ്രഭാവർമയുടെ ശ്യാമമാധവം – ഒരു പഠനം, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യപ്രപഞ്ചം, നവീനസാഹിത്യപഠനങ്ങൾ, ആശാൻ മുതൽ എം. ടി. വരെ, അമാവാസി തൊട്ട പാട്ടുകൾ, വിജയൻ മുതൽ വിഷ്ണു വരെ, ഓർമകളിലെ എൻ. വി.* എന്നിങ്ങനെ ഉണിത്തിരിയുടെ എഴുത്ത് കടന്നുപേയ വഴികൾ അതിന്റെ വൈജാത്യംകൊണ്ടും വൈപുല്യംകൊണ്ടും ശ്രദ്ധേയമാണ്. ഇവ കൂടാതെ മാക്സ് മുള്ളറുടെ *ഋഗ്വേദസംഹിത*യുടെയും ഉപനിഷത്തുകളുടെയും ആംഗലവിവർത്തനങ്ങൾ അദ്ദേഹം മലയാളത്തിലേക്ക് തർജമ ചെയ്യുകയുണ്ടായി. ഒ. എൻ. വി. യുടെ *ഉജ്ജയിനി*, പി. കുഞ്ഞിരാമൻ നായരുടെ 'നരബലി', വള്ളത്തോളിന്റെ *ശിഷ്യനും മകനും, അച്ഛനും മകളും, മഗ്ദലനമറിയം;* ഇടശ്ശേരിയുടെ *കാവിലെ പാട്ട്, അമ്പാടിയിലേക്ക് വീണ്ടും* , വിഷ്ണുനാരായണൻ നമ്പൂതിരിയുടെ *ജയം*, ശ്രീനാരായഗുരുവിന്റെ ചില ലഘുകൃതികൾ എന്നിവ



യെല്ലാം അദ്ദേഹം സംസ്കൃതത്തിലേക്ക് തർജമ ചെയ്യുകയുണ്ടായി. *മാക്ബത്ത്നാടകകഥാ* എന്ന സ്വതന്ത്രസംസ്കൃതകാവ്യവും ഉണിത്തിരി രചിച്ചിട്ടുണ്ട്. സംസ്കൃതത്തിലെ അപൂർവമായ ചില കൃതികളും അവയെക്കുറിച്ചുള്ള പഠനങ്ങളും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. അധ്യാപനം, ഭരണനിർവഹണം, പ്രഭാഷണം എന്നീ തിരക്കുകൾക്കിടയിലും അറുപതിലേറെ ഗ്രന്ഥങ്ങളാണദ്ദേഹം എഴുതിയത്. അനാരോഗ്യം മൂലം പ്രഭാഷണവേദികളിൽ അദ്ദേഹം ഇപ്പോൾ പ്രത്യക്ഷപ്പെടാറില്ലെങ്കിലും  എഴുത്ത് മുമ്പത്തേക്കാൾ സജീവമാണ്.

പുത്തേഴൻ അവാർഡ്, അബുദാബി ശക്തി അവാർഡ്, കേരള സാഹിത്യ അക്കാദമിയുടെ കെ. ആർ നമ്പൂതിരി പുരസ്കാരം, പുസ്തകമേള പുരസ്കാരം, വാചസ്പതി പുരസ്കാരം, പരീക്ഷിത് തമ്പുരാൻ പുരസ്കാരം, ദേവീപ്രസാദം പുരസ്കാരം എന്നിവയെല്ലാം ഉണിത്തിരിയെ തേടിവന്നിട്ടുണ്ട്. ഈയടുത്തിടെ സംസ്കൃതസർവകലാശാല അദ്ദേഹത്തെ ഡി. ലിറ്റ് ബിരുദം നൽകി ആദരിക്കുകയുണ്ടായി. ഇക്കൂട്ടത്തിലേക്കാണ് ഗ്രന്ഥശാലാസംഘത്തിന്റെ പുരസ്കാരം ഇപ്പോൾ വന്നുചേർന്നിരിക്കുന്നത്.

എൻ. വി. പി. ഉണിത്തിരിയുടെ രചനാപ്രപഞ്ചത്തെ ഒരു ചെറുകുറിപ്പിൽ സമഗ്രമായി വിലയിരുത്തുക എന്നത് ശ്രമകരമാണ്. ആയതിനാൽ അദ്ദേഹത്തിന്റെ സംഭാവനകളുടെ പ്രധാനപ്പെട്ട രണ്ടു വശങ്ങൾ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ.

**രണ്ട്**

സംസ്കൃതപഠനത്തിന്റെയും പ്രയോഗത്തിന്റെയും സമ്പന്നമായ പാരമ്പര്യം കേരളത്തിന് സ്വന്തമാണ്. ഗണിതം, ജ്യോതിഷം, വ്യാകരണം, കാവ്യം എന്നിങ്ങനെ സംസ്കൃതഭാഷയുടെയും വിജ്ഞാനത്തിന്റെയും സർവമേഖലകളിലും കേരളീയരുടെ സംഭാവനകളുണ്ട്. വൈദികസംസ്കൃതിയുടെ വ്യാപനത്തിനു മുമ്പുതന്നെ സംസ്കൃതം കേരളത്തിൽ എത്തിച്ചേർന്നതായി കരുതപ്പെടുന്നു. ബൗദ്ധ–ജൈനമതങ്ങളുടെ കടന്നുവരവോടെയാണ് അത് സംഭവിച്ചതെന്ന് ചരിത്രകാരന്മാർ ഊഹിക്കുന്നു. അതുകൊണ്ടുതന്നെ ബ്രാഹ്മണേതരവിഭാഗങ്ങളിലും സംസ്കൃതത്തിന്റെ ശക്തമായ സ്വാധീനം നിലനിൽക്കുന്നതായി കാണാം. എട്ട്–ഒമ്പത് നൂറ്റാണ്ടുകളിലാണ് കേരളത്തിൽ സംസ്കൃതത്തിന് ഔദ്യോഗികമായ പുരസ്കരണം കിട്ടുന്നതെന്ന് വിശ്വസിക്കുന്നവരുണ്ട്. അതോടെ സംസ്കൃതം അഭിജാതഭാഷയായി. ശങ്കരാചാര്യരും കുലശേഖര ആഴ്വാരും മറ്റും ഇക്കാലത്തിന്റെ സന്തതികളാണല്ലോ. സംസ്കൃതവൽക്കരണം എന്നത് ഭാഷാപരമായ ഒരു പ്രക്രിയ

മാത്രമായിരുന്നില്ല. അത് സംസ്കാരങ്ങളുടെ മിശ്രണം കൂടിയായിരുന്നു. തദ്ദേശീയസംസ്കാരത്തെ ബ്രാഹ്മണസംസ്കാരം പിടിച്ചുപറ്റുന്നതിന്റെയും തങ്ങൾക്കനുകൂലമാക്കുന്നതിന്റെയും ധാരാളം അനുഭവങ്ങൾ നിറഞ്ഞതാണ് സംസ്കൃതവൽക്കരണം എന്ന് എം. എൻ. ശ്രീനിവാസൻ സൂചിപ്പിക്കുന്നുണ്ട്. ഈ സംസ്കൃതവൽക്കരണംതന്നെയാണ് മണിപ്രവാളകാവ്യപാരമ്പര്യത്തെയും മറ്റും സൃഷ്ടിച്ചത്. കേരളം ഒരു ഭാഷാസമൂഹമായി തിരിച്ചറിയപ്പെടാൻ തുടങ്ങിയപ്പോഴാണ് സംസ്കൃതാധിപത്യത്തെക്കുറിച്ച് ചില പുനരാലോചനകൾ നമ്മുടെ ചില എഴുത്തുകാരിൽനിന്നുണ്ടായത്. പൂന്താനവും ചെറുശ്ശേരിയും എഴുത്തച്ഛനും നമ്പ്യാരും മറ്റും സംസ്കൃതത്തിന്റെ അധിനിവേശയുക്തി തിരിച്ചറിഞ്ഞിരുന്നു. സംസ്കൃതത്തിന്റെ ഈ അധീശത്വം പിൽക്കാലത്ത് അതിശക്തമായി ചോദ്യം ചെയ്യപ്പെട്ടത് നവോത്ഥാനത്തിന്റെ സന്ദർഭത്തിലാണ്. നവോത്ഥാനപദ്ധതിയിൽ പ്രാദേശികഭാഷ സാമൂഹ്യ–സാംസ്കാരിക–ബൗദ്ധികവ്യവഹാരങ്ങളിലാകെ മേൽക്കൈ നേടുകയുണ്ടായി. ഇക്കാര്യത്തിൽ മിഷണറിമാർ വഹിച്ച പങ്ക് വളരെ വലുതാണ്. അക്കാലത്തെ പത്രമാസികകളിലും പുസ്തകങ്ങളിലും ഉപയോഗിച്ച ഗദ്യമാണ് ഇന്നും നമ്മുടെ മാതൃക. വൈജ്ഞാനികമേഖലയിൽ സംസ്കൃതത്തിനുണ്ടായിരുന്ന കോയ്മ വലിയ അളവിൽ വെല്ലുവിളിക്കപ്പെടുന്നത് ഇക്കാലത്താണ്. ജാതിക്കെതിരായുള്ള സമരങ്ങളുമായും മലയാളം എന്ന ഒരു പുതിയ സ്വത്വബോധവുമായും ഈ ഭാഷായത്നം കൈകോർത്തു. അതോടെ സംസ്കൃതത്തെക്കുറിച്ചുള്ള സാമ്പ്രദായികസങ്കല്പങ്ങൾക്ക് ഇളക്കം തട്ടി. നാരായണഗുരുവും ആഗമാനന്ദനും മറ്റും സംസ്കൃതത്തിലുള്ള വിജ്ഞാനത്തെയാണ് സാമൂഹ്യപരിവർത്തനത്തിനായി ഉപയോഗിച്ചതെങ്കിലും അവരുടെ രീതി വ്യത്യസ്തമായിരുന്നു. ഉദാഹരണമായി ചട്ടമ്പിസ്വാമികൾ. വേദജ്ഞാനത്തിനുള്ള അധികാരം സമൂഹത്തിലെ താഴേ തട്ടിലുള്ളവർക്കുമുണ്ട് എന്നു സമർഥിക്കാനാണ് തന്റെ സംസ്കൃതജ്ഞാനം ഉപയോഗിച്ചത്. അവർണർക്കു നിഷേധിച്ച ക്ഷേത്രാരാധനയെ സ്ഥാപിച്ചെടുക്കുകയാണ് നാരായണഗുരു ചെയ്തത്. സംസ്കൃതജ്ഞാനമുപയോഗിച്ച് അതിന്റെതന്നെ പ്രത്യയശാസ്ത്രബന്ധങ്ങളെ അപനിർമിക്കാനുള്ള ശ്രമങ്ങളായിരുന്നു ഇവയെല്ലാം. ബ്രഹ്മാനന്ദശിവയോഗിയുടെയും വാഗ്ഭടാനന്ദന്റെയും സംഭാവനകൾ പരിശോധിച്ചാലും ഈ ആന്തരവിമർശനത്തിന്റെ യുക്തി വെളിപ്പെടും. ലിബറൽ മാനവികതാവാദത്തിലൂന്നി സംസ്കൃതത്തിലെ ജ്ഞാനപദ്ധതികളെ വ്യാഖ്യാനിക്കാനാണ് ഈ മനീഷികൾ ശ്രമിച്ചതെന്നു പറയാം. ഇതൊരു തരത്തിൽ പരിഷ്കരണപ്രവർത്തനമായിരുന്നു. ഗാന്ധിയും അദ്ദേഹത്തോടൊപ്പം



നിന്ന ദേശീയവാദികളും ഇതേവിധം ഹിന്ദുമതാശയങ്ങളെ ആന്തരവിമർശനത്തിലൂടെ പരിഷ്കരിക്കാൻ ശ്രമിച്ചിരുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ആശയങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിലും ഇരുപതാം നൂറ്റാണ്ടിലെ ആദ്യദശകത്തിലും കേരളത്തിലെ സംസ്കൃതാധ്യയനത്തെ വലിയ അളവിൽ സ്വാധീനിച്ചു. മാറ്റത്തിന്റെ ഈ കാഹളം ആദ്യം മുഴങ്ങിക്കേട്ടത് പുന്നശ്ശേരിക്കളരിയിൽത്തന്നെയായിരുന്നു. പുന്നശ്ശേരിഗുരുകുലത്തിലെ ആചാര്യൻ നീലകണ്ഠശർമ തന്റെ സംസ്കൃതപാഠശാലയിൽ എല്ലാ ജാതിമതവിഭാഗങ്ങളിലുമുള്ളവർക്ക് പഠനത്തിന് അവസരം നൽകി. ഇത് എല്ലാ അർഥത്തിലും ഒരു വിപ്ലവമായിരുന്നു. മാത്രമല്ല, സംസ്കൃതത്തെ ആധുനികീകരിക്കുന്നതിന്റെ ഭാഗമായി അദ്ദേഹം *വിജ്ഞാനചിന്താമണി* എന്ന ഒരു സംസ്കൃതപത്രിക തുടങ്ങി. വെള്ളാനശ്ശേരി വാസുണ്ണിമൂസ്സതായിരുന്നു അതിന്റെ പത്രാധിപർ. 1883–ലാണ് ഇതിന്റെ ആരംഭം. ഒരു വർഷം കഴിഞ്ഞപ്പോൾ പ്രസാധനം നിന്നുപോയെങ്കിലും മൂന്നു വർഷങ്ങൾക്കുശേഷം അത് പുനരാരംഭിച്ചു. അതോടെ *വിജ്ഞാനചിന്താമണി* രണ്ടു ഭാഗങ്ങളായി അച്ചടിക്കാൻ തുടങ്ങി. ഒന്ന് ഗ്രന്ഥലിപിയിലും മറ്റൊന്ന് മലയാളലിപിയിലും അച്ചടിച്ചു. ഗ്രന്ഥലിപിയിൽ അച്ചടിച്ച *വിജ്ഞാനചിന്താമണി* ‘സംസ്കൃതമയൂഖം’ എന്ന പേരിലും മലയാളലിപിയിൽ അച്ചടിച്ചത് ‘കേരളമയൂഖം’ എന്ന പേരിലും പുറത്തിറങ്ങി. എന്നാൽ ഇതും രണ്ടു വർഷത്തിനുശേഷം മുടങ്ങി. 1891–ൽ പ്രസിദ്ധീകരണം പുനരാരംഭിച്ചു. ‘വിജ്ഞാനചിന്താമണി’ എന്ന ഒരച്ചുകൂടംതന്നെ ഇതിന്നായി നീലകണ്ഠശർമ പെരുമുടിയൂരിൽ ആരംഭിച്ചു. 1916 വരെ മുടക്കം കൂടാതെ നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1916–ൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ *വിജ്ഞാനചിന്താമണി*യെയും ബാധിച്ചു. ആ വർഷം പ്രസിദ്ധീകരണം നിലച്ചു. ക്രമേണ അച്ചുകൂടം ഉപയോഗശൂന്യമായി. 1921–ൽ തൃശ്ശൂർ മംഗളോദയത്തിൽനിന്ന് *വിജ്ഞാനചിന്താമണി* പുനഃപ്രസിദ്ധീകരിക്കാൻ ശ്രമിച്ചെങ്കിലും രണ്ടു ലക്കങ്ങളോടെ അതും നിലച്ചു. *വിജ്ഞാനചിന്താമണി*യെക്കുറിച്ച് അല്പം വിസ്തരിച്ചു പറഞ്ഞത് അതിനു പിന്നിൽ നടന്ന യത്നത്തെ വെളിപ്പെടുത്താനാണ്. സംസ്കൃതത്തെ ആധുനികവിജ്ഞാനങ്ങളുടെ കൂട്ടത്തിൽ ഒന്നാക്കാൻ നടന്ന ധൈഷണികയത്നമായിരുന്നു അത്. കേരളത്തിൽ വളർന്നുവന്ന സാഹിതീയപൊതുമണ്ഡലത്തിന്റെ ഭാഗമാക്കാൻ സംസ്കൃതത്തെ പ്രാപ്തമാക്കുകയാണ് പുന്നശ്ശേരി ചെയ്തത്. താളിയോലയുടെ തടവറയിൽനിന്ന് അദ്ദേഹം അച്ചടിയുടെ ലോകത്തേക്ക് വിമോചിപ്പിച്ചു. വിനിമയസമ്പ്രദായത്തിൽ മാത്രമല്ല, ഉള്ളട

ക്കത്തിലും *വിജ്ഞാനചിന്താമണി* അതിശയകരമായ വിച്ഛേദമാണ് സൃഷ്ടിച്ചത്. രാജ്യതന്ത്രസംബന്ധികളും മതം ആചാരം മുതലായവ ചർച്ച ചെയ്യുന്നതുമായ ലേഖനങ്ങളാണ് പ്രസിദ്ധീകരണത്തിന്നയ യ്ക്കേണ്ടതെന്ന് പത്രികയുടെ പ്രസ്താവനയിൽ പറയുന്നുണ്ട്. പണ്ഡി തന്മാരുടെ പ്രബന്ധങ്ങൾ മാത്രമല്ല, വിദ്യാർത്ഥികളുടെ പ്രബന്ധങ്ങളും അതിൽ പ്രസിദ്ധീകരിച്ചിരുന്നു. 'സാരസ്വതോദ്യോതിനി' പാഠശാലയിൽ അക്കാലത്ത് സാഹിത്യചർച്ചകളും പ്രബന്ധാവതരണങ്ങളും നടന്നി രുന്നുവെന്നത് ഇപ്പോൾ ഓർക്കുമ്പോൾ അദ്ഭുതമായിത്തോന്നാം. തന്റെ പാഠശാലയെ ആധുനികവിജ്ഞാനകേന്ദ്രങ്ങളുടെ മാതൃകയിൽ വാർത്തെടുക്കാനാണ് പുന്നശ്ശേരി നമ്പി ശ്രമിച്ചത്. കുട്ടികൃഷ്ണമാ രാർ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഈ സഭയിൽ വായിച്ച ഒരു പ്രബന്ധം പിന്നീട് *വിജ്ഞാനചിന്താമണി*യിൽ പ്രസിദ്ധംചെയ്യുകയു ണ്ടായി. പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കണമെന്നാവശ്യപ്പെ ട്ടുകൊണ്ടുള്ള നിരവധി പ്രബന്ധങ്ങൾ *വിജ്ഞാനചിന്താമണി*യിൽ പ്രസിദ്ധീകരിച്ചിരുന്നു. ബ്രാഹ്മണർക്കിടയിലെ യാഥാസ്ഥിതികത്വത്തെ വിമർശിച്ചും സ്ത്രീവിദ്യാഭ്യാസത്തെ പുരസ്കരിച്ചും ബ്രിട്ടീഷ് ഗവ ണ്മെന്റിന്റെ അനീതി തുറന്നുകാട്ടിയും പത്രികയിലെ എഴുത്തുകാർ പ്രതികരിച്ചു. ഇന്ത്യക്കാർ വ്യവസായങ്ങൾ തുടങ്ങാനും ഇംഗ്ലീഷ് വിദ്യാഭ്യാസം ആർജിക്കാനും തയ്യാറാവണമെന്നും പല ലേഖകർ ആവ ശ്യപ്പെടുന്നതു കാണാം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വാർത്തകൾ, ഹിന്ദു–മുസ്ലീം ഐക്യത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാ ട്ടുന്ന ലേഖനങ്ങൾ, കേരളത്തിൽ അക്കാലമായപ്പോഴേക്കും പ്രചരി ക്കാൻ തുടങ്ങിയ കർഷകസഭ, നായർ സഭ എന്നിവയുടെ വാർത്ത കൾ എന്നിവയെല്ലാം *വിജ്ഞാനചിന്താമണി*യിൽ പ്രസിദ്ധീകരിച്ചു. കാലത്തിന്റെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങാനും അവയെ തന്റെ പ്രവർത്തനമേഖലയിലേക്ക് സന്നിവേശിപ്പിക്കാനും നീലകണ്ഠ ശർമയ്ക്ക് സാധിച്ചു. ഇവ്വിധം പത്തൊമ്പതാം നൂറ്റാണ്ടോടെ ആലുവ അദ്വൈതാശ്രമത്തിലും പുന്നശ്ശേരിക്കളരിയിലും ആരംഭിച്ച നവോത്ഥാ നപാരമ്പര്യത്തിന്റെ തുടർച്ചയിലാണ് ഉണിത്തിരിയുടെ സംഭാവനകളെ വിലയിരുത്തേണ്ടത്. അതായത് മലയാളത്തിൽ അച്ചടിയുടെ വികസി ച്ചുവന്ന സാഹിതീയപൊതുമണ്ഡലത്തിന്റെയും നവോത്ഥാനകാല ത്തിലെ ആന്തരവിമർശനത്തിന്റെയും പിന്മുറക്കാരായ ആധുനികസം സ്കൃതപാണ്ഡിത്യത്തിന്റെ നേരവകാശിയാണ് ഉണിത്തിരിയും അദ്ദേഹത്തിന്റെ തലമുറയും എന്നർത്ഥം.

അതേസമയം ഇക്കാലത്ത് ദേശീയതലത്തിൽ പൊട്ടിപ്പുറപ്പെട്ട മറ്റു ചില പ്രവണതകൾ കൂടി പരാമർശിക്കേണ്ടതുണ്ട്. ഡി. ഡി. കോസാം



ബി, ഡോ. ബി. ആർ അംബേദ്കർ, ദേബീപ്രസാദ് ചതോപാധ്യായ, കെ. ദാമോദരൻ എന്നിവരിലൂടെ നാം പരിചയപ്പെട്ട ഒരു ചിന്താധാര യാണത്. ഇവരുടെയെല്ലാം സമീപനവും ഉദ്ദേശ്യവും വ്യത്യസ്തമാ യിരുന്നെങ്കിലും സംസ്കൃതത്തിലെ വിജ്ഞാനത്തെ പരിചരിക്കാനുള്ള സവിശേഷമായ ചില സങ്കേതങ്ങൾ ഇവരുടെ ഇടപെടലിലൂടെ സൃഷ്ടിക്കപ്പെട്ടു എന്നത് നിസ്തർക്കമായ വസ്തുതയാണ്. കോസാംബി ചരിത്രപരമായ നിഗമനങ്ങളെ സാധൂകരിക്കാൻ കഴി യുന്ന ഉപാദാനങ്ങൾ എന്ന നിലയിൽ സംസ്കൃതകൃതികളെ സമീ പിച്ചപ്പോൾ അംബേദ്കർ സംസ്കൃതസാഹിത്യത്തെ സാമാന്യമായി പ്രത്യയശാസ്ത്രവിമർശനത്തിന് വിധേയമാക്കി. വർണാശ്രമധർമത്തെ ഉറപ്പിച്ചെടുക്കുന്നതിൽ സംസ്കൃതത്തിലെ ഇതിഹാസപുരാണാദികൾ വഹിച്ച ധർമത്തെ അപനിർമിക്കുകയാണ് അംബേദ്കർ ചെയ്തത്. ആദ്യകാല ഇന്റോളജിസ്റ്റുകളും പൗരസ്ത്യവാദികളും ഇന്ത്യയെക്കു റിച്ചുണ്ടാക്കിയ മിത്തിനെ തകർക്കാനാണ് ദേബീപ്രസാദ് ചതോപാ ധ്യായയും മറ്റും ശ്രമിച്ചത്. ഇന്ത്യ ആത്മീയതയുടെ നാടാണെന്നും ഇവിടെ ഭൗതികജീവിതം ഉണ്ടായിരുന്നില്ലെന്നുമുള്ള മട്ടിലാണ് പൗര സ്ത്യവാദികൾ ഈ ദേശത്തെ അടയാളപ്പെടുത്തിയത്. വേദേതിഹാ സങ്ങൾക്കും ഉപനിഷത്തുക്കൾക്കുമപ്പുറം ഇന്ത്യൻ ജീവിതത്തെ അട യാളപ്പെടുത്തുന്ന ഒരു സാക്ഷ്യവും അവർക്ക് ലഭിച്ചില്ലെന്നോ അവർ അവയെ പരിഗണിച്ചില്ലെന്നോ പറയാം. ഇതു മൂലം പൗരസ്ത്യവാദി കൾ വളരെ വിചിത്രമായ കല്പനകളാണ് സൃഷ്ടിച്ചത്. *ഭാരതീയത ത്വചിന്തയിലെ ആറു പദ്ധതികൾ* എന്ന കൃതിയുടെ ആമുഖത്തിൽ മാക്സ് മുള്ളർ പറയുന്നത് നോക്കുക: "പ്രാചീനഭാരതത്തിൽ ജീവി ക്കാൻ വേണ്ടിയുള്ള കടുത്ത സമരങ്ങൾ വേണ്ടിവന്നിരിക്കാനിടയി ല്ല. ജീവിതാവശ്യങ്ങൾക്കുള്ള വസ്തുക്കൾ പ്രകൃതിതന്നെ സുലഭ മായി നൽകിയിരുന്നു. കുറച്ചു താല്പര്യങ്ങൾ മാത്രമുണ്ടായിരുന്ന ആളുകൾക്ക് കാട്ടിലെ പറവകളെപ്പോലെ ആകാശത്തിലെ ശുദ്ധവാ യുവിലേക്കും സനാതനമായ പ്രകാശത്തിന്റെ പ്രഭവത്തിലേക്കും സത്യത്തിലേക്കും പറന്നുയരാൻ കഴിയുമായിരുന്നു. മധ്യരേഖാപ്രദേ ശത്തെ സൂര്യന്റെ ചൂടിൽനിന്നു രക്ഷ നേടി തോപ്പുകളുടെ തണ ലിലോ മലനിരകളുടെ അടിവാരത്തിലുള്ള ഗുഹകളിലോ അഭയ സ്ഥാനം കണ്ടെത്തിയ അവർക്ക് തങ്ങൾ എന്തിനെന്നോ എങ്ങനെ യെന്നോ അറിയാതെ വന്നുപെട്ടിരിക്കുന്ന സ്ഥാനങ്ങളിൽനിന്ന് ആ ലോകത്തെപ്പറ്റി ധ്യാനിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുവാനുള്ളത്? വേദങ്ങളിൽനിന്ന് നമുക്കറിയാൻ കഴിയുന്നതുപോലെ പ്രാചീനഭാര തത്തിൽ ഒരുതരത്തിലുമുള്ള രാഷ്ട്രീയജീവിതവുമില്ലായിരുന്നു.

അതുകൊണ്ടുതന്നെ രാഷ്ട്രീയസംഘർഷങ്ങളോ നാഗരികാഭിലാഷങ്ങളോ അവർക്കുണ്ടായിരുന്നില്ല. മികച്ച സിദ്ധികളുള്ള ഈ വംശത്തിന്റെ ഊർജം വിനിയോഗിക്കാനുതകുന്ന മട്ടിൽ കലയോ ശാസ്ത്രമോ അക്കാലംവരെ ഉണ്ടായിരുന്നില്ല. നമുക്ക് വ്യാപരിക്കുവാൻ ധാരാളം വർത്തമാനപത്രങ്ങളും പാർലമെന്റിനെ സംബന്ധിച്ച റിപ്പോർട്ടുകളും അനുദിനകണ്ടുപിടുത്തങ്ങൾ, ചർച്ചകൾ, പുതിയ നോവലുകൾ, സമയം പോക്കാനുള്ള സാമൂഹ്യചടങ്ങുകൾ എന്നിവയും മറ്റുമുള്ളതുകൊണ്ട് അതിഭൗതികകാര്യങ്ങളിലോ മതപരമായ പ്രശ്നങ്ങളിലോ ഇടപെടുവാൻ സമയമില്ലെന്നിരിക്കെ, മിക്കവാറും ഈ അതിഭൗതികകാര്യങ്ങളും മതപരമായ പ്രശ്നങ്ങളും മാത്രമാണ് പ്രാചീനഭാരതത്തിലെ നിവാസികൾക്ക് സ്വന്തം ഭൗതികോർജം ചെലവഴിക്കുന്നതിനുള്ള ഉപാധിയായി ഉണ്ടായിരുന്നത്.”

മാക്സ് മുള്ളറെപ്പോലുള്ള പൗരസ്ത്യവാദികളിൽനിന്ന് വ്യത്യസ്തമായ അഭിപ്രായമാണ് മാർക്സിന് ഇന്ത്യയെക്കുറിച്ചുണ്ടായിരുന്നത്. മാക്സ് മുള്ളർ ഇന്ത്യൻജീവിതത്തെ ആദർശാത്മകമായി അവതരിപ്പിച്ചപ്പോൾ മാർക്സ് ഇന്ത്യൻ ജീവിതത്തിന്റെ മുരടിപ്പിലേക്കാണ് വിരൽ ചൂണ്ടിയത്. ഉല്പാദനശക്തികളുടെ വികാസത്തിലുള്ള മുരടിപ്പ് ഏഷ്യാറ്റിക് സമൂഹത്തെ സാമാന്യമായി വളർച്ചയറ്റ ഒരു സമൂഹമാക്കി മാറ്റിയതായി മാർക്സ് നിരീക്ഷിച്ചു. വർണാശ്രമവ്യവസ്ഥയിൽ മുരടിച്ചുപോയ സാമൂഹ്യബന്ധങ്ങൾ ഏഷ്യാറ്റിക് സമൂഹത്തിന്റെ ജീർണതയെ പുനരുല്പാദിപ്പിച്ചുകൊണ്ടിരുന്നു. ഇതിന്റെയെല്ലാം ഫലമായി ഇന്ത്യക്കാർക്ക് ചരിത്രമില്ലെന്ന് മാർക്സ് അനുമാനിച്ചു. ബ്രിട്ടീഷുകാരുടെ വരവ് ഈ സ്ഥിതിയിൽ മാറ്റമുണ്ടാക്കിയേക്കാമെന്ന് മാർക്സ് ഒരു വേള ആലോചിക്കുന്നുണ്ട്. ആ മാറ്റത്തിന്റെ പ്രതിഫലനമാണ് ഒന്നാം സ്വാതന്ത്ര്യസമരമെന്നും അദ്ദേഹം കരുതി.

ഇന്ത്യയെക്കുറിച്ച് മാക്സ്മുള്ളറും കാറൽ മാർക്സും സൃഷ്ടിച്ച അറിവുകൾക്ക് അവയുടേതായ പരിമിതികളുണ്ടായിരുന്നു. സംസ്കൃതസാഹിത്യത്തിന്റെ പാഠങ്ങളിൽനിന്ന് പ്രാചീനേന്ത്യയിലെ സാമൂഹ്യജീവിതത്തിന്റെ ഭൗതികപരിസരങ്ങളെ കണ്ടെത്തുന്നതിൽ മാക്സ്മുള്ളർ പരാജയപ്പെട്ടു. മാർക്സാകട്ടെ ബ്രിട്ടീഷ് രേഖകളെയും അക്കാലത്തെ പത്രറിപ്പോർട്ടുകളെയുമാണ് പ്രധാനമായും ആശ്രയിച്ചത്. ആയതിനാൽ ഇവിടത്തെ ഭൗതികജീവിതത്തെക്കുറിച്ച് കൃത്യമായറിയാൻ അദ്ദേഹത്തിനും സാധിച്ചില്ല. ഈ രണ്ടു പരിമിതികളെയും മറികടന്നത് പിൽക്കാലത്ത് ദേബീപ്രസാദ് ചതോപാധ്യായയെപ്പോലുള്ള പണ്ഡിതന്മാരാണ്. സംസ്കൃതസാഹിത്യത്തെ ആശയവാദപരമായി സമീപിക്കുന്നതിനു പകരം ഭൗതിവാദപരമായി വിലയിരുത്താനാണ്



ചതോപാധ്യായ ശ്രമിച്ചത്. വേദങ്ങളിൽനിന്നും ഉപനിഷത്തുക്കളിൽനിന്നും പ്രാചീനേന്ത്യയിലെ ജീവനസമ്പ്രദായങ്ങളെ വീണ്ടെടുക്കാൻ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു. ആധ്യാത്മികമെന്ന പ്രതീതി ജനിപ്പിക്കുന്ന ആഖ്യാനങ്ങളിൽ പലതും ഭൗതികജീവിതത്തെപ്പറ്റിയാണ് പറയുന്നത്. മാത്രമല്ല, ആധ്യാത്മികമെന്നു വിശേഷിപ്പിക്കുന്ന ജ്ഞാനപരിസരം പോലും ഏകാത്മകമല്ല. ആശയവാദത്തെ എതിരിട്ട അതിശക്തമായ ഭൗതികവാദപാരമ്പര്യം ഇന്ത്യയിലുണ്ടായിരുന്നു. ഇക്കാര്യങ്ങളെല്ലാം തെളിയിക്കുന്നത് മറ്റേതൊരു നാഗരികതയുടെ കാര്യത്തിലുമെന്നപോലെ ഇന്ത്യൻ നാഗരികതയും ആധ്യാത്മികവും ഭൗതികവുമായ നിരവധി ആശയങ്ങളും സങ്കേതങ്ങളും സൃഷ്ടിച്ചിട്ടുണ്ട് എന്നാണ്. ആയതിനാൽ ഇന്ത്യൻ സമൂഹത്തെ ചരിത്രരഹിതാമായ സമൂഹമായി കാണുന്നതിലർഥമില്ല. അതിനെ ഭൗതികജീവിതമില്ലാത്ത മായാലോകമായി അവതരിപ്പിക്കുന്നതും വസ്തുതകൾക്ക് നിരക്കാത്തതാണ്. ഇക്കാര്യമാണ് ദേബീപ്രസാദ് മുഖ്യമായും എടുത്തുപറഞ്ഞത്. ദേബീപ്രസാദ് ചതോപാധ്യായയുടെ വഴിയിലാണ് കെ. ദാമോദരൻ സഞ്ചരിച്ചത്. എൻ. വി. പി. ഉണിത്തിരിയാണ് ഇന്റോളജിക്കൽ ജ്ഞാനപരിസരത്തെ പിൽക്കാലത്ത് വലിയ അളവിൽ പ്രശ്നവൽക്കരിച്ച മറ്റൊരു ധൈഷണികൻ.

ഇക്കാര്യത്തെക്കുറിച്ച് ഉണിത്തിരി *പ്രാചീനഭാരതീയദർശനം* എന്ന കൃതിയുടെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു: “പ്രാചീനഭാരതീയദർശനപഠനഗ്രന്ഥങ്ങളിൽത്തന്നെ അറിഞ്ഞോ അറിയാതെയോ ആധ്യാത്മിക(ആശയ)വാദ–കേവലവാദ–ഈശ്വരവാദഘടകങ്ങളെ പെരുപ്പിച്ചു കാട്ടുകയും ഭൗതികവാദ–വൈരുധ്യവാദ–നിരീശ്വരവാദഘടകങ്ങളെഏറെക്കുറെ അവഗണിക്കുകയും ചെയ്യുന്ന പ്രവണതയും നമുക്ക് കാണാൻ കഴിയും.” വാൾട്ടർ റൂബൻ, എസ്. എ. ഡാങ്കേ, രാഹുൽ സാംകൃത്യായൻ, ഡി. ഡി. കോസാംബി, കെ. ദാമോദരൻ, ഇ. എം. എസ്, എസ്. ജി. സർദേസായ്, ഡെയ്ൽ റെയ്പ് എന്നിവർ ഈ പരിമിതി മറികടക്കാൻ ശ്രമിച്ചവരിൽ പ്രമുഖരാണെന്നും താൻ ആ വഴിയിലാണ് സഞ്ചരിക്കുന്നതെന്നും ഗ്രന്ഥകർത്താവ് തുടർന്നു പറയുന്നു. ദേബീപ്രസാദ് ചതോപാധ്യായയുടെ *വാട്ടീസ് ലിവ്വിങ് ആന്റ് വാട്ടീസ് ഡെഡ് ഇൻ ഇന്ത്യൻ ഫിലോസഫി* എന്ന രചനയാണ് *പ്രാചീനഭാരതീയദർശനം* എന്ന കൃതിയുടെ നിർമാണത്തിൽ ഉണിത്തിരിക്ക് വഴികാട്ടിയായത്. ലോകത്തെ ഏതു നാഗരികതയിലുമെന്നപോലെ വാദവും പ്രതിവാദവും എന്ന നിലയിൽ ആശയങ്ങൾ തമ്മിൽ ഏറ്റുമുട്ടിയാണ് ഇന്ത്യയിലും ദാർശനികമണ്ഡലം വികസ്വരമായതെന്ന് ദേബീപ്രസാദ് മേൽപ്പറഞ്ഞ പുസ്തകത്തിൽ ആവർത്തി

ച്ചുറപ്പിക്കുന്നുണ്ട്. സംശയിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തുകൊണ്ടാണ് ഇന്ത്യയിലെ ഭൂരിപക്ഷം ആശയങ്ങളും വികസിച്ചത്. എന്നാൽ വിശ്വാസത്തിനപ്പുറം ഒന്നിനെയും ചോദ്യം ചെയ്യരുതെന്ന് ആവർത്തിച്ചുറപ്പിച്ച തീവ്ര ആശയവാദവും ഇന്ത്യയിലുണ്ടായിരുന്നു. അവർക്ക് പല കാലങ്ങളിലായി ഭരണകൂടത്തിന്റെ പിന്തുണയുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ചോദ്യം ചെയ്യുന്നവരെ വേട്ടയാടുന്നതും ഉന്മൂലനം ചെയ്യുന്നതും പ്രചീനേന്ത്യയിൽ നിത്യസംഭവമായിരുന്നു. പക്ഷേ, ഈ വിജ്ഞാനവിരോധമല്ല ഇന്ത്യയുടെ യഥാർത്ഥദാർശനികപൈതൃകം. ഇന്ത്യയിലെ ബഹുമുഖമായ ദർശനങ്ങൾ വികസിച്ചത് അവർക്കിടയിൽ നിലനിന്നിരുന്ന സംവാദാത്മകതയിലൂടെയാണ്. ഈ സംവാദപരിസരത്തെ നവോത്ഥാനകാലം തിരിച്ചുപിടിച്ചതായി നമുക്കറിയാം. ശ്രീനാരായണഗുരുവും വാഗ്ഭടാനന്ദനും ചട്ടമ്പിസ്വാമികളുമെല്ലാം ഈ സംവാദാത്മകതയെ പുരസ്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവരാണ്. നവഹിന്ദുത്വത്തിന്റെ കാലത്ത് ഈ സംവാദപരിസരം നഷ്ടപ്പെടുന്നത് നാം അനുദിനമെന്നോണം അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ പ്രാചീനേന്ത്യയിൽ നിലനിന്നിരുന്നതും നവോത്ഥാനകാലത്ത് തിരിച്ചുപിടിച്ചതുമായ സംവാദപാരമ്പര്യത്തെ സമരോത്സുകമായി ഉയർത്തിപ്പിടിച്ച മനീഷിയാണ് ഉണിത്തിരി.

കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗം 1992 നവമ്പർ 3–ാം തീയതി സംഘടിപ്പിച്ച ഇന്ത്യൻ ദർശനത്തെക്കുറിച്ചുള്ള സെമിനാർ ഈ സംവാദസംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്നതായിരുന്നു. ഇ. എം. എസ്സും എൻ. വി. പി. ഉണിത്തിരിയും പി. പരമേശ്വരനും കെ. എൻ. ഗണേഷുമാണ് പ്രസ്തുതസെമിനാറിൽ പങ്കെടുത്തത്. മറ്റു മൂന്നുപേരുടെയും പ്രബന്ധങ്ങൾ പരമേശ്വരന് മുൻകൂട്ടി അയച്ചുകൊടുത്തിരുന്നു. അവയ്ക്കുള്ള മറുപടി എന്ന നിലയിലാണ് പരമേശ്വരൻ തന്റെ പ്രഭാഷണം നിർവഹിച്ചത്. പരമേശ്വരൻ പറഞ്ഞ അഭിപ്രായങ്ങളോട് പ്രതികരിച്ചുകൊണ്ട് പിന്നീട് ഇ. എം. എസ്സും ഉണിത്തിരിയും പ്രബന്ധങ്ങളെഴുതുകയുണ്ടായി. ഇവയെല്ലാം ചേർത്ത് *ഭാരതീയദർശനം – ഒരു സംവാദം* എന്ന പുസ്തകം പുറത്തിറങ്ങി. ഈ സംരംഭത്തിന്റെ പ്രധാനശില്പി ഉണിത്തിരിയായിരുന്നു. ഇന്ത്യൻദാർശനികപൈതൃകത്തിന്റെ യഥാർത്ഥമാതൃകയെ പുനഃസൃഷ്ടിക്കുകയാണ് അദ്ദേഹം ഈ സംരംഭത്തിലൂടെ ചെയ്തത്.

ഹിന്ദുത്വവാദികൾ പ്രാചീനേന്ത്യയുടെ അസ്മിത (ഐഡന്റിറ്റി എന്ന അർത്ഥത്തിൽ പി. പരമേശ്വരൻ നേരത്തെ പറഞ്ഞ സെമിനാറിൽ ഉപയോഗിക്കുന്ന വാക്കാണിത്) ആധ്യാത്മികതയാണെന്ന് വാദി



ക്കുന്നു. യൂറോപ്പിന്റേത് ഭൗതികതയാണെന്നും അവർക്ക് അഭിപ്രായമുണ്ട്. വാസ്തവത്തിൽ ഈ അഭിപ്രായം പൗരസ്ത്യവാദികളുടേതാണെന്നു നമുക്കറിയാം. ഭാരതീയദർശനത്തിന്റെ ഉറവിടം വേദങ്ങളാണെന്നും അത് ആര്യന്മാരുടെ സംഭാവനയാണെന്നും അവർ ഭാരതത്തിലെ ആദിമനിവാസികളാണെന്നും ഹിന്ദുത്വവാദികൾ ഉറച്ചു വിശ്വസിക്കുന്നു. ദർശനങ്ങൾക്കിടയിലെ വൈരുധ്യത്തെ കേവലമായി സമീകരിക്കാനുള്ള യത്നവും അവർ നിർവഹിക്കുന്നതായി കാണാം. ഇന്ത്യൻ ദർശനങ്ങളുടെ ആധാരം ആധ്യാത്മികതയാണെന്നും യൂറോപ്പിന്റേത് ഭൗതികതയാണെന്നും അവർക്ക് അഭിപ്രായമുണ്ട്. ആധാരം അനുഭവമല്ല, അനുഭൂതിയാണ് എന്നുകൂടി പി. പരമേശ്വരനെപ്പോലുള്ളവർക്ക് അഭിപ്രായമുണ്ട്. അവരെ സംബന്ധിച്ചിടത്തോളം "അതീന്ദ്രിയങ്ങളായ അനുഭൂതികളെ വാക്കിലേക്ക് പകർത്താനുള്ള ശ്രമമായിരുന്നു ദർശനങ്ങൾ – വാക്കുകളിൽ വിവരിക്കുമ്പോൾ വിരുദ്ധമെന്നു തോന്നുന്ന പലതും അനുഭൂതിതലത്തിൽ യോജിക്കുന്നതായി കാണാം." ആയതിനാൽ വസ്തുതകളുടെ തലത്തിൽ വൈരുധ്യം നിറഞ്ഞതാണ് ഇന്ത്യൻ ദാർശനികപദ്ധതികളെങ്കിലും അനുഭൂതിതലത്തിൽ അവയെല്ലാം ഒന്നുതന്നെ എന്നാണ് പരമേശ്വരൻ പറയാൻ ശ്രമിക്കുന്നത്. ഭൗതികവാദം ഒരിക്കലും ഇന്ത്യൻ ദർശനത്തിന്റെ മുഖ്യധാരയിൽ വരില്ലെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. ക്രിസ്തുമതദർശനവും ഇസ്ലാം മതദർശനവും മാർക്സിസവും ഇന്ത്യൻദർശനങ്ങളാണെന്നംഗീകരിക്കാനും പരമേശ്വരൻ ഒരുക്കമല്ല. ഹിന്ദുദർശനത്തിൽ മാർക്സിന്റെ സാന്നിധ്യം കണ്ടെത്താൻ കഴിഞ്ഞാലേ മാർക്സിയൻദർശനം ഭാരതീയദർശനവുമായി ഇഴുകിച്ചേരൂ എന്നുകൂടി അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. പി. പരമേശ്വരനെപ്പോലുള്ള ഹിന്ദുത്വവാദികൾ മുന്നോട്ടുവെച്ച ഈ ആശയങ്ങളെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഉണിത്തിരി തന്റെ ജീവിതത്തിലുടനീളം സംസ്കൃതവിജ്ഞാനത്തെ അപനിർമിച്ചുകൊണ്ടിരുന്നത്. ഈ ദൗത്യം അദ്ദേഹം ഇപ്പോഴും അവസാനിപ്പിച്ചിട്ടില്ല. ഇന്ത്യയിൽ നിലനിന്ന ഭൗതികവാദചിന്താധാരകൾ നിരവധിയായിരുന്നെങ്കിലും അവർ ഈശ്വരസങ്കല്പത്തെ ദാർശനികമണ്ഡലത്തിനകത്തുവെച്ച് പരാജയപ്പെടുത്താനാണ് ശ്രമിച്ചത്. വാസ്തവത്തിൽ ആസ്തികതയുടെ വേര് ദൈനന്ദിനജീവിതപരിസരത്തിലാണ് അന്വേഷിക്കേണ്ടത്. മാർക്സ് അതാണ് ചെയ്തത്. ഇന്ത്യയിലെ മാർക്സിസ്റ്റുകാരും ഇതിനാണ് യത്നിക്കേണ്ടത് എന്ന് ഉണിത്തിരി പറയുന്നു. *ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം* എന്ന പുസ്തകം അദ്ദേഹം അവസാനിപ്പിക്കുന്നതിങ്ങനെയാണ്: "ഭാരതീയദാർശനികരിൽ ബഹുഭൂരിപക്ഷവും

പ്രതിജ്ഞാബദ്ധരായ നിരീശ്വരവാദികളാണെന്നു കണ്ടുകഴിഞ്ഞു. അവരുടെ പൈതൃകത്തിന്നുടമകളായ ഇന്നത്തെ ഇന്ത്യൻ നിരീശ്വര വാദികൾക്ക് കാൾ മാർക്സ് വളർത്തിയെടുത്ത അതിന്റെ ഏറ്റവും ശാസ്ത്രീയമായ രൂപം അംഗീകരിക്കാതെ നിവൃത്തിയില്ല. കാരണം, മുൻപ് പറഞ്ഞതുപോലെ, പ്രാചീന–മധ്യകാലീനഭാരതീയനിരീശ്വര വാദികളുടെ സ്വാഭാവികപരിസമാപ്തിയാണത്. അതിനാൽ എന്ത് ദൗർബല്യമുണ്ടായാലും ഭാരതീയനിരീശ്വരവാദം പഠിക്കുകയും പ്രച രിപ്പിക്കുകയും ചെയ്യേണ്ടത്, ആധുനികപുരോഗമനപ്രസ്ഥാനങ്ങളുടെ അപ്രധാനമല്ലാത്ത കടമകളിൽ ഒന്നാണ്." ഇന്ത്യൻ മാർക്സിസത്തെ പ്രാചീനേന്ത്യയിലെ ഭൗതികവാദപാരമ്പര്യത്തിന്റെ തുടർച്ചയായിക്കാ ണുന്നു എന്നതാണ് ഉണിത്തിരിയുടെ നിരീക്ഷണത്തിന്റെ പ്രാധാന്യം.

മാർക്സിസത്തെ മാത്രമല്ല, ഇസ്ലാം മതത്തെയും ക്രിസ്തുമത ത്തെയും ഇന്ത്യൻ പാരമ്പര്യത്തിന്റെ ഭാഗമായി അദ്ദേഹം അവതരിപ്പി ക്കുന്നു. ഉണിത്തിരിക്കു മുൻപ് കെ. ദാമോദരൻ *ഭാരതീയചിന്ത*യിൽ ഇസ്ലാം മതവും പിൽക്കാലനാടുവാഴിത്തവും, ഇസ്ലാമിലെ ഗൂഢാർഥ വാദവും വിമതപ്രസ്ഥാനങ്ങളും ഇസ്ലാമിലെ പുനരുത്ഥാനവാദവും നവോത്ഥാനവും, ഇഖ്ബാൽ എന്നീ അധ്യായങ്ങളിലായി ഇസ്ലാം മത ത്തിന്റെ ഇന്ത്യൻ പാഠഭേദങ്ങളെ വിശദമാക്കുന്നുണ്ട്. ഏതാശയവും സമൂഹത്തിലെ ഭൗതികശക്തിയായിത്തീരുന്നതോടെ അത് ചുറ്റുപാ ടുകളോട് പ്രതിപ്രവർത്തിക്കുകയും പരിണാമങ്ങൾക്ക് വിധേയമാക്കു കയും ചെയ്യുമെന്ന അടിസ്ഥാനസങ്കല്പമാണ് ദാമോദരനെയും ഉണി ത്തിരിയെയും നയിക്കുന്നത്. ഇത് ചരിത്രപരവും വൈരുധ്യാത്മക വുമായ ഭൗതികവാദം നൽകുന്ന തെളിച്ചമാണ്. ഒരാശയം ഏതു ദേശ ത്തുണ്ടായി എന്നതല്ല അതിന്റെ ജനിതകം നിർണയിക്കുന്ന ഏകഘ ടകം. മനുഷ്യൻ പാർക്കുന്ന ലോകങ്ങളിലെല്ലാം ആശയങ്ങൾക്ക് എത്തിച്ചേരാൻ കഴിയും. എന്നാൽ തന്നാട്ടിലെ സാഹചര്യങ്ങൾക്കനു സരിച്ച് ആ ആശയത്തിന് രൂപപരിണാമം സംഭവിക്കുകയും അത് അനന്യമായ ജീവിതരൂപങ്ങളായി മാറുകയും ചെയ്യുന്നു. ഈ പ്രക്രിയ അംഗീകരിക്കാൻ കഴിയാത്തവരാണ് ഇസ്ലാം മതത്തെയും ക്രിസ്തു മതത്തെയും മാർക്സിസത്തെയും മറ്റും അഭാരതീയമായിക്കാണുന്ന ത്. *വിചാരധാര*യിൽ ഗോൾവൾക്കർ ഉന്നയിച്ച ഇതേ കാര്യം ആവർത്തിക്കുക മാത്രമാണ് പി. പരമേശ്വരൻ നേരത്തേ പറഞ്ഞ ചർച്ചാസമ്മേളനത്തിൽ ചെയ്തത്.

ഇന്ത്യൻ ദേശീയപ്രസ്ഥാനവുമായി അടുത്ത് ബന്ധപ്പെട്ട സർ സയിദ് അഹമ്മദ് ഖാൻ, അബുൾ കലാം ആസാദ്, മഹാകവി ഇക്ബാൽ എന്നിവരിലൂടെ വളർന്നുവന്ന ആധുനികചിന്താധാരയും



ഇന്ത്യൻ സംഗീതം, വാസ്തുവിദ്യ, തത്വചിന്ത എന്നിവയ്ക്ക് കനത്ത സംഭാവന നൽകിയ ആധുനികപൂർവഘട്ടത്തിലെ സൂഫിസവും ഭാര തീയദർശനത്തിന്റെ ഭാഗമാണെന്ന് ഉണിത്തിരിയും പറയുന്നുണ്ട് (*ഹി ന്ദുത്വവും ഹിന്ദുമതവും,* 24) "ഇബ്നുൽ അറബിയുടെ വഹ്ദത്തുൽ വുജൂദിനെ ശ്രീശങ്കരന്റെ അദ്വൈതദർശനവുമായി സാദൃശ്യപ്പെടു ത്തുകയാണ് പലരും ചെയ്തുകണ്ടിട്ടുള്ളത്. അതിന് രാമാനുജന്റെ വിശിഷ്ടാദ്വൈതദർശനവുമായാണ് കൂടുതൽ അടുപ്പം. മധ്യകാലഭ ക്തിപ്രസ്ഥാനത്തിന് ദാർശനികമായി കൂടുതൽ അടിത്തറ നൽകിയ രാമാനുജനിൽ സൂഫിദർശനത്തിന്റെ സ്വാധീനം എത്രത്തോളമുണ്ടാ യിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു." (*മതവും മതഭ്രാന്തും,* 74) ഇന്ത്യൻ ദർശനമായി ഹിന്ദുത്വവാദികൾ കരുതുന്ന പല ചിന്താധാര കളെയും സൂഫിസം സ്വാധീനിച്ചിട്ടുണ്ടെന്നാണ് ഉണിത്തിരി പറയു ന്നത്. ഇത് പറഞ്ഞുറപ്പിച്ച ചില മാതൃകകളെ പ്രശ്നവൽക്കരിക്കുന്ന നിരീക്ഷണമാണ്. ഇതേ പുസ്തകത്തിലെ "ഏകദൈവവിശ്വാസം ഖുറാ നിലും ഉപനിഷത്തുക്കളിലും" എന്ന ലേഖനവും ദർശനങ്ങളുടെ ശുദ്ധിയിലേക്കല്ല, കലർപ്പിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഹിന്ദുത്വവാദം ശുദ്ധിയെ പുരസ്കരിക്കുമ്പോൾ, ഇന്ത്യൻ ദേശീയപ്രസ്ഥാനം കലർപ്പി നെയാണ് ആദർശവൽക്കരിച്ചത്. ഇതുപോലെ, ഉദയംപേരൂർ സൂന ഹദോസിന്റെ കാലം മുതൽ മതകോളനിവൽക്കരണത്തിനെതിരെ യുള്ള തദ്ദേശീയചെറുത്തുനില്പ് ക്രിസ്തുമതത്തിലുണ്ടായിട്ടുണ്ട്. പിൽക്കാലത്ത് വിമോചനദൈവശാസ്ത്രത്തിന്റെ രൂപത്തിൽ ക്രിസ്തു മതദർശനം വികാസം പ്രാപിക്കുന്നുണ്ട്. ഇതെല്ലാം ചേർന്നാലേ ഇന്ത്യൻ ദർശനത്തിന് ഇന്ന് പൂർണത കൈവരൂ. ഇപ്രകാരം ഉണി ത്തിരിയുടെ ഭാവനയിൽ ഇന്ത്യൻ ദാർശനികപാരമ്പര്യം ആയിത്തീർന്ന ഒന്നല്ല, അത് ആയിക്കൊണ്ടേ ഇരിക്കുന്ന ഒന്നാണ്. വിവൃതമാണ് അതിന്റെ സ്വരൂപം. ഒന്നിനെയും പുറന്തള്ളുകയല്ല, എല്ലാറ്റിനെയും ഉൾക്കൊള്ളുകയാണ് അതിന്റെ സാമാന്യപ്രകൃതമെന്ന് ഓർമിപ്പിക്കു കയാണ് ഉണിത്തിരി. ഇത് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മൗലി കസ്വഭാവമാണ്. അതായത്, ഉണിത്തിരിയുടെ സംസ്കൃതജ്ഞാനത്തെ നിർണയിക്കുന്നത് രാഷ്ട്രപുനർനിർമാണമെന്ന നെഹ്രുവിയൻ അജ ണ്ടയാണ്. മതനിരപേക്ഷതയാണ് അതിന്റെ കാതൽ. നെഹ്രുവിനെയും അദ്ദേഹത്തിന്റെയും ആദർശങ്ങളെ അംഗീകരിക്കാൻ ഹിന്ദുത്വവാദി കൾക്ക് കഴിഞ്ഞിട്ടില്ല. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിൽ ഹിന്ദുത്വവാ ദികളും ജനാധിപത്യമതനിരപേക്ഷവാദികളും തമ്മിൽ നിലനിന്ന വൈരുധ്യംതന്നെയാണ് ഭാരതീയദർശനത്തെപ്പറ്റിയുള്ള സംവാദത്തിൽ പി. പരമേശ്വരനെയും ഉണിത്തിരിയെയും ഇരുചേരികളിലാക്കിയത്.

പരമേശ്വരൻ പൗരസ്ത്യവാദികളെ പിൻപറ്റുമ്പോൾ ഉണിത്തിരി പൗരസ്ത്യവാദത്തെ തിരുത്തുന്നു. പരമേശ്വരൻ ഇന്ത്യൻ ദർശനത്തിന്റെ കാതൽ ഹിന്ദുത്വമാണെന്നു കരുതുമ്പോൾ ഉണിത്തിരി അത് മതനിരപേക്ഷമാണെന്നു സമർഥിക്കുന്നു. ബഹുത്വത്തെ ഉൾച്ചേർക്കുന്ന ഈ കാഴ്ച്ചയ്ക്ക് സമകാല ഇന്ത്യയിൽ വലിയ പ്രസക്തിയുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

ഉണിത്തിരിയുടെ ജീവിതത്തിലെ ഏറ്റവും നിർണായകമായ കാലം ബാബറിപ്പള്ളി പൊളിച്ചതിനുശേഷമുള്ള ഏതാനും വർഷങ്ങളായിരുന്നു. ഇക്കാര്യം എം. എൻ. കാരശ്ശേരി ഒരു കുറിപ്പിൽ പറയുന്നുണ്ട്: "ബാബറിപ്പള്ളി തകർത്ത സമയത്ത് രൂപംകൊണ്ട കലുഷാന്തരീക്ഷത്തിൽ ഹിന്ദുവർഗീയഭ്രാന്തിനെ വിമർശിക്കുന്ന കേരളത്തിലെ ധീരശബ്ദങ്ങളിലൊന്ന് ഡോ. ഉണിത്തിരിയുടേതായിരുന്നു." (*ഡോ. ഉണിത്തിരിയുടെ രചനാപ്രപഞ്ചം*, 144) ഇക്കാലത്ത് ഉണിത്തിരി ചെന്നെത്താത്ത ഗ്രാമങ്ങൾ കേരളത്തിലുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റുവേദികളിൽ മാത്രമല്ല, ഇസ്ലാമികസംഘടനകളുടെ വേദികളിലും അദ്ദേഹം സ്ഥിരം പ്രഭാഷകനായിരുന്നു. "വിവിധമതങ്ങളുടെ ദർശനങ്ങളും ആദർശങ്ങളും തത്വങ്ങളും അവ തമ്മിൽ പൊതുവിലുള്ള സാദൃശ്യങ്ങൾ, നമ്മുടെ ജനകീയവിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും കലകളിലും പ്രതിഫലിക്കുന്ന മതസൗഹൃദമുദ്രകൾ എന്നിവ സാമാന്യമായി വിവരിക്കുക – ഇതാണ് അത്തരം സദസ്സുകളിൽ ചെയ്യുന്ന പ്രസംഗങ്ങളുടെ ഒരു ഭാഗം. നിരുപദ്രവമായ മതവിശ്വാസം, രൂഢമൂലവും അതുകൊണ്ടുതന്നെ പലപ്പോഴും ആത്യന്തികമായി അന്യമതനിന്ദയിൽ പര്യവസാനിക്കുന്നതുമായ മതമൗലികവാദം, മതകാര്യങ്ങളും പൊതുകാര്യങ്ങളും തമ്മിൽ ആപൽക്കരമാംവിധം കൂട്ടിക്കുഴയ്ക്കുന്ന വർഗീയത, ന്യൂനപക്ഷമതവിഭാഗങ്ങളെയും അധഃകൃതജനവിഭാഗങ്ങളെയും കമ്മ്യൂണിസ്റ്റുകാരെയും ശത്രുക്കളായി മുദ്രകുത്തി അവരുടെ ഉന്മൂലനംപോലും ലക്ഷ്യം വെക്കുന്ന സംഘപരിവാരത്തിന്റെ വർഗീയഫാസിസം എന്നിവ വിവരിച്ചുകൊണ്ട്, മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിലൂടെ ഇവയിൽ ആദ്യത്തേതൊഴിച്ച് മറ്റു മൂന്നിനെയും നാമാവശേഷമാക്കുക എന്ന സന്ദേശം നൽകുകയാണ് പ്രസംഗങ്ങളുടെ മറ്റേ ഭാഗം. വിഭജനത്തിനും ഗാന്ധിജിയുടെ വധത്തിനും ശേഷം ഇന്ത്യ കണ്ട ഏറ്റവും ഹീനമായ പ്രവൃത്തിയായിരുന്നു ബാബറിപ്പള്ളി തകർക്കൽ. ആ സന്ദർഭത്തിൽ തെരുവുകളിൽനിന്നു തെരുവുകളിലേക്ക് കുതിച്ചെത്തി ഇന്ത്യയുടെ മഹത്തായ സമന്വയപൈതൃകത്തെക്കുറിച്ച് ഈ പ്രൊഫസർ വാചാലനായി. അറബിഭാഷയിലെ ചില ആയത്തുകളും ഹദീസുകളും ഇക്കാലത്ത് അദ്ദേഹം മനഃപാഠമാക്കി. മതനിരപേക്ഷത എന്ന ഒറ്റ പ്രമേയത്തെ മുൻനിർത്തി മണിക്കൂറുകളോളം അദ്ദേഹം സംസാരിച്ചു. ഒരു ബുദ്ധിജീവി ഇന്ത്യൻ സമൂഹത്തിൽ യഥാർഥത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് ഇക്കാലത്ത് അദ്ദേഹം തെളിയിച്ചു. ഈ യത്നം ആയാസരഹിതമായ ഒന്നായിരുന്നില്ലെന്ന് ഉണിത്തിരിതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. പല വേദികളിലും ഹിന്ദുത്വവാദികളായവരുടെ മിന്നലാക്രമണം അദ്ദേഹത്തിന് നേരിടേണ്ടിവന്നിട്ടുണ്ട്. അന്നൊക്കെ നാട്ടുകാരുടെ നിതാന്തജാഗ്രതയാണ് അദ്ദേഹത്തിന്റെ ജീവന് തുണയായത്. "പിന്നെ ഞാൻ പൊതുപരിപാടികളിൽ പ്രസംഗിക്കുമ്പോൾ എന്റെ അറിവോടുകൂടിയല്ലാതെ എന്നെ സംരക്ഷിക്കേണ്ട ചുമതല ഇടതുപക്ഷപ്രവർത്തകർ ഏറ്റെടുത്തതായി എനിക്കു മനസ്സിലായി. പ്രസംഗം കഴിഞ്ഞ് എന്നെ വീട്ടിൽ കൊണ്ടാക്കിയേ അവർ തിരിച്ചുപോകൂ." (നടന്നുവന്ന വഴികൾ, പു. 262)

ചുരുക്കത്തിൽ ശ്രീനാരായണഗുരുവിൽനിന്നും പുന്നശ്ശേരി നമ്പിയിൽനിന്നും ദേശീയപ്രസ്ഥാനത്തിൽനിന്നും ഉദ്ഭവിച്ച സംസ്കൃതവൈജ്ഞാനികതയുടെ പ്രതിരോധധാരകൾതന്നെയാണ് ഉണിത്തിരിയെയും സൃഷ്ടിച്ചത്. തൊണ്ണൂറുകളിൽ കത്തിനിന്ന പോരാളിയായി അദ്ദേഹത്തെ മാറ്റിയതും ഇതേ ഊർജംതന്നെ. ഇന്ത്യൻ മതനിരപേക്ഷതയുടെ കെടുത്താനാവാത്ത ഇത്തരം കൈത്തിരികളാണ് കെട്ടകാലത്തും ഇന്ത്യയെ അതിജീവനത്തിന് പ്രാപ്തരാക്കുന്നത്.

**മൂന്ന്**

സംസ്കൃതത്തിലെ സൗന്ദര്യശാസ്ത്രതത്വങ്ങൾ ഉപയോഗിച്ച് മലയാളസാഹിത്യത്തെ വിലയിരുത്താൻ ഉണിത്തിരി നടത്തിയ ശ്രമമാണ് മറ്റൊരു ശ്രദ്ധേയമായ സംഭാവന. പ്രധാനമായും രസധ്വനി–വക്രോക്തിസിദ്ധാന്തത്തെ മാർക്സിയൻ സാഹിത്യദർശനവുമായി ഇണക്കിച്ചേർത്ത് തനതായ ഒരു നിരൂപണപദ്ധതിക്ക് രൂപം നൽകുകയാണ് ഉണിത്തിരി ചെയ്ത്. നാടുവാഴിത്തത്തിന്റെ കാലത്ത് സൃഷ്ടിക്കപ്പെട്ട സാഹിത്യവും അതിനെ വിശദീകരിക്കുന്ന സിദ്ധാന്തങ്ങളുമാണ് സാമാന്യമായി സംസ്കൃതത്തിലുള്ളത്. എന്നാൽ പ്രതിഭാധനരായ ചില എഴുത്തുകാർ അക്കൂട്ടത്തിലുണ്ടായിരുന്നതുകൊണ്ട് അവരുടെ രചനകളിൽ അബോധപൂർവം കടന്നുവന്ന ജനസാമാന്യത്തിന്റെ അഭിലാഷങ്ങളും മാനവികതയുടെ ദർശനങ്ങളും അപൂർവമായെങ്കിലും കാണാം. വ്യംഗ്യാർഥസൂചനയുള്ള കൃതികളെയാണ് സംസ്കൃതസാഹിത്യത്തിൽ ഉത്തമസാഹിത്യമായി ഗണിച്ചത്. ശബ്ദാലങ്കാരം മാത്രമുള്ളവ അധമസാഹിത്യമാണ്. എന്നാൽ വ്യംഗ്യാർഥത്തെ ഭയപ്പെട്ടവരാണ് പുരോഹിതവർഗം. വാക്കുകൾക്ക് നിയതമായ അർഥമല്ല

ഉള്ളത് എന്നുവന്നാൽ അത് ശാസ്ത്രങ്ങളെ തോന്നുംപടി വ്യാഖ്യാനിക്കാനുള്ള അവസരം നൽകുമെന്നും അത് ധർമവ്യവസ്ഥയെ തകർക്കുമെന്നും ഭയപ്പെട്ടു. ഈ സമീപനത്തെ അക്കാലത്തെ ഭരണവർഗവും പിന്തുണച്ചു. ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോഴാണ് ധ്വനിസിദ്ധാന്തത്തിന്റെ വിപ്ലവമൂല്യം നാം തിരിച്ചറിയുന്നത്. ധ്വനി എന്നൊന്നില്ലെന്നു വാദിക്കുന്നവരെ ഖണ്ഡിച്ചുകൊണ്ടാണ് ആനന്ദവർധനൻ *ധ്വന്യാലോകം* ആരംഭിക്കുന്നതുതന്നെ. ധ്വനി ഇല്ലെന്നു വാദിക്കുന്നവർതന്നെ മൂന്നു കൂട്ടരുണ്ട്. അതുകൂടാതെ ധ്വനിയെ പ്രത്യേകമായി പരിഗണിക്കേണ്ടതില്ലെന്നും അത് മറ്റൊന്നിലുൾപ്പെടുമെന്നു പറയുന്നവരുമുണ്ട്. അന്തർഭാവവാദമെന്നാണ് ഇത് പൊതുവെ അറിയപ്പെടുന്നത്. ചിലരെ സംബന്ധിച്ചിടത്തോളം ധ്വനി അനിർവചനീയമാണ്. അഭാവവാദത്തെയും അന്തർഭാവവാദത്തെയും അനിർവചനീയവാദത്തെയും ആനന്ദവർധനൻ ഖണ്ഡിക്കുന്നു. വാച്യത്തിൽനിന്നു വിഭിന്നമായി പ്രതീയമാനമായ ഒരർഥമുണ്ടെന്നു സ്ഥാപിക്കുകയാണ് ധ്വന്യാലോകകാരൻ ചെയ്യുന്നത്. കാവ്യത്തിൽ അലങ്കാരം അംഗമായേ വന്നുകൂടൂ. അംഗിയായി വരരുത്. അത് ധ്വനിയെ പോഷിപ്പിക്കുന്നതായിരിക്കണം. ഇങ്ങനെ ധ്വനിയെ സ്ഥാപിക്കുകവഴി സാഹിതീയതയുടെയും ഭാവനയുടെയും മൂല്യത്തെ സ്ഥാപിച്ചെടുക്കുകയാണ് ആനന്ദവർധനൻ ചെയ്തത്. ആനന്ദവർനന്റെ രസധ്വനിസിദ്ധാന്തത്തോട് വളരെയേറെ യോജിച്ചുപോകുന്ന മറ്റൊരു കൃതിയാണ് *വക്രോക്തിജീവിതം*. കുന്തകനാണ് ഇതിന്റെ രചയിതാവ്. "വർണവിന്യാസവക്രത, പദപൂർവാർധവക്രത, പദപരാർധവക്രത, വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ ആറുതരം വക്രതകളുടെ സപ്രപഞ്ചമായ വിവരണമാകട്ടെ ധ്വനികാരന്റെ ധ്വനിപ്രഭേദവിവരണത്തോട് ഒത്തുപോകുന്നതും പലപ്പോഴും കൂടുതൽ അടുക്കും ചിട്ടയും ദീക്ഷിക്കുന്നതുമാകുന്നു." (*ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യപ്രപഞ്ചം*, 20)

ഇപ്രകാരം ധ്വനി–വക്രോക്തിദർശനങ്ങളുടെ ഏകോപിതമായ സഹായത്തോടെ ഉണിത്തിരി മലയാളത്തിലെ ആധുനികസാഹിത്യത്തെ വിലയിരുത്തിക്കൊണ്ട് ഈയടുത്ത കാലത്ത് തയ്യാറാക്കിയ പരമ്പര ഏറെ ശ്രദ്ധേയമായ ഒന്നാണ്. ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്വവ്യവസ്ഥയുടെ ഉല്പന്നവും അതിന്റെ അടിസ്ഥാനവുമായ രാജാധിപത്യത്തെയും അതുവഴി ആ വ്യവസ്ഥയെയും സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധവുമാണ് സംസ്കൃതസാഹിത്യവിമർശനവും അതിന്റെ അത്യുത്തമരൂപമായ രസധ്വനി–വക്രോക്തിസിദ്ധാന്തവുമെങ്കിലും അത് സ്വയംപ്രഖ്യാപിതമായ ആ ലക്ഷ്യ



ത്തെയും ആ വിമർശകരുടെ സ്ഥലകാലവർഗപരിമിതികളെയും മറികടന്നുകൊണ്ട് ഇന്നും പ്രസക്തമായ ചില സാഹിത്യകലാമർമങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നു വ്യക്തമാകും. ഒപ്പം ആധുനികമാർക്സിയൻസാഹിത്യവിമർശനസിദ്ധാന്തവുമായി ശരിയായ രീതിയിൽ രഞ്ജിപ്പിച്ചാൽ ഏതു കലാസൃഷ്ടിയെയും വിലയിരുത്താൻ പര്യാപ്തമായ നവീനഭാരതീയവിമർശനസിദ്ധാന്തമായി അതിനെ നമുക്ക് വളർത്തിക്കൊണ്ടുവരാൻ നമുക്ക് സാധിക്കുകയും ചെയ്യും. എം. ടി. വാസുദേവൻ നായർ, ബഷീർ, ഒ. എൻ. വി; ലളിതാംബിക അന്തർജനം, വൈലോപ്പിള്ളി, ചെറുകാട്, ബാലചന്ദ്രൻ ചുള്ളിക്കാട്, ഒ. വി. വിജയൻ, പ്രഭാവർമ, ഏഴാച്ചേരി രാമചന്ദ്രൻ എന്നിവരുടെയെല്ലാം രചനകളെ ഈ 'സമന്വയസിദ്ധാന്തമാതൃക'യ്ക്കകത്തുവെച്ച് പരിശോധിക്കാൻ ഉണിത്തിരി ശ്രമിച്ചിട്ടുണ്ട്.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ഒരു കവിയുടെ സംശയങ്ങൾ' എന്ന കവിതയെ ഉണിത്തിരി വിലയിരുത്തുന്നത് നോക്കുക: "പക്ഷേ, എന്നാൽ, എങ്കിലും, അവധാരണാർഥകമായ 'ഏ' എന്നീ പ്രയോഗങ്ങളുടെ വൈചിത്ര്യം കൊണ്ട് ഏറെ ശ്രദ്ധേയമാകുന്ന ഒരു കവിതയാണ് ബാലചന്ദ്രന്റെ 'ഒരു കവിയുടെ സംശയങ്ങൾ' (*അമാവാസി*)." 1981–ൽ രചിച്ച ഈ കവിതയുടെ പശ്ചാത്തലം അടിസ്ഥാനാവശ്യങ്ങൾക്കുവേണ്ടി നിയമവിധേയമായോ അല്ലാതെയോ സമരം ചെയ്യുന്ന അധസ്ഥിതജനവിഭാഗങ്ങൾക്കെതിരെ ഭരണകൂടത്തിന്റെ നിർദയമർദനനയങ്ങളാണ്. ഈ കവിതയിലെ 'പക്ഷേ', 'എന്നാൽ', 'എങ്കിലും', 'ഏ' എന്നീ പ്രയോഗങ്ങൾ ഒട്ടേറെ ധ്വനിസാധ്യതകൾ ഉൾക്കൊള്ളുന്നു. ആയുധങ്ങൾക്കും കൈവിലങ്ങുകൾക്കും നിരോധനാജ്ഞകൾക്കും പ്രകൃതിപ്രതിഭാസങ്ങളെയെന്നപോലെ മനുഷ്യന്റെ ഇച്ഛാശക്തിയെയും സ്വാതന്ത്ര്യബോധത്തെയും തടഞ്ഞുനിർത്താനാവില്ലെന്ന് ആദ്യത്തെ മൂന്നു ഖണ്ഡങ്ങളിലെ പ്രസ്തുതപ്രയോഗങ്ങൾ വ്യഞ്ജിപ്പിക്കുന്നു. നാലാം ഖണ്ഡത്തിലെ 'പക്ഷേ' ഭരണകൂടത്തെയെന്നപോലെ നിയമവിരുദ്ധമായി സമരം ചെയ്യുന്ന പോരാളികളുടെ ആയുധങ്ങളും ജനസാമാന്യത്തിന്റെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമല്ലെന്ന് ധ്വനിപ്പിക്കുന്നു. ഭരണകൂടത്തിന്റെ തന്നെ ഭാഗമായ ബ്യൂറോക്രസിയെക്കുറിച്ചുള്ള അഞ്ചാം ഖണ്ഡം ആദ്യമേ ആ സ്ഥാപനത്തിന്റെ വൈരുധ്യാത്മകതയിലൂന്നുന്നു. ആജ്ഞകൾക്കൊപ്പം അനുസരണവും അടിമത്തവും അവിടെയുണ്ട്. അവ തമ്മിൽ സഹകരണം കൂടാതെ കഴിയില്ലെങ്കിലും സമരവും അനിവാര്യമെന്ന് സൂചന. ഇവിടത്തെ 'എന്നാൽ' ആ ബ്യൂറോക്രസിയിലെ ബഹുഭൂരിപക്ഷവും അവരുടെ കുടുംബാംഗങ്ങളും തന്നെ

യാണ് അതിന്റെ മർദനത്തിനു വിധേയമാവുന്ന ജനങ്ങളിൽ വലിയൊരു വിഭാഗമെന്നു ദ്യോതിപ്പിക്കുന്നു. അന്തിമഖണ്ഡത്തിന്റെ വ്യംഗ്യം ഈ വിഷമപ്രശ്നത്തിനുള്ള ശാശ്വതപരിഹാരനിർദേശമാകുന്നു. ഏകലോകസാഹോദര്യസമത്വാധിഷ്ഠിതമായ കൂട്ടായ്മയുടെ ജീവിതം – ലോകത്തിൽ ഇന്നുവരെ പ്രായോഗികമായിട്ടില്ലാത്തതും ലോകത്തിലെ ഇല്ലാത്തവരുടെ ബഹുഭൂരിപക്ഷം ബോധപൂർവമോ അബോധപൂർവമോ പ്രായോഗികമാവുമെന്നു പ്രതീക്ഷിക്കുന്നതുമായ യഥാർഥകമ്മ്യൂണിസം എന്ന മുഖ്യവ്യംഗ്യത്തിന്റെ വ്യഞ്ജനത്തിന് ഏറ്റവും സഹായകമായി പ്രവർത്തിച്ചതോ? പ്രസ്തുതഖണ്ഡത്തിലെ 'ഏ' എന്ന അവധാരണാർഥകനിപാതങ്ങളും." (*ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യപ്രപഞ്ചം*, പു. 56)

ഭാഷയുടെ യുക്തിതന്നെയാണ് കാവ്യഭാഷയുടെ യുക്തിയും എന്ന് റോമൻ യാക്കോബ്സണെപ്പോലുള്ളവർ പറഞ്ഞത് പൗരസ്ത്യ കാവ്യമീമാംസയുടെ വെളിച്ചത്തിൽ തെളിയിക്കുകയാണ് ഉണിത്തിരി ചെയ്യുന്നത്. കവിതയുടെ രാഷ്ട്രീയസൂചനകൾക്കും ആധാരം കാവ്യഭാഷതന്നെ. കവിതയുടെ സവിശേഷമായ ഉള്ളടക്കത്തെ വേറിട്ടെടുത്ത് അത് പുരോഗമനപരമോ അല്ലയോ എന്ന ജീവത്സാഹിത്യത്തിന്റെ ഭാവുകത്വത്തെ തിരുത്തുകയാണ് യഥാർഥത്തിൽ ഈ സംരംഭത്തിലൂടെ ചെയ്യുന്നത്. കവിതയുടെ രാഷ്ട്രീയം തീരുമാനിക്കുന്നത് അതിന്റെ രൂപംതന്നെയാണ്. രൂപത്തെക്കുറിച്ച് പുലർത്തിയിരുന്ന യാന്ത്രികവീക്ഷണമാണ് അതിനെ ഉള്ളടക്കത്തിനു കീഴ്പ്പെടുത്താൻ അക്കാലത്തെ ജീവത്സാഹിത്യകാരന്മാരെ പ്രേരിപ്പിച്ചത്. ഒരു പ്രസ്താവനയെ രാഷ്ട്രീയസ്വഭാവമുള്ളതാക്കി മാറ്റുന്നത് അതിന്റെ ഉക്തിവൈചിത്ര്യംതന്നെയാണ്. ഇക്കാര്യം ആവർത്തിച്ചുറപ്പിക്കുകയും ഭാഷയുടെ അപാരമായ ഉല്പാദനക്ഷമതയെ വലിയ അളവിൽ സ്ഥാപിച്ചെടുക്കുകയും ചെയ്ത ഒരു പരമ്പരയാണ് ഉണിത്തിരി നിർവഹിച്ചത്.

മേൽപ്പറഞ്ഞവ കൂടാതെ ഉണിത്തിരി നിർവഹിച്ച പാഠവിമർശത്തിന്റെയും സ്വതന്ത്രരചനകളുടെയും ഒരു വലിയ ശേഖരംതന്നെയുണ്ട്. വിസ്തരഭയത്താൽ അവയിലേക്ക് ഈ സന്ദർഭത്തിൽ കടക്കുന്നില്ല. പാണ്ഡിത്യം, സ്ഥിരോത്സാഹം, സാമൂഹ്യപ്രതിബദ്ധത എന്നിവയെല്ലാം ഒത്തിണങ്ങിയ പ്രതിഭയാണ് അദ്ദേഹത്തിന്റേത്. സാമൂഹ്യ–സാഹിത്യവീക്ഷണങ്ങളിൽ സമഗ്രത തേടുന്ന ഒരു ധൈഷണികനാണ് ഉണിത്തിരി. വിവിധമേഖലകളിൽ അദ്ദേഹത്തിന്റെ മനീഷ വ്യാപരിച്ചിട്ടുണ്ടെങ്കിലും അവയെയെല്ലാം പരസ്പരം ബന്ധിപ്പിക്കുന്ന ചില ജാഗ്രതകളുണ്ട്. സംസ്കൃതംപോലുള്ള വൈജ്ഞാനികമേഖലകളിൽ വ്യാപരിക്കുന്നവർക്ക് ഈ ജാഗ്രത ഏറെ



ക്കുറെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. ഈ സന്ദർഭത്തിൽ ഉണിത്തിരിയെ ആദരിക്കുമ്പോൾ നാം ഇന്ത്യൻ ദേശീയതയുടെ ആധാരശിലകളെക്കൂടിയാണ് ആദരിക്കുന്നത്.

അനുപശ്യ യഥാ പൂർവേ പ്രതിപശ്യ യഥാ പരേ
സസ്യമിവ മർത്ത്യഃ പച്യതേ സസ്യമിവാജായതേ പുനഃ

(മുൻപ് വന്നിട്ടുള്ളവരുടെ കൂടെ എങ്ങനെയായിരുന്നവെന്ന് തിരിഞ്ഞ് നോക്കുക; ഇനി വരാൻ പോകുന്നവരുടെ കൂടെ എങ്ങനെയായിരിക്കുമെന്ന് മുന്നോട്ട് നോക്കുക. മർത്ത്യൻ ഗോതമ്പുചെടിയെപ്പോലെ പാകം വരുന്നു; ഗോതമ്പുചെടിയെപ്പോലെ വീണ്ടും വളരുകയും ചെയ്യുന്നു – കഠോപനിഷത്ത്)

(സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഐ. വി. ദാസ് അനുസ്മരണപുരസ്കരം ലഭിച്ചപ്പോൾ കൗൺസിലിന്റെ മുഖപത്രമായ *ഗ്രന്ഥാലോക*ത്തിൽ എഴുതിയ ലേഖനം)

★

## 2. കളഞ്ഞുകിട്ടിയ മാല

ഞാൻ കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽനിന്ന് കോഴിക്കോട് സർവകലാശാലാസംസകൃതവിഭാഗത്തിലേക്ക് മാറ്റം വാങ്ങി വരുന്നതിന്റെ തലേന്നാൾ. സാധനങ്ങളൊക്കെ പാക്ക് ചെയ്ത് രാവറേട്ടൻ (ഭാര്യാപിതാവിനെ ഞാൻ അങ്ങനെയാണ് മുൻപേ വിളിച്ചു ശീലിച്ചത്) നാട്ടിലേക്കു പോയി. ഭാര്യയെയും മക്കളെയും കൂട്ടി വൈകുന്നേരത്തെ ട്രയിനിനു പോകണം. മോന്റെ കഴുത്തിലെ സ്വർണമാല ഇന്നലെ കാണാതായി. രാവ റേട്ടൻ നാട്ടിലേക്കു പോകുന്നതിനു മുൻപുതന്നെ മാല കാണാ തായത് ശ്രദ്ധയിൽ പെട്ടപ്പോൾ അവനോട് ചോദിച്ചിരുന്നു. അവ്യ ക്തമധുരമായ സ്വരത്തിൽ അവൻ പറഞ്ഞു: "– ച്ചേച്ചിയുടെ അമ്മൂമ്മ കൊണ്ടുപോയി." ഞാനും ഭാര്യയും അയൽപക്കത്തു ള്ളവരും ചോദിച്ചപ്പോഴും ഇതേ ഉത്തരം. വീണ്ടും വീണ്ടും ചോദി ച്ചപ്പോഴും മോന്റെ ഉത്തരം അതുതന്നെ. കുഞ്ഞുങ്ങൾ കളവു പറയില്ലല്ലോ.

തൊട്ടടുത്ത ക്വാട്ടേഴ്സിലെ ലക്ച്ചററുടെ മകളാണ് –. അമ്മൂമ്മ വല്ലപ്പോഴുമേ നാട്ടിൽനിന്നു ക്വാട്ടേഴ്സിലേക്കു വരാറുള്ളൂ. വന്നാൽ എന്റെ ക്വാട്ടേഴ്സിലും വരാറും മോനെ ഒക്കത്തെടുത്ത് ലാളിക്കാറുമുണ്ട്. അപ്പോൾ മാല ഊരിയെടുത്തിട്ടുണ്ടാവാം. അല്ലാതെ അവൻ ഇത്ര കൃത്യമായി പറയില്ല. ഞാൻ ഉറപ്പിച്ചു. അന്നും എനിക്ക് ഡിപ്പാർട്ടുമെന്റിൽ പോകണം. പോയി. അവി ടെയും വിവരം എല്ലാവരും അറിഞ്ഞു. പോയതു പോയി. എന്നാലും അകമേ കുറച്ചു വിഷമം തോന്നി: അയൽ വീട്ടുകാർ ഇതു ചെയ്തതാണ് വലിയ കഷ്ടം!

അവിടെയും ലക്ചററും ഭാര്യയും മറ്റും അമ്മയെ ശകാരി ക്കുകയും കുറ്റവിചാരണ നടത്തുകയുമൊക്കെ ചെയ്യുന്നുണ്ടാ യിരുന്നുവെന്നു തോന്നുന്നു. പുറമെ നിഷേധിക്കുന്നുണ്ടെങ്കിലും ഉള്ളിൽ അതു ശരിയാണെന്നു തോന്നുന്നുണ്ടാവാം.

ഏതായാലും എന്റെ സുഹൃത്തായ ആ ലക്ചറർ ഏതാ ണ്ടൊരു മൂന്നു മണിയായപ്പോൾ സംസ്കൃതവിഭാഗത്തിലെ എ ന്റെ മുറിയിൽ വന്ന് ഒരു പൊതി എന്റെ മേശപ്പുറത്തുവെച്ച് പറഞ്ഞു: "സാറിന്റെ ക്വാട്ടേഴ്സിന്റെ പുരയിടത്തിന്റെ പിൻഭാഗ



ത്തുനിന്നു കിട്ടിയ മോന്റെ മാലയാണിത്. ഭാര്യയുടെ അമ്മ മാല മോഷ്ടിച്ചതാണെന്ന അപവാദം ഞങ്ങളെ വല്ലാതെ വേദനിപ്പി ച്ചു."

ഞാൻ അദ്ദേഹത്തെ സമാധാനിപ്പിച്ചു: "സാരമില്ല. കളഞ്ഞു പോയതാണെന്നു കരുതിയ മാല കണ്ടുകിട്ടിയല്ലോ!"

★

## 3. എൻഗുരു

എന്നെ സംബന്ധിച്ചിടത്തോളം 'എൻഗുരു' എന്ന ഏകവചനത്തേക്കാൾ ചേരുക 'എൻഗുരുക്കന്മാർ' എന്ന ബഹുവചനമാണ് എന്നതത്രേ വസ്തുത. ഞാൻ മലയാളം ഐച്ഛികമായെടുത്താണ് കോഴിക്കോട് സർവകലാശാലയിൽനിന്ന് 1971–ൽ ബി. എ. ബിരുദമെടുത്തത്. എനിക്കു താല്പര്യം സംസ്കൃതം ഐച്ഛികമായെടുക്കാനാണ്. പക്ഷേ, അതിന് നിയമതടസ്സമുണ്ടായിരുന്നു. രണ്ടാം ഭാഷ സംസ്കൃതമായതുകൊണ്ട് ബിരുദാനന്തരബിരുദം സംസ്കൃതത്തിൽ (സാഹിത്യം) എടുത്തു. സംസ്കൃതവ്യാകരണശിരോമണി ഒ. കെ, മുൻഷിയുടെ കീഴിൽ *സിദ്ധരൂപം* മുതൽ *മഹാഭാഷ്യം* (*പസ്പശാഹ്നികം*) വരെ നേരിട്ടും അദ്ദേഹത്തിന്റെ ഉപദേശപ്രകാരം *ശിശുപാലവധം, കിരാതാർജുനീയം* മുതലായ പഞ്ചമഹാകാവ്യങ്ങൾ മല്ലിനാഥാദികളുടെ വ്യാഖ്യാനങ്ങളോടുകൂടി സ്വയം വായിച്ചും പഠിച്ചു. ഭട്ടോജിദീക്ഷിതരുടെ *വൈയാകരണസിദ്ധാന്തകൗമുദി*യാണ് മുഖ്യമായും മുൻഷിമാസ്റ്ററുടെ കീഴിൽ പഠിച്ചത്.

എം. എ. യ്ക്ക് ജഗന്നാഥപണ്ഡിതരാജന്റെ *രസഗംഗാധരം* പ്രൊഫ. എം. എസ്. മേനോന്റെ കീഴിൽ ധർമടത്ത് അദ്ദേഹം അന്നു താമസിച്ചിരുന്ന വീട്ടിൽ പോയി പഠിച്ചു.

ആനന്ദവർധനന്റെ *ധ്വന്യാലോകം* പ്രൊഫ. സി. കെ. രാമചന്ദ്രയ്യരുടെ പട്ടാമ്പിയിലെ താമസസ്ഥലത്തു ചെന്നാണ് അഭ്യസിച്ചത്.

എം. എ. പാസ്സായശേഷം കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ ഡോ. എസ്. വെങ്കിടസുബ്രഹ്മണ്യയ്യരുടെ കീഴിൽ പതിനാലാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ച പ്രസിദ്ധകവിയും നാടകകൃത്തും *മേഘദൂത-മാലതീമാധവാ*ദികാവ്യ-നാടകാദിവ്യാഖ്യാതാവുമായ പൂർണസരസ്വതിയെപ്പറ്റി പി. എച്ച്. ഡി. ക്കു ഗവേഷണം നടത്തി. അന്ന് അതേ വിഭാഗത്തിൽ വിസിറ്റിങ് പ്രൊഫസറായ സാഹിത്യ-വേദാന്തശിരോമണി വി. എസ്. വി. ഗുരുസ്വാമിശാസ്ത്രികളുടെ അടുക്കൽ *ബ്രഹ്മസൂത്രങ്ങ*ളിലെ ആദ്യത്തെ ഇരുപത്തിമൂന്നു സൂത്രങ്ങൾ വിസ്തരിച്ചു പഠിച്ചു. ശാസ്ത്രികളുടെ അധ്യാപനരീതി ഇപ്രകാരമായിരുന്നു: ഓരോ സൂത്രം പഠിപ്പിക്കുമ്പോഴും വ്യാഖ്യാനത്തിൽ പരാമർശിക്കപ്പെട്ട ഉപനിഷത്തുക്കളെയും സാംഖ്യം, യോഗം, ന്യായം, വൈശേഷികം മുതലായ ദർശനങ്ങളിലെ അടിസ്ഥാനഗ്രന്ഥങ്ങളെയും സംക്ഷിപ്തമായി പരിചയപ്പെടുത്തും. അതുകൊണ്ട് ശാസ്ത്രികൾ പ്രാചീനഭാരതീയദർശനങ്ങൾ മൊത്തത്തിൽ പരിചയപ്പെടുത്തി എന്നു പറയുന്നതാണ് ശരി.

കോഴിക്കോട്സർവകലാശാലാസംസ്കൃതവിഭാഗത്തിൽ അധ്യാപകനായിരിക്കേ അവിടെ വിസിറ്റിങ് പ്രൊഫസറായ പി. സി. വാസുദേവനിളയത് ആഴ്ച്ചയിൽ രണ്ടു ദിവസമാണ് വരിക. വന്നാൽ എന്റെ ക്വാർട്ടേഴ്സിലാണ് താമസിക്കുക. ന്യായത്തിലും സാഹിത്യത്തിലും തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽനിന്ന് ശിരോമണിബിരുദം നേടിയ ഇളയതുമാസ്റ്ററുടെ കീഴിൽ *(ന്യായസിദ്ധാന്ത)മുക്താവലി ദിനകരീവ്യാഖ്യാന*ത്തോടുകൂടി പഠിക്കണമെന്ന എന്റെ വളരെക്കാലത്തെ മോഹം അങ്ങനെ സഫലമായി.



പരമ്പരാഗതമായ ഈ പഠനത്തിന്റെ ശക്തമായ അടിത്തറ ബലവത്തരമാക്കാൻ തിരുവനന്തപുരത്ത് എ.കെ. ജി. പഠനഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാർക്സിസ്റ്റു പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഇ. എം. എസ്; എസ്. ആർ. പി; പി. ഗോവിന്ദപ്പിള്ള മുതലായ അധ്യാപകരുടെ ശിക്ഷണത്തിൽ നടന്ന പന്ത്രണ്ടു ദിവസത്തെ കോഴ്സ് വൈരുധ്യാത്മകഭൗതികവാദപഠനത്തിന് വളരെ ഉപകാരപ്പെട്ടു. ആധുനികഭാരതീയവിദ്യാവിചക്ഷണരിൽ അഗ്രഗണ്യനായ ദേവീപ്രസാദ് ചതോപാധ്യായയുടെ പഠനഗ്രന്ഥങ്ങൾ, വിശേഷിച്ച് അദ്ദേഹത്തിന്റെ *വാട്ടീസ് ലിവ്വിങ് ആന്റ് വാട്ടീസ് ഡെഡ് ഇൻ ഇൻഡ്യൻ ഫിലോസോഫി* എന്ന ഗ്രന്ഥം, ഏറെ പ്രയോജനപ്പെട്ടു. ദേവീപ്രസാദിന്റെതന്നെ മൂന്നു വോള്യങ്ങളിലായുള്ള പ്രാചീനഭാരതീയശാസ്ത്രസാങ്കേതികവിദ്യാചരിത്രം ഭാരതീയസംസ്കാരത്തിന്റെ ആരോഗ്യപ്രദമായ മറ്റൊരു വശത്തെപ്പറ്റി പഠിക്കുന്നതിനു സഹായകരമായി.

ബാബറിമസ്ജിദിന്റെ തകർച്ചയുടെ പശ്ചാത്തലത്തിൽ കേരളത്തിലുടനീളവും ഇന്ത്യയിലെ പ്രധാനനഗരങ്ങളിലും ഞാൻ നടത്തിയ ആയിരക്കണക്കിന് പ്രഭാഷണങ്ങളിലൂടെ ബഹുജനങ്ങളുമായി സംവദിക്കുന്നതിനും അവസരമുണ്ടായി.

ഈ വ്യക്തികളും പുസ്തകങ്ങളുമാണ് എന്റെ പ്രധാനഗുരുക്കന്മാർ.

★

### 4. സുകുമാർ അഴീക്കോടും കരിവെള്ളൂർ മുച്ചിലോട്ടെ പെരുങ്കളിയാട്ടവും

ഞാൻ കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽനിന്നു മാറ്റം വാങ്ങി കോഴിക്കോട്സർവകലാശാലാസംസ്കൃതവിഭാഗത്തിൽ ചേർന്ന കാലത്ത് ആദ്യം ടീച്ചേഴ്സ് ഹോസ്റ്റലിൽ താമസിച്ച്, ജന്മനാടായ കണ്ണൂർ ജില്ലയിലെ ചെറുതാഴം ദേശത്ത് കുളപ്പുറത്തെ തറവാട് വിറ്റതുകൊണ്ട് ആഴ്ച്ചതോറും കരിവെള്ളൂരിൽ ഭാര്യയുടെ വീട്ടിൽ പോയിവരികയായിരുന്നു പതിവ്. ഇരുപത്തഞ്ചുകൊല്ലം കൂടുമ്പോൾ നടത്തിവരുന്ന കരിവെള്ളൂർ മുച്ചിലോട്ടുകാവിലെ കളിയാട്ടം അന്ന് (1978–ൽ) ഗംഭീരമായി നടത്താൻ ആഘോഷക്കമ്മിറ്റി നിശ്ചയിച്ചു.

കളിയാട്ടമഹോത്സവത്തോടനുബന്ധിച്ച് നടക്കുന്ന സാഹിത്യസമ്മേളനം പ്രൊഫ. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്യാൻ സമ്മതിച്ചിരുന്നു. അദ്ദേഹത്തെ ക്ഷണിക്കുന്നതിന് ആഘോഷക്കമ്മിറ്റിക്കാരോടൊപ്പം അവർ ആവശ്യപ്പെട്ടതനുസരിച്ച് ഞാനും പോയിരുന്നു. നാട്ടുകാരായ ഡോ. കെ. ജി. അടിയോടിയും ഡോ. കെ. കെ. എൻ കുറുപ്പും ഞാനും പ്രസംഗിക്കാനുണ്ടായിരുന്നു. ഞങ്ങളുടെയെല്ലാം ഗുരുകല്പനായ എ. കെ. കൃഷ്ണൻ മാഷായിരുന്നു അധ്യക്ഷൻ. അധ്യക്ഷനൊഴികെ എല്ലാവരും കോഴിക്കോട്സർവകലാശാലാധ്യാപകർ. സുകുമാർ അഴീക്കോടിനെ കൂട്ടിക്കൊണ്ടുവരാൻ എന്നെയാണ് ഏല്പിച്ചിരുന്നത്. കരിവെള്ളൂരിൽനിന്ന് മറ്റാരും വരേണ്ടതില്ലെന്നു ഞാൻ പറഞ്ഞപ്പോൾ അവർക്കാശ്വാസമായി.

രാത്രി എട്ടുമണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ പാകത്തിൽ അഴീക്കോടും ഞാനും മറ്റു ചില സുഹൃത്തുക്കളും വൈകുന്നേരം നാലുമണിക്കുതന്നെ തേഞ്ഞിപ്പലത്തെ സർവകലാശാലാക്യാമ്പസ്സിൽനിന്നു പുറപ്പെട്ടു. രാമനാട്ടുകരയെത്തിയപ്പോൾ അഴീക്കോടിന്റെ കാറിന് എന്തോ തകരാറ് സംഭവിച്ചു. അവിടെത്തന്നെ റിപ്പയർ ചെയ്യാൻ കൊടുത്തു. റിപ്പയറിങ്ങിന് സമയം കുറേയെടുത്തു. ഞങ്ങൾ ഓരോന്നു സംസാരിച്ച് നേരം പോയതറിഞ്ഞില്ല. ഇനി കരിവെള്ളൂരെത്തുമ്പോഴേക്കും സമ്മേളനസമയം കഴിയില്ലേ എന്നായി സംശയം. “അതൊന്നും സാരമില്ല, അഴീക്കോട് മാഷ് എത്തുന്നതുവരെ വരെ ആളുകൾ



കാത്തുനിൽക്കും” എന്നു ഞാൻ പറഞ്ഞപ്പോൾ അതു ശരിവെച്ചുകൊണ്ട് മാഷ് “ഞാൻ അവസാനം പ്രസംഗിച്ചുകൊള്ളാം”മെന്നു പറഞ്ഞു. കാർ വളപട്ടണം പാലം കടക്കുമ്പോൾ സമയം എട്ടുമണിയായിരുന്നു. പയ്യന്നൂർ കഴിഞ്ഞ് വെള്ളൂരെത്തുമ്പോഴേക്കും ഒൻപതുമണി കഴിഞ്ഞു. അഴീക്കോട് വരികയുണ്ടാവില്ലെന്നു കരുതി നിരാശരായി ആളുകൾ മടങ്ങുകയാണ്. ഇനി സമ്മേളനം നടക്കുകയില്ലെങ്കിലും സ്ഥലത്തെത്തി മടങ്ങാമെന്ന തീരുമാനത്തിൽ കാർ കരിവെള്ളൂരിലേക്കുതന്നെ വിട്ടു. സ്ഥലത്തെത്തുമ്പോഴേക്കും എ. കെ. കൃഷ്ണൻ മാഷുൾപ്പെടെ എല്ലാവരും ഗെയിറ്റിന്നടുത്ത് ആകാംക്ഷയോടെ കാത്തുനിൽക്കുകയാണ്. “ഇനി വൈകേണ്ട. സമ്മേളനം തുടങ്ങാം.” അഴീക്കോട്തന്നെ പറഞ്ഞു. ശുഷ്കമായ സദസ്സ് എഴുന്നേറ്റുനിന്ന് സുകുമാർ അഴീക്കോടിനെ ആദരിച്ചു.

സ്റ്റേജിലെത്തി കർട്ടനിട്ടു. “സുകുമാർ അഴീക്കോട് എത്തിയിട്ടുണ്ട്. താമസിയാതെ അദ്ദേഹം പ്രഭാഷണം ആരംഭിക്കും. സ്ഥലം വിട്ട സദസ്യരോട് തിരിച്ചുവരാൻ അഭ്യർഥിക്കുന്നു.” സദസ്സ് പൂർവസ്ഥിതിയിലേക്കു വരട്ടെ എന്ന ആഗ്രഹത്തോടെ, “അല്പം വിശ്രമിച്ചതിനുശേഷം പ്രസംഗം തുടങ്ങാം” എന്നു ഞാൻ പറഞ്ഞപ്പോൾ “എനിക്ക് ഇന്നുതന്നെ തിരിച്ചുപോകണം. അധികം വൈകാതെ സമ്മേളനം തുടങ്ങണം.” എന്നായി അഴീക്കോട്. അധ്യക്ഷൻ കർട്ടൻ നീക്കിയപ്പോൾ, അഴീക്കോട് വന്നുവെന്നു കേട്ടുകേട്ടറിഞ്ഞ് നാട്ടുകാരും വെള്ളൂർവരെയെത്തിയവരുമൊക്കെ തിരിച്ചു വരികയായിരുന്നു. ഞങ്ങൾ എത്താൻ വൈകിയതിന്റെ കാരണം ചുരുക്കിപ്പറഞ്ഞ് ഞാൻ അധ്യക്ഷന്റെ അനുമതിയോടെ സുകുമാർ അഴീക്കോടിനെ പ്രസംഗിക്കാൻ ക്ഷണിച്ചു.

അഴീക്കോടും, സമയം അതിക്രമിച്ചതിനാൽ, അരമണിക്കൂറേ പ്രസംഗിച്ചുള്ളൂ. എങ്കിലും പ്രസംഗം സദസ്യരെ തൃപ്തിപ്പെടുത്തിയെന്നു തോന്നി.

അധ്യക്ഷൻ ഉപസംഹാരപ്രസംഗം ‘ശ്ലോകത്തിൽ കഴിച്ച്’ സുകുമാർ അഴീക്കോടിനും സദസ്സിനും കൃതജ്ഞത പ്രകടിപ്പിച്ച് യോഗം പിരിച്ചുവിട്ടു.

സാഹിത്യസമ്മേളനത്തിലെ കെ. ജി. അടിയോടി, കെ. കെ.

എൻ. കുറുപ്പ് മുതലായ മറ്റു പ്രസംഗികർ നേരത്തേ പ്രസംഗം നടത്തി തങ്ങളുടെ വീടുകളിലേക്കു പോയിരുന്നു.

മറ്റു പരിപാടികളിൽ പങ്കെടുക്കാനും തെയ്യം കാണാനും മറ്റുമായി ആളുകൾ പലേടത്തേക്കും പോയി.

തന്നെ കാണാനും പ്രസംഗം കേൾക്കാനുമായി തദ്ദേശീയരും പരസരവാസികളുമായ ആയിരക്കണക്കിനാളുകൾ മണിക്കൂറുകളോളം കാത്തുനിന്നതും യോഗം തീർന്നതിനുശേഷം തനിക്കുവേണ്ടിമാത്രം വീണ്ടും സമ്മേളനം ചേർന്നതും അതിൽ പൂർവാധികം സദസ്യർ പങ്കെടുത്തതായറിഞ്ഞതും അഴീക്കോടിനെ അങ്ങേയറ്റം സന്തുഷ്ടനാക്കി. പിന്നെ സർവകലാശാലയിലും പുറത്തും എന്നെ കാണുമ്പോഴൊക്കെ മാഷ് ഇക്കാര്യം പറഞ്ഞ് ഊറിയൂറി ചിരിക്കുമായിരുന്നു. താമസം തൃശ്ശൂരേക്കു മാറ്റിയപ്പോഴും എന്നെ കാണുമ്പോഴും ഫോണിൽ സംസാരിക്കുമ്പോഴും ഇതാവർത്തിക്കും. മറ്റു സുഹൃത്തുക്കളുടെ മുൻപിലും ഈ 'കരിവെള്ളൂർപ്രസംഗോപാഖ്യാനം' അവതരിപ്പിച്ചതായി കേട്ടിട്ടുണ്ട്.

★

### 5. ആ മുന്നൂറു രൂപ വേണ്ടിവന്നില്ല!

കണ്ണൂർ ബേസിക്ക് ട്രയിനിങ് സ്കൂളിൽനിന്ന് അധ്യാപകപരിശീലനം നേടിയതിനുശേഷം വീട്ടിനടുത്ത് എവിടെയെങ്കിലും ജോലി കിട്ടിയാൽ തരക്കേടില്ലെന്നു വിചാരിച്ച് എന്റെ അഭ്യുദയകാംക്ഷിയായ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായരോട് ഉപദേശം തേടാമെന്നു കരുതി അദ്ദേഹത്തെ ചെന്നു കണ്ടു. എന്റെ വീട്ടിൽനിന്നു നടന്നുപോകാവുന്ന ദൂരത്തുള്ള വിളയാങ്കോട് എൽ. പി. സ്കൂളിൽ ഒരധ്യാപകന്റെ ഒഴിവുണ്ടെന്നും മാനേജരായ ടി. വി. ചാത്തുക്കുട്ടി നായർക്ക് ഒരു കത്തു തന്നാൽ ഉപകാരമാവുമെന്നും ഞാൻ ചിറയ്ക്കൽ ടി. യോടു പറഞ്ഞു. "കത്തൊക്കെ തരാം. അദ്ദേഹം എന്റെ സുഹൃത്തുമാണ്. പക്ഷേ, പണത്തിന്റെ കാര്യത്തിൽ എന്തു സൗഹൃദം?" – ബാലകൃഷ്ണൻ നായരുടെ പ്രതിവചനം ഇങ്ങനെയായിരുന്നു. എങ്കിലും അദ്ദേഹം കത്ത് തന്നു.

ഞാൻ ആ കത്തുമായി വിളയാങ്കോട്ട് സ്കൂളിനു മുൻപിൽത്തന്നെയുള്ള ചാത്തുക്കുട്ടിനായരുടെ ഗെയിറ്റിനു മുൻപിലെത്തി. ചെറുതാഴത്തെ ഏറ്റവും വലിയ ജന്മികുടുംബങ്ങളിലൊന്നായിരുന്ന വാരണക്കോട്ടില്ലത്തെ മകനാണ് ചാത്തുക്കുട്ടി നായർ. അദ്ദേഹത്തിന്റെ സഹോദരൻ ടി. വി. നാരായണൻ നായർ സ്വാതന്ത്ര്യസമരസേനാനിയും കമ്മ്യൂണിസ്റ്റുകാരനും ദീർഘകാലം ചെറുതാഴം പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്നു. ചാത്തുക്കുട്ടിനായരാകട്ടെ, സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ്സുകാരനും. അദ്ദേഹം വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തയാളെന്ന നിലയിൽ പേരെടുത്തിരുന്നു. നാട്ടിൽ 'കോഴിസായ്‌വ്' എന്നാണ് അറിയപ്പെട്ടിരുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1928–ൽ പയ്യന്നൂരിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ബംഗ്ലാവിലാണത്രേ താമസിച്ചിരുന്നത്. ഗെയിറ്റിൽ അതിന്റെ ഓർമയ്ക്ക് 1928 എന്ന് ചെറുപ്പകാലത്ത് കണ്ടതായും ഓർക്കുന്നു.

ഞാൻ ഗെയിറ്റ് കടന്ന് നീണ്ട വീഥിയിലൂടെ ബംഗ്ലാവിന്റെ മുറ്റത്തെത്തി. ഒരൂക്കൻനായ എന്റെ നേരെ കുരച്ചു ചാടിവന്നു. ചാത്തുക്കുട്ടിനായർ അതിനെ നിയന്ത്രിച്ച് ഞാൻ വന്നതെന്തിനാണെന്ന് അന്വേഷിച്ചു. ബാലകൃഷ്ണൻ നായരുടെ കത്ത് അദ്ദേഹത്തിനു കൊടുത്തു. കത്ത് വായിച്ചശേഷം "ബാലകൃഷ്ണൻനാ

യർക്ക് വേണ്ടപ്പെട്ടയളെന്ന നിലയിൽ ഒരു ചെറിയ ഇളവ് ചെയ്യാം. ഒരു മുന്നൂറുരൂപ തന്നാൽ മതി. എങ്കിൽ രണ്ടാഴ്ച്ചയ്ക്കുള്ളിൽ വന്നോളൂ."

ഞാൻ വിവരങ്ങളെല്ലാം വിസ്തരിച്ച് ചിറയ്ക്കൽ ടി. യോട് പറഞ്ഞു. "ഞാൻ ചിറയ്ക്കൽ തമ്പുരാന്റെ മകനാണെന്ന് പ്രതാപം പറഞ്ഞു നടക്കുന്നുവെന്നേയുള്ളൂ. (ബാലകൃഷ്ണൻ നായർ ചിറയ്ക്കൽ കോവിലകത്ത് രാമവർമ്മ വലിയതമ്പുരാന്റെ മകനാണ്. രാജാവ് *കൗസ്തുഭം, ഗാന്ധിജയഘോഷണ* എന്നീ സംസ്കൃത കാവ്യങ്ങളെഴുതിയിട്ടുണ്ട്. എന്റെ അച്ഛൻ രാജാവിന്റെ പ്രിയസുഹൃത്തും സേവകനുമായിരുന്നു. അച്ഛൻ അമ്മയെയും കൈക്കുഞ്ഞായ എന്നെയും ഏട്ടനെയും കൂട്ടി 'തമ്പുരാനെ മുഖം കാണിച്ച' വിവരം അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്.) സമ്പാദ്യമൊക്കെ ഉണ്ടായിരുന്നത് രാഷ്ട്രീയത്തിനും സാമൂഹ്യപ്രവർത്തനത്തിനുമായി ധൂർത്തടിച്ചു (ബാലകൃഷ്ണൻനായർ സ്വകാര്യസ്കൂൾ അധ്യാപകസംഘടനാനേതാവും സോഷ്യലിസ്റ്റുനേതാവുമായിരുന്നു.) ഇപ്പോൾ ഒന്നു കണ്ണൂരിൽ പോകേണ്ട കാര്യമുണ്ട്. ബസ്സിന് കാശില്ല! ഇതൊന്നും നിങ്ങളോട് പറയേണ്ട ആവശ്യമില്ല. എന്റെ ഇപ്പോഴത്തെ സ്ഥിതി പറയുകയാണ്. കിട്ടുന്ന നാമമാത്രമായ പെൻഷൻകൊണ്ട് കഴിഞ്ഞുപോവുകയാണ്."

കൂടുതലൊന്നും സംസാരിക്കാതെ ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു.

മലയാളവിദ്വാൻപരീക്ഷയ്ക്കു പഠിക്കാനുള്ള പുസ്തകങ്ങൾ ചർച്ച ചെയ്യാനും മറ്റുമായി അക്കാലത്ത് പലപ്പോഴും ബന്ധപ്പെടാറുള്ള സുഹൃത്താണ് മുണ്ടയാട്ട് നാരായണൻ നമ്പ്യാർ മാഷ്. അദ്ദേഹത്തെ കണ്ട് ഞാൻ കാര്യങ്ങളെല്ലാം പറഞ്ഞു. മുന്നൂറു രൂപ താൻ തരാമെന്നും ഒരാഴ്ച്ച മുൻപ് പറഞ്ഞാൽ മതിയെന്നും മാഷ് എന്നെ സമാധാനിപ്പിച്ചു. പക്ഷേ, അത് വേണ്ടിവന്നില്ല. അപ്പോഴേക്കും എനിക്ക് പി. എസ്സ്. സി. യിൽ നിന്നും സ്ഥിരം അധ്യാപകനായി നിയമന ഉത്തരവ് കിട്ടി. ഈ വിവരം ഞാൻ മാഷെയും ചിറയ്ക്കൽ ടി. ഉൾപ്പെടുള്ള വേണ്ടപ്പെട്ട എല്ലാവരെയും അറിയിച്ചു. താമസിയാതെ ഞാൻ തളിപ്പറമ്പിന്നടുത്തുള്ള മാവിച്ചേരി ഗവ. എൽ. പി. സ്കൂളിൽ ചേർന്നു.

★

## 6. മറത്തുകളിമാധ്യസ്ഥ്യം

എന്നെ *സിദ്ധരൂപം* മുതൽ *മഹാഭാഷ്യം* വരെ പഠിപ്പിച്ച വ്യാകരണശിരോമണി ഒ. കെ. മുൻഷി എന്റെ സംസ്കൃതഗുരുക്കന്മാരിൽ പ്രാതഃസ്മരണീയനാണ്. തളിപ്പറമ്പ് മൂത്തേടത്ത് ഹൈസ്കൂളിൽ മലയാളഭാഷാധ്യാപകനായതു മുതൽ കേരള സർവകലാശാലാസംസ്കൃതവിഭാഗത്തിൽ പി. എച്ച്. ഡി. ഗവേഷണം നടത്തുന്നതിനുവേണ്ടി തിരുവനന്തപുരത്തു പോകുന്നതുവരെ ഒഴിവുദിവസം കിട്ടുമ്പോഴൊക്കെ ആഴ്ച്ചയിൽ ചുരുങ്ങിയത് രണ്ടു ദിവസമെങ്കിലും രണ്ടോ മൂന്നോ മണിക്കൂർ വീതം മുൻഷിമാസ്റ്ററുടെ വിളയാങ്കോട്ടെ വീട്ടിൽ പോയി ഞാൻ സംസ്കൃതം പഠിക്കുകയുണ്ടായി. അക്കാലത്ത് പൂരക്കളിയുടെ ഭാഗമായ മറത്തുകളിക്ക് മാധ്യസ്ഥ്യം വഹിക്കാൻ പോകുമ്പോഴെല്ലാം മാഷ് എന്നെയും കൂടെ കൂട്ടുമായിരുന്നു. ചില സന്ദർഭങ്ങളിൽ പണ്ഡിതന്മാരായ പണിക്കന്മാർ തമ്മിൽ തർക്കം വരുമ്പോൾ തന്റെ സാന്നിധ്യത്തിൽ എന്നെക്കൊണ്ട് മാധ്യസ്ഥ്യം പറയിക്കുകയും ചെയ്യും. അങ്ങനെ പല തവണ ഉണ്ടായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തനിക്കു പങ്കെടുക്കാനാവാത്ത അവസരങ്ങളിൽ എന്നെ പറഞ്ഞയക്കാൻ തുടങ്ങി. അങ്ങനെ ചെറുകുന്നിന്നടുത്തുള്ള ഇരിണാവിലെ ഒരു മറത്തുകളിക്ക് എനിക്കു പോകേണ്ടിവന്നു.

പാപ്പിനിശ്ശേരിയിലെ കുഞ്ഞിരാമൻ പണിക്കരും കരിവെള്ളൂരിലെ രാഘവൻ പണിക്കരുമായിരുന്നു പ്രതിയോഗികൾ എന്നാണോർമ. രണ്ടുപേരും എനിക്ക് മുൻപേ പരിചിതരാണ്. കുഞ്ഞിരാമൻ പണിക്കർ മുൻപ് കർഷകസംഘത്തിനുവേണ്ടി കേസുകെട്ടുമായി എരിപുരത്തെ ഓഫീസിൽ വന്നിട്ടുണ്ട്. എസ്. എസ്. എൽ. സി. പാസ്സായി അടുത്ത കൊല്ലം ടി. ടി. സി. ക്കു പോകുന്നതുവരെ ഞാൻ അവിടെ ഏതാനും മാസം എഴുത്തുപണി എടുത്തിരുന്നു. അലവിലെ അനന്തൻ വൈദ്യർ സഹമധ്യസ്ഥനായി ഉണ്ടായിരുന്നുവെങ്കിലും മുൻഷിമാഷെക്കൂടാതെയുള്ള എന്റെ ആദ്യത്തെ മറത്തുകളിമാധ്യസ്ഥ്യമാണത്. വിവിധശാസ്ത്രങ്ങളിലുള്ള അവഗാഹത്തിന്റെ അഭാവം വയോവൃദ്ധനെങ്കിലും അനന്തൻ വൈദ്യരുടെ പരിമിതിയായിരുന്നു. അദ്ദേഹം പണിക്കന്മാരെ വേദനിപ്പിക്കുമാറ് എന്തോ ഒരു പരാമർശം നടത്തുകയും

ചെയ്തുപോയി. അർധരാത്രി. വലിയ ബഹളമായി. ആയിരക്കണക്കിൽ ആളുകൾ തിങ്ങിക്കൂടിയ സദസ്സാണ്. അനന്തൻ വൈദ്യർ മാറിനിന്നാലേ മറത്തുകളി തുടരാൻ വിടൂ എന്നായി ജനങ്ങൾ. അവസാനം, മുൻഷിമാസ്റ്ററുടെ വിദഗ്ധമായ ശിക്ഷണത്തിൽ വളർന്നതുകൊണ്ടാവാം, എന്റെ മധ്യസ്ഥതയിൽ കളി തുടർന്നു. എന്റെ ജീവിതത്തിലെ മറക്കാനാവാത്തൊരു സംഭവമാണത്.

പിന്നീട് ഞാൻ സർകലാശാലാധ്യാപകനായതിനുശേഷം ദൂരസ്ഥിതിയും മറ്റും നിമിത്തം മറത്തുകളിമാധ്യസ്ഥ്യം നിർത്തുകയാണുണ്ടായത്.

★



## 7. കണ്ണമാരാരുടെ കഥ പറച്ചിൽ

ഞങ്ങളൊക്കെ മാരാൻ കണ്ണൻ എന്നു വിളിക്കുന്ന കൊട്ടില കണ്ണമാരാർ എന്റെ വലിയമ്മ(ഉമ്മുപ്പിള്ളയാതിരിയമ്മ)യുടെ വീട്ടിലെ ആശ്രിതനെപ്പോലെയായിരുന്നു. കുഷ്ഠം പിടിച്ച് ബലഹീനമായ കൈയിൽ നീണ്ടൊരു വടി കുത്തിയാണ് മാരാർ നടക്കുക. ഇരിപ്പ് മിക്കപ്പോഴും ഇറയത്തിന്റെ ഒരു മൂലയിലായിരിക്കും. കുട്ടികളായ ഞങ്ങൾക്ക് മാരാർ പല കഥകളും പറഞ്ഞുതരും. കുളപ്പുറത്തുകാവിലെ കൂത്തുകാലത്താണ് ഞങ്ങൾക്ക് കണ്ണമാരാർ കാഥികനാവുക. കൂത്ത് രാത്രിയാണെങ്കിലും ഞങ്ങൾ നേരത്തേ വലിയമ്മയുടെ വീട്ടിൽ വന്ന് മാരാരുടെ ചുറ്റും കൂടും.

കൂത്തുകാലത്ത് പടന്നപ്പുറത്തും പരിസരപ്രദേശങ്ങളിലുമുള്ള പെണ്ണുങ്ങൾ അന്ന് വിശാലമായിരുന്ന, പുല്ലു വിളയുന്ന അറത്തിൽപ്പറമ്പിൽ പുൽപ്പറിക്കാൻ പോകുന്ന പതിവുണ്ടായിരുന്നു. പുല്ലുകെട്ട് തലപ്പുറത്ത് ചുമന്ന് ക്ഷീണവും ദാഹവുംകൊണ്ട് വലയുന്ന അവർക്ക് വലിയമ്മ സംഭാരം കൊടുക്കാറുണ്ട്. പുൽത്തൈലമൊക്കെ കലക്കി സ്വാദിഷ്ഠമാക്കിയ ആ സംഭാരം നട്ടുച്ചനേരത്ത് അവർക്ക് അമൃത് തന്നെയായി അനുഭവപ്പെടും.

അവരിൽ പലരുടെയും മക്കൾ കൂത്തു കാണാൻ നേരത്തേ വന്ന് കണ്ണമാരാരുടെ കഥ കേൾക്കാൻ വലിയമ്മയുടെ വീട്ടിൽ ഒത്തു കൂടും.

പലപ്പോഴും കണ്ണമാരാർ നീണ്ട കഥകളാവും പറയുക. നമ്പൂരി നരിയെക്കണ്ട് പേടിച്ചുവിറച്ച കഥ, ആറ്റുനോറ്റുണ്ടായ കുഞ്ഞിനെ അമ്മ മറ്റന്തർജനങ്ങളുടെ കൂട്ടായ്മയോടെ ഭൂതപ്രേതപിശാചുക്കളുടെ ഉപദ്രവത്തിൽനിന്ന് രക്ഷിച്ചുവളർത്തുന്ന കഥ, നമ്പൂരി 'പെറാൻപോകുന്ന ആടി'നെ വാങ്ങാൻ മോഹിച്ച് അലഞ്ഞുവലഞ്ഞ് അവസാനം വാങ്ങിയ ആടുതന്നെ പട്ടിയാണെന്ന വികൃതിക്കുട്ടികളുടെ വാക്കു കേട്ട് ഉപേക്ഷിച്ച കഥ – ഇങ്ങനെ എത്രയെത്ര കഥകളാണെന്നോ കണ്ണമാരാരുടെ തലയ്ക്കകത്ത്! നീണ്ട കഥകളാണെങ്കിൽ, ഒരു ഘട്ടം കഴിഞ്ഞു നിർത്തി, "അത് കഴിഞ്ഞ് ഞാൻ ഇങ്ങോട്ടും വന്നു. ഇനി ബാക്കി നാളെ" എന്നു പറഞ്ഞാണ് കഥ അവസാനിപ്പിക്കുക. അതുപോലെ, അമ്പലത്തിൽ കളത്തിനു മുന്നിൽ ഒരു മൂലയ്ക്ക് വടിയും കുത്തിയിരുന്ന് കൂത്ത് മുഴുവൻ കണ്ട് അവസാനം ചെണ്ടകൊട്ടും ബഹളവും കഴിയു

മ്പോൾ, ‘കയ്ഞ്ഞു!’ (കഴിഞ്ഞു) എന്ന് ആവുന്നത്ര നീട്ടി മാരാർ പറയും. അതുകേട്ട് ആളുകൾ രസിച്ചുചിരിക്കും!

★



### 8. മിണ്ടാക്കൂത്ത് അഥവാ തീയാടിക്കൂത്ത്

കുളപ്പുറത്തുകാവിലെ പ്രധാനപ്രതിഷ്ഠ ഭദ്രകാളിയാണെങ്കിലും അയ്യപ്പനെയാണ് മുഖ്യദൈവമായി പൊതുവിൽ ജനങ്ങൾ കരുതിവരുന്നത്. കൂത്തും കളവുമൊക്കെ അയ്യപ്പന്റെ മുൻപിൽത്തന്നെ. കൂത്ത് ചാക്യാർകൂത്തല്ല; മിണ്ടാക്കൂത്താണ്. കൂത്തുകെട്ടുന്നത് തീയ്യാടിനമ്പ്യാരാണ്. അതുകൊണ്ട് തീയാടിക്കൂത്തെന്നും പറയാം. ഇവിടെ നമ്പ്യാർ, മലബാറിലെ നായന്മാരിൽ മേത്തരമെന്നു കണക്കാക്കപ്പെടുന്ന ‘നമ്പ്യാർ’ എന്ന ജാതിപ്പേരല്ല. നമ്പീശന് സമാനനാണ് ഈ ‘നമ്പ്യാർ’. പൂണൂലും സന്ധ്യാസമയത്തെ മന്ത്രജപവുമൊക്കെയുള്ള അമ്പലവാസികളിൽപെടുന്ന നമ്പ്യാർ. ഷോർണൂരിനടുത്തുള്ള മുളകുന്നത്തുകാവിലാണ് കുളപ്പുറത്തുകാവിൽ എന്റെ കുട്ടിക്കാലത്ത് അയ്യപ്പൻകൂത്ത് കെട്ടിയിരുന്ന തീയാടി നാരായണൻ നമ്പ്യാർ.

കുളപ്പുറത്തുകാവിനു പുറമെ കൊട്ടിയൂർ മുതൽ അറത്തിൽ വരെയുള്ള മലബാറിലെ മറ്റു ചില കാവുകളിലും തീയാടിക്കൂത്ത് പതിവുണ്ട്. ഈ എല്ലായിടങ്ങളിലും ഈ തറവാട്ടുകാർതന്നെയാണ് കൂത്ത് നടത്തിവന്നിരുന്നത്.

പന്ത്രണ്ടു ദിവസം കൊണ്ട് പാലാഴിമഥനവും തുടർന്ന് പരമേശ്വരന് മോഹിനീവേഷം പൂണ്ട വിഷ്ണുവിൽ അയ്യപ്പൻ (ഹരിഹരസുതൻ) ജനിക്കുന്നതുമായ കഥ ആടിത്തീർക്കുകയാണ് തീയാടിക്കൂത്തിൽ അഥവാ മിണ്ടാക്കൂത്തിൽ. പന്ത്രണ്ടുദിവസം കഴിഞ്ഞാൽ ഇത് ആവർത്തിക്കും. ഓരോ ഫലമുദ്ദേശിച്ച് ഭക്തജനങ്ങൾ ഒന്നോ അധികമോ ദിവസങ്ങൾ കൂത്ത് നേർച്ചയായി നടത്തുക പതിവാണ്. പന്ത്രണ്ടു ദിവസത്തെയും കഥ ഒറ്റ ദിവസംകൊണ്ട് ആടിത്തീർക്കുന്നതാണ് ഉദയാസ്തമയക്കൂത്ത്. കോഴിക്കോട് സർവകലാശായിൽ എന്റെ അടുത്തുള്ള ക്വാർട്ടേഴ്സിൽ താമസിച്ചിരുന്ന സുഹൃത്തും സമപ്രായക്കാരനുമായ ഡോ. ടി. എൻ. വാസുദേവൻ മാസ്റ്ററുടെ ഭാര്യ വസന്തയുടെ അച്ഛൻ നീലകണ്഻ൻ നമ്പ്യാരായിരുന്നു എന്റെ കുട്ടിക്കാലത്ത് ഉദയാസ്തമയക്കൂത്ത് കെട്ടുന്നതിൽ പ്രഗല്ഭനെന്നു കേട്ടിട്ടുണ്ട്. ഞാൻ ഉദയാസ്തമയക്കൂത്ത് കണ്ടിട്ടില്ല.

ബ്രാഹ്മണരും അന്തർജനങ്ങളും അന്തരാളജാതിക്കാരും മണ്ഡപത്തിന്നടുത്തുള്ള കൽത്തിണ്ണകളിലും ഭഗവതിയുടെ

ശ്രീകോവിലിന്റെ പരിസരങ്ങളിലുമാണ് കൂത്തു കാണാനിരിക്കാറ്. അല്ലാത്തവർ, അതായത് ശൂദ്രരും അവർണരും മണ്ഡപത്തിനു തെക്കുഭാഗത്തായി നിന്നുകൊണ്ട് കാണുകയാണ് എന്റെ കുട്ടിക്കാലത്ത് പതിവ്. അഹിന്ദുക്കളും ആദിവാസികളുമൊന്നും അന്ന് ക്ഷേത്രപരിസരങ്ങളിൽ വരാറില്ല.

എനിക്ക് ഇരുപതോടടുത്ത് വയസ്സുണ്ടായിരുന്നപ്പോൾ ഈ കലാവിശേഷത്തെപ്പറ്റി *ജനയുഗം വാരിക*യിൽ "മിണ്ടാക്കൂത്ത്" ന്ന പേരിൽ ഒരു ലേഖനമെഴുതിയതയി ഓർക്കുന്നു.

★



**9. എന്റെ പ്രസംഗവും ഭാര്യയുടെ പ്രസവവും**

കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽന്ന് മാറ്റം വാങ്ങി കോഴിക്കോടു സർവകലാശാലാസംസ്കൃതവിഭാഗത്തിൽ അധ്യാപകനായിച്ചേർന്ന കാലത്ത് ആദ്യം കുറച്ചു കാലം സർവകലാശാലാ അധ്യാപകഹോസ്റ്റലിൽ താമസിച്ച് കരിവെള്ളൂരിൽ ആഴ്ച്ച തോറും പോയിവരവായിരുന്നുവെന്ന് മുൻപ് പറഞ്ഞുവല്ലോ.

പള്ളിക്കൊവ്വലിന്നടത്ത് തെരുവിലെ ഒരു സ്കൂളിൽ എന്നെ പ്രസംഗിക്കാൻ ചില സുഹൃത്തുക്കൾ വിളിച്ചിരുന്നു. അപ്പോഴാണ് പൂർണഗർഭിണിയായ ആനന്ദത്തിന് പെട്ടെന്ന് പ്രസവവേദന വന്നത്. രാവറേട്ടനും തങ്കേച്ചിയും ഞാനും മോനെയും കൂട്ടി അവളെ പയ്യന്നൂരിൽ ഡോ. സുരേന്ദ്രന്റെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമികപരിശോധനയ്ക്കുശേഷം, ഏതായാലും ഇന്ന് പ്രസവമുണ്ടാവില്ല എന്നു കേട്ടപ്പോൾ എല്ലാവരുടെയും സമ്മതത്തോടെ ഞാൻ തെരുവിലേക്ക് പ്രസംഗിക്കാൻ പോയി. പ്രസംഗം കഴിഞ്ഞ ഉടനെ മരുമകൻ വാസുദേവൻ വന്ന് അമ്മായി പ്രസവിച്ചുവെന്നും പെൺകുഞ്ഞാണെന്നും പറഞ്ഞു. സമ്മേളനം തീരാൻ നിൽക്കാതെ ഞാൻ വീട്ടിലേക്കു വന്നു. സുഖപ്രസവമായിരുന്നുവെന്നും ഇനി കൂടുതൽ പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ പിറ്റേന്നുതന്നെ വീട്ടിലേക്കു വരാൻ പറ്റുമെന്നും അറിഞ്ഞു.

★

### 10. ചെറുതാഴത്തെ നാരായണേട്ടൻ

കഴിഞ്ഞ ചില കുറിപ്പുകളിൽ വലിയമ്മയെപ്പറ്റി പരാമർശിച്ചിരുന്നുവല്ലോ. ഞാൻ അക്കരമ്മലെ വലിയമ്മ എന്നാണ് പറയാറ്. എന്റെ അമ്മയുടെ അമ്മൂമ്മയ്ക്ക് നാലു മക്കളാണുണ്ടായിരുന്നത് – മൂന്നു പെണ്മക്കളും ഒരു മകനും. ആ മകനെയാണ് ഞാൻ വലിയമ്മാമൻ (നാരായണൻ എന്നാണ് പേര്) എന്നു വിളിക്കുന്നത്. അദ്ദേഹത്തിന്റെ ഒരു പെങ്ങൾക്ക് രണ്ടു മക്കൾ – ഒരു മകനും ഒരു മകളും. ആ മകളാണ് എന്റെ അമ്മ – പാപ്പപ്പിള്ളയാതിരിയമ്മ. ആ മകൻ എന്റെ അമ്മാമൻ – ശങ്കരമ്മാമൻ.

വലിയമ്മാമന്റെ മറ്റൊരു പെങ്ങളുടെ മകളാണ് അക്കരമ്മലെ വലിയമ്മ – ഉമ്മുപ്പിള്ളയാതിരിയമ്മ. അവരുടെ ജ്യേഷ്ഠൻ നാരായണൻ ഉണിത്തിരി. അദ്ദേഹത്തിന് ഒരു പീടിക(പലചരക്കുകട) യുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ 'പീടീലമ്മോൻ' (പീടികയിലെ അമ്മാമൻ) എന്നാണ് ഞാനും, നാട്ടകാർ പൊതുവിലും, വിളിക്കാറുള്ളത്.

വലിയമ്മയ്ക്ക് നാലു മക്കൾ – നാരായണൻ, രാവർ, സരോജിനി, ശാരദ. ചിറ്റന്നൂര് മണ്ണങ്കുളത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിക്ക് വലിയമ്മയിലുണ്ടായ മക്കളാണ് നാരായണനും രാവറും. അദ്ദേഹത്തിന്റെ മരണശേഷം വലിയമ്മയെ അറത്തിൽ കുടൽമനയില്ലത്ത് ശങ്കരൻ നമ്പൂതിരി സംബന്ധം ചെയ്തു. അദ്ദേത്തിന് അവരിലുണ്ടായ മക്കളാണ് സരോജിനിയും ശാരദയും. സരോജിനിയേച്ചി എനിക്ക് പത്തുമാസം മൂപ്പും ശാരദ പത്തു മാസം ഇളതും.

വലിയമ്മയുടെ മൂത്തമകനായ നാരായണേട്ടൻ എൻ. വി. എം. നാരായണൻ ഉണിത്തിരി എന്ന പേരിൽ അറിയപ്പെടുന്നു. മലയാളത്തിൽ കവിതകളെഴുതാറുണ്ടായിരുന്നുവെങ്കിലും ഒന്നും ആനുകാലികങ്ങളിൽ വന്നതായി ഓർമയില്ല. നാലാം തരം വരെയേ ക്ലാസ്സിൽ പോയി പഠിച്ചിട്ടുള്ളൂ. എങ്കിലും പ്രൈവറ്റായി പഠിച്ച് ഇ. എസ്. എൽ. സി; എസ്. എസ്. എൽ. സി; ടി. ടി. സി; ബി. എ; ബി. എഡ്; എന്നിവ പാസ്സായിട്ടുണ്ട്. ടി. ടി. സി. കഴിഞ്ഞ് അറത്തിൽ എയിഡഡ് എൽ. പി. സ്കൂളിൽ അധ്യാപകനായി ചേർന്നു. അവസാനം കുറച്ചു കാലം ചെറുതാഴത്ത് വാരണക്കോട് എൽ. പി. സ്കൂളിൽ അധ്യാപകനായിരുന്നു. അവിടെ നിന്നാണ് പെൻഷൻ



പറ്റി പിരിഞ്ഞത്.

നാരായണേട്ടൻ കുട്ടിക്കാലത്തേ പഠിക്കാൻ താല്പര്യവുമുള്ളവനായിരുന്നു. അതാണ് ഈ ഉപരിപഠനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

കുളപ്പുറത്തുനിന്ന് അറത്തിൽ സ്കൂളിലേക്കു നടന്നു പോവുകയായിരുന്നു കുറേക്കാലം. അന്ന് സരോജനിയേച്ചിയെ അരിവെപ്പിന് അറത്തിലേക്കു കൂട്ടി വാടകവീട്ടിൽ താമസിക്കുകയായിരുന്നു. അക്കാലത്ത് ഏച്ചിക്ക് ഒരു കൂട്ടെന്ന നിലയിൽ സ്കൂളില്ലാത്ത ദിവസങ്ങളിൽ ഞാനും അവിടെ പോയി താമസിക്കുമായിരുന്നു. ഏട്ടൻ സ്കൂൾ വിട്ടു വന്നാൽ ഞാൻ പാഠപുസ്തകത്തിലെ സംശയങ്ങളും മറ്റും അദ്ദേഹത്തോട് ചോദിച്ചു തീർക്കും. ചിലപ്പോൾ താൻ എഴുതിയതോ മറ്റു പ്രസിദ്ധമലയാളകവികൾ എഴുതിയതോ ആയ കവിതകൾ വായിച്ചുകേൾപ്പിക്കുകയോ സാഹിത്യപരമായ കാര്യങ്ങൾ പറഞ്ഞുതരികയോ ചെയ്യും.

നാരായണേട്ടൻ വിവാഹം കഴിക്കുന്നതുവരെ ഈ പതിവ് തുടർന്നു. നാരായണേട്ടന്റെ ആദ്യവിവാഹം തിരുനാവായയ്ക്കടുത്തുള്ള എടക്കുളത്തെ ഉമ്മുക്കുട്ടിപ്പിള്ളയാതിരിയമ്മയുമായാണ്. പിന്നീട് അവരെ ഉപേക്ഷിച്ചു.

അതിനുശേഷം ചെറുതാഴത്ത് വി. എം. സരസ്വതിയെ വിവാഹം കഴിച്ചു. ചെറുതാഴത്ത് ഭാര്യവീട്ടിന്നടുത്തുതന്നെയുള്ള പുരയിടത്തിൽ വീടെടുത്ത് താമസവുമായി. അതുവരെ കുളപ്പുറത്ത് അക്കരമ്മലെ നാരായണേട്ടൻ എന്നു ഞാൻ വിളിച്ചിരുന്നതു മാറ്റി ചെറുതാഴത്തെ നാരായണേട്ടൻ എന്നായി. അതുമുതൽ എന്റെ ഒഴിവുദിവസങ്ങളിലുള്ള യാത്ര ചെറുതാഴത്തെ നാരായണേട്ടന്റെ വീട്ടിലേക്കായി.

അവിടം പലപ്പോഴും അനൗപചാരികമായ സാംസ്കാരികക്കൂട്ടായ്മകളാവാറുണ്ട്. നാരായണേട്ടനും എനിക്കും പുറമെ എം. എം. നാരായണൻ ഉണിത്തിരിയും വാരണക്കോട്ട് ഗോവിന്ദൻ നമ്പൂതിരിയും ഉണ്ടാവും. സാഹിത്യചർച്ചയാവും മിക്കപ്പോഴും. എം. ആർ. നായരുടെ (സഞ്ജയൻ) *സാഹിത്യനികഷ*ത്തിലെ ഒട്ടെല്ലാ ലേഖനങ്ങളും ഞങ്ങളുടെ അന്തിച്ചർച്ചയ്ക്ക് വിഷയമായിട്ടുണ്ട്.

പ്രൈവറ്റായി പഠിച്ച് ഉന്നതബിരുദങ്ങൾ സമ്പാദിക്കുന്നതിന്

നാരായണേട്ടൻ എന്നും എനിക്ക് പ്രചോദനമായിരുന്നു.

ഞാൻ കല്യാശ്ശേരി ഹൈസ്കൂൾ വിട്ടതിനുശേഷം ഈ ചെറുതാഴം ചർച്ചകളിൽ പങ്കെടുക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല.

മരപ്പണി, തയ്യൽ, കൃഷി മുതലായി മറ്റു പല വിഷയങ്ങളിലും നാരായണേട്ടന് താല്പര്യമുണ്ടായിരുന്നു. അവസാനകാലത്ത് ജ്യോതിഷത്തിൽ താല്പര്യം തോന്നുകയും മുഹൂർത്തവിഷയത്തിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതുവരെ അതു വളരുകയും ചെയ്തായറിയാം.

കൊല്ലങ്ങൾക്കുശേഷം ഞാൻ ഒരിക്കൽ നാട്ടിൽ ചെന്നപ്പോൾ സഖാവ് പയ്യരട്ട, നാരായണേട്ടൻ പരിയാരം മെഡിക്കൽ കോളേജ് ആസ്പത്രിയിലാണെന്നും അസുഖം അധികമാണെന്നാണ് കേട്ടതെന്നും പറഞ്ഞതനുസരിച്ച് ഞാൻ ആസ്പത്രിയിൽ പോയി കണ്ടു. എന്നെ കണ്ടപ്പോഴുള്ള സന്തോഷാതിശയത്താൽ പഴയ പല കാര്യങ്ങളും അനുസ്മരിക്കുകയും അയവിറക്കുകയും ചെയ്തു. ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു.

അതായിരുന്നു ഞങ്ങളുടെ അവസാനത്തെ കൂടിക്കാഴ്ച. ഒരാഴ്ച്ച കഴിഞ്ഞപ്പോൾ അദ്ദേഹം അന്തരിച്ച വിവരം അറിഞ്ഞു.

★



## 11. കാരക്കാട്ടെ ഗണപതിയേട്ടൻ

കൂലിയിൽ കാരക്കാട്ട് ഗണപതി നമ്പൂതിരിയെ ഞാൻ കാരക്കാട്ടെ ഗണപതിയേട്ടൻ എന്നാണ് വിളിച്ചിരുന്നത്. അച്ചടിഭാഷയോടടുത്തുനിൽക്കുന്ന ശൈലിയിൽ ഉച്ചാരണശുദ്ധിയോടെയും സ്ഫുടമായും വ്യക്തമായുമാണ് അദ്ദേഹത്തിന്റെ സംസാരം. ശ്ലോകം ചൊല്ലുമ്പോൾ ഇത് കൂടുതൽ സ്പഷ്ടമാവും. ഉദാഹരണത്തിന്,

ഗത്യുത്കമ്പാദളകപതിതൈർയത്ര മന്ദാരപുഷ്പൈഃ
പത്രച്ഛേദൈഃ കനകകമലൈഃ കർണവിഭ്രംശിഭിശ്ച
മുക്താജാലൈഃ സ്തനപരിസരച്ഛിന്നസൂത്രൈശ്ച ഹാരൈർ–
നൈശോ മാർഗഃ സവിതുരുദയേ സൂച്യതേ കാമിനീനാം

എന്ന *മേഘദൂത*ശ്ലോകമെടുക്കാം.

ഈ ശ്ലോകം ഗണപതിയേട്ടൻ കൈയാംഗ്യത്തോടുകൂടി ചൊല്ലുമ്പോൾ ഓരോ വിസർഗവും നിലത്ത് വീഴുന്നുണ്ടോ എന്ന് എനിക്ക് സംശയം തോന്നാറുണ്ട്.

ഞാൻ സംസ്കൃതം അടിസ്ഥാനപരമായി പഠിക്കുന്നതിനു മുൻപാണ് ഗണപതിയേട്ടനുമായി പരിചയപ്പെടുന്നത്. അദ്ദേഹവുമായുള്ള സാഹിത്യചർച്ചകൾ എനിക്ക് സംസ്കൃതപഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിന് നല്ലവണ്ണം ഉപകരിച്ചിട്ടുണ്ട്.

ചെറുതാഴത്ത് ഹനുമാരമ്പലത്തിന്നടുത്തുവെച്ചാണ് ഞങ്ങളുടെ പല സാഹിത്യചർച്ചകളും നടന്നത്. പെരുവഴിയിൽവെച്ച് ഞങ്ങളിരുവരും ദീർഘനേരം സംസാരിക്കുന്നതു കാണുമ്പോൾ വഴിപോക്കർ സകൗതുകം നോക്കിനിൽക്കുന്നത് കണ്ടിട്ടുണ്ട്.

കാളിദാസകാവ്യങ്ങൾ മിക്കതും ഗണപതിയേട്ടൻ എനിക്ക് പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്.

കേരളവർമ വലിയ കോയിത്തമ്പുരാന്റെ കാലം വരെയുള്ള നിയോക്ലാസ്സിക്കൽ കാലഘട്ടമാണ് പൊതുവിൽ അദ്ദേഹം സ്പെഷ്യലൈസ് ചെയ്തിട്ടുള്ളത് എന്ന് എനിക്കു തോന്നുന്നു. വിദ്യാർഥിയായിരുന്ന എനിക്ക് അദ്ദേഹത്തിന്റെ സാഹിത്യോപദേശങ്ങൾ വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

എന്റെ സാഹിത്യജീവിതത്തിലെ സംസ്കൃതപഠനത്തിനു മുൻപുള്ള കാലഘട്ടത്തിലെ സാഹിത്യാഭിരുചി വളർത്തിയെടുക്കുന്നതിൽ ഗണപതിയേട്ടന് വലിയൊരു പങ്കുണ്ടെന്ന് ഞാൻ കൃത

ജ്ഞതയോടെ ഓർക്കുന്നു.

ഗണപതിയേട്ടൻ പിന്നീട് മാതമങ്ങലത്ത് ഭാര്യാമക്കളോടൊപ്പം താമസിച്ചതിനുശേഷം അദ്ദേഹത്തെ കാണാൻ കഴിഞ്ഞിട്ടില്ല.

★



**12. നമ്മൾ നൂറ്റ നൂലുകൊണ്ട്...**

ആചാര്യ വിനോബാ ഭാവേയുടെ ഭൂദാനപ്രസ്ഥാനം എന്റെ കുട്ടിക്കാലത്ത് കുറച്ചൊക്കെ സജീവമായിരുന്നു. 'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യം കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ കർഷകസംഘം ഉയർത്തിപ്പിടിച്ച കാലം. ഈ മുദ്രാവാക്യത്തിന്റെ മുനയൊടിക്കുക എന്ന ഗൂഢലക്ഷ്യം ഭൂദാനപ്രസ്ഥാനത്തിന്റെ നേതാവായ വിനോബാജിക്ക് ഉണ്ടായിരുന്നില്ലെങ്കിലും അതിനെ കൊണ്ടാടിയ കോൺഗ്രസ്സുകാർക്ക് ഉണ്ടായിരുന്നിരിക്കാൻ സാധ്യതയുണ്ട്.

ഭൂദാനപ്രസ്ഥാനമെന്നപോലെ ഖാദിപ്രസ്ഥാനവും അക്കാലത്ത് ഏറെക്കുറെ സജീവമായിരുന്നു. ഭൂദാനപ്രസ്ഥാനത്തിന്റെ കാര്യത്തിൽ ദരിദ്രരായിരുന്ന ഞങ്ങൾക്ക് പറയത്തക്ക താല്പര്യമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഖാദിയുടെ കാര്യത്തിൽ അങ്ങനെയല്ല. ചർക്കയും പഞ്ഞിയും മാത്രമേ മൂലധനമായി വേണ്ടൂ. അമ്മയ്ക്കും വിദ്യാർഥികളായ ഏട്ടനും എനിക്കും കൈകൊണ്ട് നൂൽ നൂറ്റ് ഖാദിവസ്ത്രാലയത്തിൽ കൊണ്ടു കൊടുത്താൽ ഷർട്ടും ട്രൗസറും മുണ്ടും വാങ്ങാനുള്ള വകയുണ്ടാക്കാം. പരുക്കൻ വസ്ത്രമാണെന്നേ ഉള്ളൂ. മഹാത്മാഗാന്ധിയോടുള്ള ഭക്തി പ്രകടിപ്പിക്കാനുള്ള ഒരു പ്രതീകവുമാണല്ലോ ഖദർ. 'ഖദർധാരിക'ളെന്ന് കോൺഗ്രസ്സുകാരെ അന്നെന്നപോലെ ഇന്നും പരിഹസിക്കാറുണ്ടെങ്കിലും 'നമ്മൾ നൂറ്റ നൂലുകൊണ്ട്' ഉണ്ടാക്കുന്ന വസ്ത്രം ധരിക്കുന്നത് ഖദർ വസ്ത്രങ്ങൾ ധരിച്ചിരുന്ന കുട്ടിക്കാലത്തൊന്നും എനിക്ക് ഒട്ടും പരിഹാസ്യമായിത്തോന്നിയിട്ടില്ല. അഭിമാനമായിത്തോന്നിയിട്ടുണ്ടുതാനും.

★

**13. എടയിൽക്കുന്നത്തെ വലിയമ്മ**

നൂഞ്ഞിൽ വടക്കെ മഠത്തിൽ കുഞ്ഞാണ്ടിപ്പിള്ളയാതിരിയമ്മയെ ഏട്ടനും ഞാനും എടയിൽക്കുന്നത്തെ വലിയമ്മ എന്നാണ് വിളിച്ചിരുന്നത്. ഞങ്ങളുടെ അതേ വീട്ടുകാരാണെങ്കിലും അക്കരമ്മലെയും കരിവെള്ളൂരിലെയും വലിയമ്മമാരെപ്പോലെ അടുത്ത രക്തബന്ധ ച്ചാർച്ച ഞങ്ങൾക്ക് അവരുമായി ഇല്ല. (അക്കരമ്മൽത്തന്നെ കുറച്ചു കൂടി വടക്കാണ് എടയിൽക്കുന്നത്ത്.)

പക്ഷേ, സൗഹൃദംകൊണ്ടും സഹകരണംകൊണ്ടും ആ വലിയമ്മമാരേക്കാൾ അടുപ്പം എടയിൽക്കുന്നത്തെ വലിയമ്മയുമായിട്ടാണ്. അവരോടു മാത്രമല്ല, അവരുടെ മക്കളോടും. അന്നത്തെ സമ്പ്രദായമനുസരിച്ച് ചെറുതാഴത്ത് പേർക്കുണ്ടി വാധ്യാരില്ലത്തെ അപ്ഫൻ നമ്പൂതിരിയാണ് അവരെ സംബന്ധം ചെയ്തത്. മുൻപൊരു കുറിപ്പിൽ പറഞ്ഞ കെ. പി. കേശവൻ നമ്പൂതിരി ഇതേ ഇല്ലത്താണ്). അവർക്ക് പതിനൊന്നു മക്കളുണ്ടായിരുന്നുവെങ്കിലും എന്റെ കുട്ടിക്കാലത്ത് നാലു മക്കളേ അവശേഷിച്ചിരുന്നുള്ളൂ – മൂത്തത് നാരായണേട്ടൻ, അനുജത്തി ഭർത്താവിനൊപ്പം മറുനാട്ടിലായിരുന്നതുകൊണ്ട് ഞാൻ ഒരിക്കലോ മറ്റോ കണ്ടിട്ടുണ്ടെന്നേയുള്ളൂ; പേരുപോലും ഓർമയില്ല. അടുത്തത് ഉമ്മുപ്പിള്ളയാതിരിയമ്മ (അനിയത്തി എന്നു വിളിക്കും – ഞങ്ങളുടെ അനിയത്തിയേച്ചി), ഇളയത് കൃഷ്ണേട്ടൻ. ഇപ്പോൾ അദ്ദേഹമേ ജീവിച്ചിരിപ്പുള്ളൂ.

നാരായണേട്ടനും കൃഷ്ണേട്ടനും ഉറച്ച കമ്മ്യൂണിസ്റ്റുകാരാണ്. നാരായണേട്ടന് ഇ. എം. എസ്. ഭക്തി കലശലാണ്. ഒരു ദിവസം ഇ. എം. എസ്സിനെപ്പറ്റി എത്ര തവണയാണ് പറയുകയെന്നോ! കൃഷ്ണേട്ടൻ എനിക്ക് പത്തു വയസ്സ് മൂപ്പാണെങ്കിലും ഹൈസ്കൂളിൽ ഞാൻ എട്ടിലും കൃഷ്ണേട്ടൻ പത്തിലുമാണ് പഠിച്ചത്. എന്റെ നേരെ ഏട്ടനായ നാരായണനും പത്തിലാണ്. അദ്ദേഹം വീട്ടിലൊഴിച്ച് സ്കൂളിലും മറ്റെല്ലായിടത്തും കൃഷ്ണേട്ടനുമായാണ് എനിക്ക് ഏറ്റവും അടുപ്പം. പാഠ്യേതരപ്രവർത്തനങ്ങളിലെല്ലാം, വിശേഷിച്ച് കലാസാഹിത്യാദിപ്രവർത്തനങ്ങളിൽ, ഞങ്ങൾ ഇരുവരും പങ്കെടുക്കും. ഒരു തവണ അക്ഷരശ്ലോകമത്സരത്തിൽ ഞാൻ ഒന്നാമനും കൃഷ്ണേട്ടൻ രണ്ടാമനുമായി. അപ്പോൾ കൃഷ്ണേട്ടൻ പറഞ്ഞത്, "അവൻ എന്റെ അനിയനല്ലേ? അവൻ ജയിക്കുന്നത് എനിക്കും അഭിമാനമല്ലേ?" എന്നത്രേ. ഈ മനോഭാവം ഇപ്പോഴും കൃഷ്ണേട്ടൻ പുലർത്തിപ്പോരുന്നു. രണ്ടുകൊല്ലം മുൻപ് സാമൂതിരിപ്പാട് രേവതിപട്ടത്താനസദസ്സിൽ എനിക്ക് മനോരമത്തമ്പുരാട്ടിപുരസ്കാരം സമർപ്പിക്കുന്നുണ്ടെന്ന്



പത്രങ്ങളിൽ വായിച്ചറിഞ്ഞ് കരിവെള്ളൂരിൽനിന്ന് കോഴിക്കോട്ട് വന്ന് പുരസ്കാരസമർപ്പണം കഴിയുന്നതുവരെ അഭിമാനപൂർവം സദസ്സിൽ മുൻപന്തിയിലിരുന്ന് എന്നെ അനുമോദിച്ച രംഗം ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ല.

ഇ. കെ. നായനാർ തൃക്കരിപ്പൂരിൽ മത്സരിച്ച കാലത്ത് കൃഷ്ണേട്ടൻ തന്റെ വിശാലമായ പറമ്പും വലിയ വീടും തിരഞ്ഞെടുപ്പാവശ്യത്തിന് വിട്ടു കൊടുത്തിരുന്നു.

ഇപ്പോൾ അദ്ദേഹം ദീർഘയാത്ര ഒഴിവാക്കിയിരിക്കയാണെന്നറിയുന്നു.

★

### 14. വലിയമ്മാമൻ

മുൻപൊരു കുറിപ്പിൽ വലിയമ്മാമനെക്കുറിച്ച് പറഞ്ഞിരുന്നു. അമ്മയുടെ അമ്മൂമ്മയുടെ നാലു മക്കളിൽ ഏറ്റവും ഇളയതാണ് വലിയമ്മാമൻ. മറ്റു മൂന്നും പെൺമക്കളാണ് – അമ്മൂമ്മ, അക്കരമ്മലെ പീടീലമ്മോന്റെയും വലിയമ്മയുടെയും അമ്മ, കരിവെള്ളൂരെ വലിയമ്മയുടെയും നാരുവമ്മാമന്റെയും അമ്മ എന്നിവർ. വലിയമ്മാമൻ ഞങ്ങളുടെ കൂടെ കുളപ്പുറത്താണ് താമസം. അദ്ദേഹം സ്ഥിരമായി വീട്ടിൽ താമസിച്ചിരുന്നില്ല. കണ്ണൂർ ജില്ലയിലെ സാമാന്യം സമ്പന്നമായ ജന്മികുടുംബങ്ങളിലൊന്നായ ആലക്കാട്ട് മണിപ്പുഴയില്ലത്തെ കാര്യസ്ഥനെന്ന നിലയിൽ വലിയമ്മാമൻ ഇല്ലത്തുതന്നെയാണ് മിക്കവാറും സ്ഥിരമായി താമസിച്ചിരുന്നത്. അവിടത്തെ കുട്ടികളെ സംസ്കൃതത്തിന്റെയും കണക്കിന്റെയും ബാലപാഠങ്ങൾ പഠിപ്പിച്ചിരുന്നത് അദ്ദേഹമാണ്. നാട്ടിൽ പല കുട്ടികളുടെയും അനൗപചാരികാധ്യാപകനായിരുന്ന വലിയമ്മാമൻ “എഴുത്തശ്ശൻ” എന്നു പരക്കെ അറിയപ്പെട്ടിരുന്നു. മണിപ്പുഴയില്ലത്തെ കാര്യസ്ഥനെന്ന നിലയിൽ അദ്ദേഹം ധാരാളം പണം സമ്പാദിച്ചതായി കേട്ടിട്ടുണ്ട്. അതിപ്രതാപശാലിയായിരുന്നുവത്രേ. അച്ഛന്റെ മരണത്തിനുശേഷം അധികകാലം കഴിയുന്നതിനുമുൻപുതന്നെ കാര്യസ്ഥന്റെ സേവനം തങ്ങൾക്കാവശ്യമില്ലെന്ന് മണിപ്പുഴയില്ലത്തെ പുതുതലമുറയിൽപ്പെട്ടവർ സൂചിപ്പിച്ചുതുടങ്ങി. അങ്ങനെ വലിയമ്മാമൻ വീട്ടിൽത്തന്നെ സ്ഥിരതാമസമായി.

വലിയമമ്മാമന് എന്നോട് വലിയ വാത്സല്യമായിരുന്നു. അദ്ദേഹത്തിന്റെ സുബ്രഹ്മണ്യഭക്തി നാട്ടിലെങ്ങും പ്രസിദ്ധമാണ്. പഴനിക്കു പോകാൻ നോമ്പു നോറ്റ് കാവടിയുമേന്തി ചുറ്റുപാടുമുള്ള എല്ലാ വീടുകളിലും ഭിക്ഷ തേടി ചെല്ലാറുണ്ടായിരുന്നതാണ് കാരണം. സന്ധ്യയ്ക്ക് കർപ്പൂരം കത്തിച്ച് പഴനിയാണ്ടവനെ സ്തുതിച്ചുകൊണ്ടുള്ള അനേകം ശ്ലോകങ്ങൾ അദ്ദേഹം ചൊല്ലുകയും എന്നെക്കൊണ്ട് ചൊല്ലിക്കുകയും ചെയ്യുമായിരുന്നു.

ഷഡാനനം കുങ്കുമരക്തവർണം
മഹാമതിം ദിവ്യമയൂരവാഹനം
രുദ്രസ്യ സൂനും സുരസൈന്യനാഥം
ഗുഹം സദാ ശരണമഹം പ്രപദ്യേ



എന്ന പദ്യം അവയിലൊന്നാണ്.

സുബ്രഹ്മണ്യന്റെ സഹോദരനാണല്ലോ ഗണപതി. വലിയമ്മാമൻ ഗണപത്യഷ്ടകവും എന്നെ പഠിപ്പിച്ചിട്ടുണ്ട്.

ഏകദന്തം മഹാകായം തപ്തകാഞ്ചനസന്നിഭം
ലംബോദരം വിശാലാക്ഷം വന്ദേഹം ഗണനായകം

എന്നു തുടങ്ങുന്ന എട്ടു ശ്ലോകങ്ങൾ.

ഞങ്ങളുടെ പറമ്പ് മാവ്, പ്ലാവ്, തെങ്ങ്, കവുങ്ങ് മുതലായ ഫലവൃക്ഷങ്ങളും മുളങ്കൂട്ടവുമൊക്കെയുള്ളതാണ്. മാങ്ങാക്കാലത്ത് വലിയമ്മാമൻ എന്നെ അടുത്തു വിളിച്ച് പഴുത്ത മാങ്ങകൾ പൂളുപൂളായി മുറിച്ച് താനും തിന്ന് എനിക്ക് തിന്നാൻ തരികയും ചെയ്യും. പ്രമേഹം നല്ലപോലെയുള്ള അദ്ദേഹം അക്കാലത്ത് ദിവസവും ഈ പതിവ് ആവർത്തിക്കും. കാരണവരായതുകൊണ്ട് ആരും എതിർത്തു പറയുകയുമില്ല.

അവസാനകാലത്ത് ചിത്തഭ്രമം പിടിപെട്ട് വളരെ കഷ്ടപ്പെട്ടാണ് വലിയമ്മാമൻ മരിച്ചത്.

★

### 15. എന്റെ വായനശാലകൾ

എന്റെ ഗ്രന്ഥശാല എന്ന വിഷയത്തെക്കുറിച്ചു പറയുമ്പോൾ അല്പം രസകരമായിരിക്കുമതെന്ന് എനിക്കെങ്കിലും തോന്നുന്നുണ്ട്. മറ്റു പലർക്കും അങ്ങനെ തോന്നിയിട്ടുണ്ടെന്ന് അവരുടെ വാക്കുകളിൽനിന്ന് എനിക്കു മനസ്സിലായിട്ടുമുണ്ട്. ഇക്കാര്യത്തെപ്പറ്റി പറയുന്നതിനുമുൻപ് എന്റെ വായനശാലകളെക്കുറിച്ച് കുറച്ചു വാക്കുകളാവാമെന്നു തോന്നുന്നു.

കുട്ടിക്കാലത്ത് അമ്മതന്നെയായിരുന്നു എന്റെ വായനശാല. അമ്മ എന്നെ മടിയിലിരുത്തി അച്ചടിച്ച (അധ്യാത്മ)രാമായണവും താളിയോലയിലെഴുതിയ കൃഷ്ണപ്പാട്ടും (കൃഷ്ണഗാഥ) വായിക്കുമ്പോൾ ഞാൻ ശ്രദ്ധിച്ചു കേൾക്കുമായിരുന്നു. അർഥമൊന്നും പിടികിട്ടിയില്ലെങ്കിലും ആ രീതിയിൽ ലയിച്ചിരിക്കുമായിരുന്നു. പിന്നീട് എന്നേക്കാൾ രണ്ടു വയസ്സ് മൂപ്പുള്ള ഏട്ടൻ സ്കൂളിൽ പോയിത്തുടങ്ങിയപ്പോൾ, ഏട്ടൻ വായിക്കുന്നതു കേൾക്കുകയും ഏട്ടന്റെ പുസ്തകങ്ങളിൽ കൗതുകം തോന്നിയ കഥകളും കവിതകളും ചെറിയ ഉപന്യാസങ്ങളും വായിക്കാൻ ശ്രമിക്കുകയും ചെയ്തു. രണ്ടുകൊല്ലം കഴിഞ്ഞ് ഞാൻതന്നെ സ്കൂളിൽ പോകാൻ തുടങ്ങിയപ്പോൾ സ്വന്തം പാഠപുസ്തകങ്ങൾ വായിക്കാൻ വലിയ ഉത്സാഹമായിരുന്നു. പദ്യങ്ങൾ കാണാപ്പാഠം പഠിക്കാനും നല്ല രസമായിരുന്നു. പുതിയ പാഠപുസ്തകങ്ങളുടെ മണം തികച്ചും ആകർഷകം. അതുകൊണ്ട് പാഠപുസ്തകം 'പൊന്നുപോലെ' സൂക്ഷിച്ചു.

അപ്പോഴേക്കും അമ്മയുടെ രാമായണപാരായണവും കൃഷ്ണപ്പാട്ടുവായനയും ശ്രദ്ധിക്കുമ്പോൾ കുറച്ചൊക്കെ അർഥം മനസ്സിലായിത്തുടങ്ങി. പാഠപുസ്തകത്തിലുള്ള രാമായണത്തിലെയും കൃഷ്ണഗാഥയിലെയും ചില ഭാഗങ്ങൾ അധ്യാപകർ ക്ലാസ്സിൽ പഠിപ്പിക്കുമ്പോഴും എക്സ്ട്രാ ക്ലാസ്സുകളിൽ മറ്റു കഥകൾ പറഞ്ഞുതരുമ്പോഴും വീട്ടിൽ അമ്മയുടെ വായന എല്ലാ നിലയ്ക്കും അർഥവത്തായി അനുഭവപ്പെട്ടുതുടങ്ങി. മൂന്നും നാലും അഞ്ചും ക്ലാസ്സുകളിൽ ഒരേ അധ്യാപകനായിരുന്നു (പാച്ചമംഗലം പത്മനാഭൻ നമ്പൂതിരി) ക്ലാസ്മാഷ്. അദ്ദേഹത്തിന്റെ അധ്യാപനം ഫലിതമയവും അതുകൊണ്ടുതന്നെ രസകരവുമായിരുന്നു.

അപ്പർപ്രൈമറിസ്കൂളിലെത്തിയപ്പോൾ സാഹിത്യസമാജവും കൈയെഴുത്തുമാസികയുമൊക്കെ ആരംഭിച്ചതോടെ സ്കൂളിലെ ഗ്രന്ഥശാല ഫലപ്രദമായി പ്രയോജനപ്പെടുത്താൻ തുടങ്ങി. ഒപ്പം, ചെറുതാഴം പഞ്ചായത്ത് ലൈബ്രറിയും മണ്ടൂർ പൊതുജനവായന



ശാലയും ഉപയോഗിക്കാൻ കഴിഞ്ഞു. രണ്ടിടത്തെയും ലൈബ്രേറിയന്മാർ എന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമായിരുന്നതാണ് മുഖ്യകാരണം. കൂടാതെ, എന്റെ വലിയമ്മയുടെ മകനും അധ്യാപകനും സഹൃദയനുമായ എൻ. വി. എം. നാരായണൻ ഉണിത്തിരിയുടെ വീട്ടിലെ ഗ്രന്ഥശേഖരവും എനിക്ക് യഥേഷ്ടം ഉപയോഗിക്കാമായിരുന്നു.

അധ്യാപകപരിശീലനത്തിന് കണ്ണൂരിലെത്തിയപ്പോൾ, നഗരത്തിലെ പബ്ലിക് ലൈബ്രറിയിലെ ഉദ്യോഗസ്ഥൻ, അവിടെയിരുന്ന് ആനുകാലികപ്രസിദ്ധീകരണങ്ങൾ വായിക്കാനും പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോയി വായിക്കാനും വേണ്ട സൗകര്യങ്ങൾ ചെയ്തുതന്നിരുന്നു. സ്വന്തമായി എഴുതാനും ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കാനും തുടങ്ങിയതും കണ്ണൂർ ബേസിക് ട്രയിനിങ് സ്കൂളിൽ പഠിച്ചിരുന്നപ്പോൾത്തന്നെ.

എഴുത്ത് തുടങ്ങിയത് വായന കൂടാൻ കാരണമായെന്നു പറയേണ്ടതില്ലല്ലോ. അധ്യാപകപരിശീലനം കഴിഞ്ഞതോടെ ഉപരിപഠനത്തിനുള്ള തുടക്കമെന്ന നിലയിൽ മലയാളം വിദ്വാൻ പ്രിലിമിനറി പരീക്ഷയ്ക്കിരുന്നു. സംസ്ഥാനത്ത് ഒന്നാമനായി വിജയിച്ചു; രണ്ടാം ക്ലാസ്സേ ഉള്ളുവെങ്കിലും. അപ്പോഴേക്കും പ്രൈമറിസ്കൂൾ അധ്യാപകനായി. വിദ്വാൻ ഫൈനൽ പാസ്സാവുന്നതിനുമുൻപുതന്നെ ഹൈസ്കൂളിൽ മലയാളഭാഷാധ്യാപകനായി നിയമിക്കപ്പെട്ടു. അന്നുതന്നെ വടക്കേ മലബാറിലെ പഴക്കവും പേരുമുള്ള മൂത്തേടത്ത് ഹൈസ്കൂളിൽ ചേർന്നപ്പോൾ പുസ്തകവൈവിധ്യംകൊണ്ടു സമ്പന്നമായ അവിടുത്തെ ലൈബ്രറി ശരിക്കും ഉപയോഗപ്പെടുത്താൻ സാധിച്ചു. വിദ്വാൻ ഫൈനൽ പരീക്ഷയിൽ പ്രശസ്തവിജയം കൈവരിക്കാൻ സാധിച്ചതോടെ, ബി. എ.യ്ക്കുള്ള തയ്യാറെടുപ്പു തുടങ്ങി. അപ്പോൾ, കല്യാശ്ശേരി ഹൈസ്കൂളിൽ മലയയാളഭാഷാധ്യാപകനായിരുന്നു ഞാൻ.

തുടർന്ന്, സംസ്കൃതം അടിസ്ഥാനപരമായി പഠിച്ചില്ലെങ്കിൽ മലയാളത്തിലെ സന്ധിസമാസാദികൾതന്നെ വ്യാകരണത്തെറ്റുകൂടാതെ കൈകാര്യം ചെയ്യുക, അവസരോചിതമായ പുതിയ പദങ്ങൾ നിർമിക്കുക മുതലായവ എളുപ്പമല്ലെന്ന് എനിക്കു ബോധ്യമായി. മഹാപണ്ഡിതനും സഹൃദയനും ഹൈസ്കൂളിൽ എന്റെ മലയാളഭാഷാധ്യാപകനുമായിരുന്ന വ്യാകരണശിരോമണി ഒ. കെ. മുൻഷി എന്റെ വീട്ടിൽനിന്നു വളരെ ദൂരെയല്ലാത്ത വിളയാങ്കോട്ട് പുതിയ വീടുണ്ടാക്കി താമസമായതുകൊണ്ട് അദ്ദേഹത്തിന്റെ കീഴിൽ സംസ്കൃതം പഠിക്കുക വിഷമമല്ലെന്ന് മനസ്സിലാക്കി ഞാൻ സിദ്ധരൂപം മുതൽ പഠി

ച്ചുതുടങ്ങി. സിദ്ധാന്തകൗമുദി പൂർവാർധം വരെയും മഹാഭാഷ്യം പസ്പശാഹ്നികവും പഠിച്ച് ഗുരൂപദേശമനുസരിച്ച് പഞ്ചമഹാകാവ്യങ്ങളും മറ്റും മല്ലിനാഥാദിവ്യാഖ്യാനങ്ങളുടെ സഹായത്തോടെ പരിശീലിച്ചു.

ഇത്രയുമായപ്പോൾ സ്വന്തമായി ഒരു ലൈബ്രറിയുണ്ടാക്കുന്നതാണ് നല്ലതെന്ന് എനിക്കു തോന്നി. അപ്പോഴാണ് സാഹിത്യപ്രവർത്തകസഹകരണസംഘം തവണകളായി പണമടച്ച് നിശ്ചിതസംഖ്യയ്ക്കു പുസ്തകങ്ങൾ വാങ്ങിക്കുന്ന ഒരു പദ്ധതി പ്രഖ്യാപിച്ചത്. അതിൽ ചേർന്ന് ഒരു ഉരുക്കലമാറയടക്കം കുറേ പുസ്തകങ്ങൾ സ്വന്തമാക്കി. എം. എ. (സംസ്കൃതം) പരീക്ഷയിൽ പ്രശസ്തവിജയം നേടിയപ്പോൾ കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ പി. എച്ച്. ഡി.ക്കു ചേരണമെന്നായി മോഹം. അതിനും സാഹചര്യങ്ങളൊത്തുവന്നു.

പിന്നെ സ്വന്തം ലൈബ്രറി വികസിപ്പിക്കണമെന്ന ഉദ്ദേശ്യം കൂടി മനസ്സിൽ കണ്ട് ആൾ ഇന്ത്യാ ഓറിയന്റൽ കോൺഫറൻസുകൾക്കൊക്കെ പോയാൽ വിലപ്പെട്ട അപൂർവപുസ്തകങ്ങൾ വാങ്ങുക പതിവായി. അങ്ങനെ, ഞാൻ മുപ്പതിലേറെ കൊല്ലം ജോലി ചെയ്ത കോഴിക്കോട് സർവകലാശാലാക്യാമ്പസ്സിന്നടുത്തുതന്നെ ഒരു കെട്ടിടം പണിത് സ്ഥിരതാമസം തുടങ്ങി. എനിക്കു സ്വന്തമായി കാറൊന്നുമില്ലെങ്കിലും വീട്ടിനോടനുബന്ധിച്ച് ഒരു കാർപോർച്ചുണ്ടാക്കിയിരുന്നു.

എന്റെ മക്കൾ സ്കൂളിൽ പഠിക്കുന്ന കാലത്ത് അവർക്കുവേണ്ടി വാങ്ങിയ ബാലമാസികകളും മറ്റാനുകാലികപ്രസിദ്ധീകരണങ്ങളും ഞാൻ വരുത്തുന്ന ദിനപത്രങ്ങളുമെല്ലാം വായിച്ചുകഴിഞ്ഞാൽ, അടുത്ത സ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഉപകാരമാവട്ടെ എന്ന വിചാരത്തിൽ ആ പോർച്ചിൽ രണ്ടു ബഞ്ചും ഒരു മേശയും കസേരയുമിട്ട് അവർക്കു വായിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കി. കൈരളി ഗ്രാമീണവായനശാല എന്ന ബോർഡും തൂക്കി. കുട്ടികൾ മാത്രമല്ല, മുതിർന്നവരും പകലന്തിയോളം അവിടെ വന്ന് വായന തുടർന്ന് എന്റെ വായനശാല നന്നായി പ്രയോജനപ്പെടുത്തി.

മക്കൾ വലുതായി ഉന്നതവിദ്യാഭ്യാസം നേടി തങ്ങളുടെ ജോലിസ്ഥലങ്ങളിൽ സ്ഥിരതാമസമായതോടുകൂടി എന്റെ സ്വന്തം പൊതുജനഗ്രാമീണവായനശാലയും ഇല്ലാതായി; നാമം പോലും അവശേഷിപ്പിക്കാതെ!

ഇതുകൊണ്ടൊക്കെയാണ് എന്റെ വായനശാലകൾ എന്ന് ഈ ചെറിയ കുറിപ്പിന് പേരിട്ടത്.

★

«

## 16. ചെറുതാഴം പഞ്ചായത്ത് ലൈബ്രറി

കുളപ്പുറത്ത് താമസിക്കുന്ന കാലത്ത് ഞാൻ വീട്ടിന്റെ വടക്കുഭാഗത്തെ ഗെയിറ്റിന്റെ കൽത്തിണ്ണയിൽ കാറ്റും കൊണ്ട് പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നത് വഴിപോകുന്നവർ ശ്രദ്ധിക്കും. കവിതാപുപസ്തകമാണെങ്കിൽ വായന ഉച്ചത്തിൽത്തന്നെയാവും. തളാപ്പൻ വീട്ടിലെ കൃഷ്ണൻ ദിവസവും വൈകുന്നേരം വീട്ടിലേക്കു മടങ്ങുമ്പോൾ കോണിത്തിണ്ണമേൽ വായിച്ചുകൊണ്ടിരിക്കുന്ന എന്നെ കാണും. ഒരു ദിവസം അദ്ദേഹം എന്റെ അടുക്കൽ വന്ന് "പഞ്ചായത്തിൽ വന്നാൽ ലൈബ്രറിയിലിരുന്ന് ഇഷ്ടംപോലെ പുസ്തകം വായിക്കാം. അവിടെ വന്നാൽ അതിനുള്ള എല്ലാ സൗകര്യങ്ങളും ഞാൻ ചെയ്തുതരാം." കൃഷ്ണന്ന് പഞ്ചായത്തിലാണ് ജോലി. ലൈബ്രറിയുടെ ചുമതലയും അദ്ദേഹത്തിന്നാണ്.

അതനുസരിച്ച് ഞാൻ പലപ്പോഴും ഒഴിവുദിവസങ്ങളിൽ മൂന്നുമണിയോടുകൂടി ചെറുതാഴം പഞ്ചായത്ത് ലൈബ്രറിയിലേക്ക് പോകും. പഞ്ചായത്തിലെ ഗ്രന്ഥാലയത്തിൽ വിവിധവിഷയങ്ങളിലുള്ള ധാരാളം പുസ്തകങ്ങളുണ്ട്. ഗാന്ധിജി, നെഹ്റു എന്നിവരുടെ ആത്മകഥകളും മറ്റു ഗ്രന്ഥങ്ങളും റഷ്യനിലെയും ബംഗാളിയിലെയും പ്രസിദ്ധനോവലുകളുടെ വിവർത്തനങ്ങൾ, മലയാളത്തിലെ അന്ന് ലഭ്യമായ മിക്ക നോവലുകളും കവിതകളും നിരൂപണങ്ങളും കുറേ ഇംഗ്ലീഷ് പുസതകങ്ങളുമുണ്ട്. എത്ര നേരമെങ്കിലും അവിടെയിരുന്നു വായിക്കാം. ഒരു തവണ ഒന്നോ രണ്ടോ പുസ്തകങ്ങൾ വീട്ടിലേക്ക് വായിക്കൻ കൊണ്ടുവരാം. ആകപ്പാടെ പുസ്തകപ്രേമിയായ എനിക്കു പറ്റിയ അന്തരീക്ഷം.

അവിടെനിന്നാണ് ഞാൻ പേൾ എസ് ബക്കിന്റെ *നല്ല ഭൂമി* വായിച്ചത്. അതിന്റെ വിവർത്തകൻ മഹാപണ്ഡിതനായ എം. പി. ശങ്കുണ്ണിനായരാണെന്ന് പിന്നീടാണറിഞ്ഞത്. അതുപോലെ ബങ്കിംചന്ദ്ര ചാറ്റർജിയുടെ *ആനന്ദമഠം* എന്ന നോവൽ വായിച്ചത്. ആ നോവൽ എന്റെ ജീവിത്തിൽ ചെലുത്തിയ സ്വാധീനം എത്രയുണ്ടെന്നതിന് ഒരു തെളിവ് കൂടിയാണ് എന്റെ വീടിന് 'ആനന്ദമഠം' എന്ന പേരിട്ടത്. *യുദ്ധവും സമാധാനവും* വായിക്കാൻ തുടങ്ങി കുറേയെത്തിയിട്ടും കഥ തുടങ്ങാത്തുകൊണ്ട് മടുത്തു നിർത്തിയെന്നു പറയാൻ ലജ്ജയുണ്ട്. പക്ഷേ, അതാണ് സത്യം.

.

പിന്നെ വളരെക്കാലം കഴിഞ്ഞാണ് അതിന്റെയും കർത്താവായ ടോൾസ്റ്റോയിയുടെയും പ്രാധാന്യം മനസ്സിലാക്കി വായിച്ചു തീർത്തത്. എന്നാൽ, വിക്ടർ ഹ്യൂഗോയുടെ *പാവങ്ങൾ* ഒറ്റയിരിപ്പിലെന്നപോലെ, രണ്ടാഴ്ച്ചകൊണ്ട്, വായിച്ചുതീർത്തു. നാലപ്പാട്ട് നാരായമേനോന്റെ തർജമയാണതെന്നൊക്കെ മനസ്സിലാക്കിയത് വളരെക്കഴിഞ്ഞാണ്. തർജമയാണെന്ന് തോന്നിയിട്ടേ ഇല്ല. *കണ്ണുനീർത്തുള്ളി*യുടെ കർത്താവാണ് നാലപ്പാട്ട് നാരായണമേനോനെന്നും എം. ആർ. നായരുടെ (സഞ്ജയന്റെ) ഭാഷയിൽ "രണ്ടാംതരം കവിയുടെ ഒന്നാന്തരം കാവ്യമാണ്" അതെന്നുമൊന്നും അന്നറിയുമായിരുന്നില്ല. "രതിസാമ്രാജ്യ"മെന്ന കാമശാസ്ത്രസർവസ്വമായ ഗ്രന്ഥത്തിന്റെ കർത്താവാണതെന്ന് കേട്ടിട്ടുപോലുമില്ല.

ഇത്രയും പറഞ്ഞത്, ചെറുതാഴം പഞ്ചായത്ത് ലൈബ്രറി എന്റെ സാഹിത്യജീവിതത്തിന്റെ അടിത്തറയൊരുക്കിയ ഗ്രന്ഥാലയമാണെന്നു കാണിക്കാനാണ്.

★



### 17. മണ്ടൂർ പൊതുജനവായശാല

മണ്ടൂർ പൊതുജനവായനശാലയുമായി എനിക്കുള്ള ഗാഢബന്ധം 1956 മുതൽ 1974 വരെ നീണ്ടുനിന്നു. അതായത്, കല്യാശ്ശേരി ഗവണ്മെണ്ട് ഹൈസ്കൂൾ വിട്ട് കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ പി. എച്ച്. ഡി. ഗവേഷകവിദ്യാർഥിയായി ചേരുംവരെ. അന്ന് കുളപ്പുറത്തെ എന്റെ വീട്ടിലൊന്നും റേഡിയോ ഇല്ല. കേൾക്കാൻ ധാരാളം ആളുകളുള്ളതുകൊണ്ട് വായനശാലാഭാരവാഹികൾ റേഡിയോ സന്ധ്യയോടുകൂടി ആകാവുന്നത്ര ഉച്ചത്തിൽ വെക്കുകയും ചെയ്യും. വിശേഷിച്ച് തിരഞ്ഞെടുപ്പുകാലങ്ങളിൽ. ദിനപത്രങ്ങളും ആനുകാലികങ്ങളും വായിക്കാൻ മണ്ടൂർ പൊതുജനവായനശാലയാണ് ഏറ്റവും പറ്റിയ പൊതുവിടം. മണ്ടൂരാണ് അന്ന് ഞങ്ങളുടെ പോസ്റ്റോഫീസും. (പിന്നീടാണ് വിളയാങ്കോട്ടേക്കു മാറിയത്).

എസ്. എസ്. എൽ. സി. കഴിഞ്ഞ് അടുത്ത കൊല്ലം കണ്ണൂരിൽ ടി. ടി. സി. ക്ക് പോകാനാഗ്രഹിക്കുന്ന എനിക്ക് കഷ്ടിച്ച് ഒരു കൊല്ലം ഇടവേളയുണ്ട്. അപ്പോൾ മാടായി ഹൈസ്കൂളിന്നടുത്തുള്ള എരിപുരത്ത് കർഷകസംഘം ഓഫീസിൽ പാട്ടക്കോടതിയിൽ കൃഷിക്കാർക്കുവേണ്ടി കേസ് വാദിക്കുന്ന കെ. കുമാരന്റെ കീഴിൽ ഗുമസ്തനായി ഞാൻ പണിയെടുത്തു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ പാട്ടക്കോടതി നിർത്തിയതോടെ എന്റെ പണിയും പോയി. പിന്നെ ഞാൻ മണ്ടൂർ പൊതുജനവായനശാലയിൽ കെ. പി. പത്മനാഭൻ മാസ്റ്ററുടെ മുറിയിൽ അദ്ദേഹത്തെ സഹായിക്കാൻ എഴുത്തുപണി ചെയ്തുതുടങ്ങി. മാസം നാല്പതു രൂപ കിട്ടും. ചെറുതാഴത്തെ നാരായണേട്ടന്റെ വീട്ടിൽ ഉച്ചയ്ക്ക് ഊണുകഴിക്കാൻ പോകാമെന്ന് അദ്ദേഹവും സരസ്വതിയേച്ചിയും സമ്മതിച്ചതോടെ ഉച്ചയ്ക്കെ ആഹാരപ്രശ്നവും പരിഹരിക്കപ്പെട്ടു.

ആ കാലത്തും പിന്നീടും മണ്ടൂർ പൊതുജനവായനശാല എന്റെ പ്രസംഗപരിശീലനകേന്ദ്രം കൂടിയായി മാറി. എന്റെ സുഹൃത്തും സതീർഥ്യനുമായ സി. വി. ബാലകൃഷ്ണൻ വായനശാലയുടെ ചുമതലയേറ്റ കാലം. വായനശാലാഹാളിൽ വൈകുന്നേരം വന്നുചേർന്ന കൊച്ചുവിദ്യാർഥികളടക്കമുള്ള ഹ്രസ്വസദസ്സിന്റെ മുൻപിൽ ഞാൻ സംസാരിക്കണമെന്ന് അദ്ദേഹം ആവ

ശ്യപ്പെട്ടതനുസരിച്ച് അവർക്കുകൂടി താല്പര്യമുള്ള ഏതെങ്കിലും വിഷയത്തെപ്പറ്റി ഞാൻ പ്രസംഗിക്കും. അത് പിൽക്കാലത്ത് പ്രാസംഗികൻ എന്ന നിലയ്ക്കുള്ള എന്റെ 'വേഷം കെട്ട്'ലിന് മുന്നൊരുക്കം പോലെയായി.

ഇപ്രകാരം, പിന്തിരിഞ്ഞുനോക്കുമ്പോൾ പല നിലയ്ക്കും എന്റെ പിൽക്കാലസാംസ്കാരികജീവിതത്തിന്റെ പരിശീലനക്കളരിയായി മണ്ടൂർ പൊതുജനവായനശാല മാറി എന്നു പറയാം.

★



**18. നേതാജിസ്മാരകവായനശാല**

ഹനുമാരമ്പലത്തിനു മുന്നിൽ റോഡിന്റെ മുൻവശത്ത് സ്ഥിതി ചെയ്യുന്ന നേതാജിസ്മാരകവായനശാലയാണ് ഞാൻ പോകാറുള്ള മറ്റൊരു ഗ്രന്ഥാലയം. അതിന്നടുത്തുള്ള ശ്രീരാമവിലാസം യു. പി. സ്കൂളിലെ കെ. പി. മാധവൻ നമ്പൂതിരി സഹൃദയനും എന്റെ ബന്ധുവും അഭ്യുദയകാംക്ഷിയുമാണ്. അദ്ദേഹത്തിന്റെ ഉപദേശത്താലാണ് ഞാൻ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ സ്മാരകമായി സ്ഥാപിതമായ ആ വായനശാലയിൽ പോകുന്നത്. അത്രയൊന്നും പ്രബുദ്ധമെന്നു പ്രസിദ്ധിയില്ലാത്ത അതുപോലുള്ളൊരു ഗ്രാമപ്രദേശത്ത് അക്കാലത്ത് ആ ധീരനേതാവിന്റെ സ്മരണ നിലനിർത്തുന്നതിന് വായനശാലപോലുള്ളൊരു സാംസ്കാരികസ്ഥാപനമുണ്ടായി എന്നതുതന്നെ ആ നാട്ടിന്റെ പ്രബുദ്ധതയ്ക്കൊരു തെളിവായി തോന്നുന്നു.

ശ്രീരാമവിലാസം സ്കൂളിലെത്തന്നെ അവറോന്നൻ ദാമോദരൻ (എ. ദാമോദരൻ നായർ) മാഷും എന്റെ ആരാധന പിടിച്ചുപറ്റിയ അസാധാരണനായ ഒരധ്യാപകനായിരുന്നു. നല്ലൊരു നാടകാഭിനേതാവും കൃഷിയിൽ പല പരീക്ഷണങ്ങളും നടത്തി വിജയം കൈവരിച്ച വ്യക്തിയുമാണ് അദ്ദേഹം. ശ്രീരാമവിലാസം സ്കൂളിലെ ഒരു വാർഷികോത്സവത്തിൽ അദ്ദേഹം നാടകത്തിൽ അസ്സലായി അഭിനയിച്ചത് ഞാൻ കണ്ടിട്ടുണ്ട്. കമ്പോസ്റ്റ്വളമുണ്ടാക്കി കാർഷികാഭിവൃദ്ധി നേടിയെടുത്ത ആളുകൾ മാഷെപ്പോലെ നാട്ടിൽ അന്ന് അധികമുണ്ടായിരുന്നില്ല.

നേതാജിസ്മാരകവായനശാലയിൽനിന്നെടുത്ത ചില പുസ്തകങ്ങളിലൂടെയാണ് ഞാൻ നേതാജിയെപ്പറ്റിയും ഐ. എൻ. എ. യെപ്പറ്റിയും ക്യാപ്റ്റൻ ലക്ഷ്മിയെപ്പറ്റിയും കുറേയധികം കാര്യങ്ങൾ മനസ്സിലാക്കിയത്. സ്വാതന്ത്ര്യസമരത്തിൽ ആ മഹാൻ വഹിച്ച പങ്ക് പലരും വേണ്ടത്ര ശരിയായി വിലയിരുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല.

★

### 19. ഇരിങ്ങാലക്കുട സാഹിത്യപരിഷത്സമ്മേളനം

കണ്ണൂർ ബേസിക് ട്രയിനിങ് സ്കൂളിൽ അധ്യാപകപരിശീലനം നടത്തവേ, എന്റെ സാഹിത്യജീവിതം വളരുന്നതിന് സഹായകമായ അന്തരീക്ഷം അവിടെ നല്ലപോലെ കിട്ടി. കുഞ്ചൻ നമ്പ്യാരുടെ തറവാടുമായി ബന്ധപ്പെട്ട ഒരു കുടുംബത്തിലാണ് താൻ പിറന്നതെന്ന് അവിടത്തെ ഹെഡ് മാസ്റ്ററായിരുന്ന ഡോ. എൻ. ബാലകൃഷ്ണൻ ഞങ്ങളോട് പറഞ്ഞിട്ടുണ്ട് (പിന്നീട് കല്യാശ്ശേരി ഗവണ്മെന്റ് ഹൈസ്കൂളിൽ ജോലി ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ സഹാധ്യാപകനായി പ്രവർത്തിക്കാനും എനിക്ക് അവസരം ലഭിച്ചു.) സുകുമാർ അഴീക്കോട് (പിൽക്കാലത്ത് അഴീക്കോട് മലയാളവിഭാഗത്തിന്റെയും ഞാൻ സംസ്കൃതവിഭാഗത്തിന്റെയും മേധാവികളെന്ന നിലയിൽ സഹകരിച്ചു പ്രവർത്തിക്കാൻ എനിക്ക് സാധിച്ചു), നാടകകൃത്തും സാഹിത്യനിരൂപകനുമായ ഡോ. ടി. പി. സുകുമാരൻ (സാഹിത്യസമിതിയിൽ ഒന്നിച്ചു പ്രവർത്തിച്ചു), വാഗ്ഭടാനന്ദശിഷ്യനായ എം. ടി. കുമാരൻ മുതലായവർ അവിടെ പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടവരിൽ ചിലരായിരുന്നു.

സുകുമാർ അഴീക്കോടിനെ ഏറ്റവും ശ്രദ്ധേയനാക്കിയ *ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു* എന്ന പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ട് അധികദിവസം കഴിയുന്നതിനു മുൻപുതന്നെ ഹെഡ് മാസ്റ്ററുടെ മേശപ്പുറത്ത് ആ പുസ്തകം കണ്ട് ഞാൻ അത് നോക്കിയപ്പോൾ അദ്ദേഹം, "ഉണ്ണിത്തിരിക്ക് അത് വായിക്കണമെന്നുണ്ടെങ്കിൽ എടുത്തോളൂ. ഞാൻ പിന്നെ വായിച്ചോളാം" എന്നു പറഞ്ഞ് അത് വായിക്കാൻ തന്നതും ഞാൻ അത് വായിച്ചുതീർത്ത് ഒരാഴ്ച്ചയ്ക്കുള്ളിൽ തിരിച്ചുകൊടുത്തതും ഓർക്കുന്നു.

പി. വി. കെ. നെടുങ്ങാടി പത്രാധിപരായ *ദേശമിത്രം ആഴ്ചപ്പതിപ്പു*മായി ബന്ധപ്പെട്ട് ഒരു സാഹിത്യക്കൂട്ടായ്മ രൂപീകരിച്ചതും അതിന്റെ നേതൃത്വത്തിൽ കണ്ണൂർ വിചിത്രാ ഹോട്ടലിന്റെ ടെറസ്സിൽവെച്ച് മഹാകവി പി. കുഞ്ഞിരാമൻ നായർക്ക് നൽകിയ സ്വീകരണയോഗത്തിൽ ''മംഗളം മഹാകവേ!'' എന്ന പേരിൽ ഒരു കവിത എഴുതി വായിച്ച് അദ്ദേഹത്തിനു സമർപ്പിച്ചതും അത് *ദേശമിത്ര*ത്തിൽ പ്രസിദ്ധീകരിച്ചതും എന്നെന്നും സൂക്ഷിച്ചുവെക്കാവുന്ന ഓർമകളാണ്.

തുടർന്ന് 1964–ൽ ഇരിങ്ങാലക്കുട സമസ്തകേരളസാഹിത്യപരി



ഷത്തിൽ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായരുടെ ജോർജ് നെല്ലായിക്കുള്ള പരിചായകക്കത്തോടുകൂടി പങ്കെടുത്തതും എനിക്കാണ് കവിതാമത്സരത്തിൽ സമ്മാനം കിട്ടിയതെന്ന് നെല്ലായിയിൽനിന്നറിഞ്ഞതും അവിടെയെത്തിയപ്പോൾ നാട്ടുകാരനും അഭ്യുദയകാംക്ഷിയുമായ സി. പി. ശ്രീധരൻ കൂട്ടിക്കൊണ്ടുപോയി താമസസ്ഥലത്തെത്തിച്ചതും ആവശ്യമായ സൗകര്യങ്ങളെല്ലാം ചെയ്തുതന്നതും സുകുമാർ അഴീക്കോടിന്റെ ഉജ്ജ്വലമായ ഉദ്ഘാടനപ്രസംഗം കേട്ടതും രാത്രി അഴീക്കോടിനോടും ശ്രീധരനോടുമൊപ്പം ഹോട്ടലിൽ ചെന്ന് അത്താഴം കഴിച്ചതും സി. പി. എന്നെ മുറിയിൽ കൊണ്ടാക്കി, "അടുത്തമുറിയിൽ ഹരിപ്പാട് ശ്രീകുമാരൻ തമ്പിയാണ്. എല്ലാവരെയും സൗകര്യം പോലെ പരിചയപ്പെട്ടോളൂ." എന്നു പറഞ്ഞു പിരിഞ്ഞതും ഒരിക്കലും മറക്കാൻ പറ്റില്ല.

പിറ്റേന്നാൾ രാവിലെത്തന്നെ ശ്രീകുമാരൻ തമ്പിയെ പരിചയപ്പെട്ടു. ഞാൻ അന്ന് ഒട്ടും പ്രസിദ്ധനല്ലാതിരുന്നതിനാൽ എന്നേക്കാൾ അഞ്ചാറ് വയസ്സ് മൂപ്പുള്ള അദ്ദേഹം അതൊന്നും ഓർമിച്ചിരിക്കാനിടയില്ല.

പിറ്റേന്നാൾ ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ വന്ന് എന്നെ അന്വേഷിച്ച് മുറിയിൽ വന്ന് "വരൂ" എന്നു പറഞ്ഞ് എന്നെ ഒപ്പം കൂട്ടി ചായയും പലഹാരവും കഴിക്കാൻ പോയതുമൊക്കെ ഓർക്കുമ്പോൾ ആ വാത്സല്യനിധിയെപ്പറ്റി എനിക്ക് സ്വതേയുള്ള ബഹുമാനം പതിന്മടങ്ങ് വർധിച്ചു. മധ്യവയസ്കരും വൃദ്ധരുമായ പലരും ബാലകൃഷ്ണൻ നായരോട് ബഹുമാനവും എന്നോട് വാത്സല്യവും പ്രകടിപ്പിക്കുന്നത് ഞാൻ അത്ഭുതത്തോടെ കണ്ടു. ചേങ്ങല മുട്ടിക്കൊണ്ട് നാടൻ പാട്ടുകൾ ഈണത്തിൽ പാടുന്ന ബാലകൃഷ്ണൻ നായരുടെ ചിത്രം സി. പി. തന്നെ എന്നോട് മുൻപ് വിവരിച്ചിട്ടുണ്ട്. അത് നേരിട്ടനുഭവിച്ചവരായിരിക്കാം അവരിൽ പലരും.

തുടർന്ന് പരിഷത്സമ്മേളനങ്ങളിൽ പങ്കെടുത്തില്ലെങ്കിലും സാഹിത്യപരിഷത്ത്രൈമാസികത്തിൽ ഞാൻ ചില ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

★

### 20. ശ്രീരാമകൃഷ്ണാശ്രമം ഹൈസ്കൂളിലെ സാഹിത്യസമിതിവാർഷികശില്പശാല

കേരളസാഹിത്യസമിതി എന്റെ സാഹിത്യജീവിതത്തിൽ നിർണായകമായൊരു വഴിത്തിരിവു സൃഷ്ടിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം. സാഹിത്യസമിതിയുടെ ഒരാഴ്ച്ചയോളം നീണ്ടുനിൽക്കുന്ന വാർഷികശില്പശാല കോഴിക്കോടിന്നടുത്തുള്ള പന്നിയങ്കര ശ്രീരാമകൃഷ്ണാശ്രമം ഹൈസ്കൂളിൽ 1965–ൽ നടന്നപ്പോളാണ് ആദ്യമായി ഞാൻ പങ്കെടുത്തത്. അതിനുമുൻപ് 1964–ൽ സമിതിയുടെ തലശ്ശേരിശാഖാവാർഷികത്തിൽ സംബന്ധിച്ചിരുന്നു. കുട്ടിക്കൃഷ്ണമാരാർ, പണ്ഡിതരാജൻ കെ. അച്യുതപ്പൊതുവാൾ, പി. സി. വാസുദേവനിളയത്, കെ. പി. നാരായണപ്പിഷാരടി, ഡോ. കെ. കുഞ്ചുണ്ണിരാജ, എൻ. വി. കൃഷ്ണവാരിയർ എന്നിവരുടെ പ്രഭാഷണങ്ങൾ കേൾക്കുന്നത് ആദ്യമായിട്ടാണ്. എം. എസ്. മേനോനും എം. എൻ. വിജയനുമാണ് സാഹിത്യസമിതി തലശ്ശേരിശാഖയുടെ എല്ലാമെല്ലാം. തലശ്ശേരി ശാഖയുടെ വാർഷികോത്സവങ്ങളിൽ നടക്കാറുള്ള കവിസമ്മേളനങ്ങളിൽ ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, ഇടശ്ശേരി, പി. കുഞ്ഞിരാമൻ നായർ, ഒ. എൻ. വി; സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, എൻ. എൻ. കക്കാട് മുതലായ പ്രശസ്തകവികൾ പങ്കെടുത്തിരുന്നു. യുവകവികൾക്കും തുടക്കക്കാർക്കും നല്ല പ്രോത്സാഹനം ലഭിക്കുമായിരുന്നു. 1965–ൽ എനിക്ക് കവിതാമത്സരത്തിൽ സമ്മാനം ലഭിക്കുകയും അന്ന് ഞാൻ ജോലി ചെയ്തിരുന്ന ചപ്പാരപ്പടവ് ഹൈസ്കൂളിലെ അസംബ്ലിയിൽ ഹെഡ്മാസ്റ്ററുടെ ചുമതല വഹിച്ചിരുന്ന ചക്രപാണി വാരിയർ മാഷ് സമ്മാനം കിട്ടിയ എന്റെ “കാവ്യാസ്വാദനം” എന്ന കവിത വിദ്യാർഥികളുടെ മുൻപിൽ വായിപ്പിക്കുകയും ചെയ്തതോർക്കുന്നു.

കോഴിക്കോട് ശ്രീരാമകൃഷ്ണാശ്രമം ഹൈസ്കൂളിലെ സാഹിത്യസമിതി ശില്പശാലയിലേക്കുതന്നെ മടങ്ങിവരാം. നോവലായിരുന്നു പൊതുചർച്ചാവിഷയം. എം. ടി. വാസുദേവൻ നായരുടെ *മഞ്ഞി*നെപ്പറ്റി കെ. പി. ശങ്കരനും ഇ. എം. കോവൂരിന്റെ *കാടി*നെപ്പറ്റി തായാട്ട് ശങ്കരനും നടത്തിയ പ്രഭാഷണങ്ങൾ ഇപ്പോഴും ഓർക്കുന്നു. നോവലെഴുത്തിനെക്കുറിച്ചുള്ള എം. ടി. യുടെ പ്രഭാഷണം വളരെ വിജ്ഞാനപ്രദമായിരുന്നു. ബഷീർ, തകഴി, യു. എ. ഖാദർ, പി. വത്സല, കെ. സി.



പീറ്റർ മുതലായ നോവലിസ്റ്റുകളെ നേരിട്ടു കാണുന്നത് ആ അവസരത്തിലാണ്. ബഷീർ ഹാളിലേക്കു വന്നില്ല. എം. ടി. നിർബന്ധിച്ചുവെങ്കിലും മുറ്റം വരെ മാത്രമേ വന്നുള്ളൂ. ഞങ്ങളിൽ പലരും മുറ്റത്തു ചെന്ന് അദ്ദേഹത്തെ കണ്ടു. മുണ്ടശ്ശേരിയും തകഴിയും വന്ന് മുൻപിലത്തെ ബെഞ്ചിൽ എന്റെ തൊട്ടടുത്താണിരുന്നത്.

അതുവരെ കവിതയിലും നിരൂപണത്തിലും ഒതുങ്ങിനിന്നിരുന്ന എന്നെ മലയാളകഥാസാഹിത്യത്തിന്റെ (കുറച്ചൊക്കെ വിശ്വകഥാസാഹിത്യത്തിലേക്കും) വിശാലലോകത്തിലേക്ക് ഉപനയിച്ചത് ആ ശില്പശാലയാണ്.

തുടർന്ന് ചാത്തമങ്ങലം (കോഴിക്കോട്), രാമവർമപുരം (തൃശ്ശൂർ), ഒലവക്കോട് (പാലക്കാട്), രാമനാട്ടുകര (കോഴിക്കോട്) എന്നിവിടങ്ങളിൽ നടന്ന ശില്പശാലകളിലും ഞാൻ പങ്കെടുക്കുകയുണ്ടായി.

ബാലാമണിയമ്മ, എസ്. കെ. പൊറ്റെക്കാട്, വി. ടി. ഭട്ടതിരിപ്പാട്, എസ്. ഗുപ്തൻ നായർ, കെ. എൻ. എഴുത്തച്ഛൻ, ഇ. ആർ. ശ്രീകൃഷ്ണശർമ്മ, എം. എസ്. ദേവദാസ്, എൻ. എൻ. പിള്ള, പി. ഗോവിന്ദപ്പിള്ള, തിക്കോടിയൻ, കോവിലൻ, എം. ആർ. ബി; ഒളപ്പമണ്ണ, എം. അച്യുതൻ, എം. ലീലാവതി, എ. ബാലകൃഷ്ണവാരിയർ, പവനൻ, ജി. എൻ. പിള്ള, സി. ആർ. കേരളവർമ്മ, കെ. രവിവർമ്മ, വിംസി, ഇ. വാസു, ഐ. കെ. കെ. എം; മാധവൻ അയ്യപ്പത്ത്, മൂർക്കോത്ത് കുഞ്ഞപ്പ, കാട്ടുമാടം നാരായണൻ, വി. എ. കേശവൻ നമ്പൂതിരി, എൻ കെ. ദേശം, പി. നാരായണക്കുറുപ്പ്, എം. എൻ. പാലൂർ, കടവനാട്ട് കുട്ടിക്കൃഷ്ണൻ, വി. കെ. കെ. ഗുരുക്കൾ, പുലാക്കാട്ട് രവീന്ദ്രൻ, അവിടനല്ലൂർ വാസുദേവൻ, കലാമണ്ഡലം കേശവൻ, മലയത്ത് അപ്പുണ്ണി, ശ്രീധരനുണ്ണി, വി. ടി. കുമാരൻ, പി. ടി. അബ്ദുറഹിമാൻ, ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, കെ. എക്സ്. ആന്റോ, കോഴിക്കോടൻ, ആറ്റൂർ രവിവർമ്മ, ഇയ്യങ്കോട് ശ്രീധരൻ, പാലക്കീഴ് നാരായണൻ, ബാലൻ മണിയൂർ, മഞ്ഞക്കുളം രാഘവൻ, പത്മനാഭൻ തലായ്, പുറമണ്ണൂർ ടി. മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, മേക്കുന്നത്ത് കമ്മാരൻ നായർ... സമിതിശില്പശാലകളിലൂടെ പരിചയപ്പെട്ട പ്രസിദ്ധരും അത്രതന്നെ പ്രസിദ്ധരല്ലാത്തവരുമായ എഴുത്തുകാരുടെ നിര വളരെ നീണ്ടതാണ്.

★

## 21. പുരോഗമനകലാസാഹിത്യസംഘം

സമസ്തകേരളസാഹിത്യപരിഷത്ത് കാലക്രമത്തിൽ അപചയം നേരിട്ടപ്പോൾ ഉല്പതിഷ്ണുക്കളായ സാഹിത്യപ്രവർത്തകരുടെ മുൻകൈയോടെ പുരോഗമനസാഹിത്യസംഘടനയും ജീവത്സാഹിത്യപ്രസ്ഥാനവും ആവിർഭവിച്ചതുപോലെ, *ദേശാഭിമാനി*വായനക്കാരുടെ കൂട്ടായ്മ എന്ന നിലയിൽ ദേശാഭിമാനി സ്റ്റഡി സർക്കിൾ വാരികാ പത്രാധിപർ എം. എൻ. കുറുപ്പ് അധ്യക്ഷനും നിരൂപകനായ എം. കുട്ടിക്കൃഷ്ണൻ കാര്യദർശിയുമായി ഒരു സംഘടന രൂപം കൊണ്ടു. ചാത്തുണ്ണിമാസ്റ്റർക്കായിരുന്നു സംഘടനയുടെ പാർട്ടിച്ചുമതല. സാഹിത്യസമിതിയിൽ അംഗമായിരുന്നുകൊണ്ടുതന്നെ ഞാൻ സർക്കിളിൽ സഹകരിച്ചിരുന്നു. സ്റ്റഡി സർക്കിളിൽ ഔപചാരികമായ അംഗത്വമൊന്നുമുണ്ടായിരുന്നില്ല.

പക്ഷേ, അത് ദേശാഭിമാനിയുടെ പ്രചാരം വർധിപ്പിക്കാനുള്ള സാഹിത്യപ്രവർത്തകരുടെ ഒരു സംഘടനയെന്ന പ്രതീതിയേ പൊതുവിൽ സമൂഹത്തിൽ ഉണ്ടാക്കിയുള്ളൂ. എങ്കിലും കേരളത്തിലും പുറത്ത് കൽക്കത്ത, ബോംബെ, ബാംഗളൂർ മുതലായ നഗരങ്ങളിലും അതിന് പ്രചാരവും പ്രവർത്തനവുമുണ്ടായിരുന്നു.

ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ വാർഷികസമ്മേളനം രണ്ടുമൂന്നു ദിവസങ്ങളിലായി കോഴിക്കോട്ടുവെച്ച് ഗംഭീരമായി ആഘോഷിച്ചു. മലയാളസാഹിത്യത്തെ സമഗ്രമായും കേരളം സംസ്കൃതത്തിനു നൽകിയ സംഭാവനകളക്കുറിച്ച് പ്രത്യേകമായും പഠനങ്ങൾ നടന്നു. അവസാനദിവസം നഗരത്തെ പിടിച്ചുകുലുക്കിയ സാഹിത്യപ്രവർത്തകരുടെ ഒരുജ്ജ്വലപ്രകടനവുമുണ്ടായിരുന്നു. എൻ. എൻ. കക്കാടിനെപ്പോലുള്ള കേന്ദ്രഗവണ്മെന്റുദ്യോഗസ്ഥരെ പൊതുപ്രകടനത്തിൽനിന്നൊഴിവാക്കിയിരുന്നു.

കോഴിക്കോട് അതുവരെ കണ്ട സാഹിത്യമഹാസമ്മേളനങ്ങളിലൊന്നായിട്ടും ദേശാഭിമാനിയൊഴിച്ച് മറ്റു ദേശീയപത്രങ്ങളൊന്നും അതേക്കുറിച്ച് വാർത്തയൊന്നും കൊടുത്തില്ല. ദേശാഭിമാനിയുടെ പ്രചാരണമുദ്ദേശിച്ചുള്ള സമ്മേളനമായതുകൊണ്ടാണ് അത് സംഭവിച്ചതെന്നത്രേ മറ്റു പത്രപ്രവർത്തകരിൽനിന്നുണ്ടായ വിശദീകരണം.

പുരോഗമനസാഹിത്യസംഘടനയും ജീവത്സാഹിത്യപ്രസ്ഥാനവും പോലുള്ള ആ സംഘടനകൾ സാഹിത്യത്തെ മാത്രമേ പ്രതിനിധാനം ചെയ്യുന്നുള്ളൂ എന്ന കുപ്രതീതി ഒഴിവാക്കുന്നതിന്നുവേണ്ടി ചിത്രകല, നാടകം, സിനിമ മുതലായ കലകളെയും ആ രംഗങ്ങളിലെ കലാകാരരെയും ഉൾക്കൊള്ളുന്നതിനുവേണ്ടി പുരോഗമനകലാസാഹിത്യസംഘം എന്ന സംഘടന 1971–ൽ മഹാകവി വൈലോപ്പിള്ളിയുടെ സപ്തതിയോടനുബന്ധിച്ച് എറണാളത്തുവെച്ച് അദ്ദേഹം പ്രസിഡണ്ടും എം. എൻ. കുറുപ്പ് സിക്രട്ടറിയുമായി രൂപവൽക്കരിക്കപ്പെട്ടു. മഹാകവിയുടെ മരണശേഷം എം. കെ. സാനു പ്രസിഡണ്ടും എരുമേലി പരമേശ്വരൻ പിള്ള സിക്രട്ടറിയുമായി രൂപീകരിച്ച സംസ്ഥാ



നക്കമ്മിറ്റിയിൽ ഞാനും അംഗമായിരുന്നു.

ആ കമ്മറ്റിയുടെ ഉദ്ഘാടനം നിർവഹിച്ചത് ജസ്റ്റീസ് പി. സുബ്രഹ്മണ്യം പോറ്റിയായിരുന്നു. എറണാകുളത്തും പരിസരങ്ങളിലും എത്രയോ കവികളും നിരൂപകരുമുണ്ടായിട്ടും അതൊന്നുമല്ലാത്ത തന്നെ പുരോഗമനകലാസാഹിത്യസംഘത്തിന്റെ ഉദ്ഘാടനത്തിനു ക്ഷണിച്ചത് എന്തുകൊണ്ടാണെന്ന് ആലോചിച്ചപ്പോൾ തനിക്ക് സംഘത്തിന്റെ അർഥവൈപുല്യം വ്യക്തമായെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതിതാണ്: ഒരു ജഡ്ജിക്കെന്തു കലയും സാഹിത്യവുമെന്നു തോന്നാം. താൻ നല്ലൊരു വായനക്കാരനാണെന്നും വായനക്കാർകൂടി ഉൾപ്പെടുന്നതാണ് സംഘമെന്ന് ഈ ക്ഷണം വ്യക്തമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. സംഘത്തിൽ ഔപചാരികമായ അംഗത്വം വേണ്ടെന്നുവെച്ചതിന്റെ കാരണംകൂടി ഇത് വിശദമാക്കുന്നു. ചന്തുമേനോനെയും സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപ്പിള്ളയെയും ഉദാഹരിച്ചുകൊണ്ടും എത്ര നിയമഗ്രന്ഥങ്ങൾ പഠിച്ചും തന്റെ മുൻപിൽ വാദപ്രതിവാദങ്ങളിലൂടെ അവതരിപ്പിക്കപ്പെട്ട തെളിവുകൾ പരിശോധിച്ചുമാണ് ഒരു ജഡ്ജി വിധി കല്പിക്കുന്നതെന്നും പേജുകളോളം നീണ്ടേക്കാവുന്ന വിധി സാഹിത്യസൃഷ്ടിതന്നെയാണെന്നു താൻ അവകാശപ്പെടുമെന്നും പോറ്റി സമർഥിച്ചു. ആകപ്പാടെ നോക്കിയാൽ അത്യന്തം ആലോചനാമൃതമായിരുന്നു ജസ്റ്റീസ് സുബ്രഹ്മണ്യം പോറ്റിയുടെ ഉദ്ഘാടനപ്രഭാഷണം.

ജസ്റ്റീസ് പോറ്റി പറഞ്ഞതുപോലെ സാഹിത്യം കവിതയും നോവലും നിരൂപണവും മാത്രമല്ലെന്നും നിയമവിജ്ഞാനമുൾപ്പെടെയുള്ള വിപുലമായ വൈജ്ഞാനികസാഹിത്യംകൂടിയാണെന്നും സംഘം വായനക്കാരുൾപ്പെടെയുള്ളവരുൾക്കൊള്ളുന്നതാണെന്നും ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പുരോഗമനകലാസാഹിത്യസംഘമെന്ന പേരുതന്നെ, ജീവത്സാഹിത്യാദിമുൻപ്രസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, കലയെക്കൂടി ഉൾക്കൊള്ളുന്നു. കലയിൽത്തന്നെ കഥാപ്രസംഗം, സംഗീതം, ചിത്രകല, ശില്പം, പ്രതിമാനിർമാണം മുതലായി പലതും പെടുന്നുണ്ട്. കാനായി കുഞ്ഞിരാമൻ കവിതയെഴുതുന്നതുകൊണ്ടു മാത്രമല്ല, ശില്പിയെന്ന നിലയ്ക്കുതന്നെ പുരോഗമനകലാസാഹിത്യസംഘത്തിന്റെ പരിധിയിൽ എണ്ണപ്പെടേണ്ട വിശിഷ്ടവ്യക്തിയാണ്. യേശുദാസും ജയചന്ദ്രനും എം. ജി. ശ്രീകുമാറും കെ. എസ്. ചിത്രയും വി. എം. കുട്ടിയും എരഞ്ഞോളി മൂസ്സയും മറ്റും അതുപോലെത്തന്നെ. ഡോ. കെ. കെ. എൻ. കുറുപ്പ് പറയാറുള്ളതുപോലെ, കഥകളിനടൻ കലാമണ്ഡലം രാമൻകുട്ടിനായരെപ്പോലെ, തെയ്യം കലാകാരൻ കണ്ണപ്പെരുവണ്ണാനും പുരോഗമനകലാസാഹിത്യസംഘത്തിൽ ആദരണീയരായ വ്യക്തികളത്രേ. പി. ഗോവിന്ദപ്പിള്ള അവതരിപ്പിച്ച സംഘത്തിന്റെ പെരുമ്പാവൂർ രേഖയിൽ ഇക്കാര്യങ്ങളെല്ലാം സൂചിപ്പിച്ചിട്ടുണ്ട്.

പുരോഗമനകലാസാഹിത്യസംഘത്തിന്റെ ചരിത്രത്തിൽ മുൻപറ

ഞ്ഞതുപോലെ കാലാനുകൂലവും ഗുണപരവുമായ പല മുന്നേറ്റ ങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും നേതാക്കളുടെ ഉള്ളുതുറന്നുള്ള ആശ യവിനിമയങ്ങളുടെ അഭാവംകൊണ്ട് നിർഭാഗ്യകരമായ ചില തിരിച്ച ടികളും ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിലൊന്നാണ് പുരോഗമനകലാസാ ഹിത്യസംഘത്തിന്റെ പ്രസിഡണ്ടായി ദീർഘകാലം പ്രവർത്തിച്ചിരുന്ന എം. എൻ. വിജയൻ മാഷ് സംഘത്തിനുനേരെ ഇടഞ്ഞുനിൽക്കേ ണ്ടിവന്നതിനിടയാക്കിയ സംഭവം. മാർക്സിസ്റ്റുപാർട്ടിക്ക് താല്പര്യ മുണ്ടെങ്കിലും, അതുകൊണ്ടുതന്നെ മാർക്സിസ്റ്റംഗങ്ങളും അനുഭാ വികളുമായ ധാരാളം കലാസാഹിത്യപ്രവർത്തകർ സംഘത്തിലുണ്ടെ ങ്കിലും പുരോഗമനകലാസാഹിത്യസംഘം ജനാധിപത്യത്തിലും മത നിരപേക്ഷതയിലും ഇന്ത്യയുടെ ഭരണഘടനയിലും ദൃഢവിശ്വാസം പുലർത്തുന്ന ഒരു സ്വതന്ത്രകലാസാഹിത്യസംഘടനയാണ്. അത് വർഗീയതയ്ക്കും ഫാസിസത്തിനും ജാതിമതപരമായ അന്ധവിശ്വാ സങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ വിട്ടുവീഴ്ച്ചയില്ലാതെ പൊരുതുന്നു. മുൻപ് സൂചിപ്പിച്ച പെരുമ്പാവൂർ സമ്മേളനത്തിൽ പി. ജി. അവതരിപ്പിച്ച രേഖയിൽ വ്യക്തമാക്കിയതുപോലെ ജീവത്സാഹി ത്യാദിമുൻസംഘങ്ങളിൽനിന്നു വ്യത്യസ്തമായി കുറേക്കൂടി വിശാ ലമായ സാംസ്കാരികമുന്നണി പടുത്തുയർത്താനുള്ള വേദിയായി പുരോഗമനകലാസാഹിത്യസംഘത്തെ കാണണം. അതിന്റെ സൂച നയായാണ് തന്റെ സാംസ്കാരികജീവിതത്തിലുടനീളം ഇടതുപക്ഷ ക്കാരനായിരുന്ന വിജയൻ മാഷെ അതേ സമ്മേളനത്തിൽവെച്ച് അധ്യ ക്ഷനായി തിരഞ്ഞെടുത്തത്. അപ്പോൾത്തന്നെ "വിജയനെ അങ്ങനെ ഒരു തൊഴുത്തിലും പിടിച്ചുകെട്ടാനാവില്ല" എന്നൊരഭിപ്രായം പല കോണുകളിൽനിന്നും ഉയർന്നുകേട്ടിരുന്നു. മാഷ് അതിനോട് പ്രതി കരിച്ചത് ഇടതുപക്ഷത്തിന്റെയും പുരോഗമനകലാസാഹിത്യസംഘ ത്തിന്റെയും വീക്ഷണം പൊതുജനസമക്ഷം വിശദീകരിച്ചുകൊണ്ടാ യിരുന്നു. കേരളത്തിന്നകത്തു മാത്രമല്ല, പുറത്ത് ഗൾഫുനാടുക ളിൽപ്പോലും അദ്ദേഹം സംഘസന്ദേശം പ്രചരിപ്പിച്ചു.

പത്തുകൊല്ലം അദ്ദേഹം പുരോഗമനകലാസാഹിത്യസംഘം പ്രസി ഡണ്ടായി പ്രവർത്തിച്ചു. അതിന്നിടയിൽ പലപ്പോഴും കമ്മിറ്റികളിൽ അദ്ദേഹം താൻ ഇങ്ങനെ അനിശ്ചിതകാലത്തേക്കു തുടരുന്നതിൽ അനൗചിത്യമുണ്ടെന്നും പകരം ആരെങ്കിലും വരട്ടെ എന്നും പറയു കയും ചെയ്തുകൊണ്ടിരുന്നെങ്കിലും ഞങ്ങൾ ഏകകണ്ഠമായി ആ തീരുമാനത്തോട് വിയോജിച്ചുകൊണ്ടിരുന്നു.

2000 ജൂൺ 1–ന് വിജയൻ മാഷ് പ്രസിഡണ്ടുപദം രാജിവെച്ചു. മാഷിന്റെ രാജി വൈസ് പ്രസിഡണ്ടായ ഞാൻ അറിയുന്നത് പത്ര ത്തിലൂടെയാണ്. ഫോണിൽ ഞാൻ ബന്ധപ്പെട്ടപ്പോൾ മാഷ് പറഞ്ഞത് "ഇങ്ങനെയല്ലെങ്കിൽ രാജിവെക്കാനാവില്ല" എന്നാണ്. ഇനി രാജി പിൻവലിക്കില്ലെന്ന് എനിക്കുറപ്പായി.

ജൂൺ 18–ന് കൊച്ചിയിൽ ചേർന്ന സംസ്ഥാനനിർവാഹകസമി



തിയുടെയും ജില്ലാപ്രസിഡണ്ടുമാരുടെയും സംയുക്തയോഗം രാജി സ്വീകരിക്കുകയും വൈസ് പ്രസിഡണ്ടുമാരിലൊരാളായ എന്നെ താൽക്കാലികപ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും ചെയ്തു. 1981 മുതൽ മരണം വരെ വൈലോപ്പിള്ളി, പിന്നീട് രണ്ടുകൊല്ലം എം. കെ. സാനു, തുടർന്ന് പത്തുകൊല്ലം എം. എൻ. വിജയൻ – ഇവ രുടെ പിൻഗാമിയായാണ്, ഒട്ടൊരസാധാരണമായ ചുറ്റുപാടിൽ, ഞാൻ വരുന്നത്. രണ്ടു വർഷത്തോളം ഞാൻ സ്ഥാനത്ത് തുടർന്നു.

കേരളസാഹിത്യസമിതിയുടെ ജനറൽ സിക്രട്ടറിയായി ഞാൻ രണ്ടുമൂന്നുകൊല്ലത്തോളം പ്രവർത്തിച്ചത് സാധാരണ അംഗം, സംസ്ഥാനക്കമ്മിറ്റി അംഗം, നിർവാഹകസമിതി അംഗം, ജനറൽ സിക്ര ട്ടറി – അങ്ങനെ പടിപ്പടിയായാണ് ഞാൻ ആ സ്ഥാനത്തെത്തിയത്. ഇവിടെയും, ഔപചാരികമായി മെമ്പർഷിപ്പെന്നൊന്നില്ലെങ്കിലും, ഏറ്റവും താഴേക്കിടയിലുള്ള യൂനിറ്റിൽ പ്രവർത്തിച്ചുള്ള പരിചയ മുൾക്കൊണ്ടുകൊണ്ടാണ് ഞാൻ പുരോഗമനകലാസാഹിത്യസംഘ ത്തിൽ കടന്നുവരുന്നത്. പിന്നീട് ജില്ലാക്കമ്മിറ്റി അംഗം (ആദ്യം കോഴി ക്കോട്, പിന്നെ മലപ്പുറം), നിർവാഹകസമിതി അംഗം, ജില്ലാ വൈസ് പ്രസിഡണ്ട്, സംസ്ഥാനക്കമ്മിറ്റി അംഗം, സംസ്ഥാനനിർവാഹകസ മിതി അംഗം, സംസ്ഥാനവൈസ് പ്രസിഡണ്ട്, പ്രസിഡണ്ട് – ഇങ്ങനെ പടിപടിയായിത്തന്നെ.

ഞാൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടശേഷം നടന്ന പ്രധാനപരിപാടികളിലൊന്ന് 2000 ആഗസ്ത് 6–ന് തിരുവനന്തപുരത്ത് എന്റെ അധ്യക്ഷതയിൽ ചേർന്ന സംഘം വിശേഷാൽ പ്രവർത്തക സമ്മേളനം കേരളത്തിന്റെ നാനാഭാഗങ്ങളിലായി 10000 നവോത്ഥാന പ്രഭാഷണങ്ങൾ നടത്താൻ നിശ്ചയിച്ചതാണ്. പ്രഭാഷകർക്കു സഹാ യകമായി ഏതാനും ലഘുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും തീരു മാനമായി. അതിനുവേണ്ടി ഞാനും ഗോവിന്ദപ്പിള്ളയും സി. ഭാസ്ക രനും ഉൾപ്പെടുന്ന ഒരു പ്രസാധകസമിതി രൂപവൽക്കരിക്കുകയും ചെയ്തു. *നവയുഗചിന്ത ലഘുഗ്രന്ഥമാല* എന്ന പേരിൽ *പുതിയ കാല ഘട്ടവും പുതിയ കാഴ്ച്ചപ്പാടും* (പെരുമ്പാവൂർ രേഖ), *ഫാസിസത്തി നെതിരായ കൂട്ടായ്മ – ഭാരതം നേരിടുന്ന വെല്ലുവിളിയും പ്രതികര ണവും* (എൻ. വി. പി. ഉണിത്തിരി, പി. കെ. പോക്കർ, കെ. ഇ. എൻ. കുഞ്ഞഹമ്മദ്), ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ – കേരളത്തിലെ പഞ്ചായത്ത് സംവിധാനത്തിന്റെ നവീനമാനങ്ങൾ (പി. ജി. പത്മനാ ഭൻ), വർഗീയതയും ചരിത്രരചനയും (പി. ഗോവിന്ദപ്പിള്ള), പുരോ ഗമനകലാസാഹിത്യസംഘം – ഇന്നലെ ഇന്ന് നാളെ (ഇയ്യങ്കോട് ശ്രീധ രൻ), ശ്രീനാരായണഗുരുവും നവോത്ഥാനവും (കെ. മഹേശ്വരൻ നായർ), വർഗീയത എന്ന വിപത്ത് (എൻ. വി. പി. ഉണിത്തിരി) ഭാര തീയപാരമ്പര്യം (എൻ. വി. പി. ഉണിത്തിരി), ആഗോളവൽക്കരണവും വിദ്യാഭ്യാസവും (സി. ഭാസ്കരൻ), ജനകീയാസൂത്രണവും ആഗോ ളവൽക്കരണവും (ഡോ. ടി. എം. തോമസ് ഐസക്ക്) തുടങ്ങി ഒരു

ഡസനോളം കൃതികൾ പ്രസിദ്ധപ്പെടുത്താനേ ഞങ്ങൾക്കു കഴിഞ്ഞുള്ളൂ. എങ്കിലും ഇത്ര ചുരുങ്ങിയ കാലയളവിൽ ഇത്രത്തോളം കൃതികൾ പ്രസിദ്ധീകരിക്കുന്നത് സംഘത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്.

തിരൂർ സമ്മേളനത്തിനുശേഷം കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലും പുരോഗമനകലാസാഹിത്യസംഘത്തിന്റെ മാത്രം പരിപാടികളിൽത്തന്നെ എനിക്ക് ധാരാളമായി പങ്കെടുക്കേണ്ടിവന്നിട്ടുണ്ട്. അങ്ങനെ വയനാട്ടിൽ കല്പറ്റ, പുൽപ്പള്ളി എന്നിവിടങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി.

കോഴിക്കോട് ജില്ലയിൽ സംസ്ഥാനതലത്തിൽ നടന്ന ത്രിദിനനിരൂപണക്യാമ്പ് അംഗങ്ങളുടെ ചൂടുപിടിച്ച ചർച്ചകൾകൊണ്ട് വളരെ സജീവമായിരുന്നു. എന്റെ 'മിതവാദസമീപന'ത്തിനെതിരെ ചിലർ രൂക്ഷമായ വിമർശനങ്ങളാണ് ചൊരിഞ്ഞത്. ഞാനും കെ. ഇ. എനും തമ്മിൽ ചില ആശയങ്ങളുടെ വിശദാംശങ്ങളിൽ അഭിപ്രായവ്യത്യാസമുയർന്നു.

അഞ്ചു ദിവസം നീണ്ടുനിന്ന നവോത്ഥാനഭേരിയാണ് ആ ജില്ലയിൽ ആ കാലയളവിൽ നടന്ന ഞാൻ പങ്കെടുത്ത മറ്റൊരു പരിപാടി. 24 കേന്ദ്രങ്ങളിൽ പ്രഭാഷണങ്ങളും കലാപരിപാടികളും സംഘടിപ്പിക്കപ്പെട്ടു. എം. എൻ. വിജയൻ രാമനാട്ടുകരയിൽ ഒന്നാം ദിവസം സന്ധ്യയ്ക്ക് ഉദ്ഘാടനം ചെയ്ത പരിപാടി അഞ്ചാം ദിവസം വടകര ലോകനാർകാവ്പരിസരത്ത് ഗംഭീരമായ പരിപാടികളോടെ അവസാനിച്ചു. ഉദ്ഘാടനസമ്മേളനത്തിനുശേഷം സമാപനദിവസം മാത്രമേ എനിക്ക് പങ്കെടുക്കാൻ സാധിച്ചുള്ളൂ. അന്നു, പക്ഷേ, അഞ്ചാറു കേന്ദ്രങ്ങളിൽ പ്രഭാഷണം നടത്തുകയുണ്ടായി.

മലപ്പുറം ജില്ലയിൽ 2002–ൽ നടന്ന ജീവനജാഥയുടെ ഉദ്ഘാടനസമ്മേളനത്തിലും എന്റെ വീട്ടിന്നടുത്തുള്ള കോഹിനൂരിലും മാത്രമേ എനിക്കു പങ്കെടുക്കാൻ സാധിച്ചുള്ളൂ.

പാലക്കാട് ജില്ലയിൽ വ്യാപകമായി സംഘടിപ്പിക്കപ്പെട്ട ഇ. എം. എസ്. അനുസ്മരണസമ്മേളനങ്ങളിൽ നെന്മാറ നടന്ന ഒന്നിൽ എന്റെ പ്രഭാഷണവുമുണ്ടായിരുന്നു. തൃശൂരിൽ ലളിതകലാഅക്കാദമിക്കെതിരെ അപവാദപ്രചാരണം നടത്തിക്കൊണ്ടിരുന്ന ഒരു പ്രമുഖപത്രത്തിന്നെതിരെ സംഘം പ്രവർത്തകർ ഒരു ദിവസത്തെ സാംസ്കാരികോപരോധം ഏർപ്പെടുത്തുകയുണ്ടായി. അനേകം സാംസ്കാരികനായകർ ഒത്തുകൂടിയ ആ പരിപാടിയിൽ ഞാനും സംബന്ധിച്ചിരുന്നു.

ഇടുക്കിയിൽ മാനവീയം പരിപാടിയിലാണ് ഞാൻ പങ്കെടുത്തത്.

എറണാകുളത്ത് ആ കാലയളവിൽ രണ്ടു പരിപാടികളിൽ ഞാൻ പ്രസംഗിക്കുകയുണ്ടായി – മാനവമൈത്രീസന്ധ്യയിലും തകഴി അനുസ്മരണത്തിലും. ആദ്യത്തേത് രാജേന്ദ്രമൈതാനിയിൽ സംഘടിപ്പിക്കപ്പെട്ട അതിവിപുലമായ ഒരു പരിപാടിയായിരുന്നു. ആയിരക്കണക്കിൽ ജനങ്ങൾ പങ്കെടുത്ത ആ മാനവമൈത്രീസന്ധ്യ ഉദ്ഘാടനം ചെയ്തത് ഗാനഗന്ധർവൻ യേശുദാസായിരുന്നു.



ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്

എന്ന ശ്രീനാരായണശ്ലോകം ആലപിച്ചുകൊണ്ട് അദ്ദേഹം പരപാടി ഉദ്ഘാടനം ചെയ്തു. വി. ആർ. കൃഷ്ണയ്യരും ഒ. എൻ. വി. യും ആർട്ടിസ്റ്റ് നമ്പൂതിരിയും മറ്റു പല പ്രമുഖരും അതിൽ പങ്കെടുക്കുകയുണ്ടായി. അവരൊക്കെ വേഗം പോയി. എന്റെ പ്രഭാഷണം കഴിഞ്ഞിട്ടും രണ്ടുമണിക്കൂറോളം യേശുദാസും ഞാനും അവിടെത്തന്നെ കലാപരിപാടികൾ ആസ്വദിച്ചുകൊണ്ടും മതനിരപേക്ഷതയെയും മനുഷ്യസ്നേഹത്തെയും പറ്റി ഓരോന്നു പറഞ്ഞുകൊണ്ടും നേരം പോയതറിയാതെയെന്നവണ്ണം ഇരിക്കുകയുണ്ടായി. എന്റെ ജീവിതത്തിലെ ധന്യനിമിഷങ്ങളിൽ ചിലതായിരുന്നു അവ.

തകഴി അനുസ്മരണസമ്മേളനത്തിൽ വി. ആർ. കൃഷ്ണയ്യർ, കെ. എൽ മോഹനവർമ, എം. തോമസ് മാത്യു, ചെമ്മനം ചാക്കോ, തോന്നയ്ക്കൽ നാരായണൻ മുതലായവരും എന്നോടൊപ്പമുണ്ടായിരുന്നു.

കോട്ടയം ജില്ലയിൽ പാലയിലെ ഒരു സമ്മേളനത്തിൽ "ഭാരതത്തിലെ മതനിരപേക്ഷപാരമ്പര്യം" എന്ന വിഷയത്തെക്കുറിച്ച് ഞാൻ പ്രഭാഷണം നടത്തുകയുണ്ടായി.

പത്തനംതിട്ടയിൽ *ആശ്ചര്യചൂഡാമണി* എന്ന രാമനാടകത്തിന്റെ കർത്താവായ ശക്തിഭദ്രന്റെ ജന്മസ്ഥലമെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന അങ്ങാടിക്കലിൽ ചേർന്ന സമ്മേളനത്തിൽ ആ മഹാകവിയെ അനുസ്മരിച്ചുകൊണ്ടായിരുന്നു എന്റെ പ്രസംഗം. അന്നു വൈകുന്നേരം എൻ. ജി. ഒ. യൂനിയന്റെ ജില്ലാസമ്മേളനോദ്ഘാടനവും നിർവഹിക്കുകയുണ്ടായി.

അടുത്ത മാസം പന്തളത്ത് വർഗീയഫാസിസവിരുദ്ധസെമിനാറിലും ആറേഴുമാസത്തിനുശേഷം കലഞ്ഞൂരിൽ ഭഗവദ്ഗീതയുടെ സാമൂഹ്യപ്രസക്തിയെക്കുറിച്ചുള്ള ഒരു ചർച്ചയിലും ഞാൻ പങ്കെടുത്തു.

കൊല്ലത്താണ് ആ കാലയളവിൽ സംഘത്തിന്റെ ഏറ്റവുമധികം പരിപാടികളിൽ ഞാൻ ഭാഗഭാക്കായത്. കടയ്ക്കൽ മതനിരപേക്ഷത നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഒരു പ്രഭാഷണം 98–ലും സ്വാമി വിവേകാനന്ദന്റെ സംഭാവനയെപ്പറ്റി മറ്റൊരു പ്രഭാഷണം 2000–ത്തിലും നടത്തുകയുണ്ടായി. ചാത്തന്നൂരിൽ ഉച്ചയ്ക്കുമുൻപ് സാംസ്കാരികപ്രവർത്തകശില്പശാലയിൽ ക്ലാസെടുക്കുകയും സന്ധ്യയ്ക്ക് പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്തു. രണ്ടു മാസം കഴിഞ്ഞ് പെരുമ്പുഴയിലും സാംസ്കാരികപ്രവർത്തകശില്പശാലയിൽ ക്ലാസെടുക്കുകയുണ്ടായി. അതിന്റെ പിറ്റേന്നാളാണ് മുൻപ് വിവരിച്ച വിവാദപരമായ തകഴി അനുസ്മരണസമ്മേളനം കൊല്ലത്തുവെച്ച് നടന്നത്. വിജയൻമാഷ് രാജിവെച്ചു; കമ്മിറ്റി കൂടി

അതേപ്പറ്റി ചർച്ച ചെയ്യാനിരിക്കുന്നതേയുള്ളൂ. ഈ സന്ദർഭത്തിലാണ് സംസ്ഥാനതലനാടകപരിശീലനക്യാമ്പ്. വിജയൻമാഷ് വരില്ലെന്ന് വൻപ്രചാരണമുണ്ടായിരുന്നെങ്കിലും അദ്ദേഹം വരികതന്നെ ചെയ്തു. 2000 സപ്തമ്പറിൽ നടന്ന ജില്ലാസാംസ്കാരികജാഥയിൽ മൂന്നു ദിവസവും ഞാൻ ജാഥയുടെകൂടെയുണ്ടായിരുന്നു. മിക്ക കേന്ദ്രങ്ങളിലും പ്രസംഗിക്കുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിൽ സിറ്റി, കമലേശ്വരം, വഞ്ചിയൂർ മുതലായ ചിലേടങ്ങളിൽ പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. ഡോ. എസ്. രാജശേഖരന്റെ *മലയാളിയുടെ മലയാളം* എന്ന പുസ്തകത്തിന്റെ പ്രകാശനമാണ് സിറ്റിയിൽ നടന്ന പരിപാടി. ഒ. എൻ. വി., ജി. ബി. മോഹൻ തമ്പി, പി. സോമൻ, ലളിതാ ഭായ്, ലളിതാ ലെനിൻ മുതലായവരോടൊപ്പം ഞാനും ചടങ്ങിൽ സംബന്ധിച്ചു.

2001 ജനുവരി 26–28 തിയ്യതികളിൽ പശ്ചിമബംഗാൾ ജനാധിപത്യകലാസാഹിത്യസംഘത്തിന്റെ (പശ്ചിമവംഗ ഗണതാന്ത്രിക് ശില്പി സംഘ്) അഞ്ചാം സംസ്ഥാനസമ്മേളനത്തിൽ കേരളത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് ഞാനാണ് പങ്കെടുത്തത്. അത് എന്റെ മൂന്നാമത്തെ പശ്ചിമബംഗാൾ സന്ദർശനമാണ്. ഏതാണ്ട് നമ്മുടെ മാഹിയെ ഓർമിപ്പിക്കുന്ന പ്രകൃതിഭംഗിയോടുകൂടിയ ചന്ദൻ നഗറിലാണ് സമ്മേളനം നടന്നത്. തമിഴ്നാട് (എസ്. സെന്തിൽനാഥൻ, ചെന്നൈ), ആന്ധ്രപ്രദേശ് (ദേവി), കർണാടക (സി. സുരേന്ദ്രറാവു, ബാംഗളൂർ), മഹാരാഷ്ട്ര, ബീഹാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികളുണ്ടായിരുന്നു. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലും പുരോഗമനസാംസ്കാരികപ്രസ്ഥാനങ്ങൾ സാമാന്യം ശക്തമാണ്. മറ്റിടങ്ങളിൽ നാമമാത്രമായേ സംഘടനയുള്ളൂ എന്നാണ് അവരുമായി നടത്തിയ സംഭാഷണങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞത്. സമ്മേളനത്തിനു മുന്നോടിയായി നടന്ന സാംസ്കാരികഘോഷയാത്രയിൽ ഞാനും പങ്കെടുത്തു. ഞാൻ മുൻനിരയിലായതുകൊണ്ട് മുദ്രാവാക്യങ്ങളല്ല, വിപ്ലവഗാനങ്ങളാണ് അധികം കേട്ടത്. വിപ്ലവഗായകസംഘമാണ് മുൻപിൽ നടന്നിരുന്നത്. അർഥം മനസ്സിലായില്ലെങ്കിലും ആവേശം കൊള്ളിക്കുന്ന ഗാനങ്ങൾ! അവയിലധികവും ടാഗോറിന്റേതാണെന്നാണ് ഒപ്പമുള്ളവർ പറഞ്ഞത്. നടപടിക്രമങ്ങൾ മുഴുവൻ ബംഗാളിയിലായതിനാൽ കാര്യമായൊന്നും മനസ്സിലായില്ല. മഹാരാഷ്ട്രയിൽനിന്നു വന്ന സ്വാതന്ത്ര്യസമരസേനാനിയായ പ്രതിനിധി ബംഗാളിയിലാണ് അഭിവാദ്യങ്ങൾ നേർന്നത്. മറ്റു ഞങ്ങളാറു പേരും ഇംഗ്ലീഷിൽ അഭിവാദ്യങ്ങൾ നേർന്നുകൊണ്ട് പ്രസംഗിച്ചു. കേരളത്തിലെ പുരോഗമനകലാസാഹിത്യസംഘത്തിന്റെ ചരിത്രവും ഇന്നത്തെ പ്രവർത്തനങ്ങളും പെരുമ്പാവൂർരേഖയുടെ അന്തസ്സത്തയും അഖിലേന്ത്യാതലത്തിൽ നമുക്കൊരു പൊതുസംഘടനയുണ്ടാവേണ്ടതിന്റെ ആവശ്യകതയുമാണ് ഞാൻ ചുരുക്കിപ്പറഞ്ഞത്. ആ പ്രസംഗം പിന്നീട് സമ്മേളനഭാരവാഹികൾ പുറത്തിറക്കിയ സുവനീറിൽ (സങ്കലൻ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.



സമ്മേളനത്തിനിടയിൽ കൽക്കത്തയിലെ പുരോഗമനകലാസാഹിത്യസംഘത്തിന്റെ പ്രവർത്തകർ സിറ്റിയിൽ ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. മുന്നൂറോളം മലയാളികൾ പങ്കെടുത്തു. രവി പാലൂരും മറ്റുമാണ് സംഘാടകർ. കോഴിക്കോട് സർവകലാശാലയിൽ പഠിച്ച ഡോ. ഗോപാലകൃഷ്ണൻ നമ്പീശൻ (എം. എൻ. സാഹാ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) കുടുംബസമേതം ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഞാൻ അവിടെ ചെറിയൊരു പ്രസംഗം നടത്തി. സ്ത്രീകളും കുട്ടികളുമടങ്ങിയ ആ സംഗമം രണ്ടു മണിക്കൂറോളം നീണ്ടുനിന്നു.

2001– ൽ നടന്ന കേരളത്തിലെ ജില്ലാസമ്മേളനങ്ങളിൽ ആറെണ്ണത്തിൽ ഞാൻ ആദ്യന്തം പങ്കെടുത്തു. മാർച്ച് 18–ന് മഞ്ചേരിയിൽ ചേർന്ന മലപ്പുറം ജില്ലാസമ്മേളനത്തിലും ആഗസ്ത് 25–26 തിയ്യതികളിൽ കണ്ണശ്ശൻ പറമ്പിൽ ചേർന്ന പത്തനംതിട്ട ജില്ലാസമ്മേളനത്തിലും സപ്തമ്പർ 2–ന് കണ്ണൂർ ടൗണിൽ നടന്ന കണ്ണൂർജില്ലാസമ്മേളനത്തിലും അടുത്ത ദിവസം മേമുണ്ടയിൽ നടന്ന കോഴിക്കോട് ജില്ലാസമ്മേളനത്തിലും ആ മാസം 9–ന് കാഞ്ഞങ്ങാട് മഹാകവി പി. സ്മാരകത്തിൽ ചേർന്ന കാസർഗോഡ് ജില്ലാസമ്മേളനത്തിലും ഞാൻ പങ്കെടുത്തു.

സപ്തമ്പർ 21–ന് കല്പറ്റയിൽവെച്ചാണ് വയനാട് ജില്ലാസമ്മേളനം. മുൻസമ്മേളനങ്ങളിലൊന്നും വയനാട്ടിൽ കണ്ടിട്ടില്ലാത്ത ജനപങ്കാളിത്തം. ഉച്ചയ്ക്കു മുൻപും ശേഷവുമായി ഞാൻ രണ്ടു പ്രസംഗങ്ങൾ ചെയ്തു. വീട്ടിലെത്തിയപ്പോൾ നല്ല ക്ഷീണവും പനിയും. വൈദ്യപരിശോധനയിൽ പ്രമേഹമാണെന്നു മനസ്സിലായി.

സിക്രട്ടറി ഇയ്യങ്കോട് ശ്രീധരനെ വിളിച്ച് വിവരം പറഞ്ഞു. ഇനിയുള്ള ജില്ലാസമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിൽനിന്ന് എന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഏഴെട്ടു മാസങ്ങൾക്കുശേഷമാണ് ഒറ്റപ്പാലം സംസ്ഥാനസമ്മേളനം – 2002 മെയ് 31, ജൂൺ1, 2 തിയ്യതികളിൽ. പാലക്കാട് ജില്ലയുടെ വിവിധഭാഗങ്ങളിലായി 20 സ്ഥലങ്ങളിൽ പല വിഷയങ്ങളിൽ അനുബന്ധസമ്മേളനങ്ങൾ നടന്നു. സുകുമാർ അഴീക്കോട്, പി. ഗോവിന്ദപ്പിള്ള, എം.എൻ. വിജയൻ, വി. അരവിന്ദാക്ഷൻ, നൈനാൻ കോശി, സബാസ്റ്റ്യൻ പോൾ, കെ. ഇ. എൻ; ഇയ്യങ്കോട് ശ്രീധരൻ, വൈശാഖൻ, വി. മധുസൂദനൻ നായർ, നീലമ്പേരൂർ മധുസൂദനൻ നായർ, ഡി. വിനയചന്ദ്രൻ, എസ്. രമേശൻ, കരിവെള്ളൂർ മുരളി, പാലക്കീഴ് നാരായണൻ, എം. എം. നാരായണൻ, മുണ്ടൂർ സേതുമാധവൻ, ടി. ആർ. അജയൻ, എൻ. രാധാകൃഷ്ണൻ നായർ, കെ. വി. രാമകൃഷ്ണൻ, മണമ്പൂർ രാജൻ ബാബു, വി. പി. വാസുദേവൻ, ആലങ്കോട് ലീലാകൃഷ്ണൻ, രാവുണ്ണി തുടങ്ങിയവർ ഈ അനുബന്ധസമ്മേളനങ്ങളിൽ പങ്കെടുത്തു.

ആരോഗ്യസ്ഥിതി പരിഗണിച്ച് ഞാൻ രണ്ടിടങ്ങളിലേ പങ്കെടുത്തു

ള്ളൂ– അനങ്ങനടിയിലും അമ്പലപ്പാറയിലും. അവിടങ്ങളിലെ ജനപങ്കാളിത്തം എടുത്തുപറയത്തക്കതാണ്. ഇതുപോലെത്തന്നെയാണ് മറ്റിടങ്ങളിലുമെന്നാണ് കിട്ടിയ വിവരം.

സംഗീതം, ചിത്രമെഴുത്ത് തുടങ്ങിയ മേഖലകളിലും അനുബന്ധ പരിപാടികൾ നടക്കുകയുണ്ടായി.

സമ്മേളനാരംഭദിവസമായ മെയ് 31–നു രാവിലെ മുതൽ കൊല്ലങ്കോട്, മണ്ണാപ്ര, വെള്ളിനേഴി, മേഴത്തൂർ എന്നിങ്ങനെ പാലക്കാട് ജില്ലയുടെ നാലു ഭാഗങ്ങളിൽ നിന്നാരംഭിച്ച പതാകജാഥകൾ വൈകുന്നേരം അഞ്ചു മണിയോടെ ഒറ്റപ്പാലത്തെ സമ്മേളനനഗരിയിലെത്തി. പതാകജാഥകളുടെ ഉദ്ഘാടനം യഥാക്രമം ഞാനും എം. എ. ബേബിയും ഇയ്യങ്കോട് ശ്രീധരനും എസ്. രമേശനും നിർവഹിച്ചു. ജില്ലയിലെ കലാരംഗത്തെ കുലപതികളായിരുന്ന മഹാകവി പി. കുഞ്ഞിരാമൻ നായർ, പാലത്തോണി വേലായുധൻ എഴുത്തച്ഛൻ, പാലക്കാട് മണി അയ്യർ, ഒളപ്പമണ്ണ, അനന്തരാമഭാഗവതർ, സി. പി. രാമചന്ദ്രൻ, എം. ഡി. രാമനാഥൻ, ചിതലി രാമമാരാർ, ചെമ്പൈ വൈദ്യനാഥഭാഗവതർ, കുഞ്ചൻ നമ്പ്യാർ, മാണി മാധവച്ചാക്യാർ, പട്ടിക്കാന്തൊടി രാവുണ്ണിമേനോൻ, പി. ടി. ഭാസ്കരപ്പണിക്കർ, വാഴേങ്കട കുഞ്ചുനായർ, എ. എസ്. നായർ, വി. കെ. ഗോവിന്ദൻ നായർ, ടി. എ. രാജലക്ഷ്മി, ഐ. സി. പി. നമ്പൂതിരി, വി. ടി. ഭട്ടതിരിപ്പാട്, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, പരിയാനംപറ്റ ദിവാകരൻ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, ചെറുകാട്, കെ. എൻ. എഴുത്തച്ഛൻ, ആര്യാ പള്ളം, ബാലൻ കെ. നായർ, കൃഷ്ണൻകുട്ടി പുലവർ എന്നീ മഹാപ്രതിഭകളുടെ സ്മൃതികേന്ദ്രങ്ങളിൽനിന്ന് ഛായാചിത്രങ്ങളും സ്മൃതിപതാകകളും ഏറ്റുവാങ്ങിക്കൊണ്ടാണ് ജാഥകൾ നഗരിയിലേക്കു വന്നത്. എം. ഡി. രാമനാഥന്റെ ഗൃഹപരിസരത്ത് ചേർന്ന യോഗത്തിൽ ഞാനും ചെറിയൊരു പ്രസംഗം നടത്തി. എം. ഡി. യുടെ കുടുംബാംഗങ്ങളും നാട്ടുകാരുമുൾക്കൊള്ളുന്ന നല്ലൊരു സദസ്സ് അവിടെ ഉണ്ടായിരുന്നു. വിവിധപ്രദേശങ്ങളിൽനിന്നു വന്ന സാംസ്കാരികജാഥകളുടെ കൂട്ടായ്മ ഒരു മഹാസാംസ്കാരികഘോഷയാത്രയായി പട്ടണം ചുറ്റി സമ്മേളനസ്ഥലത്തെത്തിച്ചേർന്നു.

ചെന്നൈ, കൽക്കത്ത, ബാംഗളൂർ എന്നിവിടങ്ങളിൽനിന്നുൾപ്പെടെ നാനൂറ്റെൺപതോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ഇവർക്കുപുറമെ അഞ്ഞൂറോളം പേർകൂടി ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. എന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം പ്രസിദ്ധചലച്ചിത്രപ്രവർത്തകൻ സയിദ് മിർസ ഉദ്ഘാടനം ചെയ്തു. അന്നു രാത്രി നടന്ന സാംസ്കാരികസമ്മേളനത്തിൽ സുകുമാർ അഴീക്കോട്, കടമ്മനിട്ട രാമകൃഷ്ണൻ, കെ. ടി. മുഹമ്മദ് എന്നിവർ പ്രസംഗിച്ചു. ഗാനമേള, നാടകം എന്നിവയും സമ്മേളനത്തിന് കൊഴുപ്പ് കൂട്ടി. രണ്ടാം ദിവസം രാവിലെ ഒ. എൻ. വി. യുടെ ഉജ്ജ്വലമായൊരു പ്രഭാഷണം നടന്നു. അന്നു വൈകുന്നേരം കെ. എൻ. പണിക്കർ, കെ. എൻ. കുറുപ്പ്, കെ. എൻ. ഗണേശ് എന്നിവർ പങ്കെടുത്ത "ചരിത്രം സമൂഹം പ്രത്യയശാസ്ത്രം" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാർ. അന്നു രാത്രിയും വൈവിധ്യമാർന്ന കലാപരിപാടികളുണ്ടായിരുന്നു. മൂന്നാം ദിവസം "കേരളം സാമ്രാജ്യത്വത്തിന്റെ പുതിയ പരീക്ഷണശാല" എന്ന വിഷയത്തെപ്പറ്റി നടന്ന സെമിനാറോടെ സമ്മേളനം സമാപിച്ചു. എം. എൻ. വിജയൻ, എം. എ. ബേബി, കെ. ഇ. എൻ; ടി. കെ. രാമചന്ദ്രൻ എന്നിവർ സെമിനാറിൽസംബന്ധിച്ചു.



സജീവമായ ചർച്ച നടന്ന പ്രതിനിധിസമ്മേളനം അവസാനത്തെ രണ്ടു ദിവസം നീണ്ടുനിന്നു. അതവസാനിച്ചത് ഭാരവാഹികളുടെ തിരഞ്ഞെടുപ്പോടെ. കടമ്മനിട്ട രാമകൃഷ്ണൻ പ്രസിഡണ്ടും പി. അപ്പുക്കുട്ടൻ സിക്രട്ടറിയുമായി തിരഞ്ഞെടുക്കപ്പെട്ടു. ആദ്യമായി പുരോഗമനകലാസാഹിത്യസംഘത്തിന് ഒരുപദേശകസമിതി വരുന്നത് ഒറ്റപ്പാലത്തുവെച്ചാണ്. പൊൻകുന്നം വർക്കി, എം. എൻ. വിജയൻ, കെ. ടി. മഹമ്മദ്, ഒ. എൻ. വി. കുറുപ്പ്, ആർട്ടിസ്റ്റ് നമ്പൂതിരി, വി.അരവിന്ദാക്ഷൻ, സാറാ ജോസഫ്, ഞാൻ എന്നിവരാണ് അതിലെ അംഗങ്ങൾ.

അങ്ങനെ സർവഥാ അഭിമാനപ്രദവും ആഹ്ലാദപ്രദവുമായ ഒറ്റപ്പാലം സമ്മേളനത്തെ ശോകമൂകമാക്കിയ ഒരു ദുരന്തസംഭവമുണ്ടായി. ഉദ്ഘാടനദിവസംതന്നെ സംഘം സിക്രട്ടറി ഇയ്യങ്കോട് ശ്രീധരന്റെ മകൾ മരിച്ചു.

★

22. ബുധസംഗമം

ഞാൻ കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗാധ്യക്ഷനായിരിക്കേ, ബുധനാഴ്ച്ചതോറും വൈകുന്നേരം നാലുമണിക്ക് അധ്യാപകരും ഗവേഷകരുൾപ്പെടെയുള്ള വിദ്യാർഥിനീവിദ്യാർഥികളും സെമിനാർഹാളിൽ ഒത്തുചേരുന്ന പതിവുണ്ടായിരുന്നു. പലപ്പോഴും പുറമേ നിന്നു ബോർഡ് ഓഫ് സ്റ്റഡീസ് മീറ്റിങ്ങിനോ അതുപോലുള്ള മറ്റെന്തെങ്കിലും ആവശ്യത്തിനോ വന്നു ചേർന്ന കേരളീയരോ മറുനാട്ടുകാരോ ആയ പ്രൊഫസർമാരുമായി അധ്യാപകർക്കും ഗവേഷകർക്കും മറ്റു വിദ്യാർഥികൾക്കും സംവദിക്കാനുള്ള അവസരമാണത്. ഇംഗ്ലീഷിലോ സംസ്കൃതത്തിലോ മലയാളത്തിലോ ആയിരിക്കും പൊതുവിൽ പ്രസംഗങ്ങൾ. ഈ ഏതു ഭാഷയിലും ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ ആവശ്യപ്പെടുകയുമാവാം. സംഭാഷണത്തിന് ഭാഷ തടസ്സമാവേണ്ടതില്ല. മലയാളത്തിൽ ചോദിച്ചാലും മതി. ആവശ്യമെങ്കിൽ അധ്യാപകരാരെങ്കിലും തർജമ ചെയ്യും.

ആദ്യമൊക്കെ സംസ്കൃതത്തിലെ അധ്യാപകരും വിദ്യാർഥികളും മാത്രമേ ബുധസംഗമത്തിൽ സംബന്ധിച്ചിരുന്നുള്ളുവെങ്കിലും പിന്നെപ്പിന്നെ കേട്ടുകേട്ടറിഞ്ഞ് മറ്റു ഭാഷാവിഭാഗങ്ങളിലെ വിദ്യാർഥികളും ചില അധ്യാപകരും വന്നുതുടങ്ങി. സംഗമം പ്രയോജനപ്രദമാണെന്നു കണ്ടിട്ടാവണം, ഫിലോസഫി പോലുള്ള ഇതരവിഭാഗങ്ങളിൽനിന്നും അധ്യാപകരും വിദ്യാർഥികളും വരവായി. പൂന യൂനിവേഴ്സിറ്റിയിൽനിന്ന് ഡോ. സരോജാ ഭാട്ടേ, ഡോ. വി. എൻ. ഝാ, ബാംഗളൂർ യൂനിവേഴ്സിറ്റിയിൽനിന്ന് പ്രൊഫ. ശിവകുമാരസ്വാമി, പ്രഹ്ലാദാചാര്യ, ഡോ. മീരാ ചക്രവർത്തി, കാനഡയിൽ ബ്രിട്ടീഷ് കൊളംബിയയിലെ വാൻകോവർ യുനിവേഴ്സിറ്റിയിലെ പ്രൊഫ. അശോക് അക്ലൂജ്കർ, ഉസ്മാനിയ യൂനിവേഴ്സിറ്റിയിലെ പ്രൊഫ. പി. ജി. ലാലേ്യ, ഡോ. കെ. കമല. കേരളസർവകലാശാലാസംസ്കൃതവിഭാഗം തലവൻ ഡോ. എൻ. പി. ഉണ്ണി മുതലായ സംസ്കൃതപണ്ഡിതരും പ്രൊഫ. കെ. വി. ശർമ്മ, ഡോ. കെ. കുഞ്ചുണ്ണിരാജ, ഡോ. കെ. ബാലഗംഗാധരൻ മുതലായ സംസ്കൃത–ജ്യോതിഷ–ഗണിതപണ്ഡിതരും പ്രൊഫ. സി. പി. നാരായണൻ, പി. ഗോവിന്ദപ്പിള്ള, എൻ. ഇ. ബാലറാം, ഡോ. കെ. മഹേശ്വരൻ നായർ, ജി. വിശ്വനാഥശർമ്മ മുതലായി സാമ്പത്തികശാസ്ത്രത്തിലും വേദാന്തത്തിലും ഭാരതീയദർശനങ്ങളിലും അവഗാഹമുള്ളവരും മറ്റും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബുധസംഗമത്തിൽ പങ്കെടുത്തിട്ടുണ്ട്.

ഞാൻ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസായി കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിലേക്കു പോയപ്പോൾ അവിടെയും ബുധസംഗമം ആരംഭിച്ചു. മലയാളവിഭാഗം തലവൻ ഡോ. സ്കറിയാ സക്കറിയ, വേദാന്തം പ്രൊഫസർ ഡോ. കെ. മുത്തുലക്ഷ്മി തുടങ്ങിയ അധ്യാപകരുടെയും വിവിധവിഭാഗങ്ങളിലെ ഉത്സാഹികളായ വിദ്യാർഥികളും ചില അനധ്യാപകരും സാഹിത്യാദികാര്യങ്ങളിൽ തല്പരരായ നാട്ടുകാരും ബുധസംഗമങ്ങളിൽസജീവമായി പങ്കെടുക്കുകയുണ്ടായി.

സർവകലാശാലാപരിസരത്തെ കാലടി എസ്. എൻ. ഡി. പി.



ലൈബ്രറിയിലെ പ്രതിവാരസാംസ്കാരികക്കൂട്ടായ്മയുടെ പേര് ബുധസംഗമമെന്നാണ്. ഇപ്പോഴും ബുധസംഗമം പതിവായി നടന്നുവരുന്നു.

ഇപ്പോൾ ബുധസംഗമം അതിന്റെ ദശമവാർഷികാഘോഷത്തിന്റെ ഭാഗമായി ആ പേരിൽ ഒരു സാഹിത്യപുരസ്കാരവും നൽകുന്നുവെന്ന് ദേശാഭിമാനി വാരികയിൽ കാലടി എസ്. മുരളീധരൻ എഴുതിയ കുറിപ്പ് കണ്ടു.

★

### 23. സസ്യശാസ്ത്രവിഭാഗസ്മരണകൾ

കോഴിക്കോട് സർവകലാശാലയിലെ സംസ്കൃതവിഭാഗത്തിലാണ് ഞാൻ ജോലി ചെയ്തതെങ്കിലും മറ്റു വിഭാഗങ്ങളായും എനിക്കു നല്ല ബന്ധങ്ങളുണ്ടായിരുന്നു. ഭാഷാവിഭാഗങ്ങളുമായി മാത്രമല്ല, മാനവികവിഭാഗങ്ങളുമായും ശാസ്ത്രവിഭാഗങ്ങളുമായും അക്കാദമികമായ ബന്ധങ്ങൾതന്നെയുണ്ടായിരുന്നു. സംസ്കൃതവിഭാഗത്തിൽ നടത്തിപ്പോന്നിരുന്ന പല സെമിനാറുകളും അന്തർവൈജ്ഞാനികവും അതുകൊണ്ടുതന്നെ മറ്റു വിഭാഗങ്ങളിലെ അധ്യാപകർ പ്രബന്ധാവതാരകരായും വിദ്യാർഥികൾ സദസ്യരായും പങ്കെടുക്കുന്നതുമായിരുന്നു.

അക്കൂട്ടത്തിൽ ഏറ്റവുമധികം ബന്ധം ശാസ്ത്രവിഭാഗങ്ങളിൽ ഗണിതവിഭാഗവും സസ്യശാസ്ത്രവിഭാഗവുമായിട്ടായിരുന്നു.

1978–ൽ കേരളസർവകലാശാലയിൽനിന്ന് കോഴിക്കോട് സർവകലാശാലയിലേക്ക് മാറ്റം വാങ്ങിവന്ന എന്റെ സുഹൃത്തുക്കളായിരുന്നു സസ്യശാസ്ത്രവിഭാഗത്തിലെ എല്ലാ അധ്യാപകരും. വിഭാഗാധ്യക്ഷനായ ഡോ. ബി. കെ. നായർ, രസതന്ത്രവിഭാഗം പ്രൊഫസർ ഡോ. കെ. ടി. രാമവർമയും ഞാനും മുൻകൈയെടുത്ത് സംഘടിപ്പിച്ച കഥകളി, ചാക്യർകൂത്ത് മുതലായ ക്ലാസ്സിക്കൽകലാപ്രദർശനങ്ങളിൽ സജീവതാല്പര്യം കാണിച്ചത് നന്ദിപൂർവം ഓർക്കുന്നു. സസ്യശാസ്ത്രവിഭാഗത്തിലെ പ്രൊഫസറായിരുന്ന ഡോ. മണിലാൽ ലോകപ്രസിദ്ധമായ *ഹോർത്തൂസ് മലബാറിക്ക*സ്സിന്റെ പഠനം ആജീവനാന്തപദ്ധതിയായി കൈക്കൊണ്ട പണ്ഡിതനാണെന്ന് പ്രശസ്തം. ഡോ. മണിലാലിന്റെ മുഖ്യശിഷ്യനും പിന്നീട് അതേ സസ്യശാസ്ത്രവിഭാഗത്തിൽ അധ്യാപകനുമായിരുന്ന് അകാലത്തിൽ നമ്മോട് വിടപറഞ്ഞ ഡോ. വി. വി. ശിവരാജനും ഞാനും വളരെയടുത്ത സുഹൃത്തുക്കളായിരുന്നു. സർവകലാശാലാധ്യാപകസംഘടനാനേതാവ് കൂടിയായിരുന്ന ഡോ. ഉണ്ണിക്കൃഷ്ണൻ ഇന്ന് നമ്മോടൊപ്പമില്ല. ഡോ. ലീലാവതി സസ്യശാസ്ത്രം പ്രൊഫസറാണെന്ന് എപ്പോഴും നമ്മെ ഓർമിപ്പിച്ചുകൊണ്ടിരിക്കും ഏതെങ്കിലും ഒരു ചെടി തേടിക്കൊണ്ട്. അന്താരാഷ്ട്രപ്രശസ്തി നേടിയ നിശ്ശബ്ദഗവേഷകനായിരുന്ന ഡോ. നരേന്ദ്രനെ എക്കാലവും പണ്ഡിതലോകം ഓർമ്മിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ടി. എൻ. ജയചന്ദ്രൻ



വൈസ് ചാൻസലറായിരുന്ന കാലത്ത് ഡോ. കൃഷ്ണൻകുട്ടിയുടെ ഭാര്യയായ ഡോ. വിജയലക്ഷ്മിയുടെ നിയമനവുമായി ബന്ധപ്പെട്ട് എന്റെ സഹനിരാഹാരസത്യാഗ്രഹിയായിരുന്ന ഡോ. ഫിലിപ്പിനെ എങ്ങനെ മറക്കും?

ഈ സുഹൃത്തുക്കളെല്ലാമുള്ള സസ്യശാസ്ത്രവിഭാഗത്തിൽ "സസ്യവിജ്ഞാനീയം സംസ്കൃതത്തിൽ" എന്ന പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് എന്നെ സംസാരിക്കാൻ ക്ഷണിച്ചത് സ്വാഭാവികം മാത്രമായേ ഞാൻ കാണുന്നുള്ളൂ.

ഇങ്ങനെ ഈ വിഭാഗത്തെപ്പറ്റി ഇനിയും എത്രയോ പറയാനുണ്ടാകുമെങ്കിലും ഒരിടത്ത് നിർത്തണമല്ലോ എന്നു വിചാരിച്ച് ഇവിടെ നിർത്തുന്നു.

★

24. കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലെ
രജതജൂബിലിസെമിനാറുകൾ

ബുധസംഗമത്തിനു പുറമെ സംസ്കൃതവിഭാഗത്തിൽ ധാരാളം സെമിനാറുകൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. അക്കൂട്ടത്തിൽ സംസ്കൃതവിഭാഗത്തിന്റെ രജതജൂബിലിയോടനുബന്ധിച്ചു നടന്ന സെമിനാറുകൾ എടുത്തുപറയേണ്ടിയിരിക്കുന്നു.

രജതജൂബിലി പ്രമാണിച്ച് വിവിധവിഷയങ്ങളിൽ അരഡസനോളം സെമിനാറുകൾ നടത്താനാണ് ഞങ്ങൾ തീരുമാനിച്ചതെങ്കിലും നടന്നത് പതിനൊന്നെണ്ണമാണ്! ആറെണ്ണം സർവകലാശാലാക്യാമ്പസ്സിലും അഞ്ചെണ്ണം പുറത്തും – മീഞ്ചന്ത, തൃശ്ശൂർ, പയ്യന്നൂർ, പട്ടാമ്പി, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിൽ.

“മാനേജ്മെന്റിന്റെ ഭാരതീയപാരമ്പര്യങ്ങൾ” എന്ന വിഷയത്തെപ്പറ്റിയുള്ള ഒരു ദ്വിദിനസെമിനാറോടുകൂടിയാണ് സംസ്കൃതവിഭാഗത്തിന്റെ രജതജൂബിലിപരിപാടികൾ ഉദ്ഘാടനം ചെയ്യപ്പെട്ടത്. 2002 ജനുവരി 30–ന് വൈസ് ചാൻസലർ ഡോ. കെ. കെ. എൻ. കുറുപ്പ് പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. പ്രോ വൈസ്ചാൻസലർ എം. സലീമിന്റെ അധ്യക്ഷതയിൽ റജിസ്ട്രാർ എം ദാസനും സിന്റിക്കേറ്റംഗങ്ങളായ ഡോ. ടി. കെ. നാരായണനും പ്രൊഫ. സി. പി. ചിത്രയും വിവിധവകുപ്പുതലവന്മാരായ വി. കുഞ്ഞാലി (ചരിത്രം), എൻ. രാമചന്ദ്രൻ നായർ (ഇംഗ്ലീഷ്), വേണുഗോപാലപ്പണിക്കർ (മലയാളം), എസ്. നിർമല (റഷ്യൻ), ഇ. കെ. അഹമ്മദ് കുട്ടി (അറബിക്ക്), വി. കൃഷ്ണകുമാർ (ഗണിതം), സി. ഡി. ചാക്കപ്പൻ (മാസ് കമ്മ്യൂണിക്കേഷൻസ്) എന്നിവരും പൂർവവിദ്യാർഥികളുടെ പ്രതിനിധി വി. കെ. വിജയനും ആശംസകൾ നേർന്നു.

ഉച്ചയ്ക്കുശേഷം ഒന്നാം സമ്മേളനത്തിൽ കോമേഴ്സ് ആന്റ് മാനേജ്മെന്റ് വിഭാഗം തലവൻ ഇ. പി. സൈനുൽ അബിദീൻ അധ്യക്ഷത വഹിച്ചു. വി. കെ. എസ്. മേനോനായിരുന്നു ഉദ്ഘാടകൻ. സി. വി. ജയമണി “ഭഗവദ്ഗീതയും മാനേജ്മെന്റും” എന്ന വിഷയത്തിലും എൻ. രംഗനാഥൻ “മാനേജ്മെന്റിന്റെ ധാർമികമാനം” എന്ന വിഷയത്തിലും പി. വി. രാമൻകുട്ടി “റവന്യൂ മാനേജ്മെന്റ്”എന്ന വിഷയത്തിലും ആനന്ദകൃഷ്ണൻ കുഞ്ഞോളത്തില്ലത്ത് “ധനമാനേജ്മെന്റ് അർഥശാസ്ത്രത്തിൽ” എന്ന വിഷയത്തിലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പിറ്റേന്നാൾ രാവിലെ കെ. പി. മുരളീധരന്റെ ആധ്യക്ഷ്യത്തിൽ തുടങ്ങിയ രണ്ടാം സമ്മേളനം പി. എൻ. ഷെട്ടി, സി. രാജേന്ദ്രൻ , പി. മോഹൻ എന്നിവർ യഥാക്രമം “മാനേജീരിയൽ മൂല്യങ്ങളും വ്യവസായസദാചാരവും”, “മാനേജ്മെന്റിലെ ഇന്നത്തെ വെല്ലുവിളികളെ നേരിടാനുള്ള പാരമ്പര്യവിഭവങ്ങൾ”, “ധാർമികതയിലൂടെ സംഘടനയുടെ പരിണാമം” എന്നീ വിഷയങ്ങളെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

അന്ന് ഉച്ചയ്ക്കുശേഷം നടന്ന മൂന്നാം സമ്മേളനം വി. കെ. ജനാർദനന്റെ അധ്യക്ഷതയിലായിരുന്നു. “നീതിശതകത്തിലെ മാനേജ്മെന്റ് തത്ത്വങ്ങൾ” എന്ന വിഷയത്തിൽ ഞാനും “ഭാരതീയദർശനങ്ങളും മനുഷ്യവവിഭവമാനേജ്മെന്റും” എന്ന വിഷയത്തിൽ കെ. എൻ. എൻ. ഇളയതും “ഭാരതീയമാനേജ്മെന്റ് ചിന്ത” എന്ന വിഷയത്തിൽ എച്ച്. വി. ശങ്കരനാരായണനും “മാനേജ്മെന്റ് തത്ത്വങ്ങൾ ബൃഹത്സംഹിതയിൽ” എന്ന വിഷയത്തിൽ പി. മനോഹരനുമാണ് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്.



കോമേഴ്സ് –മാനേജ്മെന്റ് വിഭാഗത്തിലെയും സംസ്കൃതവിഭാഗത്തിലെയും അധ്യാപകരും വിദ്യാർഥികളുമടങ്ങുന്നതാണ് സദസ്യരിലെ ഭൂരിപക്ഷം.

ഈ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും എന്റെ “ഭഗവദ്ഗീത – ഒരു പ്രതിസന്ധിമാനേജ്മെന്റിന്റെ പുസ്തകമെന്ന നിലയിൽ” എന്നും സി. രാജേന്ദ്രന്റെ “മാനേജ്മെന്റ് തത്ത്വങ്ങൾ യജ്ഞങ്ങളുടെ സംഘാടനത്തിൽ” എന്നുമുള്ള പ്രബന്ധങ്ങളും ചേർത്ത് *ഇന്ത്യൻ ട്രഡിഷൻസ് ഓഫ് മാനേജ്മെന്റ്* എന്നൊരു സമാഹാരം കാലിക്കറ്റ് യൂനിവേഴ്സിറ്റി സാൻസ്ക്രിട്ട് സീരീസിൽ (നമ്പർ 14) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

രണ്ടാമത്തെ ദ്വിദിനസെമിനാറിന്റെ വിഷയം “സംസ്കൃതത്തിലെ ചിന്തയും മുസ്ലീം ലോകവും”. സെമിനാറിന്റെ ഒന്നാം സമ്മേളനം എം. എൻ. കാരശ്ശേരിയുടെ അധ്യക്ഷതയിൽ നടന്നു. മങ്കട അബ്ദുൾ അസീസ് “സംസ്കൃത–അറബിബന്ധങ്ങ”ളെപ്പറ്റി പ്രബന്ധം അവതരിപ്പിച്ചു. കെ. എൻ. ഗണേശ് “മുസ്ലീം സമാഗമം : സാംസ്കാരികവിവക്ഷകൾ” എന്നും ഒ. അബ്ദുറഹിമാൻ “മതം പ്രാചീന അറബി–ഭാരതനാഗരികതകളിൽ” എന്നുമുള്ള പ്രബന്ധങ്ങൾ അവതരിപ്പിച്ചു. വി. എം. കുട്ടിയാകട്ടെ, “മാപ്പിളപ്പാട്ടുകളും മറ്റു സംഗീതപാരമ്പര്യങ്ങളും” എന്ന പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് ധാരാളം മാപ്പിളപ്പാട്ടുകൾ പാടിയും അവയെ *രാമചരിതം, അധ്യാത്മരാമായണം കിളിപ്പാട്ട്, നാടൻ പാട്ടുകൾ* എന്നിവയുമായി താരതമ്യപ്പെടുത്തിയും ഒന്നാന്തരം പ്രകടനമാണ് കാഴ്ചവെച്ചത്.

പിറ്റേന്നാൾ രാവിലത്തെ സമ്മേളനത്തിൽ ഞാൻ അധ്യക്ഷത വഹിച്ചു. അധ്യക്ഷന്റെ ആമുഖപ്രസംഗം “പേഴ്സ്യൻ കവിതയിൽ ഭാരതീയദർശനത്തിന്റെ സ്വാധീനം” എന്നായിരുന്നു. തുടർന്ന് ടി. കെ. ഹംസ “അദ്വൈതവും ഇസ്ലാമും” എന്ന വിഷയമാണ് അവതരിപ്പിച്ചത്. എനിക്ക് അദ്ദേഹത്തിന്റെ ഇത്തരം വിഷയങ്ങളിലുള്ള പാണ്ഡിത്യത്തെപ്പറ്റി മുൻപേ അറിയാമെങ്കിലും ക്യാമ്പസ് സമൂഹം ആ രാഷ്ട്രീയനേതാവിന്റെ ഈ മുഖം ആദ്യമായാണ് കാണുന്നതെന്നു തോന്നുന്നു. എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയ പ്രബന്ധമായിരുന്നു അദ്ദേഹത്തിന്റേത്. പി. എം. അബ്ദുറഹിമാൻ (കേരളീയമുസ്ലീങ്ങളും ആയുർവേദപാരമ്പര്യവും), പി. പി. കദീജ (സംസ്കൃതവും അറബിയും – ഭാഷാശാസ്ത്രപരമായ ഒരു പഠനം), കെ. എൻ. എൻ. ഇളയത് (സൂഫിസവും വേദാന്തവും), പി. സജിതകുമാരി (സാങ്കേതികസാഹിത്യത്തിന് മുസ്ലീങ്ങളുടെ സംഭാവന) എന്നിവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ ഇ. കെ. അഹമ്മദ് കുട്ടി അധ്യക്ഷത വഹിച്ചു. ആദ്യകാലത്ത് സംസ്കൃതത്തിൽനിന്ന് അറബിയിലേക്കുണ്ടായ വിവർത്തനങ്ങളെക്കുറിച്ച് വിജ്ഞാനപ്രദമായ ഒരു പ്രബന്ധവും അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് സി. രാജേന്ദ്രൻ (മുസ്ലീം ലോകത്തേ

ക്കുള്ള ചെസ്സിന്റെ കുടിയേറ്റം), ടി. എൻ. വാസുദേവൻ (ഹിന്ദുസ്ഥാനിസം ഗീതം), ടി. വാസുദേവൻ (മുസ്ലീങ്ങൾ സംസ്കൃതത്തിനു നൽകിയ സംഭാവന), കെ. ഇ.
എൻ. കുഞ്ഞഹമ്മദ് (ഇന്ത്യയിലെ ഇന്നത്തെ മനുഷ്യബന്ധങ്ങൾ) എന്നിവർ പ്രബന്ധാവതരണം നടത്തി.

സംസ്കൃതവും അറബിയും , ഹിന്ദുക്കളും മുസ്ലീങ്ങളും – ഈ ദ്വന്ദ്വങ്ങൾ തമ്മിലുള്ള വൈരുധ്യങ്ങൾ മാത്രം പെരുപ്പിച്ചുകാട്ടി ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികൾക്ക് നല്ലൊരു താക്കീതായി മാറി അക്കാദമിക്ക് തലത്തിലുള്ള ഇത്തരമൊരു സെമിനാർ.

സപ്തമ്പറിലാണ് അടുത്ത സെമിനാർ നടന്നത്. അതിനെ അന്തർദേശീയസെമിനാർ എന്നു വിശേഷിപ്പിക്കാവുന്നതാണ്. സംസ്കൃതദിനംകൂടി ആഘോഷിക്കുന്നതുകൊണ്ട് പരിപാടി മൂന്നു ദിവസമാക്കി. നാലാം തീയതി രാവിലെ എം. സലീമിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം നമ്മുടെ പ്രിയകവി വിഷ്ണുനാരായണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. പി. ഗോവിന്ദപ്പിള്ളയാണ് മുഖ്യപ്രഭാഷണം നടത്തിയത്. ആൽബ്രെഷ്ത്ത് ഫ്രെൻസ് എന്റെ നേതൃത്വത്തിൽ ഗവേഷണം ചെയ്ത വി. ഗോവിന്ദൻ നമ്പൂതിരിയുടെ *ശ്രൗത യജ്ഞാസ് ഓഫ് കേരള* പ്രകാശനം ചെയ്തു. റജിസ്ട്രാർ എം. ദാസൻ സി. രാജേന്ദ്രന്റെ *താരതമ്യശാസ്ത്രപഠനങ്ങ*ളുടെയും ഞാൻ എഡിറ്റു ചെയ്ത *ഇന്ത്യൻ ട്രഡിഷൻസ് ഓഫ് മാനേജ്മെന്റി*ന്റെയും പ്രകാശനം നിർവഹിച്ചു. പ്രകാശനം ചെയ്യപ്പെട്ട കൃതികളിൽ അവസനത്തേതിന്റെ ഉള്ളടക്കത്തെപ്പറ്റി മുൻപ് പറഞ്ഞുവല്ലോ. നമ്പൂതിരിയുടെ ഗ്രന്ഥം കാലിക്കറ്റ് സാൻസ്ക്രിട്ട് സീരീസിൽ പത്തൊമ്പതാമത്തേതായി ഉൾപ്പെടുത്തിയതാണ്. വൈദികാനുഷ്ഠാനം – ഒരവലോകനം, യജ്ഞപാരമ്പര്യമുള്ള നമ്പൂതിരിമാരുടെ അധിനിവേശങ്ങളുടെ പരസ്പരബന്ധം, *ശാങ്കരസ്മൃതി*യുടെ വെളിച്ചത്തിൽ കേരളത്തിലെ യജ്ഞപാരമ്പര്യം, കേരളീയയജ്ഞപാരമ്പര്യത്തിലെ ശ്രദ്ധേയമായ ചില സവിശേഷതകൾ, നമ്പൂതിരിമാരുടെ അനുഷ്ഠാനത്തിലെ രണ്ടു പാരമ്പര്യങ്ങൾ, പ്രൈഷാർഥം, കേരളത്തിലെ വേദോച്ചാരണോത്സവങ്ങൾ, നിലവിലുള്ള കേരളീയയജ്ഞപാരമ്പര്യം, തന്ത്രത്തിൽ വൈദികവും യാജ്ഞികവുമായ പാരമ്പര്യത്തിന്റെ സ്വാധീനം എന്നീ അധ്യായങ്ങളാണ് ഗോവിന്ദൻ നമ്പൂതിരിയുടെ ഗ്രന്ഥത്തിലുള്ളത്. കേരളത്തിലെ ശ്രൗതയജ്ഞങ്ങളുടെ സവിശേഷതകൾ മുഴുവൻ അക്കമിട്ട് പറയുന്നതാണ് ഈ ഗ്രന്ഥത്തിന് ഞാൻ എഴുതിയ അവതാരിക. ഫ്രിറ്റ്സ് സ്റ്റാളിന്റെ *അഗ്നി* എന്ന പ്രകൃഷ്ടകൃതി കഴിഞ്ഞാൽ ഈ മേഖലയിലുള്ള ശ്രദ്ധേയമായ പുസ്തകമാണിത്.

"സംസ്കൃതവും ലോകസാഹിത്യവും" എന്നാണ് അന്തർദേശീയസെമിനാറിന്റെ വിഷയം. സംസ്കൃതവും വിദേശഭാഷകളും (1) എന്ന ഒന്നാം സമ്മേളനം സി. രാജേന്ദ്രന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. "സംസ്കൃതവും ലോകസാഹിത്യവും" എന്ന ആമുഖപ്രബന്ധം അവതരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം അധ്യക്ഷപ്രസംഗം നടത്തിയത്. ആൽബ്രെഷ്ത് ഫ്രെൻസ് ജർമൻഭാഷയും സംസ്കൃതവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ഓഫിറ ഗാൽമ്യേൽ ഹിബ്രുവും സംസ്കൃതവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും



പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

അന്ന് ഉച്ചയ്ക്കുശേഷം സംസ്കൃതകുടുംബസംഗമമായിരുന്നു. സംസ്കൃതവിഭാഗത്തിലെ പല പൂർവവിദ്യാർഥികളും അവിടെ ഒത്തുകൂടി തങ്ങളുടെ ഇരുപത്തഞ്ചു വർഷങ്ങൾക്കിടയിലുള്ള സ്മരണകൾ അയവിറക്കി.

പിറ്റേന്നാൾ രാവിലെ സംസ്കൃതവും വിദേശഭാഷകളും (2) എന്ന രണ്ടാം സമ്മേളനം എസ്. നിർമലയുടെ അധ്യക്ഷതയിൽ തുടങ്ങി. അവർ റഷ്യൻ ഭാഷയെപ്പറ്റി പ്രബന്ധം അവതരിപ്പിച്ചു. അറബിക്കിനെപ്പറ്റി ഇ. കെ. അഹമ്മദ്കുട്ടിയും ഫ്രെഞ്ചിനെപ്പറ്റി എസ്. എ. സ്. ശർമ്മയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

തുടർന്ന് ആൽബ്രെഷ്ത് ഫ്രെൻസിന്റെ ഒരു പ്രത്യേകപ്രഭാഷണമാണ് നടന്നത് – വേദത്തിലെ യജ്ഞവേദിയും ബൈബിളിലെ ബാബേൽ ഗോപുരവും തമ്മിലൊരു താരതമ്യം.

സംസ്കൃതവും ഭാരതീയഭാഷകളും (1) എന്ന മൂന്നാം സമ്മേളനം സഫിയാബീയുടെ അധ്യക്ഷതയിൽ നടന്നു. അധ്യക്ഷയുടെ പ്രസംഗം ഉർദുവെക്കുറിച്ചായിരുന്നു. ആർസു (ആർ. സുരേന്ദ്രൻ) ഹിന്ദിയെപ്പറ്റിയും എം. പി. കുമാരൻ ബംഗാളിയെപ്പറ്റിയും പ്രഭാഷണം നടത്തി.

സംസ്കൃതവും ഭാരതീയഭാഷകളും (2) എന്ന നാലാം സമ്മേളനം കെ. എൻ. എൻ. ഇളയതിന്റെ ആധ്യക്ഷ്യത്തിൽ നടന്നു. എ. രാമസ്വാമി അയ്യങ്കാർ (കന്നഡ), ബാലസുബ്രഹ്മണ്യം (തമിഴ്), ജി. പത്മനാഭം (തെലുഗു), കെ. എം. ഷെരീഫ് (ഗുജറാത്തി, മറാത്തി) എന്നിവരാണ് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്.

"മലയാളഭാഷാസാഹിത്യത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം" (1) എന്ന അഞ്ചാം സമ്മേളനം എം. എം. പുരുഷോത്തമൻ നായരുടെ അധ്യക്ഷതയിൽ നടന്നു. അധ്യക്ഷൻ കവിതയെക്കുറിച്ചും എം. എൻ. കാരശ്ശേരി നാടകത്തെക്കുറിച്ചും സംസാരിച്ചു.

"മലയാളഭാഷാസാഹിത്യത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം" (2) എന്ന ആറാം സമ്മേളനത്തിൽ വേണുഗോപാലപ്പണിക്കർ അധ്യക്ഷത വഹിച്ചു. അദ്ദേഹം ഭാഷയെക്കുറിച്ച് പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു. കെ. ശേഖരൻ കഥാസാഹിത്യത്തെക്കുറിച്ചും ഞാൻ സാഹിത്യവിമർശനത്തെക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

തുടർന്ന് സംസ്കൃതദിനത്തിന്റെ ഭാഗമായി മുപ്പതിലധികം പേർ പങ്കെടുത്ത വാക്യാർഥസദസ്സ് നടന്നു.

അടുത്ത സെമിനാർ നവമ്പർ 5–6 തീയതികളിലാണ് നടന്നത്. തിരുപ്പതി രാഷ്ട്രീയസംസ്കൃതവിദ്യാപീഠത്തിന്റെ (ഡീംഡ് യൂനിവേഴ്സിറ്റി) സഹായധനത്തോടെയാണ് ആ സെമിനാർ സംഘടിപ്പിച്ചത്. "ശാസ്ത്രവും സാങ്കേതികവിദ്യയും പ്രാചീനഭാരതത്തിൽ" എന്നതാണ് വിഷയം. വിദ്യാപീഠത്തിന്റെ സംസ്കൃതശാസ്ത്രപ്രദർശനവുമുണ്ടായിരുന്നു. കോഴിക്കോട് എൻ. ഐ. ടി. ഡയരക്ടർ എം. പി. ചന്ദ്രശേഖരൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കാവ്യനാടകങ്ങളുടെ ഭാഷയല്ല, ശാസ്ത്രത്തിന്റെ ഭാഷ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അധ്യക്ഷത വഹിച്ച ഞാൻ സംസ്കൃതസാങ്കേതികവിദ്യാസാഹിത്യത്തെക്കു

റിച്ചു നടന്ന പഠനങ്ങളുടെ സംക്ഷിപ്തചരിത്രം അവതരിപ്പിച്ചു. കുഞ്ചുണ്ണി രാജ ഞാൻ എഡിറ്റു ചെയ്ത നാരായണന്റെ *തന്ത്രസാരസംഗ്രഹം* (സ്വർണ ഗ്രാമവാസുദേവന്റെ *മന്ത്രവിമർശിനീവ്യാഖ്യാന*ത്തോടുകൂടി) ഇ. ആർ. രമാ ബായിക്കു നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. രണ്ടു ഭാഗങ്ങളിലായുള്ള ആ കൃതി സംസ്കൃതം സീരീസിലെ 15–16 നമ്പറുകളിലാണ്.

"ഭാഷാശാസ്ത്രവും വൈദികസാഹിത്യവും" എന്ന ഒന്നാം സമ്മേളന ത്തിൽ വേണുഗോപാലപ്പണിക്കർ ആധ്യക്ഷ്യം വഹിച്ചു. കുഞ്ചുണ്ണിരാജ "ഭാര തീയഭാഷാശാസ്ത്രത്തിലെ പ്രശ്നങ്ങൾ" എന്ന പ്രബന്ധം അവതരിപ്പിച്ചു. പി. വി. രാമൻ കുട്ടി (ഭാരതത്തിന്റെ ശാസ്ത്രപൈതൃകം – വൈവിധ്യവും സമ്പന്നതയും), കെ. എൻ. എൻ. ഇളയത് (ഭാരതീയശാസ്ത്രത്തിന്റെ താന്ത്രി കവേരുകൾ), പി. സി. മുരളീമാധവൻ (ഊർജത്തിന്റെ ഉപാദാനങ്ങൾ – ചില വൈദികസങ്കല്പങ്ങൾ), സി. എം. നീലകണ്ഠൻ (പരിസ്ഥിതിബോധം വേദ ങ്ങളിൽ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

"ജ്യോതിശ്ശാസ്ത്രവും ഗണിതവും" എന്ന രണ്ടാം സമ്മേളനത്തിൽ വി. കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. സി. പി. നാരായണൻ (ഭാരതത്തിൽ ഗണിതത്തിന്റെ വളർച്ച – മിത്തുകളും വസ്തുതകളും), ഞാൻ (*സദ്രത്ന മാല*), എൻ. കെ. സുന്ദരേശ്വരൻ (*ആര്യഭടീയഭാഷ്യം*), കെ. ശേഖരൻ (*ജ്യോ തിർമീമാംസ*) എന്നിവർ പ്രബന്ധാവതരണം നടത്തി.

വൈകുന്നേരം 4 മുതൽ 5 വരെ യോഗാചാര്യൻ കെ. പി. ബാലകൃ ഷ്ണന്റെ യോഗ തെറാപ്പിയെക്കുറിച്ചുള്ള ക്ലാസ്സായിരുന്നു.

"വൈദ്യശാസ്ത്ര"മെന്ന മൂന്നാം സമ്മേളനം എൻ. നീലകണ്ഠന്റെ അധ്യ ക്ഷതയിലാണ് നടന്നത്. ഇ. ആർ. രമാബായ് (നേത്രരോഗചികിത്സ), എ. പി. ഹരി

ദാസൻ (*ചരകസംഹിത*), എം. ഐ. ജോർജ് (*സുശ്രുതസംഹിത*), പി. നാരാ യണൻ നമ്പൂതിരി (ഗജശാസ്ത്രം), സി. നാരായണൻ (വൃക്ഷായുർവേദം), വി. ജി. തനു (ആയുർവേദത്തിന് വൈദ്യരത്നം പി. എസ്. വാരിയരുടെ സംഭാവന) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

"വാസ്തുവിദ്യ" എന്ന നാലാം സമ്മേളനത്തിൽ ടി. കെ. നാരായണൻ ആധ്യക്ഷ്യം വഹിച്ചു. എ. അച്യുതൻ (വാസ്തുവിദ്യയുടെ പരമ്പരാഗതജ്ഞാ നശേഖരം), ബാലഗോപാൽ ടി. എസ്. പ്രഭു (ശില്പവും പ്രതിമാനിർമാണ വും), സി. രാജേന്ദ്രൻ (വാസ്തുവിദ്യയും പരിസ്ഥിതിശാസ്ത്രവും), ആനന്ദ കൃഷ്ണൻ കുഞ്ഞോളത്തില്ലത്ത് (നഗരസംവിധാനം), ജയൻ എരഞ്ചേരി (*ത ന്ത്രസമുച്ചയം*), ജ്യോത്സ്ന ജി. (*മനുഷ്യാലയചന്ദ്രിക*) എന്നിവരാണ് പ്രബന്ധ ങ്ങൾ അവതരിപ്പിച്ചത്.

"മറ്റു ശാസ്ത്രങ്ങൾ" എന്ന അഞ്ചാം സമ്മേളനം എം. പി. കണ്ണന്റെ അധ്യക്ഷതയിൽ ചേർന്നു. കെ. മുത്തുലക്ഷ്മി (ഭാരതീയരസതന്ത്രം), പി. എം. അബ്ദുറഹിമാൻ (ഇന്ത്യൻ അണുസിദ്ധാന്തം), പി. മനോഹരൻ (*ബൃഹ ത്സംഹിത*), പി. വി. നാരായണൻ (*അർഥശാസ്ത്രം*) എന്നിവർ പ്രബന്ധ ങ്ങൾ വായിച്ചു.

ജനപങ്കാളിത്തംകൊണ്ട് ഏറ്റവും ശ്രദ്ധേയമായ സെമിനാറായിരുന്നു ഇത്.



യൂനിവേഴ്സിറ്റി എഞ്ചിനിയറിങ് കോളേജിലെ വിദ്യാർഥികൾ ഒന്നടങ്കം വാസ്തുവിദ്യാസെമിനാറിൽ പങ്കെടുത്തു. സർവകലാശാലാ സയൻസ് വിഭാ ങ്ങളിൽനിന്ന് അധ്യാപകരും വിദ്യാർഥികളും ചില സമ്മേളനങ്ങളിൽ ധാരാ ളമായി സംബന്ധിച്ചു.

"ഫോക്‌ലോർ സംസ്കൃതത്തിൽ" എന്ന വിഷയത്തെക്കുറിച്ചാണ് ഞങ്ങൾ അടുത്ത സെമിനാർ സംഘടിപ്പിച്ചത്, 2003 ജനുവരി 8–9 തീയതികളിൽ.

എട്ടാം തീയതി രാവിലെ എം. സലീമിന്റെ അധ്യക്ഷതയിൽ വൈസ് ചാൻസ ലർ സയ്യിദ് ഇക്ബാൽ ഹസ്നൈൻ സെമിനാറിന്റെ ഔപചാരികമായ ഉദ്ഘാ ടനം നിർവഹിച്ചു. റജിസ്ട്രാർ ടി. കെ. ഉമ്മർ ടി. വാസുദേവന്റെ *എ സ്റ്റഡി ഓഫ് സ്റ്റൈലിസ്റ്റിക്സ് ഇൻ സാൻസ്ക്രിറ്റ് പോയറ്റിക്സ് വിത്ത് സ്പെഷ്യൽ റഫറൻസ് ടു കുന്തക* എന്ന ഗ്രന്ഥം ശങ്കരൻ രവീന്ദ്രന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഇത് സംസ്കൃതം സീരീസിലെ 17–ാമത്തെ പുസ്തക മാണ്. രണ്ടു ഭാഗമായാണ് ഈ കൃതി പ്രസിദ്ധീകരിച്ചിട്ടുള്ളത്.

സെമിനാറിലെ മുഖ്യാതിഥി മാംഗളൂർ യൂനിവേഴ്സിറ്റിയിലെ വിവേക് റോയ് ആയിരുന്നു.

ഒന്നാം സമ്മേളനം എം. ആർ. രാഘവവാരിയരുടെ അധ്യക്ഷതയിൽ ആരംഭിച്ചു. രാഘവൻ പയ്യനാട് മുഖ്യപ്രഭാഷണം നടത്തി. സി. എം. നീലക ണ്ഠൻ "ഋഗ്വേദത്തിലെ ഫോക് ഘടകങ്ങ"ളെക്കുറിച്ചും കെ. എൻ. എൻ. ഇളയത് "ഫോക് ലോർ അഥർവവേദത്തിൽ" എന്ന വിഷയത്തെക്കുറിച്ചും ഞാൻ "ഫോക് ലോറും തന്ത്രസാഹിത്യവും" എന്ന വിഷയത്തെക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

രണ്ടാം സമ്മേളനം പിറ്റേന്നാൾ രാവിലെ ഇ. കെ. അഹമ്മദ് കുട്ടിയുടെ അധ്യക്ഷതയിൽ തുടങ്ങി. കെ. എം. അനിൽ (ആദ്യകാലഫോക്‌ലോർ പഠന ങ്ങളിൽ സംസ്കൃതത്തിന്റെ സ്വാധീനം), കെ. പി. ശ്രീദേവി (സംസ്കൃത ത്തിലെ ഫോക് കഥകൾ), ടി. വാസുദേവൻ (*കഥാസരിത്സാഗരം*), സി. നാരാ യണൻ (*ഭോജപ്രബന്ധം*), ആനന്ദകൃഷ്ണൻ കുഞ്ഞോളത്തില്ലത്ത് (കേരളീ യസംസ്കൃതസാഹിത്യത്തിലെ സാഹിത്യപരമായ ഐതിഹ്യങ്ങൾ) എന്നി വർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

എം. എം. പുരുഷോത്തമൻ നായർ ആധ്യക്ഷ്യം വഹിച്ച മൂന്നാം സമ്മേള നത്തിൽ ഇ. കെ. ഗോവിന്ദവർമ്മരാജ (മൗഖികസൂത്രവാക്യസിദ്ധാന്തവും ഇതി ഹാസങ്ങളും), കെ. ശേഖരൻ (ആനന്ദവർധനനും ഫോക് കവിതയും), ധർമ രാജ് അടാട്ട് (*ഗാഥാസപ്തശതി*), പി. സജിതകുമാരി (വിദുരനീതിയുടെ ഫോക് അംശങ്ങൾ) എന്നിവർ പ്രബന്ധാവതരണം നടത്തി.

നാലാം സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് എസ്. നിർമ്മല. സി. രാജേ ന്ദ്രൻ (സംസ്കൃതനാടകവേദിയിലെ ഫോക് ഘടകങ്ങൾ), വി. ആർ. മുരളീ ധരൻ (ജ്യോത്സ്യവും മറ്റു വിഷയങ്ങളും), പി. മനോഹരൻ (പ്രാചീനഭാരത ത്തിലെ ജനകീയശാസ്ത്രങ്ങൾ), പി. നാരായണൻ നമ്പൂതിരി (വ്യാകരണാദി ശാസ്ത്രകൃതികളിലെ ലോകോക്തികൾ), ജ്യോത്സ്ന ജി. (മഹാഭാഷ്യത്തിലെ ലോകോക്തികൾ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

സെമിനാറിന്റെ ആദ്യദിവസം രാത്രി മറത്തുകളിയും പറക്കുട്ടിച്ചാത്തൻ തെയ്യവും അവതരിപ്പിച്ചു. പി. പി. മാധവൻ പണിക്കരും വെങ്ങര കൃഷ്ണൻ പണിക്കരുമായിരുന്നു മറത്തുകളിപ്പണിക്കന്മാർ.

ക്യാമ്പസ്സിൽ നടന്ന രജതജൂബിലിസെമിനാറുകളിൽ അവസാനത്തേത് 2003 മാർച്ച് 20–21 തീയതികളിലാണ്. മാർച്ച് 21–ന് റിട്ടയർ ചെയ്യുന്ന ഡോ. കെ. എൻ. എൻ. ഇളയതിന്റെ യാത്രയയപ്പുസെമിനാറായിക്കൂടി ഉദ്ദേശിക്കപ്പെട്ടതാണത്. "കേരളത്തിന്റെ ദാർശനികപൈതൃകം" എന്നതാണ് സെമിനാറിന്റെ വിഷയം. 20–ന് രാവിലെ റജിസ്ട്രാർ ടി. കെ. ഉമ്മറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് ചാൻസലർ സയ്യിദ് ഇക്ബാൽ ഹസ്നൈൻ പരിപാടികൾ ഉദ്ഘാ
ടനം ചെയ്തു. സിദ്ധിനാഥാനന്ദസ്വാമികൾ മുഖ്യപ്രഭാഷണം നടത്തി. എൻ നീലകണ്ഠൻ വി. കൃഷ്ണകുമാറിന് ആദ്യപ്രതി നൽകിക്കൊണ്ട് ഞാൻ എഡിറ്റുചയ്ത *ഇന്ത്യൻ സയന്റിഫിക് ട്രഡിഷൻസ്* (ഭാരതീയശാസ്ത്രപാരമ്പര്യങ്ങൾ – ഡോ. കെ. എൻ. എൻ. ഇളയത് അനുമോദനഗ്രന്ഥം) എന്ന പുസ്തകം പ്രകാശിപ്പിച്ചു. കാലിക്കറ്റ് യൂനിവേഴ്സിറ്റി സാൻസ്ക്രിട്ട് സീരീസ്സിലെ 19–ാമത്തെ പുസ്തകമാണിത്. സംസ്കൃതവിഭാഗം നടത്തിയ ഒന്നിലധികം ഭാരതീയശാസ്ത്രസാങ്കേതികവിദ്യാസെമിനാറുകളിൽ അവതരിപ്പിച്ചവയാണ് പ്രസ്തുതകൃതിയിലെ 28 പ്രബന്ധങ്ങൾ.

പുസ്തകത്തിന്റെ ഒന്നാം ഭാഗം ഡോ. കെ. എൻ. എൻ. ഇളയതിന്റെ സാമാന്യം ദീർഘമായ ജീവചരിത്രക്കുറിപ്പ്. രണ്ടാം ഭാഗത്തിലെ ആദ്യഖണ്ഡം "ജ്യോതിശ്ശാസ്ത്രവും ഗണിതവും". പ്രാചീനഭാരതീയശാസ്ത്രത്തിന്റെ രീതിശാസ്ത്രം എന്ന കെ. എൻ. എൻ. ഇളയതിന്റെ ലേഖനം പുസ്തകത്തിലെ മറ്റു പ്രബന്ധങ്ങൾക്കാകെ ആമുഖമായി കണക്കാക്കാം. സി. പി. നാരായണൻ, സുബ്രഹ്മണ്യൻ മൂസ്സത്, സുന്ദരേശ്വരൻ, കെ. ശേഖരൻ, ഇ. ശ്രീധരൻ എന്നിവരുടെ പ്രബന്ധങ്ങൾ സെമിനാറിൽ വായിച്ചവതന്നെ. "ജ്യോതിശ്ശാസ്ത്രവും ഗണിതവും മധ്യകാലകേരളത്തിലെ നിളാതീരത്ത്" എന്ന എന്റെ ലേഖനം പട്ടാമ്പികോളേജിലെ ഒരു സെമിനാറിൽ അവതരിപ്പിച്ചതാണ്. എൻ. കെ. സുന്ദരേശ്വരന്റെ *തന്ത്രസംഗ്രഹ*ത്തെപ്പറ്റിയുള്ള പ്രബന്ധം ഈ പുസ്തകത്തിലേക്കുവേണ്ടി പ്രത്യേകം രചിച്ചത്.

രണ്ടാം ഖണ്ഡം "ആയുർവേദവും ബന്ധപ്പെട്ട ശാസ്ത്രങ്ങളും". അതിൽ 12 പ്രബന്ധങ്ങൾ. രണ്ടെണ്ണമൊഴിച്ച് മറ്റെല്ലാം (ഇ. ആർ. രമാബായ്, എ. പി. ഹരിദാസൻ, എം. ഐ. ജോർജ് വി. ജി. തനു, പി. നാരായണൻ നമ്പൂതിരി, സി. നാരായണൻ, എം. പി. കണ്ണൻ, കെ. മുത്തുലക്ഷമി, പി. എം. എ. റഹിമാൻ, പി. സി. മുരളീമാധവൻ എന്നിവരുടെ പ്രബന്ധങ്ങൾ) സെമിനാറിൽ അവതരിപ്പിച്ചവയാണ്. എന്റെ "പ്രാചീനമധ്യകാലസംസ്കൃതസാഹിത്യത്തിൽ ജൈവവൈവിധ്യത്തെയും സംരക്ഷണത്തെയും പറ്റിയുള്ള ചിന്തകൾ" എന്ന പ്രബന്ധവും കെ. എൻ. എൻ. ഇളയതിന്റെ "പദാർഥത്തിന്റെ ഘടനയും പരിണാമവും: സാംഖ്യവൈശേഷികവിശകലനം" എന്ന പ്രബന്ധവും ബോട്ടണിപ്രൊഫസർ കെ. ഉണ്ണിക്കൃഷ്ണന്റെ അനുമോദനഗ്രന്ഥത്തിലേക്കുവേണ്ടി എഴുതിയതാണ്.



മൂന്നാം ഖണ്ഡം "വാസ്തുവിദ്യയും പരിസ്ഥിതിശാസ്ത്രങ്ങളും". അതിൽ 14 പ്രബന്ധങ്ങൾ: എ. അച്യുതൻ, ബാലഗോപാൽ ടി. എസ് . പ്രഭു, ജയൻ എരഞ്ചേരി, കെ. എൻ. എൻ. ഇളയത്, ജ്യോത്സ്ന ജി; പി. മനോഹരൻ, സി. എം. നീലകണ്ഠൻ, ആനന്ദകൃഷ്ണൻ കുഞ്ഞോളത്തില്ലത്ത്, സി. രാജേന്ദ്രൻ, പി. വി. നാരായണൻ എന്നിവയാണ് സെമിനാറിൽ വായിച്ചവ. എന്റെ "തന്ത്രസമുച്ചയം മൗലികകൃതിയാണോ?", "*ശില്പരത്നം*" എന്നിവയും സി. രാജേന്ദ്രന്റെ "പരിസ്ഥിത്യവബോധം പ്രാചീനഭാരതത്തിൽ", പി. വി. രാമൻകുട്ടിയുടെ "പരിസ്ഥിതിപരമായ ഊർജിതപ്രവർത്തനം" എന്നിവയും പുതുതായി ചേർത്തവയാണ്. എന്റെ "*ശില്പരത്ന*"ത്തിന്റെ ഒരു ഭാഗം മുൻപ് വാസ്തുവിദ്യാസെമിനാറിൽ അവതരിപ്പിച്ചതാണ്.

നമുക്ക് കേരളദാർശനികപൈതൃകസെമിനാറിലേക്കുതന്നെ വരാം.

സി. രാജേന്ദ്രൻ അധ്യക്ഷത വഹിച്ച ഒന്നാം സമ്മേളനത്തിൽ ഞാൻ (കേരളീയദാർശനികപൈതൃകം), കെ. എൻ. ഗണേശ് (ഭക്തിയുടെ സാന്നിധ്യം/അസാന്നിധ്യം കേരളത്തിൽ), കെ. ഇ. എൻ. (നവോത്ഥാനദർശനം), കെ. എൻ. എൻ. ഇളയത് (കേരളീയനവോത്ഥാനദാർശനികർ), പി. വി. ഉണ്ണിക്കൃഷ്ണൻ (ശ്രീനാരായണഗുരുവിന്റെയും നടരാജഗുരുവിന്റെയും ദർശനം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പിറ്റേ ദിവസം എ. കാന്താമണിയുടെ അധ്യക്ഷതയിൽ എം. എൻ. കാരശ്ശേരി (മുസ്ലീം നവോത്ഥാന–പരിഷ്കരണങ്ങളിലെ സ്വത്വവും വ്യത്യസ്തതയും), പി. കെ. പോക്കർ (ആധുനികകേരളരൂപവൽക്കരണത്തിലെ മൂല്യങ്ങളും ആദർശങ്ങളും), കെ. ഗോപിനാഥൻ (പാരമ്പര്യവും ആധുനികതയുമായുള്ള ഇടപെടൽ – മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ലോകത്തിലേക്കൊരു പുനഃസന്ദർശനം) എന്നിവരാണ് പ്രബന്ധാവതരണം നടത്തിയത്.

വൈകുന്നേരം ഇളയത് മാസ്റ്റർ അനുമോദനസമ്മേളനമായിരുന്നു. വിവിധവിഭാഗങ്ങളിൽനിന്നുള്ള അധ്യാപകരും വിദ്യാർഥികളും സംസാരിച്ചു. വളരെ ഹൃദ്യമായിരുന്നു ആ സമ്മേളനം.

ക്യാമ്പസ്സിനു പുറത്ത് , ആദ്യം മീഞ്ചന്ത ഗവ. ആർട്സ് കോളേജിലാണ് രജതജൂബിലിസെമിനാർ നടന്നത്. കോഴിക്കോട് ആകാശവാണിയുടെ കൂടി ആഭിമുഖ്യത്തിലാണ് അത് നടന്നത്. ചെസ്സ് ആയിരുന്നു വിഷയം.

തൃശ്ശൂർ കേരളവർമ്മ കോളേജിലായിരുന്നു അടുത്ത സെമിനാർ. സാഹിത്യവിമർശനസിദ്ധാന്തങ്ങളാണ് വിഷയം. വി. ആർ. രാമകൃഷ്ണൻ, ആർ. ഗോപാലകൃഷ്ണൻ, സി. രാജേന്ദ്രൻ, പി. വി. രാമൻകുട്ടി, കെ. എൻ. എൻ. ഇളയത്, പി. നാരായണൻ നമ്പൂതിരി, ടി. വാസുദേവൻ, ഐ. ഷണ്മുഖദാസ് മുതലായവർ പ്രബന്ധങ്ങൾ അവതരിപ്പിച്ച സെമിനാർ ഞാനാണ് ഉദ്ഘാടനം ചെയ്തത്.

പയ്യന്നൂർ അതുല്യ കോളേജിൽ ഫെബ്രവരി 22–നാണ് സെമിനാർ നടന്നത് – കാളിദാസനെപ്പറ്റി. സദനം നാരായണന്റെ അധ്യക്ഷതയിൽ ഞാൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ബി. മുഹമ്മദ് അഹമ്മദ്, രാമന്തളി കൃഷ്ണൻ പണിക്കർ എന്നിവർ ആശംസാപ്രസംഗം നടത്തി. ഇ. പി. രാജഗോപാലൻ (ശാകുന്തളത്തിലെ സ്ഥലം), പി. വി. നാരായണൻ (അധികാരത്തിന്റെ വിവ

ക്ഷിതങ്ങൾ), സി. രാജേന്ദ്രൻ (കാളിദാസന്റെ നർമ്മം), സി. എച്ച്. സുരേന്ദ്രൻ നമ്പ്യാർ (കാളിദാസവ്യാഖ്യാനങ്ങൾ മലയാളത്തിൽ), കെ. ജി. അംബിക (ചില സ്ത്രീപക്ഷചിന്തകൾ), പി. മനോഹരൻ (പാരിസ്ഥിതികസൗന്ദര്യം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ധാരാളം വിദ്യാർഥികളുൾപ്പെടെ തിങ്ങിനിറഞ്ഞ ഒരു സദസ്സ് സെമിനാറിലുടനീളമുണ്ടായിരുന്നു.

പട്ടാമ്പി. ഗവ. സംസ്കൃതകോളേജിൽ "എം. പി. ശങ്കുണ്ണിനായരുടെ സംഭാവനക"ളെപ്പറ്റിയും ശ്രീകൃഷ്ണപുരം വി. ടി. ബി. കോളേജിൽ "മാനേജ്മെന്റ് തത്ത്വങ്ങൾ പ്രാചീനഭാരതത്തിൽ" എന്ന വിഷയത്തെപ്പറ്റിയും സെമിനാറുകൾ നടന്നു. എം. പി. ശങ്കുണ്ണിനായരുടെ പ്രാകൃത-മലയാളബന്ധങ്ങളെക്കുറിച്ചുള്ള പഠനീയമായ ഇംഗ്ലീഷ് കൃതിയെപ്പറ്റിയാണ് ഞാൻ സംസാരിച്ചത്.

വി. ടി. ബി. കോളേജിലെ പരിപാടിയിൽ ഞാനും സി. രാജേന്ദ്രനും പി. എം. എ. റഹിമാനും എൻ. എം. ഇന്ദിരയും പ്രസംഗിക്കുകയുണ്ടായി.

തിരിഞ്ഞുനോക്കുമ്പോൾ ആശ്ചര്യം തോന്നുകയാണ്, എങ്ങനെ കേവലം ഒന്നേകാൽ കൊല്ലത്തിനുള്ളിൽ ഇത്രയേറെ പരിപാടികൾ നടത്താൻ കഴിഞ്ഞു എന്ന്. സംസ്കൃതത്തിന് ഇത്രയേറെ സാധ്യതകളുണ്ടെന്ന് ഞങ്ങളെത്തന്നെ ബോധ്യപ്പെടുത്താൻ ആ സെമിനാറുകൾ ഒട്ടൊന്നുമല്ല ഉപകരിച്ചത്. മാനേജ്മെന്റ്, അറബി, മറ്റു വൈദേശികവും ഭാരതീയവുമായ ഭാഷകൾ, ഫോക്‌ലോർ, ശാസ്ത്രവും സാങ്കേതികവിദ്യയും – ഇങ്ങനെ വിവിധവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്കും വിദ്യാർഥികൾക്കും സംസ്കൃതം കാലഹരണപ്പെട്ട ഒന്നല്ല എന്ന ധാരണയുളവാക്കാൻ ആ സെമിനാറുകൾക്ക് ഒരു വലിയ അളവോളം കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിലയിരുത്തൽ. അതേ സമയം, സംസ്കൃതം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ, യാഥാസ്ഥിതികതയുടെയും പാരമ്പര്യവാദത്തിന്റെയും സർവോപരി ഹിന്ദുത്വത്തിന്റെയും ചട്ടക്കൂട് പൊട്ടിച്ച് മുന്നോട്ടു വരേണ്ടതാണെന്നും മറ്റു വിഷയങ്ങളുമായി പരിചയപ്പെടാൻ തയ്യാറായാലേ അവർക്ക് ഇനിമേൽ പഠനപാഠനഗവേഷണങ്ങളിൽ പുരോഗതി പ്രാപിക്കാൻ കഴിയൂ എന്നും മനസ്സിലാക്കുകകൂടി വേണം. മറ്റൊരു വിഷയവും പഠിക്കാൻ കൂട്ടാക്കാതെ, എല്ലാം സംസ്കൃതത്തിലുണ്ട് എന്നു 'തറവാടിത്തഘോഷണം' നടത്തിക്കൊണ്ടിരുന്നാൽ സ്വയം പരിഹാസ്യരാവുകയാവും ഫലം.

★



## 25. കേളപ്പേട്ടനെക്കുറിച്ചുള്ള ഓർമകൾ

കോഴിക്കോട് ജില്ലയിൽ എവിടെയെങ്കിലും പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടാൽ സമ്മേളനഭാരവാഹികൾ, ''മാഷ് കോഴിക്കോട് പാർട്ടി ഓഫീസിലെത്തിയാൽ മതി; അവിടെ വന്ന് ഞങ്ങൾ കൂട്ടിക്കൊണ്ടുപോയ്ക്കൊള്ളാം" എന്നാണ് പറയാറ്. കേളുവേട്ടന്റെ കാലം മുതലേ ഈ പതിവ് തുടങ്ങിയിരുന്നു. അന്നെനിക്ക് പ്രമേഹരോഗമില്ലായിരുന്നു; അതിനാൽ ദീർഘയാത്രയും ധാരാളം. അധികവും ബസ്സിലായിരുന്നു യാത്ര. കോഴിക്കോട്ടെ പാർട്ടി സിക്രട്ടറിമാരൊക്കെ പൊതുവിൽ വായനപ്രിയരായിരുന്നു. വിശേഷിച്ച്, കേളുവേട്ടനും എം. ദാസനും കേളപ്പേട്ടനും. ദാസൻ യൗവനത്തിൽത്തന്നെ നമ്മെ വിട്ടുപോയി. അതിനാൽ അദ്ദേഹത്തിന്റെ കഴിവുകൾ മുഴുവൻ സമൂഹത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചില്ല. കേളുവേട്ടന്റെ കൈയിൽ എപ്പോഴും ഒരു പുസ്തകം കാണാം. ഒരു തവണ കൗടില്യന്റെ *അർഥശാസ്ത്രം* കൈയിൽ കണ്ട്, "ഇതൊക്കെ കേളേട്ടൻ വായിക്കുമോ" എന്നു ചോദിച്ചപ്പോൾ "എന്താ? മനുഷ്യനെ സംബന്ധിച്ചതൊന്നും നമുക്കന്യമല്ലെ"ന്നാണ് മറുപടി ലഭിച്ചത്. അദ്ദേഹത്തിന്റെ നേരനുയായിതന്നെ കേളപ്പേട്ടനും. വടകരയ്ക്കടുത്താണ് പരിപാടിയെന്നു കേട്ടാൽ, "എന്നാൽ ഞാനും വരാം. മാഷെ പ്രസംഗവും കേൾക്കാമല്ലോ." എന്നു പറഞ്ഞ് കേളപ്പേട്ടനും കൂടെ വരും. പലപ്പോഴും സമ്മേളനഭാരവാഹികളുടെ ക്ഷണമനുസരിച്ച് അദ്ദേഹമാവും അധ്യക്ഷൻ.

രാഷ്ട്രീയം പോലെത്തന്നെയാണ് കേളപ്പേട്ടന് കലയും സാഹിത്യവും. എം. കെ. പണിക്കോട്ടി എന്ന പേരിലാണ് അദ്ദേഹം കലാസാഹിത്യരംഗത്ത് അറിയപ്പെട്ടത്. ഇ. എസ്. എൽ. സി. പാസ്സായിട്ടുണ്ടെങ്കിലും ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ തനിക്കറിയില്ലെന്നേ അദ്ദേഹം പറയാറുള്ളൂ. എന്നോടങ്ങനെ പറഞ്ഞിട്ടുമുണ്ട്. എന്നാലെന്ത്? ജീവിതാനുഭവങ്ങളുടെ സർവകലാശാലയിൽ അദ്ദേഹം നേടിയെടുത്ത വിദ്യാഭ്യാസം അത്യുന്നതംതന്നെയെന്ന് നമുക്ക് പറയാനാവും. പുരോഗമനകലാസാഹിത്യസംഘത്തിന്റെ കമ്മിറ്റിമീറ്റിങ്ങുകളിൽ പങ്കെടുത്ത് അദ്ദേഹം ആവശ്യമായ ഉപദേശനിർദേശങ്ങൾ തരാറുണ്ടായിരുന്നു.

പല കമ്മ്യൂണിസ്റ്റുനേതാക്കളെയും പോലെ കേളപ്പേട്ടനും കോൺഗ്രസ്സിലൂടെയാണ് കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിലേക്കു വന്നത്. ഒഞ്ചിയം വെടിവെപ്പും രക്തസാക്ഷിത്വവും പാർട്ടിപ്രവേശനത്തിനു നിമിത്തമായി. 1950–ൽ കമ്മ്യൂണിസ്റ്റുപാർട്ടിയംഗമായ അദ്ദേഹം 1962–ൽ വടകര നഗരസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ഇരുപതിലേറെ വർഷം അദ്ദേഹം നഗരസഭാ കൗൺസിലറായിരുന്നു. സ്വയം ഒരു കർഷകത്തൊഴിലാളിയായിരുന്ന കേളപ്പേട്ടൻ ആ രംഗത്ത് പ്രവർത്തിച്ച് സംഘടന കെട്ടിപ്പടുത്ത് ശക്തമാക്കി. അവിഭക്തകമ്മ്യൂണിസ്റ്റുപാർട്ടിയിൽ പുതുപ്പണം വില്ലേജ് സിക്രട്ടറിയായിരുന്ന അദ്ദേഹം പാർട്ടി പിളർന്നപ്പോൾ സി. പി. എമ്മിനൊപ്പം ഉറച്ചുനിന്നു. വടകര മണ്ഡലം മെമ്പർ, വടകര, കുന്നുമ്മൽ ഏരിയാസിക്രട്ടറി, സിക്രട്ടറി എന്നീ പദവികളിൽ പ്രവർത്തിച്ചു. 1975–ൽ ജില്ലാക്കമ്മിറ്റിയംഗമായി. 1991 മുതൽ 11

കൊല്ലം ജില്ലാ സിക്രട്ടറി. ഈ സമയങ്ങളിലും കലാസാഹിത്യരംഗങ്ങളിലും സജീവമായി പ്രവർത്തിച്ചിരുന്നുവെങ്കിലും പാർട്ടിയിലെ ഔദ്യോഗികഭാരവാഹിത്വം ഒഴിഞ്ഞതോടെ കലാസാഹിത്യരംഗങ്ങളിൽ കൂടുതൽ സജീവമായി.

*അമൃതസ്മരണകൾ* (ആത്മകഥ), *കേരളത്തിലെ കർഷകത്തൊഴിലാളികൾ – ഇന്നലെ ഇന്ന് നാളെ, അഭയം തേടി, ഉണ്ണിയാർച്ചയുടെ ഉറുമി, വടക്കൻ വീരഗാഥകൾ, വടക്കൻപാട്ടുകളിലെ പെൺപെരുമ* തുടങ്ങിയ പുസ്തകങ്ങൾ, *വടക്കൻ വീരകഥകൾ* എന്ന ബാലസാഹിത്യം, *ബ്രഹ്മരക്ഷസ്സ്* എന്ന ലഘുനോവൽ,*എന്റെ നാട്* എന്ന കവിതാസമാഹാരം, വടക്കൻ പാട്ടുകളിലൂടെ എന്ന പഠനഗ്രന്ഥം, *ഉണ്ണിയാർച്ചയുടെ ഉടപ്പിറപ്പുകൾ* എന്ന തുടർക്കഥ, ഫോക്‌ലോർ സംബന്ധിച്ച ഒട്ടേറെ ലേഖനങ്ങൾ എന്നിവയുടെ രചനയിലൂടെയും *ജീവിതം ഒരു ദുരന്തസ്വപ്നമല്ല, പോലീസ് വെരിഫിക്കേഷൻ, പ്രതിധ്വനി, വർഗസമരം* എന്നീ നാടകങ്ങളുടെ രചനാ–സംവിധാനങ്ങളിലൂടെയും *ദൈവം നിരപരാധിയാണ്, തീ പിടിച്ച തലകൾ, കിതച്ചുയരുന്ന കുഗ്രാമം* എന്നീ നാടകങ്ങളുടെ നിർമാണത്തിലൂടെയും കൈരളിയെ സമ്പന്നമാക്കിയ ബഹുമുഖപ്രതിഭാധനനാണ് കേളപ്പേട്ടൻ. ഒരു വിധത്തിൽ നോക്കിയാൽ ഈ കൃതികളെല്ലാം അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനത്തിന്റെ മനോഹരമായൊരു മുഖമാണെന്നു പറയാം.

പണിക്കോട്ടി ഐക്യകേരളഗ്രന്ഥാലയം, കലാസമിതി എന്നീ സാംസ്കാരികസ്ഥാപനങ്ങളുടെ മുഖ്യശില്പിയായ കേളപ്പേട്ടൻ ഈ കലാസമിതിക്കു വേണ്ടിയാണ് ആദ്യം മേൽ പരാമർശിച്ച പല നാടകങ്ങളുമെഴുതിയത്.

*ശിവപുരം കോട്ട*യെന്ന കേളപ്പേട്ടന്റെ കൃതിയാണ് *അച്ഛനും മകനു*മെന്ന സിനിമയായത്.

തച്ചോളിക്കളിയും കോൽക്കളിയും സംരക്ഷിക്കുന്നതിൽ കേളപ്പേട്ടൻ വഹിച്ച പങ്ക് നിസ്സാരമല്ല.

സർവോപരി കേരളസംസ്ഥാനകർഷകത്തൊഴിലാളിസംഘടനയുടെ വൈസ് പ്രസിഡണ്ടെന്ന നിലയിൽ സംഘടനയുടെ ഇന്നത്തെ വളർച്ചയിൽ കേളപ്പേട്ടൻ എന്ന സംഘാടകന്, പ്രതിഭാധനനായ സാഹിത്യകാരന്, ഉന്നതമായൊരു സ്ഥാനമാണുള്ളത്.

ഈ ലേഖനം പ്രസിദ്ധീകരിച്ച *കർഷകത്തൊഴിലാളി* മാസികയുടെ ലക്കത്തിൽ എന്റെ ലേഖനത്തിനുതാഴെ ബോക്സിൽ കൊടുത്ത കേളപ്പേട്ടന്റെ ഒസ്യത്ത് വായിക്കാനിടയായി. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നൂറു ശതമാനവും കമ്യൂണിസ്റ്റായ അദ്ദേഹത്തിന്റെ മനസ്സിന്റെ വലിപ്പം പലർക്കുമെന്നപോലെ എനിക്കും മനസ്സിലാക്കാൻ കഴിഞ്ഞത് അപ്പോഴാണ്.

★



## 26. ആൾ കേരള ഓറിയന്റൽ കോൺഫറൻസ്

കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിൽനിന്ന് 2006 ഡിസമ്പർ 31–ന് ഞാൻ റിട്ടയർ ചെയ്തു; എങ്കിലും, വിദ്യാഭ്യാസവർഷാവസാനമായ മാർച്ച് 31 വരെ അവിടെത്തന്നെ ജോലിചെയ്തു.

റിട്ടയർമെന്റിനോടനുബന്ധിച്ച് സംസ്കൃതവിഭാഗത്തിൽ മാത്രമല്ല, എല്ലാ ഭാഷാവിഭാഗങ്ങളിലും, ചില സയൻസ് വിഭാഗങ്ങളിൽപ്പോലും, യാത്രയയപ്പുസമ്മേളനങ്ങളുണ്ടായിരുന്നു. ചുരുക്കത്തിൽ, ഞാൻ ബന്ധപ്പെട്ട ഒട്ടെല്ലാ വിഭാഗങ്ങളിലും ചടങ്ങ് സംഘടിപ്പിക്കുകയുണ്ടായി. പൊതുയാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുക്കാൻ സൗകര്യപ്പെടാതിരുന്നതുകൊണ്ട്, സുകുമാർ അഴീക്കോടിനുവേണ്ടി പ്രത്യേകം ഒരു ദിവസം സന്ധ്യയ്ക്ക് സെമിനാർ ഹാളിൽവെച്ച് യാത്രയയപ്പുസമ്മേളനം നടത്തുകയുണ്ടായി. താമസസ്ഥലമായ തൃശ്ശൂരിൽനിന്ന് എത്താൻ വൈകിയതുകൊണ്ട് സമ്മേളനം തുടങ്ങാൻ അല്പം വൈകിയെന്നുമാത്രമല്ല, അപ്പോഴേക്കും ശക്തമായ ഇടിയും മഴയും വന്നു. അതുകൊണ്ട് സദസ്സ് തുലോം ശുഷ്കമായി. എന്നിട്ടും അഴീക്കോട് സാമാന്യം ദീർഘമായി പ്രസംഗിച്ചു. എന്നെപ്പറ്റി അഭിനന്ദനപുരസ്സരം പലതും പറഞ്ഞ കൂട്ടത്തിൽ ഞങ്ങളുടെ രാഷ്ട്രീയമനോഭാവങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഏതാണ്ട് ഈ അർഥത്തിൽ പറഞ്ഞത് ശ്രദ്ധേയമാണ്: "ഞാൻ ആദ്യം കുറേക്കാലം കോൺഗ്രസ്സായിരുന്നു. കോൺഗ്രസ്സിന്റെ സ്ഥാനാർഥിപോലുമായിരുന്നു. (തലശ്ശേരി പാർലമെന്റ് നിയോജകമണ്ഡലത്തിൽ പ്രസിദ്ധസഞ്ചാരസാഹിത്യകാരനും നോവൽ–കഥാസാഹിത്യകൃത്തുമായ എസ്. കെ. പൊറ്റെക്കാടിന്നെതിരെ അഴീക്കോട് മത്സരിച്ചിരുന്നു. തലശ്ശേരി പൊറ്റക്കാട് നിന്നോട്ടെ പിന്നെ എലിശ്ശേരി കുടിപ്പിച്ചു വിട്ടോളാം " എന്നും മറ്റുമുള്ള കോൺഗ്രസ് മുദ്രാവാക്യങ്ങൾ എന്റെ കുട്ടിക്കാലത്ത് ധാരാളമായി കേട്ടിരുന്നു. പക്ഷേ, കമ്മ്യൂണിസ്റ്റ്സ്വതന്ത്രനായി നിന്ന എസ്. കെ. യോട് അഴീക്കോട് തോൽക്കുകയാണുണ്ടായത്.) അന്ന് നെഹ്റുവിന്റെ കോൺഗ്രസ് പാർട്ടിയുടെ ആളായിരുന്നു ഞാൻ. പിന്നീട് കോൺഗ്രസ്സ് പഴയ കോൺഗ്രസ്സല്ലെന്നു അവർതന്നെ തെളിയിച്ചപ്പോൾ, ഇടതുപക്ഷം ജനപക്ഷമാണെന്നു പ്രവൃത്തികളിലൂടെ തെളിയിക്കുകയും ചെയ്തപ്പോൾ, ഞാൻ കോൺഗ്രസ്സിനെ വിട്ട് ഇടതുപക്ഷത്തേക്കുവന്നു. ഉണിത്തിരി ആദ്യമേ ഇടതുപക്ഷത്തായിരുന്നു. ഞാൻ, പക്ഷേ, ഇപ്പോഴും, വലതുപക്ഷമല്ല, ഇടതുപക്ഷമാണെന്നു തികച്ചും പറയാറുമായിട്ടില്ല. എങ്കിലും ഇങ്ങോട്ടാണ് ചായ്‌വ്." സദസ്സ് ഈ അഭിപ്രായങ്ങളെ നീടുനിൽക്കുന്ന ഹസ്താഡനം കൊണ്ട് അംഗീകരിച്ചതായി തോന്നി.

എന്റെ റിട്ടയർമെന്റിനോടനുബന്ധിച്ച് മക്കളും ശിഷ്യരും സുഹൃത്തുക്കളുമെല്ലാം ചേർന്ന് രണ്ടു ലക്ഷം രൂപ എന്റെ പേരിൽ

എല്ലാ കൊല്ലവും ഡിസമ്പർ രണ്ടാമത്തെയോ മൂന്നാമത്തെയോ മാസത്തിൽ രണ്ടു ദിവസങ്ങളിലായി ആൾ കേരള ഓറിയന്റൽ കോൺഫറൻസ് നടത്താൻ തീരുമാനമെടുക്കുകയുണ്ടായി. വൈദികസാഹിത്യം, ക്ലാസിക്കൽ സാഹിത്യം, വ്യാകരണവും ഭാഷാശാസ്ത്രവും, ദർശനം, സംസ്കാരപഠനങ്ങൾ, സ്ത്രീപഠനങ്ങൾ, ശാസ്ത്രസാഹിത്യം, നാട്യവേദിപഠനം എന്നീ എട്ടു വിഭാഗങ്ങളിലായാണ് സമ്മേളനം. നാല്പതു വയസ്സിനു താഴെ പ്രായമുള്ള ഗവേഷകർ സമർപ്പിക്കുന്ന ഏറ്റവും മികച്ച പ്രബന്ധത്തിന് ആയിരം രൂപ വീതം സമ്മാനം കൊടുക്കും. പണ്ഡിതർ ഇ. വി. രാമൻ നമ്പൂതിരി, വി. കെ. നാരായണഭട്ടതിരി, പ്രൊഫ. എം. എസ്. മേനോൻ, ഡോ. കെ. കുഞ്ചുണ്ണിരാജ, വാഗ്ഭടാനന്ദൻ, വൈക്കം മുഹമ്മദ് ബഷീർ, ലളിതാംബികാ അന്തർജനം, പ്രൊഫ. കെ. വി. ശർമ്മ, പ്രൊഫ. പി. സി. വാസുദേവൻ ഇളയത് എന്നീ ഒൻപതു സാംസ്കാരികനായകരുടെ പേരിലാണ് ഈ എട്ടു സമ്മാനങ്ങൾ. വൈദികസാഹിത്യത്തിന് ആദ്യം പറഞ്ഞ രണ്ടു പണ്ഡിതന്മാരുടെ പേരിലാണ് സമ്മാനങ്ങൾ. ഈ സമ്മാനങ്ങളെല്ലാം ഈ വിശിഷ്ടവ്യക്തികളുടെ ബന്ധുക്കളും സുഹൃത്തുക്കളും സ്പോൺസർ ചെയ്തതാണ്.

ഞാൻ റിട്ടയർ ചെയ്ത 2006-ൽത്തന്നെ ഒന്നാമത്തെ കോൺഫറൻസ് നടന്നു. തുടർന്നുള്ള എല്ലാ കൊല്ലങ്ങളിലും ഡിസമ്പറിൽ അത് നടന്നുവരുന്നു. അതതു വർഷങ്ങളിൽ ക്യാമ്പസ്സിൽ പഠിക്കുന്ന വിദ്യാർഥികളും സംസ്കൃതവിഭാഗത്തിലെ പൂർവവിദ്യാർഥികളും പ്രബന്ധങ്ങളവതരിപ്പിക്കുന്ന മുതിർന്നവരും ചെറുപ്പക്കാരുമായ ഗവേഷകരുമാണ് സദസ്യരിൽ ഭൂരിപക്ഷവും. ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാലയിലെ ഗവേഷകവിദ്യാർഥികളും ചില അധ്യാപകരും പതിവായി കോൺഫറൻസിൽ സംബന്ധിക്കാറുണ്ട്. ആദ്യവർഷങ്ങളിലൊക്കെ രണ്ടു ദിവസങ്ങളിലും ഞാൻ മുഴുവൻ സമയവും പങ്കെടുത്തിരുന്നു. ആരോഗ്യസ്ഥിതി അനുവദിക്കാത്തതുകൊണ്ട് ഇക്കഴിഞ്ഞ നാലഞ്ചു കൊല്ലങ്ങളിൽ ഉദ്ഘാടനസമ്മേളനങ്ങളിൽ മാത്രമേ സംബന്ധിക്കാറുള്ളൂ.

സംസ്കൃതവിഭാഗത്തിലെ വാർഷികപരിപാടികളിൽ മുഖ്യമായ ഒന്നായി എന്റെ പേരിലുള്ള ആൾ കേരള ഓറിയന്റൽ കോൺഫറൻസ് നടന്നുവരുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

★



**27. ചന്ദ്രിക ആഴ്ച്ചപ്പതിപ്പിലെ വി. കെ. സുരേഷുമായി നടത്തിയ ദീർഘ അഭിമുഖം 2017 നവമ്പർ 11, 18 തിയ്യതികളിൽ പ്രസിദ്ധീകരിച്ചത്.**

? ഇന്ന് നാടറിയുന്ന ഉണിത്തിരി മാഷിന്റെ പൂർവകാല ജീവിതം ഒട്ടും സുഖകരമായിരുന്നില്ല. ഈ വളർച്ചയ്ക്ക് പിന്നിൽ വിവിധ ഘടകങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ആ അനുഭവങ്ങളിലേക്ക് ഒന്ന് പിൻതിരിഞ്ഞുനോക്കാമോ?

കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിലെ കുളപ്പുറം എന്ന സ്ഥലത്താണ് ഞാൻ ജനിച്ചത്. ചെറുതാഴത്ത് കമ്യൂണിസ്റ്റ് പ്രസ്ഥാനം വളരെ ശക്തമായിരുന്നു. എന്റെ കുട്ടിക്കാലത്ത് അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയാണ്. പിന്നീടാണല്ലോ പിളർപ്പു വരുന്നത്. അന്ന് ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലമാണ്. എന്റെ അഞ്ചാം വയസ്സിലേ അച്ഛൻ മരിച്ചു. അച്ഛന് പ്രായം ഉണ്ടായിരുന്നു. അമ്മയ്ക്കാണെങ്കിൽ ഇരുപതിനോടടുക്കുന്നേ ഉണ്ടായിരുന്നുള്ളൂ. അച്ഛൻ പ്രസിദ്ധനായ നമ്പൂതിരിയായിരുന്നു. പൊതുവെ ആളുകൾക്കെല്ലാം ബഹുമാനമുള്ള മനുഷ്യൻ. ചെറുതാഴത്തിന്റെ ഒരറ്റത്തായിരുന്ന അച്ഛന്റെ ഇല്ലം. അവിടെ നിന്ന് പാടത്തൂടെ നടന്ന് കുളപ്രത്തെ അയ്യപ്പൻ കാവിലെത്തി കുളിച്ച് തൊഴുത് വിളക്കുവെച്ചിട്ടേ അച്ഛൻ ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് വന്ന് വല്ലതും കഴിക്കൂ.

അച്ഛനെ നാട്ടുകാർ വല്യോറ് എന്നാണ് വിളിച്ചിരുന്നത്. പഴയങ്ങാടി റെയിൽവേ സ്റ്റേഷൻ മുതൽ ആലപ്പുഴ വരെ നീണ്ട സൗഹൃദം അച്ഛനുണ്ടായിരുന്നു. ഞങ്ങളുടെ ബന്ധുക്കളായ നമ്പൂതിരിമാർ ഇടയ്ക്ക് എന്നെ കാണുമ്പോൾ പറയാറുണ്ട്; ഗോവിന്ദേട്ടന്റെ എല്ലാ സ്വഭാവവും പത്മനാഭന് ലഭിച്ചിട്ടുണ്ടെന്ന്. അച്ഛനെന്നെയെടുത്ത് മടിയിൽ വെച്ചിട്ടുണ്ടാവില്ല. കാരണം അപ്ഫൻ തിരുമേനിയാണെങ്കിലും ഉണിത്തിരിമഠത്തിലെ കുട്ടിയെ, അച്ഛനായാൽപോലും, തൊട്ടാൽ കുളിക്കണം എന്ന് നിർബന്ധമാണ്. എങ്കിലും അച്ഛൻ എന്നോട് ഏറെ വാത്സല്യം കാണിച്ചിരുന്നതായാണ് അമ്മ പറയാറ്. അച്ഛന്റേത് ഒരപകടമരണമായിരുന്നു 79-ാം വയസ്സിൽ. അച്ഛന്റെ ഇല്ലത്തെ കിണറിൽ നിന്ന് വെള്ളം എടുക്കുന്നത് അടുക്കളയിൽ നിന്നാണ്. പന്നിയോട്ടില്ലത്തെ വിനായ

കചതുർത്ഥിസദ്യ കഴിഞ്ഞ് വന്നതായിരുന്നു അച്ഛൻ. കിണറിന്റെ വഴി വരാമെന്ന് നിശ്ചയിച്ച അച്ഛന് ചുമരിൽ പിടുത്തം കിട്ടിയില്ല. നേരെ കിണറ്റിൽ വീണു. പിറ്റേന്ന് ഇല്ലത്തെ കുഞ്ഞേച്ചിയാണ് കിണറ്റിൽ മരിച്ചുകിടക്കുന്ന അച്ഛനെ കണ്ടത്. അച്ഛന്റെ ഇൻക്വസ്റ്റ് തയ്യാറാക്കാൻ വന്ന ചുവന്ന തൊപ്പിയും ട്രൗസറുമിട്ട പൊലീസുകാരൻ ഞങ്ങളുടെ ദൈന്യം കണ്ട് കാലുറുപ്പിക(25 പൈസ)നാണയം എന്റെ കൈയിൽ വെച്ചുതന്ന ഓർമ ഇപ്പോഴുമുണ്ട്. അമ്മയ്ക്ക് ഞങ്ങൾ രണ്ട് ആൺമക്കളായിരുന്നു. പൊതുവിൽ ഞങ്ങളോട് നാട്ടിൽ എല്ലാവർക്കും വാത്സല്യമായിരുന്നു. അച്ഛനുള്ള കാലത്ത് പറയത്തക്ക വിഷമങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ മരണത്തോടുകൂടി അക്ഷരാർത്ഥത്തിൽ ഞങ്ങളൊന്നുമില്ലാത്തവരായി. ഞങ്ങളുൾപ്പെടുന്ന ക്ഷത്രിയജാതിക്കാർ അന്ന് കൃഷിപ്പണിക്കൊന്നും പോകാത്തവരായിരുന്നു. അമ്മ ഞങ്ങളുടെ അടുത്ത ബന്ധുവീട്ടിൽ പോയി നെല്ലുകുത്തിയിട്ടാണ് എന്നെയും ജ്യേഷ്ഠനെയും പഠിപ്പിച്ചത്. ഞാൻ എസ്. എസ്. എൽ. സി. വരെ മാത്രമേ ഔപചാരികമായി പഠിച്ചിട്ടുള്ളൂ. പിന്നെയെല്ലാം പ്രൈവറ്റായി പഠിച്ചതാണ്. ശരിക്കും നാട്ടുകാരുടെ കുട്ടികൾ എന്ന നിലയിൽ സഹായം ലഭിച്ചതുകൊണ്ടാണ് ഞങ്ങളുടെ പഠനം മുന്നോട്ട് പോയത്. പയ്യരട്ട രാമനും പി.വി. അപ്പക്കുട്ടിയുമാണ് ഞങ്ങളുടെ നാട്ടിലെ അന്നത്തെ കമ്യൂണിസ്റ്റ് നേതാക്കൾ. പാവങ്ങൾ ആരാണോ അവരുടെ ഭാഗത്ത് നിന്ന് സംസാരിക്കുന്നവർ. പയ്യരട്ടയാണ് എന്നെ കൂടുതൽ സഹായിച്ചത്. ആറോൺ മില്ലിലെ തൊഴിലാളികൾക്ക് അന്ന് കൂലി കിട്ടിയിരുന്നത് രണ്ടാഴ്ച കൂടുമ്പോഴാണ്. ഞങ്ങൾ ജ്യേഷ്ഠനും അനുജനും ആ മില്ലിന്റെ ഗേറ്റിൽ പോയി നിൽക്കും. തൊഴിലാളികളിൽ ഓരോരുത്തരും നാലണ വീതം കൈയിൽ വെച്ചുതരും. ഞങ്ങളുടെ ദയനീയത മനസ്സിലാക്കി പയ്യരട്ട പറഞ്ഞതനുസരിച്ചാണീ സംഭാവന. ആറേ കാൽ ഉറുപ്പികയാണ് അന്ന് സ്കൂളിൽ ഫീസ്. എനിക്ക് ഫീസ് വേണ്ട; സ്കോളർഷിപ്പുള്ളതുകൊണ്ട്. ഈ അനുഭവം എന്റെ മനസ്സിലിപ്പോഴുമുണ്ട്. ഔപചാരികവിദ്യാഭ്യാസം നേടിയ വലിയവർ തൊഴിലാളിവർഗത്തെ പലപ്പോഴും പുച്ഛിക്കാറുണ്ടെങ്കിലും എന്റെ അനുഭവം മറിച്ചായതുകൊണ്ട് എനിക്കെന്നും കൂറ് തൊഴിലാളിവർഗത്തോട് മാത്രമാണ്. പിന്നെ, ഇപ്പോഴത്തെ തൊ



ഴിലാളികൾ എങ്ങനെയാണെന്നൊന്നും എനിക്ക് ആലോചിക്കേണ്ട ആവശ്യമില്ല. അവരൊക്കെ നന്നായി വരും എന്നാണ് എന്റെ സങ്കൽപം. എല്ലാവരേയും നന്നാക്കാനൊന്നും നമുക്കാവില്ല. പക്ഷേ ഒന്നുണ്ട്; വളരെ സൗഹാർദപൂർവം ഞാൻ പറയും, തിരുത്തൽ ശക്തിയായിട്ട്. പക്ഷേ പരസ്യമായല്ല. മറ്റുള്ളവരെ അതുപയോഗിച്ച് മുതലെടുക്കാൻ ഇടവരുത്തുകയില്ല.

ഇപ്പോൾ പിന്നെ മറ്റൊന്നിനും നേരമില്ല. പതിനായിരം ശ്ലോകങ്ങളുള്ള *ഋഗ്വേദം* മുഴുവൻ ഗദ്യപരിഭാഷാരൂപത്തിൽ മലയാളത്തിലേക്ക് മാറ്റി. എൻ.ബി.എസ്സാണ് പ്രസാധകർ. അഞ്ച് വോള്യമുണ്ട്. നാലായിരത്തോളം പേജുകൾ വരും.

*? കവിയാകാനായിരുന്നു താങ്കൾക്ക് ആഗ്രഹം. എന്നാൽ അധ്യാപകനായി. ആദ്യകാലത്ത് മലയാള കവിതകൾ എഴുതിയിരുന്നു. പിന്നീട് സംസ്കൃതത്തിലേക്ക് വഴിമാറി. കാവ്യഹൃദയം ഇപ്പോഴും സൂക്ഷിക്കുന്ന താങ്കൾ മലയാളത്തിലെ പുതുശബ്ദങ്ങൾ ശ്രദ്ധിക്കാറുണ്ടോ?*

പൊതുവെ, എന്റെ ആസ്വാദനമേഖല ഏറ്റവും പുതിയ കവികളിലേക്കു വ്യാപിച്ചിട്ടില്ല. എന്റെ കാവ്യവായന *രാമചരിതം* മുതൽ സച്ചിദാനന്ദൻ വരെ മാത്രമാണ്. ഞാൻ വായിച്ചിരുന്ന കാലത്ത് ജി. യും പി. യും ഒ. എൻ. വി. യും സുഗതകുമാരിയുമൊക്കെയാണ് മലയാളകവിതയിൽ നിറഞ്ഞുനിന്നിരുന്നത്. ടി. പത്മനാഭന്റെ കഥകൾ മുഴുവൻ വായിക്കുകയും സമഗ്രമായ ഒരു പഠനം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ പി; ഒ. എൻ. വി; സുഗതകുമാരി എന്നിവരുടെ മുഴുവൻ കവിതകളും വായിച്ച് അവയ്ക്കും പഠനമെഴുതിയിട്ടുണ്ട്.

*? ബഷീറിനെ പരിചയമുണ്ടായിരുന്നോ?*

ബഷീറിനെ വായിച്ചിട്ടുണ്ട് (സമ്പൂർണകൃതികൾ മുഴുവൻ). നേരിട്ട് പരിചയപ്പെട്ടിട്ടില്ല. ഞാൻ എം.എൻ. കാരശ്ശേരിയോടൊക്കെ പലതവണ പറഞ്ഞിട്ടുണ്ട്. കഷ്ടമായിപ്പോയി. ഇത്രയും വലിയൊരു മനുഷ്യൻ നമുക്കിടയിൽ ജീവിച്ചിരുന്നിട്ടും പരിചയപ്പെട്ടില്ലല്ലോ എന്ന്. ഇത്ര ദിവ്യനായ ഒരു സൂഫിവര്യനെ അടുത്തുപോയി കാണാനാകാത്തതിൽ എനിക്കിന്ന് ദുഃഖമുണ്ട്. *ബഷീർ മുതൽ ഒ.എൻ.വി വരെ* എന്ന എന്റെ പുസ്തകത്തിൽ ബഷീറിനെപ്പറ്റിയാണ് ആദ്യലേഖനം. കെ. ടി.. മുഹമ്മദെന്ന നാടകാചാ

ര്യനെ പരിചയപ്പെട്ടിട്ടുണ്ട്; അദ്ദേഹത്തിന്റെ 28 നാടകങ്ങളുടെ അപഗ്രഥനപഠനവും ഞാനെഴുതി.

*? എട്ടാം ക്ലാസിലെ ഫീസ് എടുത്തുകളഞ്ഞതിന്റെ സൗഭാഗ്യം അനുഭവിച്ച ഒരാളാണ് താങ്കൾ. സ്കൂൾ വിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമാക്കിയ മുണ്ടശ്ശേരിയുടെ ബില്ലിന്റെ തുടർച്ചയായിരുന്നു അത്. പുതിയ കാലത്തെ വിദ്യാഭ്യാസരീതിയും പഴയ അനുഭവവും. രണ്ടും താരതമ്യം ചെയ്യാമോ?*

വിദ്യാഭ്യാസരംഗം ആകെ മാറിയിരിക്കുന്നു. തിരിച്ചുപോകാൻ വയ്യാത്തവിധം. പിണറായിയും ഐസക്കും രവീന്ദ്രനാഥുമൊക്കെ എത്ര ശ്രമിച്ചാലും ആകാത്ത വിധത്തിൽ ഈ രംഗത്ത് അട്ടിമറി നടന്നിരിക്കുന്നു. പ്രത്യേകിച്ച് സ്വാശ്രയമേഖലയിൽ. രണ്ട് സ്വാശ്രയം = ഒരു സർക്കാർ കോളജ് എന്ന ആന്റണിയുടെ തിയറിയൊക്കെ അന്ന് വലിയ കാര്യമായിരുന്നു. സ്വാശ്രയത്തിൽ വിദ്യാഭ്യാസം ഇല്ല; പണം മാത്രമേ ഉള്ളൂ. അത് തിരിച്ചറിഞ്ഞ് പഴയതിലേക്ക് കൊണ്ടുപോകാൻ പിണറായി സർക്കാർ ശ്രമിക്കുന്നുണ്ട്; നല്ലതുപോലെ. എന്നാൽ തികച്ചും വിജയിക്കാൻ കഴിയുന്നില്ല. ഒരു സ്വാശ്രയനിയന്ത്രണനിയമം കൊണ്ടുവന്നാൽ നന്നായിരിക്കും.

ഭരണരംഗത്ത് തുടർച്ചയുണ്ടെങ്കിലേ എന്തെങ്കിലും കാര്യമായി ചെയ്യാനാകൂ. സമൂഹമാകെ മാറിയിരിക്കുന്നു. ബൂർഷ്വാസമൂഹത്തിൽ ജീവിക്കുമ്പോൾ നാം എത്ര വിപ്ലവകാരികളായാലും ബൂർഷ്വാവ്യവസ്ഥയുടെ സ്വാധീനം വരാതിരിക്കില്ല. സ്വാശ്രയകോളജുകൾ ആരംഭിക്കുമ്പോൾ ഞാൻ നേതാക്കളിൽ ചിലരോട് ചോദിച്ചിരുന്നു; എന്താ ഇങ്ങനെ? എന്ന്. അതിനവർ തന്ന മറുപടി നാടോടുമ്പോൾ നടുവേ ഓടാതെ നിവൃത്തിയില്ല, ഇല്ലെങ്കിൽ നാം വിഡ്ഢികളാകും. അല്ലെങ്കിൽ ഇതിനേക്കാൾ വഷളാകും എന്നാണ്. മെറിറ്റടിസ്ഥാനത്തിലേ പ്രവേശനം പാടുള്ളൂ എന്ന നയം ഇടതിന് ഗുണമായേ ഭവിക്കൂ.

*? വിമോചന സമരകാലത്ത് വിദ്യാർത്ഥി ഫെഡറേഷന്റെ സെക്രട്ടറിയായിരുന്നു താങ്കൾ. ജാതിമത ശക്തികൾക്ക് കേരളത്തിന്റെ രാഷ്ട്രീയ മേഖലയിൽ മേൽക്കൈ ലഭിക്കാൻ ഇടയായത് വിമോചന സമരത്തെ തുടർന്നാണെന്ന വാദത്തെക്കുറിച്ച് എന്തുപറയുന്നു?*





ഞങ്ങളുടെ മാടായി സ്കൂളിൽ വിമോചന സമരകാലത്ത് പഠിക്കണം എന്ന് പറഞ്ഞാണ് സമരം നടന്നത്. കടന്നപ്പള്ളി രാമചന്ദ്രൻ അന്ന് കോൺഗ്രസാണ്. അദ്ദേഹം കെ.എസ്.യു. ശക്തിപ്പെടുത്താനാണ് മാതമംഗലം സ്കൂളിൽ നിന്ന് ടി.സി. വാങ്ങി മാ ടായി സ്കൂളിൽ എത്തിയത്. വിമോചന സമരം ശക്തിപ്പെടുത്താൻ വയലാർ രവിയെയൊക്കെ മാടായി സ്കൂളിൽ കൊണ്ടുവന്നത് ഓർമിക്കുന്നു. സ്കൂൾ പഠനം മുടക്കാനവർ ശ്രമിച്ചെങ്കിലും ഞങ്ങൾ പഠിക്കണമെന്ന ആവശ്യമുന്നയിച്ച് കെ.എസ്.യുവിനെതിരെ അണിനിരന്നു. അധ്യാപകരിൽ ഏറിയ പങ്കും വിമോചന സമരത്തിന് അനുകൂലമായെങ്കിലും ഞങ്ങൾക്കൊപ്പം കുറച്ചുപേർ ഉണ്ടായിരുന്നു.

വിമോചനസമരമാണ് ജാതിമതശക്തികളുടെ ഉയിർപ്പിന് കാരണം. ചന്ദനത്തോപ്പ് വെടിവെയ്പ്പിനെ കാരണമാക്കി ഇടതുപക്ഷത്ത് നിൽക്കേണ്ട ആർ.എസ്.പി. പോലും വലതുപക്ഷത്താണ് ചേർന്നത്. പിൽക്കാലത്ത് സി.പി.ഐ.യെ ആയുധമാക്കി വലതുപക്ഷം. അച്യുതമേനോനെ കരുവാക്കി കേരളത്തിലെ ഏവും ഭീകരമായ ഭരണവും നടത്തി.

ഐക്യമുന്നണിക്ക് ഗുണവും ദോഷവുമുണ്ട്. വിമോചനസമരത്തിന്റെ ഗുണദോഷങ്ങൾ ഇരു മുന്നണികളിലും ഏറിയും കുറഞ്ഞും പ്രതിഫലിക്കുന്നതും സ്വാഭാവികം.

*? മലയാളത്തിലെ ഒരുകാലത്തെ എഴുത്തുകാരുമായി വളരെ സജീവമായ ബന്ധം പുലർത്തിയ ആളാണ് താങ്കൾ. അത് ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങളെ എപ്രകാരം വിലയിരുത്തുന്നു?*

സാഹിത്യപ്രേമംതന്നെ വാസ്തവത്തിൽ എന്നിലുണ്ടാക്കിയത് കേരളസാഹിത്യസമിതിയാണ്. 1964 –ൽ കോഴിക്കോട്ട് രാമകൃഷ്ണാശ്രമം സ്കൂളിൽ കേരളസാഹിത്യസമിതി ക്യാമ്പ് ഉണ്ടായിരുന്നു. അഞ്ചാറ് ദിവസം. ഞാനന്ന് കണ്ണൂർ ട്രെയിനിംഗ് സ്കൂളിൽ അധ്യാപകവിദ്യാർഥിയായിരുന്നു. 1964–ൽതന്നെ ഇരിങ്ങാലക്കുടയിൽ സാഹിത്യപരിഷത്തിലും പങ്കെടുത്തു. എന്റെ ആദ്യ കൊച്ചിരാജ്യയാത്രയായിരുന്നു അത്. ജോർജ് നെല്ലായിക്ക് നൽകാൻ ചിറക്കൽ ടി. ബാലകൃഷ്ണൻ നായരുടെ കത്തുമായി. അന്നവിടെ സി.പി. ശ്രീധരനുണ്ട്. ഞാൻ ഇടതുപക്ഷക്കാരനാണെന്ന് അദ്ദേഹത്തിന് നല്ല നിശ്ചയമുണ്ട്. എന്നാലും എന്നോട് വള

രെ നല്ല അടുപ്പത്തിലാണദ്ദേഹം പെരുമാറിയിരുന്നത്. എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നു. മാത്രമല്ല, അദ്ദേഹം ചോദിക്കുകയും ചെയ്തു: "ഉണിത്തിരി എന്തൊക്കെയാ എഴുതിക്കൂട്ടുന്നത്, വിവേകാനന്ദനെയൊക്കെ തെരുവിൽ വലിച്ചിഴക്കണോ എന്ന്." 'ചിന്ത'യിലൊക്കെ ഞാനന്ന് എഴുതിയത് അദ്ദേഹം ശ്രദ്ധയോടെ വായിച്ചിരുന്നു. വിവേകാനന്ദനെപ്പറ്റി ഞങ്ങൾതമ്മിൽ പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽവെച്ച് ഒരു വാദപ്രതിവാദം തന്നെ നടന്നു.

*? തലശ്ശേരി എഴുത്തുകാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും കർമഭൂമിയായിരുന്നു. എന്നാൽ പിൽക്കാലം രാഷ്ട്രീയ സംഘർഷങ്ങളുടെ കേന്ദ്രമായിത്തീർന്നു. ഒരു ഭാഗത്ത് ആർ.എസ്.എസ്സും മറുഭാഗത്ത് സി.പി.എമ്മും അതിൽ പങ്കുവഹിച്ചു. മാഷെന്ത് പറയുന്നു?*

ഞാനങ്ങനെ ഇക്കാര്യം അപഗ്രഥിച്ചിട്ടൊന്നുമില്ല. തലശ്ശേരിയിൽ ഞാനൊരുപാട് സ്ഥലങ്ങളിൽ പ്രസംഗിച്ചിട്ടുണ്ട്; സംഘർഷകാലത്ത്. രാത്രി പ്രസംഗം കഴിഞ്ഞാൽ നാട്ടിലേക്ക് പോകാൻ പാർട്ടി സഖാക്കൾ സമ്മതിക്കാറില്ല. ഏതെങ്കിലും വീട്ടിൽ താമസം ഏർപ്പാടാക്കും. അവർ തന്നെ കാവലും നിൽക്കും. തലയിണയ്ക്കടിയിൽ ആയുധം സൂക്ഷിച്ച് കിടക്കേണ്ടിവന്ന അവസ്ഥയായിരുന്നു പാർട്ടി പ്രവർത്തകരുടേത്. ആർ.എസ്.എസ് ഭീഷണി അത്ര ഭീകരമാണ്. ഇപ്പോൾ കൊലയാളിസംഘങ്ങൾ പരസ്പരം ഏറ്റുമുട്ടുന്ന അവസ്ഥയുണ്ട്. കൊലപാതകം ശീലിപ്പിച്ചാൽ ശീലിപ്പിച്ചവർക്കുതന്നെ വിനയാകും. ഈയിടെ ആർ.എസ്.എസും ബി.ജെ.പി.യും തമ്മിൽ പരസ്പരം ഏറ്റുമുട്ടിയതിന്റെ വാർത്ത ശ്രദ്ധിച്ചിട്ടില്ലേ? തലശ്ശേരിയിൽ ആക്രമണങ്ങൾ നടത്തുന്നത് കമ്യൂണിസ്റ്റുകാരാണെന്ന് പറയുന്നവർ ഒന്നോർക്കണം. കൃഷ്ണയ്യരുടെ കാലം മുതൽക്ക് അവിടെ നടന്ന എല്ലാ തെരഞ്ഞെടുപ്പിലും ജയിക്കുന്നത് ഇടതുപക്ഷമല്ലേ? ഭൂരിപക്ഷം കൂടുന്നേയുള്ളൂ; കുറയുന്നില്ല. പേടിച്ച് വോട്ട് ചെയ്യുന്നതാണെന്നൊക്കെ ആരോപണം മാത്രമാണ്. പേടിച്ചാൽ തിരിച്ചും വോട്ട് ചെയ്തുകൂടേ?

*? വിളയാങ്കോട്ട് എൽ.പി. സ്കൂളിൽ മുന്നൂറ് ഉറുപ്പിക അധ്യാപകജോലിക്ക് നൽകാനില്ലാതിരുന്നപ്പോൾ സുഹൃത്ത് അതിന് സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. അന്നത്തെ മുന്നൂറിൽ നിന്ന് ഇന്ന് പത്തും നാൽപതും ലക്ഷമാണ് അധ്യാപകജോലി നേടാൻ ചിലർ കൊടുക്കുന്നത്. പണം വിദ്യാഭ്യാസമേഖലയുടെ അളവുകോലായി മാറുമ്പോൾ മാഷ് അതിനെ എങ്ങനെയാണ് കാണുന്നത്?*



അന്ന് നിവൃത്തികേടാണ്. എങ്കിലും എനിക്ക് ആ മുന്നൂറ് രൂപ കൊടുക്കേണ്ടിവന്നില്ല. മുത്തേടത്ത് ഹൈസ്കൂളിൽ അപ്പോഴക്കും ജോലി ലഭിച്ചു. പത്തുമാസം വളരെ നന്നായി പഠിപ്പിച്ചു. മാരാരുടെ 'ഭാരതപര്യടന'വും (കർണന്റെ അരങ്ങേറ്റം) പി.കെ പരമേശ്വരൻ നായരുടെ ഭാവരശ്മിലേഖനവും (ലങ്കയിൽനിന്ന് അയോധ്യയിലേക്ക്) ഒക്കെയാണ് പഠിപ്പിച്ചത്. തമാശയൊക്കെ പറഞ്ഞ് മഹാഭാരത–രാമായണകഥകൾ മുഴുവൻ പറഞ്ഞുകേൾപ്പിച്ച് കുട്ടികളെ ഞാൻ ഏറെ ആഹ്ലാദിപ്പിച്ചു. 'അരങ്ങ് മാഷ്' എന്നായിരുന്നു അവരെന്നെ വിശേഷിപ്പിച്ചതെന്നു കേട്ടിട്ടുണ്ട്.

ഇന്ന് അധ്യാപനത്തിൽ മൂലച്യുതി വന്നു. ഒരുഭാഗത്ത് പി.എസ്.സി പരീക്ഷയെഴുതി യോഗ്യരായിട്ട് വരുന്നവർ. മറുഭാഗത്ത് അയോഗ്യരായതുകൊണ്ടുതന്നെ കാശ് ധാരാളം കൊടുത്ത് അധ്യാപകരാകുന്നവർ. ഇക്കാരണം കൊണ്ടുതന്നെ ശമ്പളത്തിനു മാത്രം ജോലി ചെയ്യുന്നു എന്ന മനോഭാവം അധ്യാപകരിൽ വളർന്നുവന്നു. പഠിപ്പുള്ളവർക്ക് അതുപയോഗിക്കേണ്ടതില്ല എന്ന തോന്നൽ വന്നു. പഠിപ്പില്ലാത്തവർക്ക് പഠിപ്പിക്കാനുമാവില്ലല്ലോ. ഇങ്ങനെ രണ്ടു തരത്തിൽ മൂലച്യുതി വന്നു. കുട്ടികൾക്കും അങ്ങനെ തന്നെ. സമരം എന്ന് കേട്ടാൽ മതി, പത്തുപേരാണെങ്കിൽ പത്തുപേർ! സമരമെന്നുകേട്ടാൽ മതി, ക്ലാസ്സു വിടാൻ! ഇപ്പോൾ വളരെയേറെ വ്യത്യാസം വന്നിട്ടുണ്ട്.

*? പുതിയ പാഠ്യപദ്ധതി നടപ്പാക്കിയതിനെത്തുടർന്ന് ഒരു കുട്ടിക്ക് ഭാഷയിൽ വേണ്ട പരിജ്ഞാനം ആവശ്യമില്ലെന്ന സ്ഥിതിയായിരിക്കുന്നു. അക്ഷരം വേണ്ട, ആശയം മതി എന്നായിരിക്കുന്നു. അക്ഷരത്തെറ്റ് കൂടാതെ എഴുതാൻ മിക്ക കുട്ടികൾക്കും ആവുന്നില്ല.*

സർവരംഗത്തും പണത്തിന്റെ മേധാവിത്വം വരുന്നതോടുകൂടി വിദ്യാഭ്യാസത്തിന്റെ നിലവാരവും തകർന്നു.

പണം വാരിക്കോരി നൽകുന്നവനും ബിരുദം ലഭിക്കുന്നു; കഷ്ടപ്പെട്ട് പഠിച്ചവനും ലഭിക്കുന്നു ബിരുദം. നിലവാരമില്ലാത്തവൻ പഠിപ്പിക്കുമ്പോൾ വിദ്യാഭ്യാസവും നിലവാരമില്ലാത്തതായി മാ

മറന്നു. നിത്യോപയോഗമില്ലല്ലോ.

*? വിഷ്ണു നാരായണൻ നമ്പൂതിരിയുടെയും സുഗതകുമാരിയുടെയും കവിതകൾ വായിച്ചപ്പോഴാണ് തന്റെ വഴി കവിതയുടേതല്ലെന്ന് മാഷ് തിരിച്ചറിയുന്നത്. അല്ലേ?*

നമ്മൾ എവിടെയായാലും ഒന്നാമതെത്താനാണല്ലോ നോക്കുക. കുട്ടിക്കാലത്തേ അതാണ് ശീലം. ക്രമേണ എന്റെ വഴി നിരൂപണമാണെന്ന് എനിക്ക് മനസ്സിലായി. അതിന് പ്രേരകമായത് സുഗതകുമാരിയും വിഷ്ണുനാരായണൻ നമ്പൂതിരിയുമാണ്. ഞാനെഴുതിയ കവിതകൾ എത്ര ശ്രമിച്ചാലും അവരുടേതുപോലെയൊന്നുമാവില്ലെന്ന് എനിക്ക് മനസ്സിലായി. അങ്ങനെ കവിതയെഴുത്ത് വേണ്ടെന്നുവെച്ചു. അതേസമയം എന്റെ കാവ്യഭാവനയൊട്ടും പോകുന്നുമില്ല. മലയാളത്തിലെ ഒന്നാംതരം കവികളുടെ കൃതികൾ സംസ്കൃതത്തിലേക്കാക്കാം എന്ന് എനിക്ക് പിന്നീട് തോന്നി. അങ്ങനെയാണ് ആദ്യമായി *ശിഷ്യനും മകനും* സംസ്കൃതത്തിലേക്കാക്കുന്നത്. എന്റെ 27–ാം വയസ്സിലാണത്. കേരള യൂനിവേഴ്സിറ്റിയിലെ ജോലിക്കാലത്ത്. കെ.വി ശർമയോട് ഇക്കാര്യം പറഞ്ഞപ്പോഴദ്ദേഹമാണ് അത് പ്രസിദ്ധീകരിക്കണമെന്ന് നിർബന്ധിച്ച് പ്രോത്സാഹിപ്പിച്ചത്. എൻ.വി കൃഷ്ണവാര്യരും അത് വായിച്ചിരുന്നു. ആവശ്യമായ സഹായവും അദ്ദേഹം ചെയ്തു തന്നു. എൻ.വിയെക്കുറിച്ച് ഈയടുത്ത് (*ഓർമകളിലെ എൻ.വി.*) എഴുതാൻ കഴിഞ്ഞതിലും ഞാൻ അഭിമാനിക്കുന്നുണ്ടിപ്പോൾ.

*? എൻ.വി. കൃഷ്ണവാരിയർക്ക് ഡി.ലിറ്റ് ബിരുദം നൽകിയത് കാലിക്കറ്റ് സർവകലാശാലയാണ്. എൻ.വി. മദ്രാസിൽ പോയി റിസർച്ച് ചെയ്തിരുന്നതായി താങ്കൾ എഴുതിയിട്ടുണ്ട്. എന്നാൽ ഡോക്ടറേറ്റ് കിട്ടിയില്ല. എന്തായിരുന്നു കാരണം?*

അദ്ദേഹത്തിന്റെ അടിസ്ഥാനയോഗ്യത സംസ്കൃതമാണ്. വ്യാകരണഭൂഷണം തൃപ്പൂണിത്തുറയിൽ നിന്നാണ് പാസായത്. പിന്നെ ഹിന്ദിയും മറ്റു ഭാഷകളും. എല്ലാറ്റിലും ഡിഗ്രിയുണ്ട്. അങ്ങനെ പോകുമ്പോഴാണ് മദ്രാസിൽ എത്തിയത്. ലക്ഷ്മണസ്വാമി മുതലിയാരാണ് അന്ന് വൈസ് ചാൻസ്‌ലർ. അദ്ദേഹം എൻ.വി.യുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചിട്ട് പറഞ്ഞു; “അല്ലാ, ഇദ്ദേഹത്തിന് അടിസ്ഥാനയോഗ്യതയില്ലല്ലോ?” സംസ്കൃതത്തിൽ എം.എ. എങ്കിലും വേണ്ടേ? എന്നാലല്ലേ ഡോക്ടറേറ്റ് എടുക്കാ



നാവൂ’. ചേലനാട്ട് അച്യുതമേനോനാണന്നവിടത്തെ പ്രൊഫസർ. അദ്ദേഹം പറഞ്ഞു; സംസ്കൃതം പഠിച്ച് കഴിഞ്ഞാൽ തന്നെ എല്ലാം ആയി. അതുകൊണ്ട് എൻ.വി.ക്ക് ഗവേഷണം നടത്താം. പക്ഷേ മുതലിയാർ പറഞ്ഞു: “അതൊക്കെ നിങ്ങൾക്ക് പറയാം. ഞാൻ വൈസ് ചാൻസലറായി ഇരിക്കുമ്പോൾ നിയമം അനുസരിച്ചേ കാര്യങ്ങൾ ചെയ്യൂ.” അങ്ങനെ എൻ.വി. മലയാളത്തിൽ ഗവേഷണം ആരംഭിച്ചു. എന്നാൽ അതിന് എസ്.കെ. നായർ ഉടക്ക് വെച്ചു എന്നാണ് എനിക്ക് മനസ്സിലാക്കാനായത്. എൻ.വി വന്നാൽ തനിക്ക് സ്ഥാനമുണ്ടാകില്ലെന്നോ മറ്റോ അദ്ദേഹം കരുതിക്കാണണം. ഒരിക്കൽ എൻ.വി. തന്നെ എന്നോടത് സൂചിപ്പിച്ചിരുന്നു. റിസർച്ച് പൂർത്തിയാക്കാൻ കഴിയാത്തതിൽ അദ്ദേഹത്തിന് വലിയ നിരാശ ഉണ്ടായിരുന്നു. എന്നാൽ എന്റെ പി. എച്ച്. ഡി. ഗവേഷണ പ്രബന്ധം മുഴുവൻ വായിച്ച് തിരുത്തിയ ആളാണ് എൻ.വി. എന്റെ ഗൈഡ് ഡോ. എസ്. വെങ്കിടസുബ്രഹ്മണ്യയ്യർ പ്രത്യേകമായി എന്നോട് പറഞ്ഞിരുന്നു; എൻ.വി.യെക്കൂടി ഒന്നു കാണിച്ചേക്കൂ എന്ന്. റിസർച്ച് പേപ്പേഴ്സ് സംസ്കൃതത്തിൽ നിന്ന് ഇംഗ്ലീഷിലും മലയാളത്തിലും ആക്കണമെന്ന് നിർദേശിച്ചത് എൻ.വി. യാണ്.

*? കുട്ടികൃഷ്ണമാരാരുടെ വിമർശനപദ്ധതിയെ അങ്ങ് വിമർശിച്ചിട്ടുണ്ട്. എന്തായിരുന്നു മാരാരിലെ വിശ്വാസത്തിന് ഉലച്ചിൽ തട്ടാൻ കാരണം?*

ഞാൻ സംസ്കൃതം പഠിക്കുന്നതിന് മുമ്പുതന്നെ മാരാരുടെ *അഭിജ്ഞാനശാകുന്തളം, രഘുവംശം, മേഘസന്ദേശം, കുമാരസംഭവം* എന്നിവയുടെ ഗദ്യപരിഭാഷകൾ വായിച്ചിരുന്നു. അതുകൊണ്ടുതന്നെ മാരാരോട് വലിയ ആരാധനയായിരുന്നു. പിന്നീട് ഗവേഷണത്തിന് പോയപ്പോൾ എനിക്ക് വിഷയമായി കിട്ടിയത് പൂർണസരസ്വതിയാണ്. *മേഘസന്ദേശ*ത്തിന്റെ ഒന്നാംതരം വ്യാഖ്യാനം പൂർണസരസ്വതിയുടേതാണ്. പൂർണസരസ്വതിയെക്കുറിച്ച് ആ സമയത്ത് എനിക്കത്ര നല്ല അഭിപ്രായമായിരുന്നില്ല. കാരണം അദ്ദേഹം ഒരു വികടസന്യാസിയാണെന്നായിരുന്നു എന്റെ ധാരണ. പൂർണസരസ്വതി എന്നത് ശരിക്കുള്ള പേരല്ല, സന്യാസനാമമാണ്. പൂർണജ്യോതിസ്സെന്നാണ് അദ്ദേഹത്തിന്റെ ഗുരുനാഥന്റെ പേര്. അദ്ദേഹവും സന്യാസിയാണ്. തൃശൂരി

ലെ ബ്രഹ്മസ്വമഠത്തിലെ സന്യാസിപരമ്പരയിൽപ്പെട്ട ആളാണെന്ന് തോന്നുന്നു. രാമകൃഷ്ണാശ്രമത്തിൽ നടന്ന സാഹിത്യസമിതി ക്യാമ്പിൽ എന്തോ കാര്യം ചർച്ചയ്ക്ക് വന്നപ്പോൾ സർവത്തിനും പ്രയോജനമുണ്ടാകുമോ എന്ന കാര്യത്തിൽ തർക്കം നടന്നു. *മേഘസന്ദേശ*ത്തിന് എന്താണ് പ്രയോജനമെന്ന് തായാട്ട് ശങ്കരൻ ചോദിച്ചു. അതിന് മറുപടിയായി എൻ.വി. കൃഷ്ണവാര്യർ, പൂർണസരസ്വതി എഴുതിയ *മേഘസന്ദേശ*പ്രയോജനഭാഗങ്ങൾ മുഴുവൻ അവിടെ പറഞ്ഞു. ഓരോ സന്ദേശകാവ്യത്തിനും ഇന്നിന്ന പ്രയോജനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കുട്ടികൃഷ്ണമാരാർ *മേഘസന്ദേശവ്യാഖ്യാന*ത്തിൽ പലേടത്തും പൂർണസരസ്വതിയെ പരാമർശിക്കുന്നുണ്ട്; പരിഹാസദ്യോതകമായി. പൂർണസരസ്വതിയുടെ *വിദ്യുല്ലത* വായിച്ചപ്പോഴാണ് മാരാർ പറഞ്ഞ പുതുമകൾ മിക്കവാറും മുഴുവൻ പൂർണസരസ്വതി പറഞ്ഞതാണെന്ന് എനിക്ക് മനസ്സിലായത്. അതോടെ മാരാരിലുള്ള എന്റെ വിശ്വാസത്തിന് ഉലച്ചിൽ തട്ടി. പിന്നീട് ഞാനെഴുതിയപ്പോൾ 'മാരാർ പറയാത്തൊരു കടപ്പാട്' എന്നാണ് തലക്കെട്ട് കൊടുത്തത്. അങ്ങനെ നിർദേശിച്ചത് തായാട്ട് ശങ്കരനാണ്. എസ്.ഗുപ്തൻനായർ, തിരുനല്ലൂർ കരുണാകരൻ, പി.ഗോവിന്ദപ്പിള്ള തുടങ്ങിയവരെല്ലാം ഞാൻ മാരാരെ വിമർശിച്ചത് വായിച്ച് എന്നെ അഭിനന്ദിച്ചു.

*? എൻ.വി കൃഷ്ണവാര്യർ അടിയന്തരാവസ്ഥയ്ക്കും സഞ്ജയ് ഗാന്ധിക്കും അനുകൂലമായിരുന്നു. കവിതകളും എഴുതി; അനുകൂലമായിത്തന്നെ. ആൾ ഇന്ത്യാ റൈറ്റേഴ്സ് കോൺഗ്രസിന്റെ കൺവീനറുമായി. ഇങ്ങനെയൊക്കെയായിട്ടും എൻ.വിയോടുള്ള സ്നേഹം താങ്കൾ മനസ്സിൽ സൂക്ഷിക്കുകയും ചെയ്യുന്നു.*

ഇങ്ങനെയുള്ള വൈരുധ്യം എന്റെ ജീവിതത്തിൽ പല സന്ദർഭങ്ങളിലും കാണാം. ഉദാഹരണം എം.ജി.എസ്. നാരായണൻ. ഞങ്ങൾ ആശയപരമായി വിരുദ്ധചേരികളിലാണ്. പക്ഷേ ഗവേഷണത്തിൽ അതിപ്രാഗല്ഭ്യമുള്ള ആളാണ് എം.ജി.എസ്. എന്ന് എനിക്ക് നന്നായി അറിയാം. ഞാൻ പലപ്പോഴുമദ്ദേഹത്തോട് സംശയം ചോദിക്കാറുണ്ട്. അതേപോലെ എന്റെ ലേഖനങ്ങൾ എൻ.വി.യെ കാണിച്ച് സംശയനിവാരണം വരുത്തി തിരുത്തിക്കാറുമുണ്ട്.അത് വേറെ കാര്യം. വിമർശനം വേറെ.



ഇന്ദിരാഗാന്ധി വിളിച്ചു ചേർത്ത മീറ്റിങ്ങിലാണ് ശ്രീകാന്ത് വർമയെ കൺവീനറാക്കുന്നത്. കേരളത്തിലെ കൺവീനർ എൻ.വി.യും. ഡൽഹിക്ക് പോകുന്നതിന് മുമ്പ് 'കോഴിയും പുലരിയും' എൻ.വി. എന്നെ ആദ്യം വായിച്ചു കേൾപ്പിച്ചിരുന്നു. കവിത നല്ലതായിരുന്നു. പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ അതിന് പക്ഷേ അനേക വ്യാഖ്യാനങ്ങളായി. എൻ.വി. ഇന്ദിരാഗാന്ധിയിൽ ദൃഢവിശ്വാസം വെച്ചുപുലർത്തിയിരുന്നു. എന്റെ നിരീക്ഷണത്തിൽ അതിന് കാരണമുണ്ട്. എൻ.വി.ക്ക് സോഷ്യലിസ്റ്റുകാരുമായിട്ടായിരുന്നു ബന്ധം. ഇന്ത്യയിലെ സോഷ്യലിസമാകട്ടെ ലോഹ്യയുടെ സോഷ്യലിസമായിരുന്നു. നെഹ്റുവിരോധമാണ് അതിന്റെ കാതൽ. കേരളത്തിലുമതുതന്നെ. എന്നാലും ചെറുകാടുമായൊക്കെ എൻ.വി. നല്ല സൗഹൃദത്തിലായിരുന്നു.

? ജാതിമതപ്രമാണിത്തത്തിന്റെ കോക്കസ് സർവകലാശാലകളിലും ഉണ്ടെന്ന് താങ്കൾ എഴുതിയിട്ടുണ്ട്. നമ്മുടെ സർവകലാശാലകളിൽ വൈസ് ചാൻസലർമാരുടെ നിയമനങ്ങളടക്കം ജാതിമതപരിഗണനകൾക്കനുസരിച്ച് തന്നെയല്ലേ ഇപ്പോഴും. എം.ജി.എസ്. അടക്കമുള്ളവർ ഇതിനെ നിശിതമായി വിമർശിച്ചിട്ടുണ്ട്.

എം.ജി.എസ്. ഇത്തരം കാര്യങ്ങളിലെല്ലാം കൃത്യമായ അഭിപ്രായമുള്ള ആളാണ്. തുറന്നു പറയും. മോദിയെക്കുറിച്ച് തന്നെ പറഞ്ഞല്ലോ. ശ്രദ്ധിച്ചിട്ടില്ലെങ്കിൽ അപകടമാണ്. മോദി ഫാഷിസം കൊണ്ടുവരുമെന്ന് ഈയിടെ എഴുതിയില്ലേ? കെ.കരുണാകരനെ എന്തൊക്കെ കുറ്റം പറഞ്ഞാലും ജയചന്ദ്രനെപ്പോലെ ഐ.എ.എസ്.കാരെ വൈസ് ചാൻസലറാക്കിയത് വലിയ മാറ്റമായില്ലേ? ബൂർഷ്വാസമൂഹത്തിൽ ഇടതുപക്ഷത്തായാലും ബൂർഷ്വാസ്വഭാവം കടന്നുവരും. അതുകൊണ്ടാണ് ജാതിമതശക്തികളെ പൂർണമായും ഒഴിവാക്കി വിദ്യാഭ്യാസരംഗത്തെ ശുദ്ധീകരിക്കാനാവാത്തത്.

*? എം.ജി.എസ് നാരായണനെക്കുറിച്ച് താങ്കൾ പറഞ്ഞു. അദ്ദേഹത്തെ ഒരു ആർ.എസ്.എസ്. പക്ഷപാതിയായി മുദ്രകുത്താൻ സി.പി.ഐ എം. തന്നെ ശ്രമിച്ചിട്ടില്ലേ? യഥാർത്ഥത്തിൽ അദ്ദേഹം അങ്ങനെയല്ലല്ലോ. മനസ്സിലാക്കുന്നതിലെ വീഴ്ചയല്ലേ അത്?*

അതെ. തീർച്ചയായും. എം.ജി.എസ്. തികച്ചും ഒരു മതനിരപേക്ഷവാദിയാണ്. എന്നോട് സംസാരിക്കുന്നവരോടെല്ലാം ഇക്കാര്യം ഞാൻ പറയാറുണ്ട്. എന്നാൽ അദ്ദേഹത്തിന് ചില ദൗർ

ബല്യങ്ങളുമുണ്ട്. അത് വേറെ കാര്യം. അദ്ദേഹത്തിന് ആർ.എസ്.എസ്. ആകാനാവില്ല. ഒരിക്കലും ആകുകയുമില്ല. ഇ.എം.എസ്. വിരോധമുണ്ട് എന്നത് ശരിയാണ്. രാജൻ ഗുരുക്കൾ എം.ജി.എസ്സിനെതിരെ എഴുതിയതും ഞാനെഴുതിയതുമെല്ലാം നിവൃത്തികേടുകൊണ്ടാണ്. എന്നിട്ടും അദ്ദേഹത്തിന്റെ *കൾച്ചറൽ സിംബയോസിസ് ഇൻ കേരള* എന്ന പുസ്തകം ഞാൻ തന്നെ എന്റെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും എത്രയോ തവണ ഉദ്ധരിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങൾക്കെല്ലാം പിൻതുണ ആ പുസ്തകത്തിൽ നിന്നുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം ചിരിച്ചുകൊണ്ട് എന്നോട് ചോദിച്ചു: "ഉണിത്തിരി എന്റെ പഴയ പുസ്തകമെല്ലാം ഇങ്ങനെ ഓർമിച്ചുകൊണ്ട് നടക്കുന്നുണ്ടല്ലേ?"

*? ഭാരതീയദർശനത്തിൽ ഈശ്വരവാദത്തെക്കാളും നിരീശ്വരവാദത്തിനാണ് പ്രാധാന്യമെന്ന് അങ്ങ് പലേടത്തും ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഈ തീർച്ചപ്പെടുത്തലുകൾ?*

*ഭാരതീയ ദർശനത്തിന്റെ അറിയപ്പെടാത്ത മുഖം* എന്ന പുസ്തകത്തിൽ ചാർവാകദർശനം തൊട്ട് തുടങ്ങി ആധുനികസമീപനം വരെ വിവരിക്കുന്നുണ്ട്. ഭാരതീയ ദർശനത്തിൽ ഭൗതികവാദം ഒരുകാലത്ത് മേൽക്കൈ നേടിയിരുന്നു. *ഋഗ്വേദ*ത്തിൽ അടക്കം അതിന് തെളിവുകളുണ്ട്. അതിൽ തന്നെ പറയത്തക്ക ആത്മീയ കാര്യങ്ങളില്ല. ഏതാണ്ട് എല്ലാം ഭൗതികകാര്യങ്ങളെക്കുറിച്ചാണ്. സ്ഥലം, നദി, വെള്ളം, പർവതത്തെ ചുറ്റിപ്പിണഞ്ഞു നിൽക്കുന്ന പാമ്പിനെ (വൃത്രം) കൊന്ന ഇന്ദ്രന്റെ വീരത്വം തുടങ്ങിയവയൊക്കെയാണ് *ഋഗ്വേദ*ത്തിൽ. ഇതെല്ലാം ഭൗതികമല്ലേ? വീരത്വത്തിന് യുദ്ധം വേണമെന്നാണ് വാദം. അമേരിക്ക പറയുന്നതും മറ്റൊന്നല്ലല്ലോ. ആയുധ വ്യവസായത്തിൽ മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കയ്ക്ക് യുദ്ധം ഉണ്ടായാലേ വികാസമുണ്ടാകൂ. ഇന്ദ്രന്റെ വീരത്വവും ഈ വർത്തമാനവും തമ്മിൽ ബന്ധിപ്പിച്ചു നോക്കൂ. യുദ്ധം അനിവാര്യമായ ചില സന്ദർഭങ്ങളും *ഋഗ്വേദ*ത്തിൽ പറയുന്നുണ്ട്.

ഭൗതികവാദവും ആശയവാദവും തമ്മിലുള്ള സംഘർഷം പ്രധാനമാണ്. ആശയവാദത്തിൽ ആത്മീയവാദവും പെടും എന്ന് മാത്രം. ആത്മാവ് ഉണ്ട് എന്നും ഇല്ല എന്നും വിചാരിക്കുന്നവർക്കും ആത്മീയമാവാം. ഹെഗലിനെപ്പറ്റിപ്പറയാറുണ്ടല്ലോ – അതുപോലെ. ഭൗതികവാദത്തിലും ആശയവാദത്തിലും. പരമ്പരാഗതരീതിയനുസരിച്ച് ആസ്തിക–നാസ്തികദർശനങ്ങൾ എന്ന് രണ്ടായിട്ടാണ് സങ്കൽപ്പിക്കുക. അതിൽ ആസ്തികദർശനങ്ങളാണ് സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം എന്നിവ. ചാർവാകം അല്ലെങ്കിൽ ലോകായതം, ബൗദ്ധം, ജൈനം എന്നിവയാണ് നാസ്തികദർശനങ്ങൾ. വേദത്തെ പ്രമാണമായി അംഗീകരിക്കുന്നവരാണ് ആസ്തികർ. വേദത്തെ പ്രമാണമായി അംഗീകരിക്കാത്തവർ നാസ്തികരെന്നൊരഭിപ്രായമുണ്ട്. ചാർവാകരും ബൗദ്ധരും ജൈനരും ഈശ്വരനെ അംഗീകരിക്കാത്തവരാണ്. എന്നാൽ ആസ്തികദർശനങ്ങളിലോ? സാംഖ്യം എടുക്കാം. പ്രകൃതി പരിണമിച്ചുണ്ടാകുന്നതാണ് ഈ പ്രപഞ്ചം മുഴുവൻ എന്നാണ് സാംഖ്യം പറയുന്നത്. പ്രകൃതിപരിണാമവാദം എന്ന് അതുകൊണ്ട് സാംഖ്യത്തെ പറയാം. പ്രകൃതി പരിണമിച്ചുണ്ടാകുക എന്നുപറഞ്ഞാൽ തനി ഭൗതികമല്ലേ? അതെങ്ങനെ ആത്മീയമാകും? പഴയ സാംഖ്യകൃതികളൊന്നും കണ്ടുകിട്ടിയിട്ടില്ല; ചാർവാകദർശനത്തിന്റെ കാര്യത്തിലെന്നപോലെത്തന്നെ. ഒക്കെ ആത്മീയവാദികൾ നശിപ്പിച്ചുകളഞ്ഞിട്ടുണ്ടാകണം. യഥാർത്ഥസാംഖ്യത്തിൽ ഈശ്വരനില്ല. 'സേശ്വരസാംഖ്യം' എന്ന് യോഗത്തെ പറയാറുണ്ട്. ഈശ്വരനോടുകൂടിയിട്ടുള്ള സാംഖ്യം. അപ്പോൾ യഥാർത്ഥസാംഖ്യത്തിൽ ഈശ്വരനില്ല എന്നതിന് ഇതിൽപ്പരം തെളിവെന്തിന്?

യോഗം ഒരു ദർശനമാണോ പ്രയോഗ (പ്ര്യാക്ടിക്കൽ) മാണോ? യോഗയെ ഒരു ദർശനമായി കണക്കാക്കാനാവില്ല. അത് പരിശീലിക്കാനുള്ളതാണ്. ഇത് ഞാൻ മാത്രം പറയുന്നതല്ല. ദേബീപ്രസാദ് ചതോപാധ്യായയുടെ പുസ്തകത്തിലും ഇത് പറയുന്നുണ്ട്. അദ്ദേഹം യോഗത്തെ ദർശനമായി കണക്കുകൂട്ടുന്നില്ല.

ന്യായം എന്നാൽ പ്രമാണ ചിന്തയാണ്. അതായത് പ്രത്യക്ഷം, നേരിട്ടു കാണുന്നത്. ഇന്ദ്രിയഗ്രാഹ്യം. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അറിയുന്നത്. പിന്നെ അനുമാനം, ഊഹിച്ച് എടുക്കുന്നത്. കണ്ടതിൽ നിന്ന് കാണാത്തതിലേക്ക് ഊഹിച്ച് എടുക്കുന്നത്. ഉപമാനം. കാട്ടിൽപ്പോയാൽ പോത്തിനെ കാണുന്നവൻ അത് കാള പോലിരിക്കും എന്ന് പറയുന്നു. കാണുന്ന

യാൾ ഇത് നാട്ടിൽ നിന്ന് ആളുകൾ പറഞ്ഞത് ഓർമിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ഉപമാനത്തെ പ്രമാണത്തെ ഉണ്ടാക്കുകയാണ്. നാലാമത്തേത്, ശബ്ദമാണ്. ഇതെന്റെ അച്ഛനാണെന്ന് നാം പറയുന്നു. ഇതെങ്ങനെ മനസ്സിലായി? അമ്മ പറഞ്ഞിട്ടാണ് അറിഞ്ഞത്. ആപ്തവാക്യം പ്രമാണം. എനിക്ക് വിശ്വാസമുള്ള ആളാണ് പറഞ്ഞത്. അതുകൊണ്ട് ഞാൻ അത് വിശ്വസിക്കുന്നു. ഈ നാല് പ്രമാണത്തെ അടിസ്ഥാനമാക്കിയാണ് ചിന്തകൾ വേണ്ടതെന്ന് ന്യായത്തിന്റെ സാരം. അപ്പോൾ ഇക്കാര്യങ്ങൾ ഭൗതികമല്ലേ? ആണ്.

വൈശേഷികം. വൈശേഷികമെന്നാൽ വിശേഷമെന്നർത്ഥം. പ്രത്യേക പദാർത്ഥങ്ങളെക്കുറിച്ചുള്ള ചിന്തയാണത്. അത് ഭൗതികമല്ലേ? മീമാംസ. അത് യജ്ഞത്തിന്റെ ശാസ്ത്രമാണ്. ജൈമിനിയുടെ മീമാംസാ സൂത്രമതാണ്. യജ്ഞം പണ്ട് ചെയ്തിരുന്നത് ദക്ഷിണാമൂർത്തിയെ നമസ്കരിച്ചിട്ടൊന്നുമല്ല. പണ്ട് ദക്ഷിണാമൂർത്തിയില്ല. കാരണം പ്രതിമയില്ല. വിഗ്രഹാരാധന ഇല്ലാത്ത കാലത്താണ് യജ്ഞമുണ്ടായത്. വേദത്തിലെ യജ്ഞത്തിൽ ഈശ്വരൻ എവിടെയുമില്ല. യജ്ഞം വിതരണവും പുനർവിതരണവുമാണ്. നാട്ടിലുള്ള സ്വത്ത് മുഴുവൻ ഒന്നിച്ചുകൊണ്ടുവന്ന് വിതരണം ചെയ്യുക. ഇതിനുള്ള അവസരമാണ് യജ്ഞം. മറ്റൊരർത്ഥത്തിൽ ശരിക്കും ഒരു ഉത്സവം തന്നെയാണ് യജ്ഞം. എല്ലാ ജാതിക്കാർക്കും പ്രവേശനമുണ്ട്. ജാതിഭേദമില്ല. ഇന്ന് കാണുന്ന പുനരുദ്ധരിക്കപ്പെട്ട യജ്ഞങ്ങളിലധികവും വഷളായതാണ്. അതിൽപോലും സോമലത കൊണ്ടുപോയി കൊടുക്കുന്ന ചടങ്ങുണ്ട്. അത് കൊണ്ടുനൽകുന്നത് ബ്രാഹ്ണനായിരിക്കരുത്. ബ്രാഹ്മണൻ യജ്ഞം ചെയ്യുന്നവരാണ്. ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം കടമയുണ്ട് യജ്ഞത്തിൽ. ഇങ്ങനെയൊക്കെ നോക്കുമ്പോൾ യജ്ഞം ഭൗതികമാണ്. അതുകൊണ്ട് മീമാംസ ഭൗതികം തന്നെ. മീമാംസയിൽ ഈശ്വരനില്ല. ഔദ്യോഗികമായിത്തന്നെയും. അതുകൊണ്ട് മീമാംസ നിരീശ്വരവാദമാണ്.

വേദാന്തം. ശങ്കരനാണല്ലോ വേദാന്തത്തിന്റെ ആധികാരികത. അദ്വൈതം എന്നാൽ രണ്ടില്ല. ഏതാണ് ഈ രണ്ട്? ജീവാത്മാവും പരമാത്മാവും. ജീവാത്മാവ് എന്നുപറഞ്ഞാൽ മനുഷ്യൻ; അഥവാ ഞാൻ, ഇവൻ, അവൻ, അവൾ, ഇവൾ. പരമാത്മാവ്– ഈശ്വരൻ. ജീവാത്മാവും പരമാത്മാവും ഒന്ന് തന്നെ. രണ്ടില്ല. അതിന്റെ ഒരർത്ഥമെങ്കിലും ജീവാത്മാവില്ല എന്നല്ലേ? ഈശ്വരനില്ല എന്നല്ലേ? വേണമെങ്കിൽ മാത്രം എല്ലാ ജീവജാലങ്ങളിലുമുള്ള ചൈതന്യത്തെയാണ് ഈശ്വരൻ എന്ന് വിളിക്കുന്നതെന്ന് പറയാം. പക്ഷേ ആ വ്യാഖ്യാനം മാത്രം മതിയാവില്ലല്ലോ. വേദാന്തത്തിന്റെ വകഭേദമായ വിശിഷ്ടാദ്വൈതത്തിൽ രാമാനുജൻ വിഷ്ണുവാണ് ഈശ്വരൻ എന്ന് പറയുന്നുണ്ട്. നിരീശ്വരോഹം എന്ന് തന്നെ പറയുന്നുണ്ട്. ശങ്കരനാകട്ടെ ഞാൻ നിരീശ്വരൻ. ദ്വൈതം– രണ്ടും ഉണ്ട്. ജീവൻ വേറെ, പരമാത്മാവ് വേറെ. മനുഷ്യൻ വേറെ ഈശ്വരൻ വേറെ. ശങ്കരന്റെ വേദാന്തം നിരീശ്വരമാണ്. ഭൂരിപക്ഷ ദർശനങ്ങൾ നിരീശ്വരമായിട്ടും എന്തുകൊണ്ടിങ്ങനെ വന്നു? വിഗ്രഹാരാധനയൊന്നും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. എന്നിട്ടും അതെങ്ങനെ വന്നു? ചിന്തകൾ പ്രവൃത്തിയിൽ ഉണ്ടാകണം. വെറുതെ ചിന്തിച്ചിട്ട് കാര്യമില്ല.

*? പ്രാചീന ഭാരതീയ ദർശനങ്ങളെ ചരിത്രപരവും വസ്തുനിഷ്ഠവുമായി വിലയിരുത്തുന്നതിന് തടസ്സമെന്താണ്?*

തടസ്സമില്ല. അഭിപ്രായ സ്വാതന്ത്ര്യം ഉള്ളിടത്തോളം വ്യാഖ്യാനങ്ങൾക്കും തടസ്സമുണ്ടാകില്ല.

*? പക്ഷേ അഭിപ്രായ സ്വാതന്ത്ര്യത്തിന് അവകാശം ഇതേപോലെ ഇനിയും നിലനിൽക്കുമോ?*

അതിപ്പോൾ എങ്ങനെയാ പറയുക? ധൈര്യമുള്ളവൻ പറയും. ചത്താലും വേണ്ടില്ല, എനിക്ക് പറയേണ്ടത് ഞാൻ പറയും എന്ന് പ്രഖ്യാപിക്കും ചിലർ.

*? ചേകനൂർ മൗലവിയും കൽബുർഗിയും ഗോവിന്ദ് പൻസാരെയും കൊല്ലപ്പെടുന്ന നാടാണിത്. അതുകൊണ്ടാണ് ആശങ്ക.*

അദ്ദേഹത്തെ ന്യായീകരിക്കാം വേണമെങ്കിൽ. അദ്ദേഹം ദേശീ

അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. എന്തു ചെയ്യും? ചരിത്രത്തിൽ പണ്ടും ഇങ്ങനെയൊക്കെ ഉണ്ടായിട്ടുണ്ട്. അതിനെയെല്ലാം അതിജീവിച്ചിട്ടാണ് ഇന്നത്തെ നിലയിൽ എത്തിയത്. പുസ്തകങ്ങൾ എത്ര ചുട്ടുകരിച്ചാലും ആശയങ്ങൾ നിലനിൽക്കുന്നുണ്ടല്ലോ. മാർക്സ് മരിച്ചിട്ടും മാർക്സിസം മരിച്ചോ? മാർക്സിസം മരിച്ചു എന്ന് എത്രപേർ പറഞ്ഞു? എന്നിട്ട് അവസാനിച്ചോ? ഇല്ലല്ലോ.

? കുമാരിലഭട്ടൻ ഈശ്വരവാദത്തിന്റെ നിഗൂഢ അനുയായിയാണെന്ന്, ഡോ. എസ്.രാധാകൃഷ്ണൻ വിലയിരുത്തുന്നു.

എന്നാൽ പ്രഭാകരനും ഭാട്ടവും തമ്മിൽ വ്യത്യാസമില്ല എന്ന് പറയുന്നുണ്ട്. രണ്ടും നിരീശ്വരവാദം തന്നെയാണ്.

*? ഡോ. എസ്.രാധാകൃഷ്ണൻ ഇന്ത്യയുടെ പാരമ്പര്യം പൂർണമായും ആത്മീയമാണെന്നാണ് നിരീക്ഷിക്കുന്നത്.*

അതിന് നിവൃത്തിയില്ല. അന്നത്തെ സാഹചര്യം എന്ന് പറഞ്ഞ് വേണമെങ്കിൽ ന്യായീകരിക്കാം. അദ്ദേഹം ആത്മീയ(ആശയ) വാദത്തിന്റെ പ്രതിനിധിയാണല്ലോ. അന്ന് ഇന്ത്യൻ ദേശീയത ലോകസമക്ഷം ഉറപ്പിക്കുക എന്നത് രാധാകൃഷ്ണന്റെ ലക്ഷ്യമായിരുന്നു. അതിനാണ് ഇംഗ്ലീഷിൽ എഴുതിയത്.

*? രാമനെ ഇന്ത്യൻ ദേശീയതയുമായി ഏറ്റവും കൂടുതൽ ഇണക്കിച്ചേർക്കാൻ ശ്രമിച്ചത് മഹാത്മാഗാന്ധിയാണ്. ഇന്ത്യയിൽ വർഗീയത വളരുന്നതിനൊരു കാരണം രാമനെന്ന മിത്തിനെ രാഷ്ട്രീയവൽക്കരിച്ചതാണ്. ഗാന്ധിജിയുടെ പ്രവൃത്തി ബോധപൂർവമായോ അബോധപൂർവമായോ ഇതിന് ആക്കം കൂട്ടിയിട്ടുണ്ടോ?*

ഗാന്ധിജി ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വിപ്ലവബോധത്തെ തണുപ്പിച്ച നേതാവായിരുന്നു. ഏറ്റവും ഉയർന്ന നിലയിലെത്തിയ സമരംവെച്ച് വിലപേശും. എന്നിട്ട് സത്യഗ്രഹം പിൻവലിക്കും. ഇതാണല്ലോ ഗാന്ധി ചെയ്തത്. അത് മനസ്സിലാക്കണമെങ്കിൽ അംബേദ്കറെ കൂടുതൽ പഠിക്കണം. ഗാന്ധിയുടെ കാപട്യങ്ങൾ പലതും അംബേദ്കറിനെ മനസ്സിലാക്കുമ്പോഴാണ് നാം അറിയുന്നത്. അദ്ദേഹം തന്നെ പറഞ്ഞിട്ടില്ലേ, ഗാന്ധി മാത്രമല്ല മഹാൻ, ഞാനും മഹാനാണെന്ന്. പിന്നെ, ഗാന്ധിയു



ടെ മാർഗങ്ങൾ പലപ്പോഴും സുഖകരമായിരുന്നു. എന്നാൽ അംബേദ്കറിന്റേത് ഒരിക്കലും അങ്ങനെയായിരുന്നില്ല. എന്തെല്ലാം ത്യാഗങ്ങൾ, എന്തെല്ലാം നീചത്തരങ്ങൾ സഹിച്ചു. ഉയർന്ന ഉദ്യോഗസ്ഥനായിട്ടും ഫയലുകൾ അദ്ദേഹത്തിന് എറിഞ്ഞുകൊടുക്കുകയായിരുന്നു കീഴ്ജീവനക്കാർ. താണജാതിക്കാരുടെ പ്രസ്ഥാനങ്ങളെ ദുഷിച്ചു പറയരുത്. ഉയർന്ന ജാതിക്കാരുടേത് സമുദായവാദമാണ്. കീഴ്ജാതിക്കാരുടേതങ്ങനെയല്ല. താഴെയിറക്കിയതാണ് അവരെ. അവരുടേതാണീ നാട്.

*? സ്വത്വവാദമായിട്ടല്ലേ ഇതിനെ പലരും വിലയിരുത്തുന്നത്?*

അതെ. സ്വത്വവാദം ശരിയോ തെറ്റോ എന്നത് വേറെ പ്രശ്നം. പക്ഷേ വസ്തുതയെ നിഷേധിക്കരുത്. ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വലിയ പോരായ്മ തന്നെ ഇതാണ്. കീഴ് ജാതിക്കാരുടെ പ്രശ്നങ്ങൾ കണ്ടില്ല. പിന്നീട് കണ്ടെങ്കിലും അത് വൈകി. ഈഴവരിൽ താഴെയുള്ളവരെയൊന്നും കണക്കിലെടുത്തില്ല, ഇടതുപക്ഷം. അവരെ സംഘടിപ്പിച്ചത് ഒരു അയ്യങ്കാളി മാത്രമാണ്. ഒരുദാഹരണം പറയാം. സർവകലാശാലകളുടെ തലപ്പത്തുതന്നെ സംവരണാടിസ്ഥാനത്തിൽ വന്ന ചിലരോട് ചോദിച്ചാൽ, ഹേയ്, ഞാൻ സംവരണാടിസ്ഥാനത്തിൽ വന്ന ആളല്ല. സംവരണമൊന്നും ആവശ്യമില്ല എന്നായിരിക്കും പറയുക.

സുകുമാർ അഴീക്കോടിന് ഉള്ളിലും പുറമെയും സംസ്കൃതാധ്യക്ഷൻ ഒരു ബ്രാഹ്മണനാകുന്നതുതന്നെയാണ് നല്ലത് എന്ന പക്ഷമായിരുന്നു. അഴീക്കോട് ഉണ്ടായിരുന്ന കാലത്ത് കാലിക്കറ്റ് സർവകലാശാലയിലെ മലയാള വിഭാഗത്തിൽ സംവരണാടിസ്ഥാനത്തിൽ ഒരു കാളിടീച്ചർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാക്കിയെല്ലാം ഉയർന്ന ജാതിക്കാരായിരുന്നു. ഇന്ന് ചിലർ പറയുന്നു, മെറിറ്റടിസ്ഥാനത്തിലാണ് സംവരണം വേണ്ടതെന്ന്. പിന്നെന്തിനാണ് സംവരണം? മെറിറ്റിൽ തന്നെ വരില്ലേ? പല കാരണങ്ങളാലും സാമൂഹ്യ പിന്നാക്കാവസ്ഥയിൽപ്പെട്ട ജനതയെ അവർക്കൊരു താങ്ങ് നൽകി മുന്നോട്ടേക്ക് കൊണ്ടുവരികയാണ് സംവരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ആർ.എസ്.

എസ്സുകാർ സൂത്രത്തിൽ സംവരണം ഇല്ലതാക്കുന്നതിനല്ലേ ശ്ര മിച്ചുകൊണ്ടിരിക്കുന്നത്? സംവരണത്തിനർഹരായവരെക്കൊണ്ടുതന്നെ സംവരണം വേണ്ടെന്ന് പറയിപ്പിക്കുകയണവർ. അതിഭയങ്കരമാണിത്.

*? ജാതിയെന്നത് ഇന്ത്യയിൽ ഒരു യഥാർത്ഥ്യം തന്നെയല്ലേ? അതിനെ കാണാതിരിക്കുന്നത് ശരിയല്ലല്ലോ.*

അതെ. അത്ര വേഗത്തിൽ പോകില്ലല്ലോ. സംവരണം കൊണ്ട് പതുക്കെ പതുക്കെ പോകാം. അവരിൽ സമ്പന്നരായവർക്ക് വേണ്ടെങ്കിലും പാവപ്പെട്ടവർക്ക് വേണ്ടേ? ഇക്കാര്യത്തിൽ ഇ.എം.എസ് അല്ലേ സർവ എതിർപ്പുണ്ടായിട്ടും കീഴ്ജാതിക്കാർക്ക് വേണ്ടി കൂടുതൽ സംസാരിച്ചത്? എന്തിന്, രാമജന്മ ഭൂമി പ്രശ്നം. തന്നെ ഉദാഹരണമായെടുക്കാം. അത് രാമജന്മ ഭൂമിയല്ല; ബാബരി മസ്ജിദ് തന്നെയാണ്. 1528ൽ നിർമിച്ച പള്ളി 400–ലധികം കൊല്ലക്കാലം നിലനിന്നില്ലേ? പിന്നീടല്ലേ തർക്കമായത്? തർക്കമുണ്ടായതെങ്ങനെയാ? കോൺഗ്രസുകാരുടെ കാലത്തല്ലേ വിഗ്രഹം ബാബരി മസ്ജിദിനകത്ത് കൊണ്ടുപോയി വെച്ചത്? സുപ്രീംകോടതി ചീഫ് ജസ്റ്റിസ് തന്നെ പറഞ്ഞതെന്താ? മധ്യസ്ഥമാക്കാമെന്നല്ലേ? ഇത് മധ്യസ്ഥത പറയേണ്ട പ്രശ്നമാണോ? വിശ്വാസത്തിന്റെ പ്രശ്നമല്ല ഇത്. സ്ഥലത്തിന്റെ പ്രശ്നമാണ്. സിവിൽ കേസ്സല്ലേ വേണ്ടത്? അതൊക്കെ എന്നെപ്പോലൊരാൾ പയുന്നത് ആർ.എസ്.എസ്സുകാർക്ക് ഇഷ്ടാവില്ല.

*? ഗോമാംസം കഴിക്കുന്നവരെ കൊല്ലുന്നവരുടെ നാടായി നമ്മുടേത്. ഗോവിനെ ദിവ്യമൃഗമായി കാണുന്ന ശീലം ഇന്ത്യൻ പാരമ്പര്യത്തിൽ അന്തർലീനമായുണ്ട് എന്നാണല്ലോ വാദം. എന്തു തോന്നുന്നു?*

ഇന്ത്യൻ പാരമ്പര്യത്തിൽ എവിടെയാണ് ഗോവിന് ദിവ്യസ്ഥാനം? *ഋഗ്വേദം* എടുക്കൂ. എവിടെയാ ഗോമാതാവിനെക്കുറിച്ച് പറയുന്നത്? ഗോവിനെ മാതാവായി കാണുന്നതിനെപ്പറ്റി



വേണമെങ്കിൽ ആലങ്കാരികമായി പറയാം. മനുഷ്യനെ ഗോവിന്റെ പേരിൽ കൊല്ലുന്നത് ഒരിക്കലും ഇന്ത്യൻ പാരമ്പര്യമല്ല. ആർ.എസ്.എസ്സിന്റെ വെറും കോപ്രായങ്ങളാണിതൊക്കെ.

*? ഗോമാംസം കഴിക്കുന്ന ബ്രാഹ്മണർ പണ്ട് തന്നെ ഇവിടെയില്ലേ? അവരെയാരും തല്ലിക്കൊന്നതായി അറിവില്ലല്ലോ?*

പണ്ട് മാത്രമല്ല. ഇപ്പോഴും ഉണ്ട്. ആസ്സാമിലൊക്കെ. വടക്കേ ഇന്ത്യയിൽ പാവപ്പെട്ടവന് ഏറ്റവും കുറഞ്ഞ ചെലവിൽ ലഭിക്കുന്നത് ഗോമാംസം തന്നെയാണ്. മതത്തിന്റെ കാര്യത്തിൽ മാത്രമാണോ മതനിരപേക്ഷത? അല്ലല്ലോ? ആഹാരത്തിന്റെ കാര്യമെടുത്താൽ ഇഷ്ടപ്പെട്ടത് കഴിക്കാം. വസ്ത്രത്തിന്റെ കാര്യമെടുത്താൽ ഇഷ്ടപ്പെട്ട വസ്ത്രം ധരിക്കാം. വിശ്വാസത്തിന്റെ കാര്യത്തിലും അങ്ങനെതന്നെ. ഇതെല്ലാം ചേർന്നതാണ് മതനിരപേക്ഷത. ഉപനിഷത്തുക്കളിൽ തന്നെ ഗോമാംസത്തിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. ഇന്നിന്ന കാര്യങ്ങൾക്ക് ഗോമാംസം വേണമെന്ന്.

*? ഇന്ത്യൻ ഫാഷിസം ശക്തിപ്രാപിച്ചുകഴിഞ്ഞു. ഈയിടെ എം.പി പരമേശ്വരൻ അഭിപ്രായപ്പെട്ടത് ഹൈന്ദവ ഫാഷിസം എന്ന് പറയാൻ പാടില്ല കോർപ്പറേറ്റ് ഫാഷിസമെന്നാണ് പറയേണ്ടതെന്നാണ്. താങ്കൾക്ക് എന്ത് തോന്നുന്നു?*

ഇന്ത്യയിൽ ഹിന്ദുത്വ ഫാഷിസത്തിന്റെ തുടക്കമാണിത്. ആസന്ന ഭാവിയിൽതന്നെ അത് ഭീഷണിയാകും. അതീവ ജാഗ്രതയോടെ നിൽക്കണമെന്ന എം.ജി.എസ് നാരായണന്റെ അഭിപ്രായം തന്നെയാണ് എനിക്കും. ആർ.എസ്.എസ്സിന്റെ അസഹിഷ്ണുത സഹിക്കാനാവില്ല; കേരളത്തിൽ പോലും.

*? ഇന്ത്യൻ ഫാഷിസത്തിനെതിരെ തൊഴിലാളിവർഗത്തെ അണിനിരത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഇന്ത്യൻ ഇടതുപക്ഷത്തിന് കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ എന്താണ് പരിമിതി?*

ഇടതുപക്ഷമല്ലേ ഇതിനു മുന്നിട്ടിറങ്ങുന്നത്? പറയാൻ വി

ഷമമുണ്ട്. കർഷകരും തൊഴിലാളികളും കൂടുതലുള്ള രാജ്യത്ത് പാർട്ടി വളരുന്നില്ല എന്നതിൽ അസ്വാഭാവികതയുണ്ട്. പക്ഷേ, ഞാൻ പട്ടിണി കിടക്കുന്നുണ്ടെങ്കിൽപോലും പട്ടിണി കിടക്കുന്നില്ല എന്ന തോന്നൽ എന്നിലുണ്ടായാൽ എന്തു ചെയ്യും? ഈ പട്ടിണി എനിക്ക് തന്നെ ഒറ്റയ്ക്ക് മാറ്റാൻ പറ്റുമോ? ഇല്ല. എന്റെ കൂടെ വേറെ പട്ടിണിക്കാരെക്കൂടി അണിചേർത്താലേ പറ്റൂ എന്ന ബോധം പട്ടിണിക്കാർക്കെല്ലാം വേണ്ടേ? ആ തോന്നൽ ഇപ്പോഴും ഇന്ത്യൻ ഇടതുപക്ഷത്തണിചേരേണ്ടവർക്ക് വന്നിട്ടില്ല. ശത്രുക്കളുടെ ശക്തി കുറച്ചു കാണരുത്. സമരങ്ങൾ പലതും യാന്ത്രികമായി പോകുന്നുണ്ട്. ഉള്ളിൽ തട്ടിയിട്ട് വരുന്നതല്ല. പണിമുടക്കണമെന്ന് പറയുമ്പോൾ മുടക്കുന്നു എന്ന് മാത്രം. റേഷൻ പ്രശ്നത്തിൽ സമരം തീരുമാനിച്ചാൽ കുറച്ചു നേരം റേഷൻ ഷോപ്പിന് മുന്നിൽ ഇരിക്കുന്നു. കുറച്ചു കഴിയുമ്പോൾ എന്നാൽ പോകാമെന്ന് പറഞ്ഞ് പോകുന്നു. വരുന്നതിന് മുമ്പേ പോകാൻ ധൃതിയായി. ഇതൊക്കെ ശരിയാവുമെന്ന ശുഭപ്രതീക്ഷയാണെനിക്കുള്ളത്.

*? കേരളത്തിലെ പു.ക.സ.യുടെ തലപ്പത്തിരുന്ന ആളാണല്ലോ ഉണിത്തിരി മാഷ്. ഫാഷിസത്തിനെതിരെ വലിയ ആശയപ്രചാരണത്തിന് നേതൃത്വം കൊടുത്ത എം.എൻ. വിജയനടക്കം വലിയ നേതൃനിരയായിരുന്നു പു.ക.സ.യുടേത്. എന്നാൽ ഇന്ന് അതിന്റെ നിഴലുപോലുമില്ല. എന്താണ് സംഭവിച്ചത്?*

ഞാൻ ഇപ്പോൾ യാത്ര ചെയ്യാനാവാത്ത നിലയായതിനാൽ ഒരു മീറ്റിങ്ങിലും പങ്കെടുക്കുന്നില്ല. പ്രവർത്തനങ്ങൾ വളരെയധികം നടക്കുന്നുണ്ടെന്നാണ് ദൃശ്യ–ശ്രാവ്യമാധ്യങ്ങളിൽനിന്നും മറ്റുതരത്തിലും എനിക്കു കിട്ടുന്ന വിവരങ്ങൾവെച്ച് പറയാൻ കഴിയുന്നത്. പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണം വന്നതോടെ എല്ലാ രംഗങ്ങളിലുമെന്നപോലെ സാംസ്കാരികരംഗത്തും അഭൂതപൂർവമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. മിക്കവാറും പ്രവർത്തനങ്ങൾ സിക്രട്ടറിയായ പ്രൊഫ. വി.എൻ മുരളി തിരുവനന്തപുരത്തും പ്രസിഡണ്ട് വൈശാഖൻ സാഹിത്യ അക്കാദമി പ്രസിഡണ്ടെന്ന നിലയിൽ തൃശ്ശൂരും ആയതുകൊണ്ട് ആ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ പ്രവർത്തനങ്ങൾ എന്നേയുള്ളൂ. പൊതുവിൽ കേരളത്തിലെല്ലായിടത്തും പു. ക. സ; വനിതാസാഹിതി എന്നിവയെല്ലാം സജീവമാണെന്നാണ് എനിക്കു തോന്നുന്നത്. സൃഷ്ടികളുടെ കാര്യത്തിലാണെങ്കിൽ എത്രയോ അധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. *ദേശാഭിമാനി* ഓണപ്പതിപ്പിന്റെ മൂന്നു വോള്യങ്ങൾ ഒന്നാന്തരം ഓണസ്സദ്യയുണ്ട അനുഭവമാണ് എനിക്കു തന്നത്.



*? പ്രൊഫ. എം.എൻ വിജയനോട് എടുക്കാൻ പാടില്ലാത്ത നിലപാടാണെടുത്തത് എന്ന് എം.എ ബേബി തന്നെ പിന്നീട് സമ്മതിക്കുന്നുണ്ടല്ലോ.*

പ്രശ്നം വിജയൻ മാഷുടേത് മാത്രമല്ല. എല്ലാവരുടേതുമാണ്. മിക്കവാറും എല്ലാവരും വൈകാരികമായാണ് ഇടപെടുന്നത്. വൈകാരികമായിത്തന്നെ വേണം സംഘടനയിലേക്ക് എല്ലാവരേയും ചേർത്തുനിർത്തേണ്ടതും. അതൊന്നും ഇപ്പോഴുണ്ടാവുന്നില്ലായിരിക്കാം. ചില കാര്യങ്ങളെല്ലാം എനിക്ക് ദൗർഭാഗ്യകരമായി തോന്നിയിട്ടുണ്ട്.

വിജയൻ മാഷ് പറയുന്ന കാര്യങ്ങൾ പാർട്ടി നേതാക്കൾ വേണ്ടത്ര പരിഗണിക്കുന്നില്ലെന്ന തോന്നൽ മാഷക്ക് ഉണ്ടായി. പിന്നെ ഒന്നു കിട്ടിക്കഴിഞ്ഞാൽ യുക്തിയുക്തം സമർത്ഥിക്കാനുള്ള കഴിവ് മാഷെപ്പോലെ മറ്റാർക്കും ഇല്ലതാനും. എന്നിട്ടും മാഷുടെ നിലപാടുകളോട് ഞാനടക്കം വിയോജിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ "അരവും കത്തിയും" എന്ന ലേഖനം അതിന് നിമിത്തമായി. അത്രയ്ക്കങ്ങോട്ട് മാഷതിൽ ഇടപെടേണ്ടതില്ലായിരുന്നു. അത്രയൊക്കെ പ്രതിബദ്ധതയുള്ള ആളായിരുന്നെങ്കിൽ വിജയൻ മാഷ് പാർട്ടി അംഗമാവേണ്ടേ? ഞാനൊക്കെ 1985–ൽ പാർട്ടി അംഗമായ ആളാ. ഇപ്പോഴും തുടരുന്നു.

? താങ്കളും കെ.ഇ.എൻ കുഞ്ഞഹമ്മദും പു.ക.സ.യിൽ വ്യത്യസ്ത നിലപാടുകൾ എടുത്തവരാണെന്നറിയാം. അന്നത്തെ പു.ക.സ. ക്യാമ്പുകളിൽ താങ്കളുടെ 'മിതവാദവും കെ.ഇ.എന്റെ അതിവാദവും' തമ്മിൽ ഏറ്റുമുട്ടിയിട്ടുണ്ട്. എന്ത് തോന്നുന്നു?

"സോദരർതമ്മിലെപ്പോരൊരു പോരല്ല,
സൗഹൃദത്തിന്റെ കലങ്ങിമറിയലാം."

എന്നു വള്ളത്തോൾ പാടിയില്ലേ? അതൊക്കെ നിസ്സാരകാര്യമാണ്. എന്നിട്ടും, ഞങ്ങളിരുവരും ഒരേ സംഘടനയിൽ ഒന്നിച്ചു (

പവർത്തിച്ചു. ഇപ്പോൾ യാത്ര ചെയ്യാത്തതുകൊണ്ടുമാത്രം ഞങ്ങൾ ഒന്നിച്ചുകാണുന്നത് ചുരുക്കമാണെന്നു മാത്രം. എന്നാലും ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിൽ കെ. ഇ. എനെ സന്ദർഭം കിട്ടുമ്പോഴൊക്കെ ഞാൻ കാണാറും വായിക്കാറുമുണ്ട്.

*? കെ.സി ഉമേഷ് ബാബുവിനെ "ഭയം" എന്ന കവിതയെഴുതിയതിന്റെ പേരിൽ പാർട്ടി തന്നെ നടപടിയും എടുത്തു.*

അതിലൊക്കെ എനിക്ക് ചില അഭിപ്രായങ്ങളൊക്കെയുണ്ട്. പക്ഷേ ഞാനതാരോടാ പറയുക? ഇന്ന് ഞാൻ പുറത്തൊന്നും പോകുന്നില്ലല്ലോ. ഇവിടെത്തന്നെ കഴിയുകയല്ലേ? നേരെ മറിച്ച് പ്രസംഗിച്ചു നടക്കുന്ന കാലത്താണെങ്കിൽ നേതാക്കളെ കണ്ട് അവരോട് ആശയങ്ങളും അഭിപ്രായങ്ങളും കൈമാറാമായിരുന്നു. ഇപ്പോഴതില്ല.

*? പാരമ്പര്യത്തിലെ വസ്തുതാന്വേഷണം ഇന്ത്യൻ ഇടതുപക്ഷത്തിന് തന്നെ നടത്താൻ കഴിഞ്ഞിട്ടുണ്ടോ?*

വാസ്തവം പറഞ്ഞാൽ രാമനേക്കാൾ കൃഷ്ണനനാണ് പോപ്പുലർ. രണ്ടുപേരും കഥാപാത്രങ്ങളാണെങ്കിലും. കൃഷ്ണനെ ശ്രീകൃഷ്ണജയന്തി ദിനത്തിൽ റോഡിലൂടെ നടത്തിക്കുമെന്നല്ലാതെ രാമനെ ഉപയോഗിക്കുന്നതുപോലെ കഴിയുന്നില്ല. പ്രത്യേകി ച്ച് *തുളസീദാസരാമായാണ*മാണ് ഉത്തരേന്ത്യയിൽ വിശേഷപ്പെട്ടത്. കേരളത്തിലാണെങ്കിൽ എഴുത്തച്ഛന്റെ *അധ്യാത്മരാമായണ*വും. ഇതു രണ്ടും ഭക്തിരാമായണങ്ങളാണ്. *വാല്മീകി രാമായണ*ത്തിന് മതപരമായ പ്രസക്തിയില്ല. രാമായണം ഒരു നാടോടിക്കഥയായിരിക്കണം. ഇത് ഇന്ത്യയിൽ മാത്രമല്ല ഏഷ്യയിലാകെയുണ്ട്. ഫിലിപ്പൈൻസിലുമുണ്ട്. എന്നാൽ രാമ-രാവണകഥ പല മാതിരിയിൽ പ്രചരിച്ചിട്ടുണ്ട്. നാടൻ പെണ്ണുങ്ങളുടെ പാട്ടുകളിലുണ്ട് രാമനും രാവണനും. അതാണ് *സീതാദുഃഖം കിളിപ്പാട്ട്*. ഈ രാമന്റെ മിത്താണ് ആർ.എസ്.എസ്. ഉപയോഗിക്കുന്നത്. പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ അദ്വാനിയുടെ രഥയാത്രക്കാലത്ത് പലേടത്തും രക്തച്ചൊരിച്ചിലിന് കാരണമായത് ഈ മിത്തിന്റെ ഉപയോഗമാണ്.

അദ്വാനിയുടെ സംഘത്തിന് ഇപ്പോഴും യാതൊരു മാറ്റവുമില്ല. ആളുകളെ രാമന്റെ പേരിൽ കൊന്നുകൊന്നു വരികയല്ലേ? എന്താ സ്ഥിതി? രാവണനെ കൊല്ലുന്ന മട്ടിലല്ലേ ആർ.എസ്.എ



സുകാർ പാവം ജനങ്ങളെ പലേ പേരിലും കൊല്ലുന്നത്. സാധാരണ ജനങ്ങളിൽ നിന്നുണ്ടായ ജനകീയവിശ്വാസത്തെ രാഷ്ട്രീയചൂഷണത്തിന് വിധേയമാക്കുകയാണ് സംഘപരിവാർ. ഇങ്ങനെയുള്ള സന്ദർഭത്തിലാണ് കുട്ടികൃഷ്ണമാരാരുടെ പ്രസക്തി. ഞാനദ്ദേഹത്തെ വിമർശിച്ചിട്ടുണ്ടെങ്കിലും അങ്ങേയറ്റം ആദരവോടെയേ അദ്ദേഹത്തെ വായിച്ചിട്ടുള്ളൂ. കേട്ടു പരിചയം മാത്രമുണ്ടായിരുന്ന മാരാരെ 1974-ൽ ഞാൻ പോയി നേരിട്ടു പരിചയപ്പെട്ടിട്ടുമുണ്ട്. ഇത്രയേറെ സംഭാവന നൽകിയ മനുഷ്യൻ മരിച്ചിട്ട് അവിടെ ആകെ ഉണ്ടായിരുന്നത് ആറോ ഏഴോ ആളുകൾ മാത്രമായിരുന്നത്രേ. നോക്കാൻ പോലും ആളുണ്ടായിരുനനില്ല. ഭാര്യക്ക് മനോവിഭ്രാന്തിയായിരുന്നു. എപ്പോഴും ബദ്ധപ്പാടായിരുന്നു അതുകൊണ്ടദ്ദേഹത്തിന്. എന്റെ വിമർശനമാകട്ടെ സാഹിത്യത്തിലെ രാഷ്ട്രീയത്തെ ചൊല്ലിയാണ്. സത്യത്തിൽ അദ്ദേഹത്തിന്റെ സാഹിത്യത്തിൽ അൽപ്പം പിന്തിരിപ്പൻ നിലപാടൊക്കെയുണ്ട്. മാരാർ തന്നെ പറഞ്ഞതുപോലെ ഏത് രാമനിലും ഒരു രാവണനുണ്ട്; ഏത് രാവണനിലും ഒരു രാമനുമുണ്ട് എന്ന് അറിയണം.

★

# 28. അഭിമുഖം: പ്രൊഫ. എൻ.വി.പി ഉണിത്തിരി

**രാജേഷ് കെ/സമീർ കാവാഡ്**

**അധ്യാപകൻ, സംസ്കൃതപണ്ഡിതൻ, വേദാന്തചിന്തകൻ, പ്രഭാഷകൻ, നിരൂപകൻ, വിവർത്തകൻ, സാംസ്കാരികപ്രവർത്തകൻ, ഇടതുപക്ഷ സഹയാത്രികൻ തുടങ്ങി പല തലങ്ങളിൽ വ്യക്തിമുദ്രപതിഞ്ഞ പ്രതിഭയാണ് പ്രൊഫ. (ഡോ) എൻ.വി.പി ഉണിത്തിരി. സപ്തതിയുടെ നിറവിലും മതനിരപേക്ഷസാമൂഹികനിർമ്മിതിക്കായി കർമ്മമണ്ഡലത്തിൽ സമർപ്പിക്കപ്പെട്ട ധൈഷണിക പ്രതിഭയാണ് ഉണിത്തിരിമാഷ്. മാഷുമായി നടത്തിയ അഭിമുഖത്തിൽനിന്ന്.**

?. മാഷിന്റെ പൊതു ഇടപെടലുകൾ, എഴുത്തായാലും പ്രഭാഷണമായാലും, ഗൗരവമാർന്ന ഗവേഷണ പ്രബന്ധങ്ങളായാലും ഇതിലെല്ലാം ഒരുതരം വിശ്വ മാനവസങ്കല്പം അന്തർധാരയായി വർത്തിക്കുന്നുണ്ട്. ഏറ്റവും ഒടുവിലായി സപ്തതിയാഘോഷ സാംസ്കാ രികവേദിയിലെ മറുപടിപ്രസംഗത്തിൽവരെ അത് തെളിഞ്ഞുകേട്ടു. ദേശീയത ഒരു ഭ്രാന്തെന്നോണം ഇളകിയാടുന്ന വർത്തമാനകാല ഇന്ത്യനവസ്ഥയോട് ഭാരതീയ സംസ്കൃതിയെ ആഴത്തിൽ തൊട്ടറിഞ്ഞ പണ്ഡിതൻ എന്ന നിലയിൽ അങ്ങ് എങ്ങിനെ പ്രതികരിക്കുന്നു?



= ബി.ജെ.പി ഇപ്പോൾ അധികാരത്തിൽ വന്നത് ജനാധി പത്യത്തിലൂടെ ആണല്ലോ. അപ്പോൾ പ്രത്യക്ഷത്തിൽ അതിൽ നിയമവിരുദ്ധതയൊന്നുമില്ല. അതേസമയം അതിലേക്കുള്ള വഴിയിൽ ജാതിയെയും ഭാരതീയത യെയും ഒരു ഉപകരണമാക്കിയിട്ടുണ്ട് എന്നത് സ്പഷ്ടമാണുതാനും. ഹിറ്റ്ലറും ഇതേ രീതിയിലാണ് വന്നത്. ഏതായാലും അവർ അധികാരത്തിലെത്തി. ഭരണം മോശമാണ് എന്നു കഴിഞ്ഞ ഒന്നരക്കൊല്ലം കൊണ്ടുതന്നെ തെളിഞ്ഞിരിക്കുന്നു. മോദി തന്നെ പറഞ്ഞല്ലോ, ഞാനൊരു ചായക്കടക്കാരനായതു കൊണ്ടാണ് എന്നെ വിമർശിക്കുന്നത് എന്ന്. ഭൂരിപക്ഷം കിട്ടി അധികാരത്തിൽ വന്ന ഒരാൾക്ക്, വലിയ ജനപിന്തുണയോടെ വന്നു എന്നു പറഞ്ഞ ഒരാൾക്ക്, ഇങ്ങനെ ചായപ്പീടികക്കാരനായതുകൊണ്ട് എന്നെ ആളുകൾ ഇഷ്ടപ്പെടുന്നില്ല എന്ന് പറയാനുള്ള അവസ്ഥ ഒന്നരക്കൊല്ലം കൊണ്ട് വന്നു എങ്കിൽ ആ പാർട്ടിയുടെ സ്ഥിതി എന്താണ്? അതുകൊണ്ട് ജനാധി പത്യരീതിയിൽ തന്നെ ഇവരുടെ ദുഷ്ചെയ്തികളെ തുറന്നുകാട്ടിക്കൊണ്ട് കഴിയുന്നതുംവേഗം ഇവരെ പുറത്താക്കാനുള്ള ഇടപെടൽ നടത്തുകയാണ് വേണ്ട ത്. ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട്. അങ്ങിനെ വരുമ്പോൾ കേരളത്തിന്റെ കണ്ണിലൂടെ മാത്രം കാര്യ ങ്ങളെ കണ്ടാൽ പോരാ. ഉദാഹരണത്തിന് ബംഗാളിൽ മമതയുടെ പാർട്ടി, നമുക്കറിയാം അവർ ഏതു നിമിഷവും ബി.ജെ.പി.യെ യെ പിന്തുണയ്ക്കാം. അവിട

ത്തെ സാഹചര്യത്തിൽ ഇടതുപക്ഷം പ്രത്യയശാസ്ത്ര
ശാഠ്യം വെടിഞ്ഞ് ബംഗാളിലെപ്പോലെ അഖിലേന്ത്യാ
തലത്തിൽ സഖ്യങ്ങൾ രൂപപ്പെടേണ്ടിവരും അവിടെ
കോൺഗ്രസ്സിനെയും ഒഴിവാക്കേണ്ടതില്ല. പ്രത്യയ
ശാസ്ത്രം മാത്രം പറഞ്ഞിട്ട് കാര്യമില്ല. അവർക്ക് നാൽ
പ്പത്തഞ്ച് സീറ്റേ ഉള്ളൂ എന്ന് പറഞ്ഞ് മാറ്റിനിർത്തിക്കൂ
ടാ. ആ നാൽപ്പത്തഞ്ച് നാനൂറാക്കേണ്ട ഉത്തരവാദിത്ത
മേറ്റെടുത്ത് പ്രവർത്തിക്കേണ്ടതായി വരും. അങ്ങനെ
ഇടതുപക്ഷത്തിന്റെ പ്രത്യയശാസ്ത്രദാർഢ്യവും
തലച്ചോറും കോൺഗ്രസ്സിന്റെ ശക്തിയും തമ്മിൽ
ഐക്യപ്പെടണം. കോൺഗ്രസ്സിന്റെ അഖിലേന്ത്യാവ്യാ
പകമായ വേരുകൾ ഇനിയും നഷ്ടപ്പെട്ടിട്ടില്ല.
ചിലപ്പോൾ തോൽക്കും, ചിലപ്പോൾ ജയിക്കും.
ജയിക്കാനുള്ള ജോലികളിൽ വേണ്ട സഹകരണം മത
നിരപേക്ഷജനാധിപത്യശക്തികൾ കൂട്ടായി ചെയ്യണം.
ഇടതുപക്ഷത്തിന് അർഹതയുള്ളത് ഇടതുപക്ഷത്തിന്
കിട്ടുകയും വേണം. അങ്ങനെ എല്ലാവരും ഒരുമിച്ച് പരി
ശ്രമിക്കണം. അവിടെ മായാവതിയെന്നോ, ലാലുപ്രസാദ്
എന്നോ അഴിമതിയെന്നോ പറഞ്ഞിരുന്നിട്ട് കാര്യമില്ല.
ഇവിടെ ഇപ്പോൾ മുഖ്യശത്രു വർഗീയഫാസിസമാണ്
– ആർ എസ്. എസ്സിന്റെ നിയന്ത്രണത്തിലുള്ള
ബി.ജെ.പിയാണ്. ബി.ജെ.പിയെ താഴെയിറക്കണം. ഈ
വർഗീയഫാസിസംതന്നെയാണ് അവരുടെ നയമെങ്കിൽ.
വാജ്പേയി പ്രധാനമന്ത്രിയായിരുന്ന കാലത്ത് കൃഷ്ണ
യ്യർ അദ്ദേഹത്തിന് കത്തയക്കുകയുണ്ടായി, 'ഞാൻ



'ഞാൻ പരിപൂർണ്ണമായി നിങ്ങളെ സപ്പോർട്ട് ചെയ്യാം;
പക്ഷേ ഒരു കണ്ടീഷൻ, നിങ്ങളുടെ ഈ ഹിന്ദുത്വ
അജണ്ട മാറ്റിവയ്ക്കണം. അതു കഴിഞ്ഞാൽ പിന്നെ
നിങ്ങളുമായുള്ള ചില്ലറ അഭിപ്രായവ്യത്യാസങ്ങ
ളൊക്കെ നമുക്ക് പറഞ്ഞുതീർക്കാം. ഹിന്ദുത്വ അജണ്ട
മാറ്റി വെച്ചിട്ട് സാധാരണ ഒരു രാഷ്ട്രീയപ്പാർട്ടിയായി
പ്രവർത്തിക്കുകയാണെങ്കിൽ എന്റെ പൂർണ്ണ
പിന്തുണയുണ്ടാകും' എന്ന്. കൃഷ്ണയ്യരുടെ ആ
ക്രാന്തദർശിത്വം കാണാതിരിക്കാൻ വയ്യ.

ഇതുതന്നെയാണ് എനിക്കും പറയാനുള്ളത്.
അവർ ജനാധിപത്യരീതിയിൽ വന്നവരാണ്, ജനാധി
പത്യരീതിയിലൂടെത്തന്നെ അവരെ പുറത്താക്കണം.
അല്ലാതെ വേറെ വിപ്ലവമൊന്നും നടക്കില്ല, അഥവാ
ആവശ്യമില്ല.

ഇവരുടെ ഭരണത്തിൽ നാട്ടിലെന്തൊക്കെയാ
സംഭവിക്കുന്നത്! മോഡി നിർണ്ണായകഘട്ടങ്ങളിലൊ
ന്നും മിണ്ടുന്നില്ലല്ലോ. അതിന്റെ അർത്ഥമെന്താ?

രോഹിത് വെമൂല ദളിതനല്ല എന്നാണ് അന്നത്തെ
വിദ്യാഭ്യാസമന്ത്രി സ്മൃതി ഇറാനി പറഞ്ഞത്. സ്മൃതി
ഇറാനി ആദ്യം തന്റെ യോഗ്യത തെളിയിക്കട്ടെ. എന്നിട്ട്
പോരേ ബാക്കി കാര്യങ്ങൾ? ഇവർക്ക് ഇങ്ങനെ ജാതി
ചിന്തിക്കേണ്ട ആവശ്യം എന്താണുണ്ടായിരുന്നത്?
ആരോ ആകട്ടെ, മരിച്ചൊരാളെപ്പറ്റി, അദ്ദേഹം മറ്റൊരു
തരത്തിൽ പ്രശസ്തി അർഹിക്കുന്ന വിദ്യാർഥി യാണെ
ന്ന കാര്യത്തിൽ ഒരു സംശയത്തിനും ഇടയില്ല. പക്ഷെ

അദ്ദേഹത്തെപ്പറ്റി ഇങ്ങനെയൊക്കെപ്പറയാൻ ഇവർക്കെന്താ അവകാശം? ഇങ്ങനെയൊന്ന് കിട്ടി ക്കഴിഞ്ഞാൽ പറഞ്ഞുനടക്കാൻ ആളുകളുണ്ടെന്ന് അവർക്കറിയാം. അതാണ് ഇങ്ങനെ പറയാൻ അവരെ പ്രേരിപ്പിക്കുന്നത്.

? സംസ്കൃതവും ഇന്ത്യൻ സംസ്കാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി അതിശയോക്തി കലർന്ന ആശയങ്ങളാണ് സാംസ്കാരികദേശീയവാദികൾ ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ സംസ്കൃത ഭാഷയെ ഇന്ത്യയുടെ സമകാലസന്ദർഭത്തിൽ എങ്ങനെയാണ് വിലയിരുത്തേണ്ടത്? ഇന്ത്യൻ പാരമ്പര്യത്തിന്റെ ബഹുസ്വരതയെ തമസ്കരിക്കാൻ സംഘപരിവാരം നടത്തുന്ന ശ്രമങ്ങളെ ജനാധിപത്യവാദികൾക്ക് എങ്ങനെ പരാജയപ്പെടുത്തുവാൻ കഴിയും?

സംഘപരിവാരത്തെ എതിർക്കേണ്ടത് ഇന്ത്യൻ പാരമ്പര്യസംരക്ഷണത്തിനു വളരെ ആവശ്യമാണ്. അവർ ഇന്ത്യൻ പാരമ്പര്യത്തെക്കുറിച്ച് പറയുകയും അതേ അവസരത്തിൽ അതിന്റെ സത്തയായ ബഹുസ്വരതയെ നശിപ്പിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ജനാധിപത്യസങ്കൽപ്പത്തെത്തന്നെ നശിപ്പിക്കാനാണ് അവരുടെ പുറപ്പാട്. ഇതിനെ പ്രതിരോധിക്കാനുള്ള ഊർജ്ജം ഭാരതീയ ദർശനത്തിൽത്തന്നെയുണ്ട്. ഭാരതീയദർശനങ്ങളെ ആഴത്തിൽ പഠിച്ചുകൊണ്ടുമാത്രമേ അതിനു സാധിക്കൂ. അതിന് സംസ്കൃതഭാഷാപഠനം പ്രധാനമാണ്. എല്ലാവരും സംസ്കൃതം പഠിക്കണം എന്ന അർത്ഥത്തിലല്ല. മറിച്ച്



ചിലരെങ്കിലും അതിന് മുന്നോട്ടുവരേണ്ടതുണ്ട്. ഇത്തരത്തിൽ സ്വാംശീകരിച്ചെടുക്കുന്ന ബഹുസ്വരമായ ആശയങ്ങളെ ലളിതമായ ഭാഷയിൽ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും ജനകീയവ്യവഹാരത്തിന്റെ ഭാഗമാക്കിത്തീർക്കുകയും വേണം. ധർമ്മരാജ് അടാട്ടിനെപ്പോലെ പുതുതലമുറയിലും ഇത്തരം പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നവരുണ്ട്. ഭാരതീയദർശനങ്ങളെ മനസ്സിലാക്കാനും എതിർക്കാനുമുള്ള ഏറ്റവും വിശ്വാസയോഗ്യമായ ഉപകരണം ഇന്നും സംസ്കൃതഭാഷതന്നെയാണ്. എന്നാൽ മുൻകാലത്തെ അപേക്ഷിച്ച് ഇന്ന് ഇത്തരത്തിൽ ബോധപൂർവ്വമായി ഇടപെടുന്നവരുടെ എണ്ണം നിർഭാഗ്യവശാൽ കുറഞ്ഞുവരുന്നുണ്ട്. അന്ധമായി സംസ്കൃതത്തെ പാടേ എതിർക്കുന്ന പ്രവണതയും കണ്ടുവരുന്നു. അതും ശരിയല്ല. സംസ്കൃതത്തെയെന്നല്ല ഒരു ഭാഷയെയും അന്ധമായി എതിർക്കുന്ന പ്രവണത ശരിയല്ല. നേരത്തെ സൂചിപ്പിച്ച തരത്തിലുള്ള സംഘപരിവാരവിമർശത്തിന്റെ മണ്ഡലത്തിൽ വികസിച്ചുവന്നതാണ്. ഇ. എം. എസ്സും പി. പരമേശ്വരനും തമ്മിൽ നടന്ന സംവാദത്തിന് ഔദ്യോഗികമായിത്തന്നെ കാലിക്കറ്റ് സർവ്വകലാശാല യിൽ നാം വേദിയൊരുക്കിയല്ലോ. അന്ന് ഇ. എം. എസ്. ഉന്നയിച്ച പല ചോദ്യങ്ങൾക്കും ഇന്നും അവർക്കുത്തരം നൽകാനായിട്ടില്ല. അഖണ്ഡഭാരതത്തെക്കുറിച്ച് പറയുന്നവർ തന്നെയാണ് ഇന്ന് ഇന്ത്യാഭിമാനഭ്രാന്തും പാക്കിസ്ഥാൻവിരോധഭ്രാന്തുമായി നടക്കുന്നത്. എ

ന്തൊരു വൈരുധ്യം! *ഋഗ്വേദ*ത്തിൽ തന്നെ ചില ഭാഗങ്ങൾ രചിച്ചത് സിന്ധുനദിക്കപ്പുറത്തുവെച്ചാണെന്ന് അതിന്റെ വായനയിൽ നിന്നുതന്നെ വ്യക്തമാവും.

? സംസ്കൃതത്തിനുവേണ്ടി ഒരു സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കപ്പെട്ടു. ആധുനികകാലത്ത് ഇപ്രകാരം ഭാഷകൾക്കുവേണ്ടി സർവ്വകലാശാലകൾ ആരംഭിക്കുന്നത് എത്രത്തോളം ആശാസ്യമാണ്? അറബിക് സർവ്വകലാശാല വരുന്നതിനെക്കുറിച്ച് ആശങ്കയുണ്ടോ? സംസ്കൃത സർവ്വകലാശാലാ ഭരണാധിപൻ എന്ന നിലയ്ക്ക് പ്രസ്തുത സ്ഥാപനത്തെ ആധുനികവൽക്കരിക്കുന്നതിൽ മാഷിന് എന്തെല്ലാം ചെയ്യാൻ സാധിച്ചു?

സംസ്കൃതസർവ്വകലാശാല എന്ന ആശയത്തോട് എനിക്ക് യോജിപ്പുണ്ടായിരുന്നില്ല. അന്നത്തെ എന്റെ നിലപാടിന് ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. ഒരു ഭാഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല വേണോ എന്നതായിരുന്നു അന്നത്തെ പ്രശ്നം. സംസ്കൃതം പല ഭാഷയും പോലെ ഒരു ഭാഷ എന്ന യുക്തിയായിരുന്നു അതിനുപിന്നിൽ. സർവ്വകലാശാലയിലെ സർവ്വകലാത്വം എന്നതിനെ ഒരു ഭാഷയ്ക്ക് വേണ്ടി എങ്ങിനെയാണ് ചുരുക്കുക എന്നതായിരുന്നു പ്രശ്നം. ഇ. എം. എസ്സിനും അതേ നിലപാടുതന്നെയായിരുന്നു. എങ്കിലും ശ്രീശങ്കരാചാര്യസംസ്കൃത സർകലാശാല വന്നു. ആദ്യകാലത്ത് അതിന്റെ അടിത്തറപാകുന്നതിലെ ഒരു ചുമതലക്കാരനായി



എന്നെത്തന്നെയാണ് നായനാർ സർക്കാർ ഉത്തരവാദിത്വമേൽപ്പിച്ചത്. വൈവിധ്യമാർന്ന പല കോഴ്സുകളും അവിടെ ആരംഭിച്ചു, ഒരാക്ഷേപവും ഇല്ലാത്ത നിയമനങ്ങളാണക്കാലത്ത് നടന്നത് എന്നതിന്റെ തെളിവാണ്, ഇന്ന് മലയാളത്തിലായാലും സംസ്കൃതത്തിലായാലും കേരളത്തിലെ പ്രഗല്ഭരായ അധ്യാപകർ അവിടെയാണുള്ളതെന്ന വസ്തുത. മാത്രവുമല്ല സംസ്കൃതത്തിനായി ഒരു പ്രത്യേകസർവ്വകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന പല സന്ദേഹങ്ങളേയും അതിജീവിക്കാൻ സംസ്കൃത സർവ്വകലാശാലയ്ക്ക് സാധിച്ചു എന്നാണ് ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ബോധ്യപ്പെടുന്നത്.

തീർച്ചയായും കേരളത്തിൽ അറബിക് സർവ്വകലാശാല സ്ഥാപിക്കപ്പെടേണ്ടതാണ്. അതേ സമയം അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു സർക്കാർ ഇത്തരം ഒരു സ്ഥാപനം ആരംഭിക്കുമ്പോൾ അതിലെ നിയമനങ്ങളിലും മറ്റും എത്രമാത്രം അക്കാദമിക് താൽപ്പര്യം സംരക്ഷിക്കപ്പെടും എന്ന കാര്യത്തിൽ ഇന്നാട്ടിലെ പൊതുജനങ്ങൾക്കുള്ള ആശങ്ക എനിക്കും ഉണ്ട്. അതുകൊണ്ട് പുതുതായി വരുന്ന മന്ത്രിസഭ തീർച്ചയായും അറബിക് സർവ്വകലാശാല ആരംഭിക്കേണ്ടതാണ്. അത്ഭുതങ്ങളുടെ കലവറയാണ് അറബിക് ഭാഷ, അതിവികസിതമാണത്. സംസ്കൃതത്തിൽ നിന്നും മിക്കതും അറബിയിലേക്കാണ് പോയിട്ടുള്ളത്. അലങ്കാരശാസ്ത്രമടക്കം കണ്ടാൽ

സംസ്കൃതത്തിലെഴുതുന്നതുതന്നെ എന്നു തോന്നും. മാത്രമല്ല സംസ്കൃതത്തെ അപേക്ഷിച്ച് ഇന്നും സജീവമായ വിജ്ഞാനവ്യവഹാരഭാഷയെന്ന മേന്മയും അറബിഭാഷയ്ക്കുണ്ട്.

? മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ച സാഹചര്യത്തിൽ ചില ഭാഷകൾ മാത്രം ശ്രേഷ്ഠം എന്നരീതിയിലുള്ള വിലയിരുത്തലുകളോടുള്ള അഭിപ്രായം? എങ്ങനെയാണ് ഒരു ഭാഷ ശ്രേഷ്ഠമാവുന്നത്?

ഇതിലൊന്നും വാസ്തവത്തിൽ ഒരു കാര്യവുമില്ല. ഭാഷ ശ്രേഷ്ഠമാവേണ്ടതാണ് എല്ലാ ഭാഷകളും ശ്രേഷ്ഠമാണ്. അങ്ങനെ പറയുമ്പോൾത്തന്നെ ഹിന്ദി എല്ലാവരും പഠിക്കണം എന്നല്ല ഉദ്ദേശിക്കുന്നത്. ഹിന്ദി രാഷ്ട്രഭാഷയാണ്; ദേശീയഭാഷയാണ്. ഇംഗ്ലീഷിനെ കണ്ണിഭാഷയായും തീരുമാനിച്ചു അപ്പോൾതന്നെ പ്രയോഗത്തിൽ രണ്ട് രാഷ്ട്രഭാഷകളായി. ഇംഗ്ലീഷും ഹിന്ദിയും പോരാ. ഇന്നിപ്പോൾ ഓരോ ദിക്കിലും കൈകാര്യം ചെയ്യുന്ന ഭരണഭാഷ ഏതാ? അതാത് പ്രാദേശികഭാഷകൾ. അപ്പോൾ ആ പ്രാദേശിക ഭാഷകളൊക്കെ രാഷ്ട്രഭാഷകളുടെ സ്ഥാനത്തേക്ക് സ്ഥാനത്തേക്ക് വരണം. എന്നാലേ കാര്യമുള്ളൂ. അപ്പോൾ എല്ലാ ഭാഷകളും ശ്രേഷ്ഠഭാഷകളാണ്; അല്ലെങ്കിൽ ആവണം.

? ആധുനികസാഹചര്യത്തിൽ എഴുത്തുകാരനും



സമൂഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള സങ്കൽപ്പങ്ങളിൽ വലിയ തോതിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ടല്ലൊ, ഈ മാറ്റങ്ങളെ എങ്ങനെയാണ് വിലയിരുത്തുന്നത്?

ആദ്യകാലംമുതൽ തന്നെ, വാല്മീകി തൊട്ടിങ്ങോട്ട് സമൂഹവുമായി ബന്ധപ്പെട്ടതാണ് സാഹിത്യം എന്നു കാണാനാവും. നമുക്കറിയാം *രാമായണം* ആകെ വായിച്ചുകഴിഞ്ഞാൽ സീതയോടായിരിക്കും നമുക്കേറ്റവും ബഹുമാനമുണ്ടാവുക; രാമനോടല്ല. അതിനർത്ഥം വാല്മീകി പുരോഗമനസാഹിത്യ പ്രസ്ഥാനത്തിലുണ്ടായിരുന്നു എന്നല്ല. കവികൾക്കങ്ങനെയാവേനേ പറ്റൂ. സി. രാധാകൃഷ്ണൻ ഒരിക്കൽ പറഞ്ഞു, ഒരു കവിക്ക് ഇടതുപക്ഷക്കാരനാവാനേ കഴിയൂ എന്ന്. സാഹിത്യകാരൻ എന്ന അർത്ഥത്തിലാണ് അദ്ദേഹം അത് പറഞ്ഞത്. കലയുടെ പൊതുവായുള്ള ഒരു സ്വഭാവം എന്തെന്നുവച്ചാൽ കലാകാരന്റെ പ്രഖ്യാപിതനയത്തെത്തന്നെ മറികടക്കുന്ന ഒരന്തർധാര അതിനകത്തുതന്നെ ഉണ്ടായിരിക്കും എന്നതാണ്. അത് വെറും യുക്തികൊണ്ട് കണ്ടെത്താനാവണം എന്നില്ല. സാമൂഹിക ജീവിതയാഥാർത്ഥ്യങ്ങളാണ് എല്ലാ കലകളുടെയും ആധാരം. എല്ലാ കാലത്തും കലാകാരനെ അലട്ടിക്കൊണ്ടിരിക്കുന്നതും അതുതന്നെയാണ്. സമൂഹത്തിന്റെ കാര്യങ്ങൾ സത്യസന്ധമായി പറയുന്നു എന്നുള്ളതുകൊണ്ടാണ് കലാകാരൻ/കാരി സമൂഹവിരുദ്ധരാൽ

കൊലചെയ്യപ്പെടുന്നത്. സാഹിത്യകാരന് പ്രതിബദ്ധത യില്ല എന്നു പറയാൻ പറ്റില്ല. അതെല്ലായ്പ്പോഴും സമൂഹത്തിന് ഗുണകരമാവണമെന്നില്ല ചിലപ്പോഴെ ങ്കിലും സമൂഹവിരുദ്ധമായ പ്രതിബദ്ധതയായും അത് മാറാം.

?*ഉജ്ജയിനി* പോലുളള കാവ്യങ്ങൾ സംസ്കൃത ത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ടല്ലൊ, വിപ്ലവകവി കൂടിയായ ഒ. എൻ. വി. യുടെ വിയോഗം. ഇത്തരം വിടവുകൾ നികത്തുന്ന സാഹിത്യകാരന്മാർ ഉയർന്നുവരുന്നുണ്ടോ?

*ഉജ്ജയിനി* എന്നെ ആകർഷിക്കാനുണ്ടായ കാരണം അതിൽ സാർവലൗകികതയിലേക്കു വളർന്നു വികസിക്കുന്ന ഒരുതരം അഖിലഭാരതീയാന്തരീക്ഷം നിറഞ്ഞു നിൽക്കുന്നുണ്ട് എന്നതാണ്. എന്റെ കാളിദാസൻ എന്നു പറഞ്ഞാണതാരംഭിക്കുന്നതു തന്നെ. ഒ. എൻ. വി. യുടെ ഭാവനയിലെ കാളിദാസ നാണ് അതിലുള്ളത്. ഐതിഹ്യത്തിലെ കാളിദാസനല്ല. അതിലെ കാമുകൻ കാളിദാസനാണ്. കാമുകി ആരാ ണെന്നു ചോദിച്ചാൽ അറിഞ്ഞുകൂടാ. ആരുമാകാം – കാളിദാസന്റെ നായികമാരായ മാളവികയോ ഉർവ ശിയോ ശകുന്തളയോ! അന്ത്യംവരെ അതങ്ങനെയാണ്.

വിത (നാടകഗാനങ്ങളും സിനിമാഗാനങ്ങളും കവി തതന്നെ) പ്രവഹിച്ചുകൊണ്ടേയിരുന്നു, ആദ്യന്തം. മുണ്ടശ്ശേരി എന്നാൽ, മഹത്വത്തിന്റെ കാര്യത്തിൽ *ഉജ്ജയിനി*യേക്കാൾ ഒരല്പം മുമ്പിലാണ് *സ്വയംവരം.*



ഒരു ചെറിയ ഇടക്കാലം ഒഴിച്ചുനിർത്തിയാൽ ഒ. എൻ. വി. യിൽ ഉടനീളം അതു കാണാം. ജി. ശങ്കര ക്കുറുപ്പിനെപ്പോലുള്ള മഹാകവികൾ പോലും പുത്തൻപരീക്ഷണപ്രവണതകൾ വരുമ്പോൾ അവ യിലേക്ക് കൂടു മാറിയിട്ടുണ്ട്. എന്നാൽ ഒ. എൻ. വി. യിൽ അതു കാണാനാവില്ല; ആ കവിയിൽ കവിത (നാടകഗാനങ്ങളും സിനിമാഗാനങ്ങളും കവിതതന്നെ) പ്രവഹിച്ചുകൊണ്ടേയിരുന്നു, ആദ്യന്തം. മുണ്ടശ്ശേരി *ദാഹിക്കുന്ന പാനപാത്ര*ത്തിനെഴുതിയ അവതാരിക പോലെ ഒന്ന്, വേറെ കാണണമെങ്കിൽ ചങ്ങമ്പുഴയുടെ *രമണന്റെ* അവതാരിക നോക്കണം. മുദ്രാവാക്യം കവിതയല്ല എന്നൊരിക്കൽ അദ്ദേഹം പറയുക യുണ്ടായി. അതോടുകൂടി ആളുകൾ ഒ. എൻ. വി മാറി എന്ന തരത്തിൽ പ്രചരിപ്പിക്കുകയുണ്ടായി. ചോദിച്ചു വാങ്ങിയ കവിതപോലും *ദേശാഭിമാനി* വാരികയിൽ പ്രസിദ്ധീകരിക്കാതെ വന്നപ്പോഴും അതിനോടൊന്നും പരസ്യമായി പ്രതികരിക്കാതെ അദ്ദേഹം ശാന്തനായി തന്റെ എഴുത്തുവഴി തുടർന്നുകൊണ്ടേയിരുന്നു. ഞാൻ *ഉജ്ജയിനി* സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്ത സമയത്ത് എന്ത് ഉജ്ജയിനി എന്നു ചോദിച്ച ബുദ്ധിജീവികളുണ്ട്! ഇന്നാരും അതിനു ധൈര്യപ്പെടു മെന്നു കരുതുന്നില്ല. ഒഴുക്കിനൊത്തു നീന്താതെ പിടിവിടാതെ അവസാനം വരെ നിന്നു എന്നതാണ് ഒ. എൻ. വി. എന്ന കവിയുടെ മഹത്വം. ഒരേസമയം മല

യാളത്തിന്റെ മഹാകവിയും പ്രിയകവിയുമായിരിക്കാൻ സാധിച്ചു എന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. തന്റെ കാലത്തൊക്കെ ഗംഭീരമായിരുന്നു, ഇപ്പോൾ എല്ലാം മോശമാണ് എന്ന ഒരു പൊതുധാരണയുണ്ട്. അത് ശരിയല്ല, എല്ലാം കുറ്റിയറ്റുപോകും എന്ന കാഴ്ച്ചപ്പാടും അതുപോലെയാണ്. ഒരു കാലത്ത് മുണ്ടശ്ശേരിയൊക്കെ വായന മരിച്ചു എന്നു പറഞ്ഞ് ബഹളം കൂട്ടിയിരുന്നു. എന്നിട്ടെന്തായി? വായന മരിക്കില്ല. കമ്പ്യൂട്ടർ യുഗം വരുമ്പോൾ വായനാരീതി മാറാം, എഴുത്തുപകരണത്തിന്റെ രീതി മാറാം എന്നല്ലാതെ അതില്ലാതാവുന്നില്ല. താളിയോല വായിക്കുന്നതിനുപകരം പുസ്തകം വായിക്കാൻ തുടങ്ങി, ഇപ്പോൾ പുസ്തകത്തിനു പകരം ഇ–ബുക്സ് വായിക്കുന്നവരുണ്ട്, അതല്ലാതെ വായന ഇല്ലാതായി എന്നു പറയാൻ പറ്റില്ല.

**?** *മാഷ് മലപ്പുറത്ത് വരുന്നതിന് മുൻപ് കേട്ടിരുന്ന മലപ്പുറവും അനുഭവിച്ചറിഞ്ഞ മലപ്പുറവും തമ്മിൽ എന്തെങ്കിലും വ്യത്യാസം തോന്നിയിട്ടുണ്ടോ?*

മലപ്പുറത്തെക്കുറിച്ച് ആർ. എസ്. എസ്സുകാർ പ്രചരിപ്പിക്കുന്ന ഈ കാര്യങ്ങളൊന്നും സത്യത്തിൽ കണ്ണൂർജില്ലയിൽ ജനിച്ചുവളർന്ന ഞങ്ങൾക്ക് അറിയുന്നത്. പക്ഷെ ഒരു കാര്യമുണ്ട്. ഈ മലപ്പുറത്തെ മണ്ണ് ഏറ്റവുമധികം ഇടതുപക്ഷ അനുകൂലമാണ്; മനസ്സും ഇടതുപക്ഷ അനുകൂലമാണ്. അതായത് മതനിരപേക്ഷ മനസ്സാണ്. നിർണായകസന്ദർഭങ്ങളിലൊക്കെ വർഗീയ



തയുടെ കാർഡിറക്കിക്കളിക്കുന്ന മുസ്ലിംലീഗിൽ പോലും ആത്മാർത്ഥതയുള്ള ധാരാളം നല്ല ആളുകളുണ്ട്. പക്ഷെ ഇപ്പോൾ വർഗീയതയും സ്വാർത്ഥതയും അവരെ അങ്ങേയറ്റം തളർത്തി. ഇപ്പോൾ തന്നെ മലപ്പുറ ത്ത് നോക്കിയാൽ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടു പ്പിൽ പോലും വാസ്തവത്തിൽ ലീഗ് കഴിഞ്ഞാൽ മുസ്ലിങ്ങൾക്കിടയിൽ രണ്ടാം സ്ഥാനം മാർക്സിസ്റ്റ് പാർട്ടിക്കാണ്; കാലിക്കറ്റ് സർവ്വകലാശാലയിൽ അധ്യാപകനായി വരുന്നതിനുമുൻപുതന്നെ എനിക്കു മലപ്പുറവുമായി ബന്ധമുണ്ടായിരുന്നു. ചെറുകാട് *ജീവിതപ്പാത* എഴുതുന്ന കാലത്ത് അദ്ദേഹത്തിന്റെ വീട്ടിൽ മൂന്നുമാസം താമസിച്ചിട്ടുണ്ട്. ചില അധ്യായങ്ങളൊക്കെ എഴുതിക്കഴിഞ്ഞ് ചൂടാറുംമുൻപുതന്നെ വായിക്കാനും അഭിപ്രായം പറയാനുമുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. വളരെയധികം രാഷ്ട്രീയബോധമുള്ള മണ്ണാണ് മലപ്പുറത്തിന്റേത്. ലീഗാണ് ഒന്നാംകക്ഷിയെങ്കിലും ഇടതുപക്ഷത്തിന് ആഴത്തിലു ള്ള വേരുകളുണ്ടിവിടെ.

? അടുത്തകാലത്ത് ഒന്നുകൂടി സജീവമായി വന്ന നിലവിളക്ക് വാവാദത്തെക്കുറിച്ച് അങ്ങയുടെ പ്രതികരണം?

ഞങ്ങൾ ഈ വീട്ടിൽ നിത്യകർമമെന്ന നിലയിൽ ഇതുവരെ നിലവിളക്ക് കത്തിച്ചിട്ടില്ല. വൈദ്യുതി പോയാൽ കത്തിക്കുന്ന ഒരു ചെറിയ നിലവിളക്കുണ്ടിവിടെ. അതുൾപ്പെടെ എനിക്ക് പ്രസംഗങ്ങൾക്ക് ഉപഹാരങ്ങളായി കിട്ടിയ വേറെ ചിലതുമുണ്ട്. വിശ്വാസവും ഇതും തമ്മിൽ ഒരു ബന്ധവുമില്ല. പക്ഷേ,

ഉദ്ഘാടനത്തിനും മറ്റും നിലവിളക്ക് കത്തിക്കില്ല എന്ന പിടിവാശി നൽകുന്ന സന്ദേശം മറ്റൊന്നാണ്. അങ്ങനെ വാശി പിടിക്കുമ്പോൾ നമുക്ക് ചിലപ്പോൾ കത്തിക്കേണ്ടി വരും. മറ്റെല്ലാം ചെയ്യാം. നിലവിളക്ക് മാത്രം കത്തിക്കരുത് എന്ന് പറയുന്നതിൽ എന്ത് മതവിശ്വാസത്തിന്റെ യുക്തിയാണുള്ളത്? ലോട്ടറിനയ മാവാം, മദ്യനിരോധനം പറഞ്ഞുകൊണ്ട് ബീറും മറ്റു വിലകൂടിയ മദ്യങ്ങളും യഥേഷ്ടം വിൽക്കാം. വിദ്യാ ഭ്യാസക്കച്ചവടമാവാം. സ്വന്തം വീട്ടിലോ ഔദ്യോഗിക മന്ദിരത്തിലോ (അവിടെ വ്യക്തിപരമോ മതപരമോ ആയ വിശ്വാസമനുസരിച്ചാവാം. ഇത് പൊതുവേദികളിലെ ഉദ്ഘാടനങ്ങളുടെ ഭാഗമായാണ്. അവിടെയും മതമോ?) അല്ല, നിലവിളക്കാണ് പ്രശ്നം. ഇതിൽ ഒരുതരം കാപട്യമുണ്ട്.

?. എം. പി വീരേന്ദ്രകുമാറുമായി വളരെ അടുപ്പ മുണ്ടല്ലോ. സുകുമാർ അഴീക്കോടിനും അദ്ദേഹത്തിനു മിടയിൽ പ്രശ്നപരിഹാരകനായിപ്പോലും ഇടപെട്ടിട്ടു ണ്ട്. കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന പ്രമുഖ സോഷ്യലിസ്റ്റുകൂടിയായ വീരനെക്കുറിച്ച്?

അഴീക്കോട് മാഷ് ഇടതുരാഷ്ട്രീയവുമായി അടുത്തു വരുന്ന ഒരു ഘട്ടമായിരുന്നു അത്. ആ സന്ദർഭത്തിൽ അഴീക്കോടും ഇടതുപക്ഷനേതൃനിരയിലെ പ്രമുഖരിൽ ഒരാളായ വീരേന്ദ്രകുമാറും തമ്മിൽ വിരോധം നിലനിൽ



ക്കുന്നത് ഇടതുപുരോഗമന രാഷ്ട്രീയത്തിന് ഗുണകര മാകില്ല എന്നുമാത്രമല്ല പരിക്കേൽപ്പിക്കുകയും ചെയ്യും എന്ന നിലക്കാണ് അവർക്കിടയിൽ മാധ്യസ്ഥ്യശ്രമം നടത്തിയത്. അതിനു ഫലമുണ്ടായി എന്നാണ് ഞാൻ കരുതുന്നത്. ഇന്ത്യയിലെ സോഷ്യലിസ്റ്റുകൾ എന്നു പറഞ്ഞാൽ പൊതുവെ കമ്മ്യൂണിസ്റ്റുവിരോധികളാണ്. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി കമ്മ്യൂണിസ്റ്റു കളും സോഷ്യലിസ്റ്റുകളും തമ്മിൽ പണ്ടുമുതലേ ഒന്നിച്ചുപ്രവർത്തിച്ചു വരികയാണ് കേരളത്തിൽ. വളരെ അടുത്തകാലത്താണ് വീരേന്ദ്രകുമാറിന്റെ നേതൃത്വ ത്തിൽ ഒരു വിഭാഗം വഴിപിരിഞ്ഞത്, അതും ആദർശ ത്തിന്റെ പേരിലല്ല, ഏതാനും. സീറ്റുകളുട പേരിൽ. ആ വൈരുദ്ധ്യം വലതു പാളയത്തിലെ അവരുടെ നിലനിൽപ്പിനെ എപ്പോഴും ചോദ്യം ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന രാജ്യസഭാസീറ്റ് ഘടനാപരമായ ആന്തരിക സംഘർഷങ്ങൾക്ക് അയവുവരുത്താൻ ഉപകരിക്കും. ഇതൊരു തരം അവസരവാദരാഷ്ട്രീയമാണെങ്കിലും രാജ്യസഭാംഗ മായിരിക്കാൻ എന്തുകൊണ്ടും യോഗ്യനാണ് എം.പി വീരേന്ദ്രകുമാർ. അദ്ദേഹത്തിന്റെ അറിവും അനുഭവ വും രാഷ്ട്രനിർമ്മിതിയിൽ തീർച്ചയായും മുതൽക്കൂട്ടാ വും. പിന്നെ, ഇന്നു നമ്മുടെ രാജ്യം നേരിടുന്ന വർഗീ യഫാസിസ്റ്റുവെല്ലുവിളിയെ എതിർക്കാതിരിക്കാൻ അദ്ദേഹത്തിന് ഒരിക്കലും സാധിക്കുമെന്നു ഞാൻ വിശ്വ സിക്കുന്നില്ല.

**?** *വർഗം എന്ന പൊതുപരികൽപ്പനയ്ക്കകത്താണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടികൾ ജാതിയെ പരിഗണിച്ചുപോന്നിട്ടുള്ളത്. ഇതൊരു വീഴ്ച്ചയായി പുതിയ ഫാസിസ്റ്റ്ഘട്ടത്തിൽ ഏറെക്കുറെ തിരിച്ച റിയപ്പെട്ടിട്ടുണ്ട്. സ്വത്വരാഷ്ട്രീയത്തെയും സമൂഹത്തി ലെ ഭിന്നമായ ശ്രേണീപരതയെയും വർഗപരി കൽപ്പനയ്ക്ക് പുറത്ത് സവിശേഷമായി സംബോധന ചെയ്യുന്നതിൽ മാർക്സിസ്റ്റുകൾക്കിടയിൽ ഇന്നും തർക്കങ്ങൾ നിലനിൽക്കുന്നു. അടിസ്ഥാനപരമായി ഫാസിസത്തിന് ഇന്ത്യൻ സമൂഹത്തിൽ ദ്രുതഗതിയിൽ വേരോട്ടം സാധ്യമാക്കിയത് ജാതീയതയാണ്. സൈദ്ധാന്തികം, പ്രായോഗികം എന്ന ദ്വന്ദ്വത്തെ അഭിമുഖീകരിക്കുന്നതിൽ മാർക്സിസ്റ്റ് സൈദ്ധാന്തിക ധാരണ ഇന്ത്യനവസ്ഥയിൽ പ്രതിസന്ധി നേരിടുക യല്ലേ? താങ്കളെങ്ങനെ പ്രതികരിക്കുന്നു?*

ഈ പ്രശ്നങ്ങൾ കമ്മ്യൂണിസ്റ്റുപാർട്ടിക്കകത്ത് മുൻപുതന്നെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്. ഡി. ഡി. കൊസാംബിയൊക്കെ ഇത് അന്നേ ചൂണ്ടിക്കാണിച്ചു, നമ്മളിതുമാത്രം പറഞ്ഞുനടന്നാൽ പോരാ എന്ന്. കൊസാംബി ഭർതൃഹരിയുടെ *ശതകത്രയം* എഡിറ്റ് ചെയ്ത സംസ്കൃതപണ്ഡിതനാണ്. നാണയശാസ്ത്രം, ചരിത്രം തുടങ്ങി അനേകം വിഷയങ്ങളിൽ അവഗാഹം നേടിയ ബഹുമുഖപ്രതിഭയാണ് അദ്ദേഹം; ഔപചാരി കമായി പഠിച്ചതു ഗണിതമാണെങ്കിലും. അങ്ങനെ യായിരിക്കണം പണ്ഡിതന്മാർ. പണ്ഡിറ്റ് നെഹ്രു,



എസ്. എ. ഡാങ്കെ, ഇ. എം. എസ്; എ. ബി. ബർദാൻ തുടങ്ങിയ രാഷ്ട്രീയനേതാക്കളെപ്പോലെ. ജാതി തുടങ്ങിയ മേൽപ്പറഞ്ഞ വിഷയങ്ങളെല്ലാം അവരുടെ ശ്രദ്ധയിൽ നേരത്തേ പതിഞ്ഞിട്ടുള്ളതാണ്. ഡാങ്കെയും മറ്റും എതിർപ്പറിയിച്ചിട്ടും കൊസാംബിയൊക്കെ ഇതിനെക്കുറിച്ച് എഴുതിയിട്ടുമുണ്ട്. കേരളത്തിലും മറ്റും ഈ പ്രശ്നം ഇപ്പോഴും നമ്മെ അലട്ടിക്കൊണ്ടി രിക്കുന്നു. എന്നാൽ ഇതിനുള്ള പ്രതിവിധി ജാതിയെ ആലിംഗനം ചെയ്യലല്ല. അവിടെയും വൈരുദ്ധ്യാത്മക ഭൗതികവാദം പ്രയോഗിക്കണം. ഇ. എം. എസ് ഒരിക്കലും എസ്. എൻ. ഡി. പി ആസ്ഥാനങ്ങളിൽ പോകാറുണ്ടായിരുന്നില്ല. തായാട്ട് ശങ്കരൻ തകഴി യെയും പ്രിയസുഹൃത്തായ എൻ. എൻ. കക്കാടിനെ പ്പോലും വിമർശിച്ചത് സാമുദായികസംഘടനകളുടെ വേദികളിൽ പോയതിനാണ്. അവർ നമ്മെ വിഴുങ്ങു മെന്നല്ലാതെ അവരെ നമുക്കു വരുതി യിലാക്കാനാ വില്ലെന്ന് ഇ. എം. എസ്സിനും തായാട്ടിനും ഉറച്ച ബോധ്യമുണ്ടായിരുന്നു. വെള്ളാപ്പള്ളിപ്രതിഭാസം നാം കണ്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ! ഇ. എം. എസ്സിന് കാര്യങ്ങൾ മുൻകൂട്ടി കാണാനുള്ള ശേഷിയുണ്ടാ യിരുന്നു.

ഇവിടെ പ്രസക്തമായ പഴയൊരു കാര്യം ഓർമ വരുന്നു: അരുൺഷൂരിയുടെ ലേഖനം *ചിന്ത*യിൽ പരിഭാഷ ചെയ്തുപ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഒരു പുസ്തകം *ചിന്ത*യിൽ പ്രസിദ്ധ

പ്പെടുത്തിയാലെന്താ എന്ന് അഭിപ്രായമാരാഞ്ഞപ്പോൾ അതു വേണോ എന്ന് ഇ. എം. എസ് സംശയം പ്രകടിപ്പിച്ചു. അങ്ങനെ അത് വേണ്ടെന്ന് നിശ്ചയിക്കുക യായിരുന്നു. പിന്നീടാണ് അരുൺഷൂരി കളം മാറുന്നതും ബി.ജെ.പി മന്ത്രിയാകുന്നതുമൊക്കെ. ഇ. എം. എസിന് ഷൂരിയടെ ഈ അപകടത അന്നേ മനസ്സിലാക്കാൻ സാധിച്ചു. ഈയൊരു ഉൾക്കാഴ്ച്ചയാണ് അദ്ദേഹത്തെ വേറിട്ട് നിർത്തുന്നതും.

ജാതിസംഘടനകൾക്ക് പലപ്പോഴും ജാതി ആളെക്കൂട്ടാനുള്ള ഏർപ്പാടു മാത്രമാണ്. താഴ്ന്ന ജാതി ഉയർന്ന ജാതി എന്ന വിഷയത്തിൽ അവർ താഴ്ന്ന ജാതിക്കാരന്റെ കൂടെ നിൽക്കും. പക്ഷെ സാമ്പത്തിക വിഷയം വന്നാൽ മുതലാളിത്തപക്ഷത്താണവർ നിൽക്കുക. അതായത് വർഗസമരത്തിൽ എവിടെ നിൽക്കുന്നു എന്നത് വളരെ പ്രധാനമാണ്.

ജാതിസ്വത്വം എന്നത് ഒരു യാഥാർത്ഥ്യമാണ്. ജാതീയമായ ഉച്ചനീചത്വം അതിലേറെ വലിയ യാഥാർത്ഥ്യമാണ്. ഇവയെ സവിശേഷമായി അഭിസംബോധന ചെയ്യേണ്ടതുണ്ട്. പിന്നീട് ഇത് കമ്മ്യൂണിസ്റ്റ്പാർട്ടികൾക്ക് മനസ്സിലായിത്തുടങ്ങി. ഉദാഹരണത്തിന് പട്ടികജാതിസംഘടനയായ പി. കെ. എസ്. പോലുള്ള സംഘടനകൊണ്ട് ഗുണമുണ്ടായി. വയനാട്ടിലൊക്കെ ഇപ്പോൾ പിടിച്ചു നിൽക്കുന്നത് പി. കെ. എസ്. കൊണ്ടല്ലേ? അത്തരം മീറ്റിങ്ങുകളിൽ പങ്കെടുക്കാൻ വലിയ ആവേശമായി. അപ്പോൾ



തങ്ങളും അംഗീകരിക്കപ്പെട്ടു തുടങ്ങി എന്നൊരു ധാരണ വന്നു. ഇതോടെ പാർട്ടി തങ്ങളെയൊന്നും അംഗീകരിക്കുന്നില്ലെന്ന സ്ഥിതി മാറുകയും പുതിയൊരാവേശം കൈവരികയും ചെയ്തു. അതിനുശേഷം സമരങ്ങളുടെ മുഖച്ഛായതന്നെ മാറിയില്ലേ? എന്നു കരിതി പി. കെ. എസ്സിനെ ഒരു ജാതിസംഘടനയായി പരിഗണിക്കാൻ പറ്റില്ല. വർഗബഹുജന സംഘടനയെന്ന നിലയ്ക്കാണ് അതിന്റെ പ്രവർത്തനം. എല്ലാം പാർട്ടിയുടെ പരിധിയിൽ നിൽക്കും. പക്ഷെ അവരുടേതായ ഒരു ഇടം കൊടുക്കുകയും വേണം. അവരിലും പൊതുധാരയോടും മുഖ്യധാരയോടും ഒത്തുനിൽക്കാനുള്ള മനോഭാവം വളർത്തിയെടുക്കണം. സ്വത്വരാഷ്ട്രീയത്തെയും സമൂഹത്തിലെ ശ്രേണീപരതയെയും വർഗപരികൽപ്പനക്ക് പുറത്തല്ല, അകത്താണ് അഭിസംബോധന ചെയ്യേണ്ടതെന്നർത്ഥം. വർഗസമരത്തിന്റെ അടിസ്ഥാനമാണല്ലോ പാർട്ടി. അതുകൊണ്ട് അത്തരം വിഷയങ്ങൾ ഇതിനകത്തു തന്നെയാണ് അഭിസംബോധന ചെയ്യേണ്ടത്. മറിച്ചുള്ള വാദം ഒരുതരം അരാഷ്ട്രീയവാദമാണ്. അത് കുഴപ്പമാണ്. അത് ഈയിടെ മൂന്നാറിൽ കണ്ടതാണല്ലൊ. തൊഴിലാളികളുടെ സമരമെന്നു തുടങ്ങിയത് കമ്മ്യൂണിസ്റ്റുവിരുദ്ധർ ഹൈജാക്ക് ചെയ്തില്ലേ?

**? സാഹിത്യകാരന്മാർ കിട്ടിയ അവാർഡ് തിരിച്ചുകൊടുത്ത് പ്രതികരിക്കുന്നുണ്ടല്ലോ, അത്തരം പ്രതികരണങ്ങളെക്കുറിച്ച്?**

അതൊരു മുറയാണ്. ഇന്നത്തെ കാലഘട്ടത്തിൽ പ്രതിഷേധമറിയിക്കാനുള്ള ഒരു മാർഗം. അതുമാത്രമല്ല മാർഗം. അവാർഡെല്ലാം തിരിച്ചുകൊടുത്ത് മറ്റുള്ള ആനുകൂല്യങ്ങൾ പറ്റുന്നതിൽ വലിയ ന്യായമൊന്നുമില്ല. വത്സല ടീച്ചറുടെ നിലപാടിനോട് യോജിപ്പില്ല. അവരുടേത് കുറേ അതിവാദമാണ്. വാങ്ങിയ അവാർഡ് വാങ്ങാത്ത അവാർഡ് എന്നിങ്ങനെ വല്ല അവാർഡുമുണ്ടോ? പക്ഷേ, അവരുടെ സാഹിത്യസൃഷ്ടികൾ വിലമതിക്കത്തക്കതുതന്നെയാണ്. കലാസൃഷ്ടികൾക്കു ഗൃഹപാഠം ചെയ്യേണ്ടതുണ്ടെന്ന ധാരണ ടീച്ചർക്ക് നില്ലപോലെയുണ്ട്.

? *ബാബറി മസ്ജിദ് പൊളിച്ച സന്ദർഭത്തിൽ കേരളത്തിന്റെ മതേതരപാരമ്പര്യത്തിന് ഇളക്കം തട്ടാതിരിക്കാൻ സംഘടിതവും ശ്രദ്ധേയവുമായ ഇടപെടൽ ഇവിടെ ഉണ്ടായി. കേരളത്തിലുടനീളം മുക്കിലും മൂലയിലും സഞ്ചരിച്ച് ഉണിത്തിരിമാഷ് നടത്തിയ പ്രഭാഷണങ്ങളും, ഇതുമായി ബന്ധപ്പെട്ടു വന്ന ലേഖനങ്ങളും പുസ്തകങ്ങളും മതേതരകേരള ചരിത്രത്തിൽ ഉജ്ജ്വലമായ ഏടായി തിളങ്ങിനിൽക്കുന്നു. ഒരുപക്ഷേ സമാനമായൊരു ഇടപെടൽ ആവശ്യപ്പെടുന്നൊരു സന്ദിഗ്ധഘട്ടമാണിത്. എന്നാൽ രണ്ടരപ്പതിറ്റാണ്ടിനിപ്പുറം അത്തരമൊരുണർവ്വ് ഇന്ന് പ്രകടമല്ല, മാഷിനെന്തു തോന്നുന്നു?*

**?** എനിക്കും ഈ അഭിപ്രായം തോന്നായ്കയില്ല, പക്ഷെ എനിക്ക് പകരം വെക്കാനാളില്ല എന്നല്ല ഇപ്പറഞ്ഞതി



നർത്ഥം. തൊണ്ണൂറുകളിലെ വർഗീയവിരുദ്ധപ്രചരണം ഒരു ടീമായാണ് നിർവ്വഹിച്ചത്. അതിൽ എനിക്കും ഒരു പങ്കുണ്ട് എന്നു മാത്രം. കെ. ഇ. എൻ, ഹരിഹരൻ, ആസാദ് എന്നിവരൊക്കെ ആ ടീമിൽ ഉണ്ടായിരുന്നു. അന്ന് പല ദിക്കിലും നടന്ന് ആർ.എസ്.എസ്സിന്റെ ഭീകരതയെ പൊളിക്കുന്ന പ്രവർത്തനമായിരുന്നു ഞങ്ങൾ ഏറ്റെടുത്തത്. അതിന്നിടയിൽ നിരന്തരം വധഭീഷണിയും നേരിടേണ്ടി വന്നിട്ടുണ്ട്. പിന്നീട് ആ നിലയ്ക്ക് (ഭാരതീയവിജ്ഞാനങ്ങളിലുള്ള പരിജ്ഞാനത്തോടെ) ഇടപെടാൻ ഉള്ള ശേഷിയിലേക്ക് ആളുകളെ വളർത്തിയെടുക്കാൻ സാധിച്ചില്ല. എം. വി. ഗോവിന്ദൻ മാസ്റ്റർ, പി. ജയരാജൻ, പ്രൊഫ. ടി. കെ. ജി. നായർ മുതലായ ചിലരാണ് ഈ രീതിയിൽ മുന്നോട്ടു പോയത്. അതായത് പ്രവർത്തിക്കാൻ ഒരു ടീം വേണം അതിൽത്തന്നെ ഒരോരുത്തർക്കും ഒരോ മേഖലയുണ്ട്; ആ മേഖലയിലാണ് അവർ പ്രവർത്തനം കേന്ദ്രീകരിക്കുക. ഡോ. ധർമ്മരാജ് അടാട്ടും മറ്റുമൊക്കെ കഴിവുള്ളവരാണ്, പക്ഷെ രംഗത്തേക്ക് എത്തുന്നില്ല അതായത് കേരളത്തിലുടനീളം പൊതുപ്രഭാഷണം എന്ന നിലയിലേക്ക് വരുന്നില്ല. പിന്നെ വേദാന്തപണ്ഡിതനായ ഡോ. മഹേശ്വരൻ നായർ ഈ മേഖലയിൽ കഴിവുള്ളയാളാണ്. അദ്ദേഹം പുരോഗമനകലാസാഹിത്യ സംഘത്തിന്റെ പ്രവർത്തനങ്ങളോടൊപ്പം ഇത്തരം കാര്യങ്ങളിൽ കൂടി കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഒൻപതാം നൂറ്റാണ്ടിൽ വേദഭാഷ്യകാരനെന്ന് പ്രസിദ്ധനായ സായണൻ തന്റെ ധർമ്മമായി പറഞ്ഞിരുന്നത് ഇന്നത്തെ ആർ. എസ്. എസ്സുകാർ പറയുന്നതു പോലെത്തന്നെയാണ് ഫലത്തിൽ. വിജയനഗര ഹൈന്ദവ സാമ്രാജ്യത്തെ പൊക്കിക്കാണിച്ച് അതിനായി യജ്ഞങ്ങളെയും മറ്റും മഹത്വവൽക്കരിച്ച് അതൊക്കെ (യജ്ഞങ്ങൾ) ചെയ്യേണ്ടതാണ് എന്നൊക്കെ വരുത്തിത്തീർത്ത് വിവരിക്കുന്നതാണ് സായണന്റെ ഭാഷ്യം. അതായത് സായണന് കൃത്യമായ രാഷ്ട്രീയോദ്ദേശ്യമുണ്ടെന്നർത്ഥം. ഈ ഭാഷ്യമാണ് നമ്പൂതിരിമാരുടെ ഇടയിൽ അർത്ഥം മനസ്സിലാക്കുന്നവർ ഉണ്ടെങ്കിൽ ഇപ്പോഴും ഉപയോഗിക്കുന്ന പ്രസിദ്ധമായ വ്യാഖ്യാനം. എന്നെ സംബന്ധിച്ചിടത്തോളം *ഋഗ്വേദം* ഇങ്ങനെയല്ല. അത് ഒന്നാന്തരം കാവ്യമാണ്. അതുകൊണ്ട് ആ കാവ്യ സൗന്ദര്യം വെളിപ്പെടുത്തുക എന്നുള്ളത് എന്റെ രചനയുടെ ഒന്നാമത്തെ ഉദ്ദേശ്യമാണ്. കാവ്യസൗന്ദര്യം വെളിപ്പെടുത്തുക എന്നുപറഞ്ഞാൽ ഫലത്തിൽ മതനിരപേക്ഷമാവുക എന്നതാണർഥം. ഈ യജ്ഞങ്ങളും മറ്റും വിവരിക്കുന്ന ഗ്രന്ഥത്തെ എങ്ങനെയാണ് നമുക്ക് മതനിരപേക്ഷമാക്കാനാവുക എന്ന ചോദ്യം വരാം. ഇന്നു കാണുന്ന യജ്ഞമല്ല അന്നത്തെ യജ്ഞം. അതൊരു കൂട്ടായ്മയാണ്. എന്നുവച്ചാൽ സമൂഹത്തിലെ നാനാജാതിമതസ്ഥരും ഒന്നിച്ചു ചേർന്നിട്ടുള്ള 'distribution and re-distribution' (വിതരണവും പുനർവിതരണവും) എന്ന സങ്കൽപ്പമാണത്. അതായത് യജ്ഞത്തിലേക്ക് സാധനങ്ങളും മറ്റും എത്തിക്കുക തുടങ്ങി ഒരു ജനകീയോത്സവമാണത്. ഞാൻ ചെയ്യുന്ന തർജ്ജമയിൽ അവലംബിക്കുന്നത് ഇതൊന്നുമല്ല. അത *ഋഗ്വേദ*ത്തിന്റെ അക്ഷരാർത്ഥത്തിലുള്ള ജനകീയ പരിഭാഷയ്ക്കുള്ള ശ്രമമാണ്.



★

# 29. ഏകശിലാഭിത്തികമല്ല ബഹുസ്വരതയാണ് ഭാരതീയദർശനങ്ങളുടെ ആത്മാവ്

**അഭിമുഖം : പ്രൊഫ. എൻ.വി.പി ഉണിത്തിരി**

**– രാജേഷ്. കെ/സമീർ കാവാഡ്**

ഭാരതീയതത്വചിന്തയേയും അതിന്റെ വിവിധ ധൈഷണികധാരകളെയും ആഴത്തിൽ മനസ്സിലാക്കാനും, ഇതിനെ ദുർവ്യാഖ്യാനംചെയ്യുന്ന വിഭാഗീയശ്രമങ്ങളെ വെളിച്ചത്തു കൊണ്ടുവരാനുമുള്ള പ്രൊഫ. എൻ.വി.പി ഉണിത്തിരിയുടെ പണ്ഡിതോചിതമായ ഇടപെടൽ പ്രസിദ്ധമാണല്ലോ. കഴിഞ്ഞ അഞ്ചു വർഷമായി *ഋഗ്വേദ*ത്തിന്റെ മലയാളത്തിലേക്കുള്ള ജനകീയ പരിഭാഷയിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം. എൻ.ബി.എസ്. പ്രസിദ്ധീകരിക്കാനിരിക്കുന്ന പുസ്തകം അച്ചടിയിലാണിപ്പോൾ. ഇന്ത്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന സംസ്കൃതജ്ഞാനികളിൽ ശ്രേഷ്ഠസ്ഥാനമലങ്കരിക്കുന്ന ഉണിത്തിരിമാഷ് ഒരു ജൈവബുദ്ധിജീവികൂടിയാണ്; ബാബറിമസ്ജിദ് ധ്വംസനമടക്കം നിരവധി അടിയന്തര സാംസ്ക്കാരികസന്ദർഭങ്ങളിൽ മലയാളി അതനുഭവിച്ചിട്ടുണ്ട്. മതനിരപേക്ഷസാംസ്ക്കാരികകേരളത്തിന്റെ ഊർജ്ജവും ആവേശവുമായ ധിഷണാശാലി. ബൗദ്ധിക–അക്കാദമിക് സമൂഹം ജിജ്ഞാസയോടെ കാത്തിരിക്കുന്ന അദ്ദേഹത്തിന്റെ ജനകീയ *ഋഗ്വേദപരിഭാഷ*യുടെ പ്രസക്തി, ഉള്ളടക്കം, ഗ്രന്ഥസ്വരൂപം,



സ്വീകരിച്ചിരിക്കുന്ന രീതിശാസ്ത്രം, ലഭ്യമായ പരിഭാഷകളുടേയും വ്യാഖ്യാനങ്ങളുടേയും പരിമിതി തുടങ്ങി ഉടൻ പ്രസിദ്ധീകരിക്കാനിരിക്കുന്ന തന്റെ സമ്പൂർണ്ണവും സ്വതന്ത്രവുമായ ഋഗ്വേദമലയാളഗദ്യപരിഭാഷയെക്കുറിച്ചും ഇന്ത്യൻജ്ഞാനവ്യവസ്ഥകളോടു സ്വീകരിക്കേണ്ട സമകാല സമീപനം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ മനസ്സുതുറക്കുന്ന അഭിമുഖം.

***ചോദ്യം:*** *ഏറ്റവും ലളിതമായി ഋഗ്വേദത്തെ എങ്ങനെ വിശദീകരിക്കാം?*

***മറുപടി :*** ഏതാണ്ട് ഒരയ്യായിരം കൊല്ലങ്ങൾക്കുമുൻപ് പല ഋഷികളും (കവികളും) പുരോഹിതന്മാരും പല കാലങ്ങളിലായി എഴുതിയ ആയിരത്തിലേറെ സൂക്തങ്ങൾ എന്നറിയപ്പെടുന്ന പദ്യ സഞ്ചയങ്ങളുടെ ബൃഹത്സമാഹാരമാണ് *ഋഗ്വേദം*. ഭാസകാളിദാ സാദികൃതികളുടെ ഭാഷയായ ക്ലാസ്സിക്കൽ സംസ്കൃത ത്തിൽനിന്നു വ്യത്യസ്തവും കുറേക്കൂടി പ്രാചീനവുമായ വൈദിക സംസ്കൃതത്തിലാണ് *ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ വേദം* എന്നീ നാലു വേദസംഹിതകളും *ഐതരേയം, തൈത്തി രീയം* തുടങ്ങിയ ബ്രാഹ്മണങ്ങളും *ബൃഹദാരണ്യകം* തൊട്ടുള്ള ആരണ്യകങ്ങളും *ഈശാവാസ്യം, കഠം* മുതലായ പ്രാചീനോപ നിഷത്തുകളുമെല്ലാമടങ്ങുന്ന വൈദികസാഹിത്യത്തിൽ ആദ്യമു ണ്ടായതാണ് *ഋഗ്വേദ*മെന്നു വിശ്വസിക്കപ്പെടുന്നു. അഞ്ഞൂറു മുതൽ ആയിരം വർഷങ്ങൾ വരെയെങ്കിലും *ഋഗ്വേദം* ഏറെക്കുറെ അന്തി മമായി രൂപപ്പെട്ടുവരുന്നതിന് വേണ്ടിവന്നിരിക്കണം.

***ചോദ്യം:*** *എഴുതപ്പെട്ടിട്ടുള്ള പല ഋഗ്വേദവിവർത്തനങ്ങളും സമ്പൂർണ്ണങ്ങളല്ല. ഇതിനൊരപവാദം സൗത്ത് ഏഷ്യാ റിസേർച്ചിന്റെ* ***ദി ഋഗ്വേദ – ദി ഏർല്യസ്റ്റ് റിലിജ്യസ് പോയട്രി ഓഫ് ഇൻഡ്യ*** *എന്ന ഇംഗ്ലീഷ് വിവർത്തനമാണ്; പല വിവർത്തനങ്ങളെയും മുൻവ്യാഖ്യാനങ്ങളെയും പഠനങ്ങളെയും ഉപജീവിച്ചാണ് മൂന്നു വാള്യങ്ങളിലായുള്ള ആ വിവർത്തനം (2014)*

*എഴുതപ്പെട്ടിട്ടുള്ളതും. സമ്പൂർണ്ണവും സ്വതന്ത്രവുമായ വിവർത്തനമാണോ ഞങ്ങൾ ഉണിത്തിരിമാഷിൽ നിന്നും പ്രതീക്ഷിക്കേണ്ടത്?*

***മറുപടി :*** സമ്പൂർണവും സ്വതന്ത്രവുമായ *ഋഗ്വേദമലയാള ഗദ്യപരിഭാഷ*യാണ് ഞാൻ ഉദ്ദേശിക്കുന്നത്. കുട്ടിക്കൃഷ്ണമാരാര് കാളിദാസകൃതികൾക്കെഴുതിയ മലയാളഗദ്യപരിഭാഷകളെയാണ് ഞാൻ മാതൃകയാക്കിയിട്ടുള്ളത്. വൈദികസംസ്കൃതത്തിലുള്ള മൂലകൃതി, താഴെ ഇടത്തുഭാഗത്ത് അന്വയം, വലതുഭാഗത്ത് മലയാളപരിഭാഷ, അത്യാവശ്യം വേണ്ടുന്നിടങ്ങളിൽ മാത്രം വിശദീകരണക്കുറിപ്പുകൾ, അൻപതു പുറങ്ങളിലെങ്കിലും ഉൾക്കൊള്ളിക്കാവുന്ന അവതാരികാരൂപത്തിലുള്ള പഠനം – ഇങ്ങനെയായിരിക്കും ഗ്രന്ഥസ്വരൂപം.

***ചോദ്യം:*** *പൗരസ്ത്യ പാവനഗ്രന്ഥാവലി (സെയ്ക്രഡ് ബുക്സ് ഓഫ് ഈസ്റ്റ്) എന്ന പരമ്പരയിൽത്തുടങ്ങി മുൻപറഞ്ഞ സമ്പൂർണ്ണ ഇംഗ്ലീഷ് പരിഭാഷ വരെ ഋഗ്വേദത്തിന് നിരവധി വിവർത്തനങ്ങൾ ലോകഭാഷകളിൽ ഉണ്ടായിട്ടുണ്ട്. മലയാളഭാഷയിൽത്തന്നെ വള്ളത്തോൾ, ഒ. എം. സി നാരായണൻ നമ്പൂതിരിപ്പാട് എന്നിവരുടെ വിസ്തൃതവിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. എന്നിരിക്കേ ഇനിയൊരു വിവർത്തനത്തിന്റെ പ്രസക്തിയെന്താണ്?*

***മറുപടി :*** പ്രസക്തിയുണ്ട്. വിവരിക്കാം: ഗദ്യത്തിലും വിവിധവൃത്തനിബദ്ധമായ പദ്യത്തിലുമായി എഴുപത്തഞ്ചാം വയസ്സിൽ തുടങ്ങി രണ്ടരക്കൊല്ലംകൊണ്ട് എഴുതിത്തീർത്ത വള്ളത്തോളിന്റെ സമ്പൂർണവിവർത്തനം (*ഋഗ്വേദസംഹിത, 1958*) ഈയിടെ രണ്ടു വാല്യങ്ങളിലായി സാഹിത്യപ്രവർത്തകസഹകരണസംഘം പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. എട്ട് അഷ്ടകങ്ങളുള്ള *ഋഗ്വേദം* എട്ടു ഭാഗങ്ങളിലായാണ് (എണ്ണായിരത്തിലേറെ പേജുകൾ) ഒ. എം. സി. തർജമ ചെയ്തത്. *ഋഗ്വേദം* മുഴുവൻ ഓത്തു ചൊല്ലി പഠിച്ച തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ ഓത്തനായ അദ്ദേഹം *സായണ*



ഭാഷ്യത്തെ പൂർണമായി ആശ്രയിച്ച് (സായണഭാഷ്യം സ്വകൃതിയിൽ സംസ്കൃതത്തിൽ ഉദ്ധരിച്ചിട്ടുമുണ്ട്) രചിച്ചതാണ് തന്റെ വിവർത്തനം. ഭാഷാഭാഷ്യം എന്ന പേരുതന്നെ ഈ വസ്തുത വ്യക്തമാക്കുന്നുമുണ്ട്. ചുരുക്കത്തിൽ, വള്ളത്തോളും ഒ. എം. സി. യും, സായണഭാഷ്യത്തെ മാത്രമാശ്രയിച്ചാണ് തങ്ങളുടെ വിവർത്തനങ്ങൾ നർവഹിച്ചിട്ടുള്ളത്. ക്രി. പി. ഒൻപതാം നൂറ്റാണ്ടിൽ അന്നത്തെ ഇന്ത്യയിലെ ഒരേയൊരു ഹിന്ദുസാമ്രാജ്യമായിരുന്ന വിജയനഗരസാമ്രാജ്യത്തിലെ മന്ത്രിയായ സായണൻ മിക്ക പ്രാചീനഹൈന്ദവകൃതികൾക്കുമെന്നപോലെ *ഋഗ്വേദ*ത്തിനും *ഭാഷ്യം* രചിച്ചു. *ഋഗ്വേദ*കാലത്തിൽ നിന്നും ആയിരത്താണ്ടുകൾക്കുശേഷം ജീവിച്ച, ഇത്തരമൊരു രാഷ്ട്രീയപശ്ചാത്തലമുള്ള സായണൻ പ്രസ്തുതഭാഷ്യം എന്തൊരു ലക്ഷ്യത്തോടുകൂടി നിർമിച്ചുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

***ചോദ്യം:*** *മാക്സ് മുള്ളർ, എച്ച്. എച്ച്. വിൽസൺ, ദയാനന്ദ സരസ്വതി, ഗ്രിഫിത്ത്, മാക്ഡോണൽ, അരബിന്ദോ, വെന്റി ഡോനിജർ, മിഷേൽ വിറ്റ്സൽ, ജാമിസൺ & ബ്രെറെട്ടൺ എന്നിവരുടേതായി ശ്രദ്ധേയമായ നിരവധി ഋഗ്വേദപരിഭാഷകൾ വിവിധ ഭാഷകളിലായി രചിക്കപ്പെട്ടിട്ടുണ്ട്. ഈ ഓരോ പരിഭാഷയെയും വിഷയസമീപനത്തിന്റെ അടിസ്ഥാനത്തിൽ മാഷെങ്ങനെ വിലയിരുത്തുന്നു?*

***മറുപടി :*** ഇപ്പറഞ്ഞവരിൽ പലരുടെയും പരിഭാഷകൾ ഞാൻ മനസ്സിലാക്കിയിടത്തോളം സമ്പൂർണമല്ല; ഭാഗികം മാത്രമാണ്. മാക്സ് മുള്ളർ മുഖ്യമായും മരുത്സൂക്തങ്ങളേ വിവർത്തനം ചെയ്തിട്ടുള്ളൂ. പിന്നെ, സെയ്ക്രഡ് ബുക്സ് ഓഫ് ഈസ്റ്റിലെ 32–ാം വാല്യത്തിലെ മറ്റു ചില ദേവന്മാരെക്കുറിച്ചുള്ള സൂക്തങ്ങളുടെ വിവർത്തനങ്ങളും. ഈ ഇംഗ്ലീഷ് വിവർത്തനങ്ങളെല്ലാം ഞാൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട് (സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിച്ച മാക്സ് മുള്ളറുടെ *ഋഗ്വേദസംഹിത,* 2015 നോക്കുക). ഈ ആംഗ

ലവിവർത്തനത്തിന് ഒരു നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ഇതിന്റെ സുദീർഘമായ പഠനരൂപത്തിലുള്ള അവതാരിക പണ്ഡിതന്മാർക്കുപോലും ഏറെ വിജ്ഞാനപ്രദമാണ്. ആദ്യകാലസംരംഭമെന്ന നിലയിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. ഏതാണ്ട് അതേ കാലത്തു വന്ന ഗ്രിഫിത്തിന്റെ ആംഗലപരിഭാഷയും ചരിത്രപരമായ പ്രാധാന്യത്തിൽ കവിഞ്ഞ് മറ്റൊന്നും അർഹിക്കുന്നതായിതോന്നുന്നില്ല. അത് സമ്പൂർണവുമല്ല. ജാമിസൺ–ബ്രെറെർട്ടൺ ആംഗലതർജമയൊഴിച്ച് മറ്റെല്ലാം ഭാഗികം മാത്രമാണുതാനും. മൂലപദ്യങ്ങളുമായി താരതമ്യപ്പെടുത്താൻ ഇവയൊന്നും സൗകര്യം തരുന്നില്ലെന്നും എടുത്തുപറയണം. അതവരുടെ ഉദ്ദേശ്യത്തിൽ പെടുന്നില്ലെന്നും തോന്നുന്നു.

***ചോദ്യം:*** ഓറിയന്റലിസ്റ്റായ മാക്സ് മുള്ളറും മാർക്സിസ്റ്റായ ദേവീപ്രസാദ് ചതോപാധ്യായയും സംസ്കൃതത്തിലെ പ്രാചീനകൃതികളോട് സ്വീകരിക്കുന്ന സമീപനങ്ങൾ തമ്മിലുള്ള വ്യതിരിക്തത എങ്ങനെ വിലയിരുത്തുന്നു?

***മറുപടി:*** ഓറിയന്റലിസ്റ്റ്, മാർക്സിസ്റ്റ് തുടങ്ങിയ ലേബലുകൾക്കൊന്നും ഞാൻ വലിയ പ്രാധാന്യം കല്പിക്കുന്നില്ല. കൃതികൾ വായിച്ച് അവയെ വിലയിരുത്തുന്നതാണ് എനിക്ക അഭിമതം. മാക്സ്മുള്ളറും ദേവീപ്രസാദും തമ്മിൽ താരതമ്യപ്പെടുത്തുന്നതു ശരിയാവില്ല. ദേവീപ്രസാദിനു ലഭിച്ച മാർക്സിയൻ വിജ്ഞാനത്തിന്റെയോ അപഗ്രഥനത്തിന്റെയോ തെളിച്ചം മാക്സ്മുള്ളർക്കുണ്ടാവില്ലല്ലോ! മുള്ളറുടെ വിവിധദർശനപാണ്ഡിത്യഗരിമ ദേവീപ്രസാദിലും അനുഭവപ്പെടുന്നില്ല. വൈരുധ്യാത്മകഭൗതികവാദം പ്രാചീനഭാരതീയദർശനത്തിലും സയൻസിന്റെ പാരമ്പര്യത്തിലും പ്രയോഗിച്ച് ഈ രണ്ടു പാരമ്പര്യങ്ങളിലും പൊളിച്ചെഴുത്തു നടത്തിയ ദേവീപ്രസാദിന്റെ സമീപനത്തോടാവും സ്വാഭാവികമായും നമുക്കു താല്പര്യമുണ്ടാവുക.

***ചോദ്യം:*** *പരിഭാഷയ്ക്കിടയിൽ മാർക്സിസ്റ്റായ ഉണിത്തിരിമാഷും ഓറിയന്റലിസ്റ്റായ മാക്സ് മുള്ളറും തമ്മിൽ സമീപനത്തിലും രീതിശാസ്ത്രത്തിലും കലഹിക്കുന്നുണ്ടോ?*



***മറുപടി :*** മാർക്സിസ്റ്റും ഓറിയന്റലിസ്റ്റും തമ്മിലുള്ള കലഹത്തിന്റെ പ്രശ്നമൊന്നും ഇവിടെയില്ല. മാക്സ് മുള്ളറുടെ സമസ്തവിജ്ഞാനശാഖാധിഷ്ഠിതമായ പാണ്ഡിത്യമോ താരതമ്യശൈലിയോ ഒന്നും എന്റെ ഈ മലയാളഗദ്യപരിഭാഷയിൽ ആവശ്യമില്ല. സഹൃദയരായ മലയാളികൾക്ക് *ഋഗ്വേദ*ത്തിന്റെ പൊതുസ്വഭാവവും കാവ്യസൗന്ദര്യവും പരിചയപ്പെടുത്തുക എന്ന താരതമ്യേന ജനകീയവും ലളിതവുമായ ഉദ്ദേശ്യമേ എനിക്കുള്ളൂ.

***ചോദ്യം:*** *ഋഗ്വേദവ്യാഖ്യാനങ്ങളിലും പഠനങ്ങളിലും ഐതിഹാസികം, നൈരുക്തികം എന്നിങ്ങനെ രീതിശാസ്ത്രങ്ങളുള്ളതായി അറിയാം; യഥാർത്ഥത്തിൽ അവകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? പ്രസ്തുത വിവർത്തനത്തിൽ മേൽപ്പറഞ്ഞ സമീപനങ്ങൾ സ്വീകരിക്കുന്നുണ്ടോ, അല്ലെങ്കിൽ കാലാനുസൃതമായ മറ്റേതെങ്കിലും രീതിശാസ്ത്രമാണോ പിൻപറ്റുന്നത്?*

***മറുപടി :*** ആധിഭൗതികം, ആധിദൈവികം, ആധ്യാത്മികം, യാജ്ഞികം, നൈരുക്തികം, ഏകദേവതാസിദ്ധാന്തപരം, രഹസ്യാത്മകവാദപരം തുടങ്ങി *ഋഗ്വേദ*ത്തിന് പല തരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. ഭൗതികം മാത്രമായത്, ദൈവികം മാത്രമായത്, ആത്മീയം മാത്രമായത്, മന്ത്രങ്ങൾക്ക് യജ്ഞത്തിലെ വിനിയോഗം കണക്കിലെടുത്തുകൊണ്ടുള്ളത്, നിരുക്തപരമായ അർഥം/അർഥങ്ങൾ പരിഗണിച്ചുകൊണ്ടുള്ളത്, *ഋഗ്വേദം* ഏകദേവതാസിദ്ധാന്തം അംഗീകരിച്ചുകൊണ്ടുള്ളതാണെന്ന ദയാനന്ദസരസ്വതിയുടെ വ്യാഖ്യാനരീതി, ആധ്യാത്മികമായ രഹസ്യാർഥം അംഗീകരിച്ചുകൊണ്ടുള്ള അരവിന്ദഘോഷിന്റെ വ്യാഖ്യാനരീതി എന്നൊക്കെ ഇവയ്ക്കു യഥാക്രമം അർഥം പറയാം. എന്റെ *ഋഗ്വേദമലയാളഗദ്യപരിഭാഷ*യിൽ ഇവയിൽ പലതും യഥോചിതം അംഗീകരിക്കുന്നുണ്ടെങ്കിലും പൊതുവിൽ സ്വീകരിക്കുന്നത് യാസ്കന്റെ നൈരുക്തികരീതിക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള

വ്യാഖ്യാനസമ്പ്രദായമാണ്. ക്രി. മു. നാലാം നൂറ്റാണ്ടിലേതെന്നു വിശ്വസിക്കപ്പെടുന്ന വേദനിഘണ്ടുവാണ് യാസ്കന്റെ *നിരുക്തം*. ഇന്ന വാക്കിന് ഇന്ന അർഥമേ പറയാവൂ എന്ന പിടിവാശിയൊന്നും യാസ്കനില്ല. ഇങ്ങനെയുമാവാം, അങ്ങനെയുമാവാം എന്ന ഭാവമാണ് *നിരുക്ത*കാരന്. ഈ സംഭാഷണത്തിന്റെ ആരംഭത്തിൽ പരാമർശിച്ച ജാമിസൺ–വെർഡെർട്ടണ്മാരുടെ *ഋഗ്വേദ*ത്തിന്റെ സമ്പൂർണാംഗലവിവർത്തനം ഏറിയകൂറും ഈ നൈരുക്തിക്കരീതീയാണ് പിൻതുടരുന്നതെന്നതിനാൽ ഞാനും ആ പരിഭാഷയെയാണ് മുഖ്യമായി ഉപജീവിക്കുന്നത്.

***ചോദ്യം:*** *വേദങ്ങളുടെ കാലഗണനയെക്കുറിച്ചുള്ള തുടർച്ചയായ തർക്കങ്ങളോട് മാഷെങ്ങനെ പ്രതികരിക്കുന്നു?*

***മറുപടി:*** അനാദിയാണ്, അപൗരുഷേയമാണ്, വേദം എന്നു വിശ്വസിക്കുന്ന പാരമ്പര്യവാദികൾക്ക് *ഋഗ്വേദ*ത്തിന്റെ കാലമേതെന്ന് ആലോചിച്ചു ബുദ്ധിമുട്ടേണ്ടതില്ല. ക്രി. മു. 1500 എന്നാണ് പൊതുവിൽ പാശ്ചാത്യപണ്ഡിതന്മാർ കാലം കണക്കാക്കിയിട്ടുള്ളത്. ബാലഗംഗാധരതിലകനെപ്പോലുള്ളവർ രണ്ടുമൂന്നു സഹസ്രാബ്ദങ്ങൾകൂടി പ്രാചീനത കല്പിക്കുന്നു. ഏതായാലും, അഖിലലോകാടിസ്ഥാനത്തിൽത്തന്നെ ഏറ്റവും പഴക്കം ചെന്ന ബൃഹത്തായ സാഹിത്യകൃതിയാണിതെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.

★